പതിനാറാം കേരളനിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2026-2028)

പതിമൂന്നാമത് റിപ്പോർട്ട്
(2026 ഒക്ടോബർ മാസം 28-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-'19 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് ഖണ്ഡികകൾ അടിസ്ഥാനമാക്കി തയ്യാറാക്കിയത്]

കേരളനിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

പതിനാറാം കേരളനിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2026-2028)

പതിമൂന്നാമത് റിപ്പോർട്ട്
(2026 ഒക്ടോബർ മാസം 28-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-'19 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് ഖണ്ഡികകൾ അടിസ്ഥാനമാക്കി തയ്യാറാക്കിയത്]

ഉള്ളടക്കം

		പേജ്
സമിതിയുടെ ഘടന	:	v
മുഖവുര	:	vii
റിപ്പോർട്ട്	:	01
അനുബന്ധം I		
പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും	:	66
അനുബന്ധം II		
സർക്കാരിൽ നിന്നും ലഭിച്ച മറുപടി	:	77

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

(2026-2028)

ഘടന

ചെയർപേഴ്സൺ

ശ്രീ. അൻവർ സാദത്ത്

അംഗങ്ങൾ

ശ്രീ. അപു ജോൺ ജോസഫ്

ശ്രീ. എ. കെ. എം. അഷ്റഫ്,

ശ്രീ. വി. ജോയി

ശ്രീ. കെ. പി. നൗഷാദ് അലി

ശ്രീ. പി. പ്രസാദ്

ശ്രീ. രാജൻ ജെ. പല്ലൻ

ശ്രീ. സജീവ് ജോസഫ്

ശ്രീ. സജി ചെറിയാൻ

ശ്രീ. പി. എം. എ. സമീർ

ശ്രീ. ടി. ജെ. വിനോദ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി- ഇൻ- ചാർജ്ജ്

ശ്രീമതി രജി ഡി. ഒ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. പ്രദീപ് എസ്. സി., അണ്ടർ സെക്രട്ടറി

മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ചെയർപേഴ്സണായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2026-2028)യുടെ പതിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-'19 വർഷത്തിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2026 ഒക്ടോബർ മാസം 26-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിയ്ക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

അൻവർ സാദത്ത്,
ചെയർപേഴ്സൺ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2026 ഒക്ടോബർ 28.

റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-'19 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് ഖണ്ഡികകൾ അടിസ്ഥാനമാക്കി തയ്യാറാക്കിയത്.

ഓഡിറ്റ് ഖണ്ഡിക

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്ന് തെരഞ്ഞെടുത്ത പരാമർശങ്ങൾ – ജില്ലാ അടിസ്ഥാനത്തിൽ

തൃശ്ശൂർ ജില്ല

പഞ്ചായത്തിന്റെ ഫണ്ട് വിനിയോഗിച്ച് ഭൂമി വാങ്ങി നൽകിയിട്ട് വർഷങ്ങളായെങ്കിലും ഭവന നിർമ്മാണം നടത്തുകയോ പഞ്ചായത്തിന്റെ ഭവന നിർമ്മാണ പദ്ധതികളിൽ ഉൾപ്പെടുകയോ ചെയ്തിട്ടില്ല – പഞ്ചായത്തിന്റെ ഫണ്ട് നിഷ്ക്രിയമായി അവശേഷിക്കുന്നു.

[പുന്നയൂർ ഗ്രാമ പഞ്ചായത്ത് 2017–18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3–13]

- പ്രോജക്ട് –ഭൂമി വാങ്ങി നല്കൽ (എസ്.സി.പി)
- പ്രോജക്ട് നമ്പർ - 222/18
- നിർവ്വഹണം - അസിസ്റ്റന്റ് സെക്രട്ടറി
- തൻവർഷ ചെലവ് - 6,00,000/-
- ബിൽ നമ്പർ -2/AS/1/2017/30.6.17

ഭൂരഹിത ഭവന രഹിതർക്ക് ഭൂമി വാങ്ങുന്നതിന് സഹായധനം നല്കുന്നതിന്റെ ഭാഗമായി 2017-18 വർഷം 4 ഗുണഭോക്താക്കൾക്ക് 1,50,000/- രൂപ വീതം നല്കിയിട്ടുണ്ട്. 2016-17 വർഷത്തെ പ്രോജക്ടായ 49/17 ന്റെ സ്പിൽ ഓവർ പ്രോജക്ടായിട്ടാണ് ഈ വർഷവും പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുള്ളത്. കഴിഞ്ഞ 5 വർഷങ്ങളിലായി ഗ്രാമ പഞ്ചായത്ത് ഈ പദ്ധതിയ്ക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പദ്ധതി നടപ്പാക്കിയ വർഷം	പദ്ധതി നമ്പർ	എസ്.സി/ ജനറൽ	നിർവ്വഹണം	ഗുണഭോക്താക്കളുടെ എണ്ണം	ചെലവഴിച്ച തുക	ഭവന നിർമ്മാണം സംബന്ധിച്ച വിവരങ്ങൾ
2013-14	4/14	ജനറൽ	വി.ഇ.ഒ	20	20,00,000	2 പേർ സ്വന്തമായി വീട് പണിതിട്ടുണ്ട്, 6 പേർ

						ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്.
2013-14	5/14	എസ്.സി	വി.ഇ.ഒ	5	7,50,000	ഒരാൾ സ്വന്തമായി വീട് പണിതിട്ടുണ്ട്.
2014-15	19/15	ജനറൽ	വി.ഇ.ഒ	8	8,00,000	ആരും വീട് പണി നടത്തുകയോ, പഞ്ചായത്തിന്റെ ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുകയോ ചെയ്തിട്ടില്ല.
2015-16	20/16	ജനറൽ	വി.ഇ.ഒ	5	5,00,000	ഒരാൾ ഐഎ വൈ പദ്ധതി പ്രകാരം നിർമ്മാണം നടത്തി, ഒരാൾ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്.
2016-17	49/17	എസ്.സി	അസി. സെക്രട്ടറി	2	3,00,000	ആരും വീട് പണിനടത്തുകയോ പഞ്ചായത്തിന്റെ ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുകയോ ചെയ്തിട്ടില്ല.
2017-18	222/18	എസ്.സി	അസി. സെക്രട്ടറി	4	6,00,000	2 പേർ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്.
			ആകെ	**44**	**49,50,000**	

44 പേർക്ക് ഭൂമി വാങ്ങുന്നതിനായി പഞ്ചായത്ത് 49,50,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ 4 പേർ മാത്രം ഭവനനിർമ്മാണം നടത്തുകയും 9 പേർ ഭവന നിർമ്മാണ

പദ്ധതിയിൽ ഉൾപ്പെടുകയും ചെയ്തിട്ടുള്ളവെന്നും ബാക്കി 31 പേരും നാളിതുവരെ ഭവന നിർമ്മാണം നടത്തുകയോ, പഞ്ചായത്തിന്റെ ഏതെങ്കിലും ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുകയോ ചെയ്തിട്ടില്ലയെന്നാണ് മേൽ കണക്കുകളിൽ നിന്നും വ്യക്തമാകുന്നത്. (ഓഡിറ്റ് എൻക്വയറി നം.17/15.10.18 നുള്ള മറുപടിയിൽ വി.ഇ.ഒ ലഭ്യമാക്കിയ കണക്കുകളെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയത്). "ഭൂരഹിതരില്ലാത്ത ഭവനരഹിതരില്ലാത്ത കേരളം" എന്ന സർക്കാർ ലക്ഷ്യം കൈവരിക്കുന്നതിന്റെ ഭാഗമായിട്ടാണ് മേൽ പ്രകാരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് സർക്കാർ ഗ്രാന്റുകൾ ലഭ്യമാക്കുന്നത്. എന്നാൽ ഈ ലക്ഷ്യത്തിന്റെ പൂർത്തീകരണത്തിന് ആവശ്യമായ തുടർ പദ്ധതികളിൽ മേൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ പഞ്ചായത്ത് തലത്തിൽ നടപ്പാക്കാതിരുന്നതിനാലാണ് മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം ഇപ്പോഴും അനിശ്ചിതാവസ്ഥയിൽ തുടരുന്നതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ഓരോ വർഷവും ആവർത്തന സ്വാഭാവമുള്ള പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ മുൻവർഷങ്ങളിൽ പദ്ധതി നടപ്പാക്കിയതിന്റെ ഫലപ്രാപ്തിയെക്കുറിച്ച് വിലയിരുത്തലുകൾ ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പ്, സ്റ്റാന്റിങ്ങ് കമ്മറ്റി (ക്ഷേമകാര്യം) എന്നിവയിൽ നടന്നിട്ടില്ലയെന്നാണ് മിനിറ്റ്സുകളിലെ രേഖപ്പെടുത്തലുകളിൽ നിന്ന് വ്യക്തമാകുന്നത്. ഓരോ വർഷവും പദ്ധതിയ്ക്കു അനുമതി ലഭ്യമാക്കി നിർവ്വഹണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുന്നതോട് കൂടി പദ്ധതി നിർവ്വഹണത്തിന്റെ ഉത്തരവാദിത്വം അവസാനിക്കുന്നില്ല. പഞ്ചായത്തിന്റെ ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പ്, സ്റ്റാന്റിങ്ങ് കമ്മറ്റികൾ ഇതിന്റെ നിർവ്വഹണം, പൂർത്തീകരണം, ഫലപ്രാപ്തി എന്നിവ വിലയിരുത്തി വേണം തുടർ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. നിലവിൽ 31 പേർക്കു സ്ഥലം വാങ്ങുന്നതിനായി ചെലവഴിച്ച തുക നിഷ്ഫലമായികിടക്കുന്ന സാഹചര്യമാണുള്ളത്. ഇക്കാര്യത്തിൽ പഞ്ചായത്തിന്റെ അടിയന്തിര ഇടപെടൽ അനിവാര്യമാണെന്നും അല്ലാത്ത പക്ഷം പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ച് വാങ്ങിയസ്ഥലം ദുർവിനിയോഗം ചെയ്യാനുള്ള സാധ്യതയുണ്ടെന്നും ഓഡിറ്റ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 1.1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

1. പുന്നയൂർ ഗ്രാമപഞ്ചായത്തിൽ 44 ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങിനൽകുന്നതിനായി പഞ്ചായത്ത് 49,50,000/- രൂപ ചെലവഴിച്ചിട്ടുണ്ടെന്നും അതിൽ 32 പേർ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്നും ശേഷിക്കുന്ന 12 പേരിൽ ഒരാളുടെ വീടിന്റെ ലിന്റൽ ലെവൽ പണി

പൂർത്തീകരിക്കുകയും മറ്റൊരാൾ പെർമിറ്റിന് അപേക്ഷിക്കുകയും ചെയ്തിട്ടുണ്ടെന്നും രണ്ടുപേർ സാമ്പത്തിക പ്രശ്നം മൂലം വീട് വയ്ക്കാൻ താൽപര്യമില്ലെന്നും മറ്റ് രണ്ടുപേർ ലഭ്യമായ സ്ഥലത്ത് വീട് വയ്ക്കാൻ താൽപര്യമില്ലെന്നുമാണ് അറിയിച്ചിട്ടുള്ളതെന്നും ഇവരെ ലൈഫ് മിഷന്റെ അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും ഇതിൽ ഒരാൾ സഹോദരിയുടെ മകളുടെ കൂടെ താമസിക്കുന്നതിനാൽ അവരുടെ റേഷൻ കാർഡിലാണ് ടിയാളുടെ പേര് ഉൾപ്പെട്ടിട്ടുള്ളതെന്നും വാടക വീടുപോലും ഇല്ലാത്തതിനാൽ ടിയാൾക്ക് റേഷൻ കാർഡിന് അപേക്ഷിക്കാൻ കഴിയുന്നില്ല എന്നും ശേഷിക്കുന്ന മൂന്ന് ഗുണഭോക്താക്കളെ ലൈഫ് മിഷന്റെ അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് തൃശ്ശൂർ അസിസ്റ്റന്റ് ഡയറക്ടർ സമിതിയെ ബോധിപ്പിച്ചു.

2. സ്വന്തമായി റേഷൻ കാർഡ് ഇല്ലാത്തതിനാൽ വീട് നൽകാൻ കഴിയുന്നില്ലെന്ന് പറയുന്നതിൽ യാതൊരു അടിസ്ഥാനവുമില്ലെന്നും പീടികത്തിണ്ണയിൽ കിടക്കുന്നവർക്കുപോലും റേഷൻ കാർഡ് നൽകുക എന്നതാണ് സർക്കാരിന്റെ നിലപാട് എന്നും ചൂണ്ടിക്കാട്ടിയ സമിതി നിലവിൽ ടിയാളുടെ പേരുള്ള റേഷൻ കാർഡ് വിഭജിച്ച് അവരുടെ പേരിൽ പ്രത്യേകം റേഷൻ കാർഡ് നൽകുന്നതിനുള്ള തടസം എന്താണെന്ന് ആരാഞ്ഞതിന് മറ്റൊരാളോടൊപ്പം താമസിക്കുന്നതുകൊണ്ടാണ് റേഷൻ കാർഡ് നൽകുന്നതിൽ പ്രയാസമുള്ളതെന്ന് തൃശ്ശൂർ അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു. റേഷൻ കാർഡ് വിഭജിച്ച് സ്വന്തമായി വീടുവച്ച് താമസിക്കണമെന്ന് അവർക്ക് താൽപര്യമുണ്ടോയെന്ന് അന്വേഷിക്കണമെന്നും താൽപര്യമില്ലെങ്കിൽ ലൈഫ് ലിസ്റ്റിൽനിന്നും അവരെ ഒഴിവാക്കണമെന്നും സമിതി നിർദ്ദേശിച്ചു. റേഷൻ കാർഡ് ലഭിക്കാത്തതുകൊണ്ട് വീട് അനുവദിക്കാൻ കഴിയില്ലെന്ന ന്യായത്തെ വിമർശിച്ച സമിതി ഇത്തരം മാനദണ്ഡങ്ങൾ പരിശോധിച്ചാണ് സർക്കാർ അതിദരിദ്രരെ നിശ്ചയിച്ചിട്ടുള്ളതെന്നും അതിനാൽ സർക്കാർ മുൻകൈയെടുത്ത് ഇത്തരം പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കുന്നുണ്ടെന്ന് വ്യക്തമാക്കുകയും റേഷൻ കാർഡ് എല്ലാവരുടെയും അവകാശമാണെന്നും സ്വന്തമായി റേഷൻകാർഡില്ലാത്ത വ്യക്തിക്ക് വീടിന് അർഹതയുണ്ടെങ്കിൽ നിലവിലുള്ള റേഷൻ കാർഡ് വിഭജിച്ച് പുതിയ കാർഡ് അനുവദിക്കുന്നതിനാവശ്യമായ അപേക്ഷ ടി വ്യക്തിയിൽ നിന്നും എഴുതി വാങ്ങി അത് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

3. ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ട അപേക്ഷകന് വീടുള്ളത് കാരണമാണ് അന്ന് ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്താതിരുന്നത് എന്ന് പുന്നയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചപ്പോൾ പത്ത് വർഷമായി പഞ്ചായത്തിന്റെ ഗുണഭോക്തൃ പട്ടികയിലുള്ളവരെ

പിൽക്കാലത്തു വന്ന സ്കീമുകളിൽ ഉൾപ്പെടുത്തി വീട് നൽകാമായിരുന്ന എന്നും താഴെതട്ടിലെ ഉദ്യോഗസ്ഥർക്കുതന്നെ പരിഹരിക്കാൻ കഴിയുന്ന ഒരു പ്രശ്നമായിരുന്നു ഇതെന്നും സമിതി നിരീക്ഷിച്ചു. സ്വന്തമായി റേഷൻ കാർഡ് ഇല്ലാത്ത വ്യക്തിക്ക് വീടിന് അർഹതയുണ്ടെങ്കിൽ അവരുടെ റേഷൻ കാർഡ് വിഭജിച്ച് വീട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങൾ/ ശിപാർശകൾ

4. സ്വന്തമായി റേഷൻകാർഡില്ലാത്ത വ്യക്തിക്ക് വീടിന് അർഹതയുണ്ടെങ്കിൽ നിലവിലുള്ള റേഷൻ കാർഡ് വിഭജിച്ച് പുതിയ കാർഡ് അനുവദിക്കുന്നതിനാവശ്യമായ അപേക്ഷ പ്രസ്തുത വ്യക്തിയിൽ നിന്നും എഴുതി വാങ്ങി റേഷൻ കാർഡ് അനുവദിക്കുകയും വീട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

5. ഭൂരഹിത ഭവനരഹിതർക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകുന്നതിനുള്ള പഞ്ചായത്തിന്റെ ഗുണഭോക്തൃ പട്ടികയിൽ വർഷങ്ങളായി (കുറഞ്ഞത് പത്ത് വർഷം) ഉൾപ്പെട്ടിട്ടുള്ളവരെ പിൽക്കാലത്തു വരുന്ന സ്കീമുകളിൽ ഉൾപ്പെടുത്തി അവർക്ക് വീട് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു..

ഓഡിറ്റ് ഖണ്ഡിക

എസ്.സി. അപ്പാർട്ട്മെന്റിന് വേണ്ടി സ്ഥലം വാങ്ങൽ - വാങ്ങിയ സ്ഥലത്തിന്റെ അനുയോജ്യത ഉറപ്പാക്കിയില്ല - 41,05,830/- രൂപ തടസ്സപ്പെടുത്തുന്നു.

[കൊരട്ടി ഗ്രാമ പഞ്ചായത്ത് 2017-18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-22]

(a) പൊതുവിവരങ്ങൾ

പ്രോജക്റ്റ് 220/18, എസ്.സി. അപ്പാർട്ട്മെന്റിന് വേണ്ടി സ്ഥലം വാങ്ങൽ, ചെലവ് - 41,05,830/-, നിർവ്വഹണം- അസിസ്റ്റന്റ് സെക്രട്ടറി

ഇനം	ഫണ്ട്	തുക	ബിൽ/ ചെക്ക് നമ്പർ	തിയ്യതി
സ്ഥലത്തിന്റെയും വീടിന്റെയും വില	ജില്ലാ പഞ്ചായത്ത് വിഹിതം	24,25,700	ചെക്ക് 9834205 സംയുക്ത പ്രോജക്റ്റ് STSB	28/3/2018
സ്ഥലത്തിന്റെയും വീടിന്റെയും വില	ബ്ലോക്ക് പഞ്ചായത്ത് വിഹിതം	13,00,000	ചെക്ക് 9834206 സംയുക്ത പ്രോജക്റ്റ് STSB	28/3/2018
	ആകെ	**37,25,700**		
രജിസ്ട്രേഷൻ, സ്റ്റാമ്പ് ഡ്യൂട്ടി	വികസന ഫണ്ട് (എസ്.സി.പി)	3,72,630	9	27/3/2018

ആധാരം എഴുത്ത് കൂലി	“	7,500	8	27/3/2018
	ഒട്ടാകെ	**41,05,830**		

മേൽ പ്രോജക്റ്റ് പ്രകാരം ഭൂരഹിതരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് അപ്പാർട്ട്മെന്റ് നിർമ്മിക്കുന്നതിനായി 15.08 ആർ (37.257 സെന്റ്) ഭൂമിയും അതിൽ ഉൾപ്പെടുന്ന 1400 ച.അടി ഭവനവും ശ്രീമതി വത്സ ടോമി, പുല്ലൻ, (സർവ്വേ 169/1) എന്നയാളിൽ നിന്നും 37,25,700/- രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. വെബ്സൈറ്റിൽ പരസ്യം നൽകി 3 ക്വട്ടേഷൻ സ്വീകരിച്ചതിൽ നിന്നുമാണ് ഈ സ്ഥലം തെരഞ്ഞെടുത്തിട്ടുള്ളത്.

(b) റിപ്പോർട്ടുകൾ പരിഗണിച്ചില്ല – അനുയോജ്യത ഉറപ്പാക്കിയില്ല – മോണിറ്ററിംഗ് ഇല്ല.

i. സർക്കാർ ഉത്തരവ് (സാധാ) 1738/17 ത.സ്വ.ഭ.വ. തീ. 26/5/2017 പ്രകാരം ഭൂരഹിത ഭവന രഹിതർക്ക് അപ്പാർട്ട്മെന്റ് നിർമിക്കാൻ 50 സെന്റിൽ കുറയാത്ത ഭൂമി വാങ്ങണമെന്നിരിക്കെ 38 സെന്റിൽ കുറവ് ഭൂമിയാണ് വാങ്ങിയത്. ലൈഫ് മാനദണ്ഡങ്ങൾ പ്രകാരം 50 സെന്റ് ഭൂമി വാങ്ങണമെന്ന് സെക്രട്ടറിയുടെ റിപ്പോർട്ട് ഫയലിൽ ഉണ്ട്. എന്നാൽ ഈ റിപ്പോർട്ട് പരിഗണിച്ചില്ല.

ii. വാങ്ങിയ ഭൂമിയുടെ പടിഞ്ഞാറ് അതിര് റെയിൽവേ ലൈൻ ആകുന്നു. കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമാണ ചട്ടങ്ങൾ 2011, ചട്ടം 7(6) പ്രകാരം റെയിൽവേ അതിർത്തിയിൽ നിന്നും 30 മീറ്ററിനുള്ളിൽ കെട്ടിടം നിർമിക്കുന്നതിന് റെയിൽവേയിൽനിന്നും തടസ്സരഹിത സാക്ഷ്യപത്രം ആവശ്യമാണ്. അസിസ്റ്റന്റ് എഞ്ചിനീയർ ഈ വിവരം റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടുമോയെന്ന് റെയിൽവേയിൽ നിന്നും രേഖാമൂലം മുൻകൂറായി അന്വേഷണം നടത്തി, തടസ്സരഹിത സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

ഭൗതിക പരിശോധന നടത്തിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

സ്ഥലത്തിന്റെ, ഭവന സമുച്ചയ നിർമാണ പ്രവർത്തനം സാധ്യമായ പ്രധാന ഭാഗം ഏകദേശം സമചതുരാകൃതിയിൽ ഉള്ളതാണ്. സ്ഥലത്തിന്റ പിൻഭാഗത്തെ റെയിൽവെ അതിർത്തിയിൽ നിന്ന് 30 മീറ്റർ വിട്ടുകളഞ്ഞാൽ ബാക്കി 8.5 മീറ്റർ വീതിയിലാണ് നിർമ്മാണ പ്രവർത്തനങ്ങൾ സാധ്യമാകുന്നത്. അതിൽ നിന്നും കെട്ടിട നിർമാണ ചട്ടങ്ങൾ പ്രകാരം മുൻഭാഗത്ത് നീക്കിവയ്ക്കേണ്ട ചുരുങ്ങിയ സ്ഥലം 3 മീറ്റർ ആണ്. ഈ വിവരങ്ങൾ കണക്കിലെടുക്കുമ്പോൾ സർക്കാർ ഉത്തരവ്

(എം.എസ്)151/2017 തീയതി. 31/7/2017-ൽ നിർദ്ദേശിച്ച രീതിയിൽ ഭവനസമുച്ചയ നിർമ്മാണവും അനുബന്ധ ഭൗതിക സാഹചര്യങ്ങളുടെ നിർമ്മാണവും അപ്രായോഗികമാകുമെന്ന് വ്യക്തമാണ്. റെയിൽവെ അതിരായുള്ള സ്ഥലം വാങ്ങിയതിനാൽ മാറ്റി വയ്ക്കേണ്ട സ്ഥലത്തിന്റെ അളവിൽ ഏതെങ്കിലും രീതിയിൽ ഇളവ് ലഭ്യമായാൽപ്പോലും മാറ്റിവയ്ക്കേണ്ടി വരുന്ന സ്ഥലത്ത് യാതൊരു നിർമ്മാണ പ്രവർത്തനവും നടത്താൻ സാധിക്കാതെ വരുന്നു.

iii. ഇതിനു പുറമെ സ്ഥലത്തിലേയ്ക്കുള്ള വഴിയുടെ വീതി 3.2 മീറ്റർ ആയതിനാൽ കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമാണ ചട്ടങ്ങൾ 2011, ചട്ടം 37 പ്രകാരം 1000 ച.മീ. തറ വിസ്തീർണത്തിൽ നിർമാണം പരിമിതപ്പെടുത്തേണ്ടി വരുന്നതാണെന്നും ഭാവിയിൽ വികസന സാധ്യത ഇല്ലായെന്ന വിവരവും അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

iv. തൃശ്ശൂർ ഡി.ഡി.പി.യുടെ DDP-TSR/854/2018-G2 dt.15/3/2018 നമ്പർ അനുമതി പ്രകാരമാണ് സ്ഥലം വാങ്ങിയിരിക്കുന്നത്. ആയതിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മുമ്പ് റെയിൽവേയുടെ അനുമതി വാങ്ങണമെന്ന് നിർദ്ദേശമുണ്ട്.

ലൈഫ് മാനദണ്ഡങ്ങൾ പ്രകാരം ആവശ്യമായ ഭൂമിയിൽ കുറവാണ് വാങ്ങാനുദ്ദേശിക്കുന്നതെന്ന സെക്രട്ടറിയുടെ റിപ്പോർട്ട്, റെയിൽവേ അതിര്, വഴിയുടെ ലഭ്യതകുറവ്, ഭാവിയിലെ വികസന സാധ്യത ഇല്ലായ്മ എന്നിവ സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ നൽകിയ റിപ്പോർട്ടുകൾ നിർവ്വഹണോദ്യോഗസ്ഥൻ പരിശോധിക്കുകയോ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവയുടെ ശ്രദ്ധയിൽകൊണ്ടുവരികയോ സ്ഥലത്തിന്റെ അനുയോജ്യതയെപ്പറ്റി രേഖാമൂലം ചർച്ചകൾ നടത്തി തീരുമാനങ്ങളെടുക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുകയോ ചെയ്തിട്ടില്ല. സ്റ്റീറിംഗ് കമ്മിറ്റി സ്ഥലം സന്ദർശിക്കുകയും സ്ഥലം പ്രോജക്റ്റ് നടപ്പാക്കാൻ അനുയോജ്യമാണെന്ന് റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ടെങ്കിലും സ്റ്റീറിംഗ് കമ്മിറ്റി യോഗം ചേർന്ന് സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരുടെ റിപ്പോർട്ട് പരിശോധിച്ചതായി കാണുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ ഈ പ്രോജക്റ്റിന്റെ നടത്തിപ്പ് മോണിറ്ററിംഗ് നടത്തിയതായും കാണുന്നില്ല. ഈ പ്രോജക്റ്റ് നടപ്പാക്കുന്നതിൽ മേൽ പ്രകാരം പഞ്ചായത്തിന് കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 40 ബി പ്രകാരം നിർദ്ദേശിക്കുന്ന financial propriety standards പാലിക്കുന്നതിന് സാധിച്ചിട്ടില്ല.

(c) മറ്റ് പരാമർശങ്ങൾ/അപാകതകൾ

i. ഈ സംയുക്ത പ്രോജക്റ്റ് നടപ്പാക്കാൻ ജില്ലാ പഞ്ചായത്ത് 30,00,000/- രൂപ പഞ്ചായത്തിന് നൽകിയിട്ടുണ്ട്. (രസീത് 117050900040, 117050900052 തീ.3/3/2018, 28/3/2018) സംയുക്ത പ്രോജക്റ്റുകൾക്കുള്ള സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ട്). സ്പെഷ്യൽ ടി.എസ്.ബി.യിൽ നിന്നും ജില്ലാ പഞ്ചായത്ത് വിഹിതമായി 24,25,700/- രൂപ പിൻവലിച്ച് സ്ഥലമുടമയ്ക്ക് നൽകിയിട്ടുണ്ട്.

ii. ഭൂമി വാങ്ങിയതിന്റെ വിലയും മറ്റ് ചെലവും ഉൾപ്പെടെ 41,05,830/- രൂപ '410100199 - Land others' എന്ന ശീർഷകത്തിലേയ്ക്കാണ് ഉൾപ്പെടുത്തേണ്ടിയിരുന്നത്. എന്നാൽ രജിസ്ട്രേഷൻ, സ്റ്റാമ്പ് ഡ്യൂട്ടി ചെലവ് തുകയായ 3,72,630/- രൂപ മാത്രമേ ഈ ശീർഷകത്തിൽ ഉൾപ്പെടുത്തിയുള്ളൂ. സ്ഥലത്തിന്റെ വിലയായ 37,25,700/- രൂപ '240800101-Other financial expenses' എന്ന ചെലവ് ശീർഷകത്തിലും ആധാരം എഴുത്തുകൂലിയായ 7,500/-രൂപ '412010101-Capital work in progress' എന്ന ശീർഷകത്തിലുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

iii. മേൽ പ്രകാരം ആസ്തി വാങ്ങിയത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

സ്ഥലം വാങ്ങിയതുമായി ബന്ധപ്പെട്ട മേൽ വിവരിച്ച അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്നും അപാകതകൾ പരിഹരിക്കുന്നതുവരെയും ചെലവു തുക 41,05,830/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തിയതായും ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 2]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

6. 12-01-2018-ൽ ചേർന്ന ഭരണസമിതി യോഗത്തിന്റെ തീരുമാനപ്രകാരം സ്ഥലം പരിശോധന നടത്തിയ സ്റ്റിയറിങ് കമ്മിറ്റി 26-02-2018-ന് സ്ഥലം അനുയോജ്യമാണെന്ന് ഭരണസമിതിയോട് ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് എസ്.സി. അപ്പാർട്ടുമെന്റ് നിർമ്മിക്കാൻ ലൈഫ് മാനദണ്ഡപ്രകാരം 50 സെന്റ് ഭൂമി വാങ്ങണമെന്നിരിക്കെ 50 സെന്റ് ഭൂമി സൗജന്യമായോ മാർക്കറ്റ് വിലയെക്കാൾ കുറഞ്ഞ വിലയ്ക്കോ ലഭ്യമാകാതിരുന്നത് കൊണ്ട് 38 സെന്റിൽ കുറവ് ഭൂമി വാങ്ങിയതെന്നും തൃശ്ശൂർ ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറും ലൈഫ് മിഷൻ പ്രോജക്ട് ഡയറക്ടറും നേരിട്ട് സ്ഥലപരിശോധന നടത്തി അനുയോജ്യതാ സാക്ഷ്യപത്രവും ജില്ലാ ഗവൺമെന്റ് പ്ലീഡറുടെ ടൈറ്റിൽ ക്ലിയറൻസ് സർട്ടിഫിക്കറ്റും ലഭിച്ച 37.257 സെന്റ് ഭൂമി

വാങ്ങുന്നതിന് ഭരണസമിതിയുടെ 15-03-2018-ലെ യോഗ തീരുമാനപ്രകാരം അസിസ്റ്റന്റ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയതെന്നും തൃശ്ശൂർ അസിസ്റ്റന്റ് ഡയറക്ടർ സമിതിയെ ബോധിപ്പിച്ചു.

7. ഭൂമിയുടെ അനുയോജ്യത പരിശോധിക്കാൻ പഞ്ചായത്തിൽ എന്ത് സംവിധാനമാണുള്ളതെന്നും ഭൂമി ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പിന്റെ സാക്ഷ്യപത്രം ആവശ്യമില്ലേ എന്നും സമിതി ആരാഞ്ഞപ്പോൾ പ്രോജക്ടിനനുസരിച്ച് എഞ്ചിനീയർ സർട്ടിഫൈ ചെയ്താണ് ഭൂമിയുടെ അനുയോജ്യത ഉറപ്പുവരുത്തുന്നത് എന്നും ഭൂമിയുടെ വാല്യുവേഷനാണ് റവന്യൂ വകുപ്പിന്റെ സാക്ഷ്യപത്രം ആവശ്യമായി വരുന്നതെന്നും മേൽ പരാമർശിത കേസിൽ പ്രസ്തുത ഭൂമിയുടെ ഫീസിബിലിറ്റിയാണ് പരിശോധിക്കേണ്ടതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ഡയറക്ടർ അറിയിച്ചു. റെയിൽവേയുടെ ഭാവി വികസനത്തിന് ഭൂമി ഏറ്റെടുക്കേണ്ടതിനാലാണ് കെട്ടിടനിർമ്മാണത്തിന് റെയിൽവേ അനുമതി ലഭ്യമാക്കാത്തതെന്ന് സമിതി ചൂണ്ടിക്കാട്ടിയപ്പോൾ ഭൂമി വാങ്ങുമ്പോൾ പഞ്ചായത്തിന് ഉടമസ്ഥാവകാശം ഇല്ലാത്തതിനാലാണ് റെയിൽവേയുടെ എൻ.ഒ.സി. വാങ്ങാൻ കഴിയാതിരുന്നതെന്നും നിലവിൽ റെയിൽവേയുടെ എൻ.ഒ.സി. ലഭ്യമായിട്ടുണ്ടെന്നും തൃശ്ശൂർ അസിസ്റ്റന്റ് ഡയറക്ടർ സമിതിയെ ബോധിപ്പിച്ചു.

8. റെയിൽവേയുടെ ഭാവി വികസനത്തിന് ഭൂമി ഏറ്റെടുക്കുന്ന അവസരത്തിൽ പ്രസ്തുത ഭൂമിയിലെ നിർമ്മാണങ്ങൾക്ക് നഷ്ടപരിഹാരം നൽകില്ലെന്ന വ്യവസ്ഥയിലാണ് എൻ.ഒ.സി. നൽകിയിട്ടുള്ളതെന്നും റെയിൽവേയുടെ വികസനപ്രവർത്തനങ്ങൾ നടക്കുന്ന സമയത്ത് പ്രസ്തുത ഭൂമി വിട്ടുകൊടുക്കേണ്ടിവരുമെന്നും നിരീക്ഷിച്ച സമിതി 37 സെന്റ് ഭൂമിയിൽ റെയിൽവേ അതിർത്തിയിൽ നിന്നും കൺസ്ട്രക്ഷൻ നടത്താൻ അനുവദനീയമായിട്ടുള്ള 30 മീറ്റർ അകലം പാലിച്ചാൽ ബാക്കി എത്ര സെന്റ് ഭൂമിയുണ്ടാകുമെന്നും ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമം പഞ്ചായത്ത് സ്റ്റിയറിങ് കമ്മിറ്റിയാണോ തീരുമാനിക്കുന്നതെന്നും സ്റ്റിയറിങ് കമ്മിറ്റി നിയമാനുസൃത കമ്മിറ്റിയാണോയെന്നും ആരാഞ്ഞതിന് പഞ്ചായത്ത് ഭരണസമിതി താൽക്കാലികമായി ചുമതലപ്പെടുത്തിയ കമ്മിറ്റിയാണ് സ്റ്റിയറിങ് കമ്മിറ്റിയെന്നും എന്നാൽ പൂർണ്ണമായ ഉത്തരവാദിത്തം പഞ്ചായത്ത് ഭരണസമിതിക്ക് തന്നെയാണെന്നും വ്യക്തമാക്കിയ തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ഡയറക്ടർ പ്രത്യേക അധികാരമൊന്നുമില്ലെങ്കിലും സ്റ്റിയറിങ് കമ്മിറ്റി നിയമാനുസൃത കമ്മിറ്റിയാണെന്നും ആയതു സംബന്ധിച്ച് പഞ്ചായത്ത് രാജ് ആക്റ്റിൽ പറയുന്നുണ്ടെന്നും സ്ഥലം അപ്പാർട്ട്മെന്റ് നിർമ്മാണത്തിന് അനുയോജ്യമായ ഭൂമിയാണെന്ന് സ്റ്റീയറിംഗ് കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ടെങ്കിലും 37 സെന്റ് സ്ഥലം ആയതിന് പര്യാപ്തമാകില്ലെന്നും വിശദമാക്കി. നിഷ്ക്രിയ ആസ്തിയായി തുടരുന്ന പ്രസ്തുത ഭൂമി എങ്ങനെ പ്രയോജനപ്പെടുത്താമെന്ന് സമിതി ആരാഞ്ഞതിന് നിലവിൽ പ്രസ്തുത ഭൂമിക്ക് റെയിൽവേ എൻ.ഒ.സി. ലഭ്യമായിട്ടുണ്ടെന്നും പ്രവേശന വഴിക്ക് വീതി കുറവാണെന്ന ന്യൂനത എഞ്ചിനീയർ

ചൂണ്ടിക്കാണിച്ചതിനാൽ വീതികുട്ടാനായി സമീപ സ്ഥലവുടമയിൽ നിന്ന് ഭൂമി വാങ്ങാവുന്നതാണെന്നും റെയിൽവേയുടെ എൻ.ഒ.സി. ലഭിച്ച സാഹചര്യത്തിൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം 40 m^2 വിസ്തീർണ്ണത്തിൽ 20 കുടുംബങ്ങൾക്കായി ആകെ 800 m^2 പ്ലിന്ത് ഏരിയ വരുന്ന രീതിയിൽ കെട്ടിടം പണിയാൻ സാധിക്കുമെന്നും അത്തരത്തിൽ മൂന്ന് നിലകളായി ഫ്ലാറ്റ് മാതൃകയിൽ നിർമ്മാണം നടത്താവുന്നതാണെന്നും കൊരട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി. ജില്ലാതല സമിതിയുടെ അനുമതി ലഭിച്ചതിൻ പ്രകാരമാണ് പ്രസ്തുത ഭൂമി വാങ്ങിയിട്ടുള്ളതെന്നും ഓഡിറ്റ് പരാമർശം നിലനിൽക്കുന്നത് കൊണ്ടാണ് നിർമ്മാണം നടത്താതിരുന്നതെന്നും പഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചു. ഓഡിറ്റ് പരാമർശമുള്ളതുകൊണ്ട് മാത്രമാണോ തുടർനടപടികൾ സ്വീകരിക്കാനാകാത്തതെന്ന് സമിതി ആരാഞ്ഞപ്പോൾ പ്രസ്തുത സ്ഥലത്ത് ഫ്ലാറ്റ് വരുന്നത് അവിടെയുള്ള ജനങ്ങളുടെ സ്വൈര്യജീവിതത്തെ ബാധിക്കുമെന്നും ഒരു വ്യാപാരകേന്ദ്രമാണ് അവിടെ പ്രതീക്ഷിക്കുന്നതെന്നും ചൂണ്ടിക്കാട്ടി സമീപ സ്ഥലമുടമകൾ ചാലക്കുടി മുൻസിഫ് കോടതിയിൽ ഫയൽ ചെയ്തിരുന്ന കേസ് 02-09-2024-ന് കോടതി തള്ളിയിരുന്നുവെന്നും എന്നാൽ അതിപ്പോൾ റീ-ഓപ്പൺ ചെയ്തിരിക്കുകയാണെന്നുമുള്ള വിവരം പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത കേസിൽ പഞ്ചായത്ത് ഗൗരവമായി ഇടപെടേണ്ടതുണ്ടെന്നും ഫ്ലാറ്റ് പണിയുമ്പോൾ അവിടെ പട്ടികജാതിക്കാർ താമസിക്കുമെന്നതായിരിക്കാം സമീപ സ്ഥലവുടമകൾ പ്രശ്നമായി പറയുന്നതെന്നും സമിതി നിരീക്ഷിച്ചു.

9. പഞ്ചായത്തിന്റെ കൈവശമുള്ള ഭൂമിയിൽ കെട്ടിടം പണിയുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പാണ് അനുമതി നൽകേണ്ടതെന്നും അവിടെ കെട്ടിടം പണിയരുതെന്ന് കോടതി പറഞ്ഞിട്ടില്ലെന്നും ചൂണ്ടിക്കാട്ടിയ സമിതി മൂന്നുനിലയുള്ള ഫ്ലാറ്റ് നിർമ്മിക്കുന്നതിനാൽ അഗ്നിശമനരക്ഷാ വകുപ്പിൽനിന്നുള്ള എൻ.ഒ.സി.-യും ആവശ്യമായി വരുമെന്നും എന്നാൽ റെയിൽവേയുടെ അനുമതി ലഭിച്ചുവെന്ന് പറയുന്നുണ്ടെങ്കിലും ബിൽഡിങ്ങിന്റെ കാര്യത്തിൽ 30 മീറ്റർ അകലം പാലിച്ചിട്ടില്ലാത്തതിനാൽ 37.257 സെന്റ് സ്ഥലത്ത് 800 m^2 വിസ്തീർണ്ണമുള്ള ഫ്ലാറ്റ് അവിടെ നിർമ്മിക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കേണ്ടിവരുമെന്നും അഭിപ്രായപ്പെട്ടു. ലൈഫ് മാനദണ്ഡപ്രകാരം 50 സെന്റ് സ്ഥലമാണ് വാങ്ങേണ്ടിയിരുന്നതെങ്കിലും നിലവിൽ 37.257 സെന്റ് സ്ഥലം മാത്രമേ വാങ്ങിയിട്ടുള്ളൂവെന്നും കൂടാതെ പ്രവേശന വഴിക്ക് വീതി കുറവുണ്ടെന്നുമുള്ള വസ്തുത സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വകുപ്പ് അഡീഷണൽ സെക്രട്ടറിയും, ഫ്ലാറ്റിന്റെ നിർമ്മാണ പ്രവർത്തനത്തിനായി നിലവിലുള്ള 37.257 സെന്റ് സ്ഥലവും വിനിയോഗിക്കാൻ കഴിയുമെന്നും പ്രസ്തുത സ്ഥലം ചുറ്റുമതിൽ കെട്ടി തിരിച്ചിട്ടുണ്ടെന്നും റെയിൽവെ അതിർത്തിയിൽ നിന്നും 30 മീറ്ററിനുള്ളിലുള്ളവയ്ക്ക് ആവശ്യമായി വരുന്ന എൻ.ഒ.സി. ഇപ്പോൾ ലഭ്യമായിട്ടുണ്ടെന്നും കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം മൂന്ന് മീറ്റർ സ്ഥലം ഒഴിവാക്കിയിട്ടുള്ള റിപ്പോർട്ടാണ് അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയിട്ടുള്ളതെന്നും പഞ്ചായത്ത് സെക്രട്ടറിയും വിശദമാക്കി.

10. റെയിൽവെയുടെ എൻ.ഒ.സി. ലഭിച്ചിട്ടുണ്ടെന്നും കെട്ടിട നിർമ്മാണത്തിന് മറ്റ് തടസ്സങ്ങളൊന്നുമില്ലെന്നുമാണ് അസിസ്റ്റന്റ് എഞ്ചിനീയറുടെ പരിശോധനയിൽ വ്യക്തമാക്കിയിരിക്കുന്നതെന്നും മനസിലാക്കിയ സമിതി കെട്ടിട നിർമ്മാണ ചട്ടങ്ങളനുസരിച്ച് മൂന്ന് മീറ്റർ ഒഴിവാക്കിയാലും 20 കുടുംബങ്ങളെ താമസിപ്പിക്കാൻ കഴിയുന്ന ഫ്ലാറ്റ് നിർമ്മിക്കാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കണമെന്ന് സർക്കാരിനോട് നിർദ്ദേശിച്ചു.

11. പ്രസ്തുത സ്ഥലം സമചതുരാകൃതിയിലുള്ളതാണെന്നും സ്ഥലത്തിന്റെ പിൻഭാഗത്തെ റെയിൽവേ അതിർത്തിയിൽനിന്നും 30 മീറ്റർ നീക്കികഴിഞ്ഞാൽ ബാക്കി 8.5 മീറ്റർ വീതിയിലാണ് നിർമ്മാണ പ്രവൃത്തികൾ സാധ്യമാകുന്നതെന്നും അതിൽനിന്നും കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം മുൻഭാഗത്ത് നീക്കിവയ്ക്കേണ്ട ചുരുങ്ങിയ സ്ഥലമായ 3 മീറ്റർകൂടി നീക്കികഴിഞ്ഞാൽ ബാക്കിയുള്ള സ്ഥലത്ത് ഭവനസമുച്ചയ നിർമ്മാണവും അനുബന്ധ ഭൗതിക സാഹചര്യങ്ങളുടെ നിർമ്മാണവും അപ്രായോഗികമാകുമെന്നാണ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുള്ളതെന്ന് സമിതി വിശദീകരിച്ചപ്പോൾ നിലവിൽ വഴിയുടെ വീതി 3.2 മീറ്റർ പ്രകാരം ലൈഫ് മിഷന്റെ നിർദ്ദിഷ്ടാളവിലുള്ള 12 കുടുംബങ്ങൾക്ക് താമസ സൗകര്യമൊരുക്കാവുന്നതാണെന്നും വഴിയുടെ വീതി 3.60 ആക്കുകയാണെങ്കിൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം 40 m^2 വീതം വിസ്തീർണ്ണമുള്ള 20 കുടുംബങ്ങൾക്കുള്ള ഫ്ലാറ്റ് ആകെ 800 m^2 വിസ്തീർണ്ണത്തിൽ നിജപ്പെടുത്തി ഗ്രൗണ്ട് ഫ്ലോറിൽ മാത്രം നിർമ്മിക്കാനാകുമെന്നും ഇതേ രീതിയിൽ മൂന്ന് നിലവരെ 2400 m^2 വിസ്തീർണ്ണത്തിൽ നിർമ്മാണം നടത്താവുന്നതാണെന്നും അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥലം പരിശോധിച്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും തൃശ്ശൂർ അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു. ഓഡിറ്റ് ഒബ്ജക്ഷനുള്ള വിഷയത്തിൽ പഞ്ചായത്ത് കൃത്യമായി സാങ്കേതിക പരിശോധന നടത്തി റിപ്പോർട്ട് ചെയ്തിരിക്കുകയാണെന്നും ലൈഫ് മിഷനുമായി ബന്ധപ്പെട്ട് ഒരു പദ്ധതി തയ്യാറാക്കി നടപ്പാക്കിയാൽ മതിയാകുമെന്നും വകുപ്പ് അഡീഷണൽ സെക്രട്ടറി അഭിപ്രായപ്പെട്ടപ്പോൾ നിലവിൽ ജില്ലാ പഞ്ചായത്തും കൊരട്ടി ഗ്രാമപഞ്ചായത്തും സംയുക്തമായി 1.06 കോടി രൂപയുടെ പ്രോജക്ട് വച്ചിട്ടുണ്ടെന്ന വിവരം തൃശ്ശൂർ അസിസ്റ്റന്റ് ഡയറക്ടർ സമിതിയെ ധരിപ്പിച്ചു. സമിതി ആവശ്യപ്പെട്ട പ്രകാരം പഞ്ചായത്ത് അപ്പാർട്ട്മെന്റ് നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് roll-out ചെയ്യുകയും ഇതുസംബന്ധിച്ച കേസ് ഫലപ്രദമായി നടത്തുകയും ചെയ്യാമെന്നും ഇക്കാര്യം അസിസ്റ്റന്റ് ഡയറക്ടർ പ്രത്യേകമായി മോണിറ്റർ ചെയ്യാമെന്നും വകുപ്പ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ/ ശിപാർശകൾ

12. കെട്ടിട നിർമ്മാണ ചട്ടങ്ങളനുസരിച്ച് മൂന്ന് മീറ്റർ ഒഴിവാക്കിയാലും കൊരട്ടി ഗ്രാമപഞ്ചായത്ത് വാങ്ങിയ സ്ഥലത്ത് 20 കുടുംബങ്ങൾക്കുള്ള ഫ്ലാറ്റ് നിർമ്മിക്കാൻ കഴിയുമോയെന്ന് പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

13. എസ്. സി. അപ്പാർട്ട്മെന്റിന് വേണ്ടി കൊരട്ടി ഗ്രാമപഞ്ചായത്ത് വാങ്ങിയ സ്ഥലത്തിന് റെയിൽവേ മന്ത്രാലയത്തിൽ നിന്നും എൻ.ഒ.സി. ലഭ്യമായിട്ടുള്ളതിനാൽ കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരം അനുവദനീയമായ അളവിൽ കൊരട്ടി ഗ്രാമപഞ്ചായത്തിലെ അപ്പാർട്ട്മെന്റ് നിർമ്മാണം പൂർത്തിയാക്കാനാകുമെന്നും കെട്ടിട നിർമ്മാണത്തിനെതിരെയുള്ള കേസ് ഫലപ്രദമായി നടത്തുമെന്നും പ്രസ്തുത വിഷയം അസിസ്റ്റന്റ് ഡയറക്ടർ പ്രത്യേകമായി മോണിറ്റർ ചെയ്യാമെന്നുമുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടി അംഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

<u>ഓഡിറ്റ് ഖണ്ഡിക</u>

കാട്ടൂർ - കാറളം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി - അപാകതകൾ - 29,55,985/- രൂപ ചെലവാക്കിയ പദ്ധതി പ്രവർത്തനസജ്ജമാക്കി ജലവിതരണം ആരംഭിച്ചിട്ടില്ല.

[ഇരിഞ്ഞാലക്കുട ബ്ലോക്ക് പഞ്ചായത്ത് 2017-18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-3]

ബ്ലോക്ക് പഞ്ചായത്ത് നിർവ്വഹണം നടത്തുന്ന ബൃഹത്തായ പദ്ധതിയാണ് കാട്ടൂർ കാറളം ലിഫ്റ്റ് ഇറിഗേഷൻ. ജലസേചനത്തിനായി പൈപ്പ് ലൈൻ സ്ഥാപിക്കുകയാണ് പദ്ധതിയുടെ ഭൗതികലക്ഷ്യം. 2016-17, 2017-18 വർഷങ്ങളിലായി നിർവ്വഹണം നടത്തിയ 4 പദ്ധതികൾ മുഖേന 29,55,985/- രൂപ ചെലവഴിച്ചിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	വർഷം	പ്രൊജക്ട് നം./ നി.ഉദ്യോഗസ്ഥൻ	അടങ്കൽ തുക	ചെലവ് തുക	ട്രഷറി ബിൽ നം./ ചെക്ക് നം.
1	2017-18	67/18, അസി. എഞ്ചിനീയർ	10,96,172	10,88,663	14/9.2.18 22/22.3.18 54313 /9.2.18 54339/31.3.18
2	2017-18	64/18, അസി. എഞ്ചിനീയർ	8,00,000	7,98,357	18/8.2.18 20/22.3.18 54314/9.2.18 54340/31.3.18
3	2017-18	68/18, സെക്രട്ടറി	7,13,556	6,48,261	1/30.6.17 ചെക്ക് നം.55793/15.6.17
4	2016-17	7/17, അസി.	4,21,900	4,20,704	19/9.3.17

		എഞ്ചിനീയർ			55791/24.6.17
		ആകെ	30,31,628	29,55,985	

മേൽ പറഞ്ഞതിൽ തൻവർഷത്തെ പദ്ധതി ഫയലുകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

(a) വൻ തുക ചെലവാക്കിയ ഈ പദ്ധതി കമ്മീഷൻ ചെയ്ത് ജലവിതരണം ആരംഭിച്ചിട്ടില്ല. കാറളം പഞ്ചായത്തിലെ കല്ലട ക്ഷേത്രത്തിനടുത്ത് കെ എൽ ഡി സി കനാലിനു സമീപമുള്ള പാടശേഖരത്തിലെ കിണറാണ് ജലസ്രോതസ്സ്. സമീപം മോട്ടോർ പമ്പ് സ്ഥാപിച്ച് കാട്ടൂർ -കാറളം പഞ്ചായത്തുകളിലെ ജലസേചനാവശ്യം നിർവ്വഹിക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. പട്ടിക പ്രകാരമുള്ള 3 പദ്ധതികളിലും പൈപ്പ് ലൈൻ നീട്ടൽ എന്ന പ്രവൃത്തിയാണ് നടന്നിരിക്കുന്നത്. ജലം പമ്പു ചെയ്യുന്നതിനുള്ള മോട്ടോർ സ്ഥാപിക്കൽ മറ്റൊരു പദ്ധതിയായും നിർവ്വഹിച്ചു. 12-ാം പഞ്ചവൽസരപദ്ധതി മാർഗ്ഗരേഖയിലെ (സ.ഉ(എം.എസ്) നം.225/12/ത.സ്വ.ഭ.വ തീയതി.18.8.2012) ഖണ്ഡിക (ix) സി പ്രകാരം ഈ പദ്ധതി ഒരു ബഹുവർഷ പ്രൊജക്ടായി ആവിഷ്കരിക്കേണ്ടതായിരുന്നു. ഒറ്റ ടെണ്ടറിൽ ചെയ്യേണ്ട പ്രവൃത്തിയാണ് നാലു പ്രൊജക്ടുകളായി വിഭജിച്ചു നിർവ്വഹിച്ചത്. ആയത് മാർഗ്ഗരേഖ നിർദ്ദേശത്തിന്റെ ലംഘനമാണ്.

ഓഡിറ്റ് നടത്തിയ സ്ഥലപരിശോധനയിൽ കാറളം പഞ്ചായത്തിലെ കല്ലട ക്ഷേത്രത്തിനടുത്ത് കെ എൽ ഡി സി കനാലിനു സമീപമുള്ള പാടശേഖരത്തിലെ കിണറിനു സമീപമാണ് പമ്പ് സ്ഥാപിച്ചിരിക്കുന്നത്. ആയത് പൂട്ടിയ നിലയിലായിരുന്നു. ഇലക്ട്രിഫിക്കേഷനാവശ്യമായ വയറിംഗ് നടത്തിയിട്ടുണ്ടെങ്കിലും കണക്ഷൻ ലഭ്യമായിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കുന്ന ബൃഹത്തായ പദ്ധതിയായിട്ടും സ്ഥലത്ത് ആയത് സൂചിപ്പിക്കുന്ന നെയിം ബോർഡോ, ദിശാ സൂചകങ്ങളോ മോട്ടോർ ഷെഡിന്റെ ചുവരുകളിൽ രേഖപ്പെടുത്തലോ കാണാൻ കഴിഞ്ഞില്ല. (പദ്ധതി ഫയലിനുള്ളിൽ ബോർഡ് നിൽക്കുന്നതിന്റെ ഫോട്ടോ സൂക്ഷിച്ചിരുന്നു).

(b) കാട്ടൂർ - കാറളം പഞ്ചായത്തുകളുടെ ഏതെല്ലാം വാർഡുകളിൽ എത്രമീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചു എന്നതിന്റെ സമഗ്രചിത്രം ഫയലിൽ നിന്ന് ലഭ്യമായില്ല. വിശദമായ സൈറ്റ് പ്ലാൻ, ലൊക്കേഷൻ മാപ്പ് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/10.12.18) ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

പദ്ധതി നം	പഞ്ചായത്തിന്റെ പേര്	പൈപ്പ് ലൈൻ സ്ഥാപിച്ചതിന്റെ വിശദാംശങ്ങൾ	ചെലവായ തുക
67/17-18	കാറളം	891.3 മീ.	10,88,663
64/17-18	കാറളം	860 മീ.	7,98,357

(c) മേൽ പദ്ധതികളുടെ പൂർത്തീകരണ വിവരം ഫയലിൽ നിന്നും ലഭ്യമായില്ല. ഫയലിനോടൊപ്പം പൂർത്തീകരണപത്രം,മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ സൂക്ഷിച്ചിട്ടില്ല. ടെക്നിക്കൽ സാങ്ഷൻ പ്രകാരം 1 മാസമാണ് മേൽപ്രവൃത്തികളുടെ (67/18,64/18)പൂർത്തീകരണ കാലാവധി. എന്നാൽ 1 വർഷം കൊണ്ടാണ് പൂർത്തീകരിച്ചത്.

കോൺട്രാക്ടർ റ്റി.എ.ഡേവിസിന് 20/03/18 ലെ 2(4) തീരുമാനപ്രകാരം പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി നീട്ടികൊടുത്ത നിർവ്വഹണ ഉദ്യോഗസ്ഥന്റെ നടപടി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ആയതിനെ സാധൂകരിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

(d) 12-ാംപദ്ധതി മാർഗ്ഗരേഖ നിർദ്ദേശാനുസരണം ആവിഷ്കരിച്ച പദ്ധതികളായതിനാൽ അടങ്കൽ തുകയുടെ 10% പ്രയോജനം ലഭിക്കുന്ന സ്ഥലമുടമകൾ വഹിക്കേണ്ടതാണ്. 29.3.17 ലെ സ.ഉ (എം.എസ്)നം.72/17 ഉത്തരവ് ഖണ്ഡിക.12.33 പ്രകാരം ജലസേചന പ്രോജക്ടുകളുടെ തുടർനടത്തിപ്പും സംരക്ഷണവും പരിപാലനവും പാടശേഖരസമിതി/കർഷകകൂട്ടായ്മ/ ഗുണഭോക്തൃസമിതി എന്നിവയുടെ ചുമതലയായി പ്രോജക്ടിൽ വ്യവസ്ഥ ചെയ്യണം. ഗുണഭോക്തൃ വിഹിതം പദ്ധതിയിൽ വകയിരുത്തി പിരിച്ചു നൽകിയിട്ടുണ്ടെങ്കിലും ഗുണഭോക്തൃസമിതി രൂപവൽകരിച്ചതിന്റെ വിശദാംശം ലഭ്യമായില്ല. പദ്ധതി പൂർത്തിയാക്കി സമിതിക്ക് കൈമാറുന്നത് സംബന്ധിച്ച് ഭരണസമിതി തീരുമാനം ഉണ്ടായിട്ടില്ല. മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതുവരെ അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ തൻവർഷത്തെ (2017-18) ചെലവു തുകയായ (10,88,663 + 7,98,357 = 18,87,020) 18,87,020/- രൂപ തടസ്സപ്പെടുത്തുന്നതായി ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 3]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

14. വകുപ്പിൽനിന്നും ലഭ്യമായ മറുപടിയുടെയും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നിലവിൽ പ്രവർത്തനക്ഷമമാണെന്ന സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

നിഗമനങ്ങൾ/ ശിപാർശകൾ

15. 'കാട്ടൂർ - കാറളം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി - അപാകതകൾ - 29,55,985/- രൂപ ചെലവാക്കിയ പദ്ധതി പ്രവർത്തനസജ്ജമാക്കി ജലവിതരണം ആരംഭിച്ചിട്ടില്ല എന്ന പരാമർശത്തിൽ പ്രസ്തുത പ്രവൃത്തികൾ വിജയകരമായി പൂർത്തീകരിച്ചിട്ടുണ്ടെന്ന വകുപ്പിൽ നിന്നുള്ള മറുപടിയുടെയും ആയത് ബോധ്യപ്പെട്ടതായി ഓഡിറ്റ് വകുപ്പ് അംഗീകരിച്ചതിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

നായാടി വിഭാഗത്തിന്റെ സാമൂഹിക, സാമ്പത്തിക പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുന്നില്ല.

[കടവല്ലൂർ ഗ്രാമ പഞ്ചായത്ത് 2017-18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-21]

നായാടി വിഭാഗം പട്ടിക ജാതിയിൽ ഉൾപ്പെടുന്നുവെങ്കിലും ഇവർ ഗോത്രവർഗ്ഗ സ്വഭാവം കാണിക്കുന്നവരാണ്. സാമൂഹികമായും, സാമ്പത്തികമായും, വിദ്യാഭ്യാസപരമായും വളരെയധികം പിന്നോക്കാവസ്ഥ അനുഭവിക്കുന്ന ഇവർ പൊതു സമൂഹത്തിൽ ഇടപെടാൻ മടിക്കുന്നവരും ഒറ്റപ്പെട്ട ജീവിതം നയിക്കുന്നവരുമാണ്. കോട്ടോൽ നായാടിക്കോളനിയിൽ ഏകദേശം 26 കുടുംബങ്ങൾ താമസിക്കുന്നു. ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടുവരുന്നതിനായി കഴിഞ്ഞ 5 വർഷങ്ങളായി യാതൊരു പദ്ധതിയും ആവിഷ്കരിച്ച് നടപ്പാക്കാൻ പഞ്ചായത്തിനായിട്ടില്ല. പട്ടികജാതി വിഭാഗക്കാർക്കായി നിരവധി പദ്ധതികൾ പഞ്ചായത്ത് നടപ്പാക്കാറുണ്ടെങ്കിലും ഇവയിലൊന്നും ഈ വിഭാഗത്തെ ഉൾപ്പെടുത്താറില്ല. ഉദാഹരണമായി പട്ടികജാതി വിഭാഗത്തിനായി പഞ്ചായത്തിൽ നടപ്പാക്കിയ സൈക്കിൾ വിതരണം, പഠനമുറി, ഭവന പുനരുദ്ധാരണം, ലാപ്ടോപ്പ് വിതരണം തുടങ്ങിയവയിലൊന്നും തന്നെ ഈ വിഭാഗത്തെ ഉൾപ്പെടുത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ്, വികസന സെമിനാർ, സ്റ്റാൻഡിംഗ് കമ്മറ്റികളിലൊന്നും ഇവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്തതായി കാണുന്നില്ല.

21-12-18 ൽ കോട്ടോൽ നായാടി കോളനിയിൽ നേരിട്ടെത്തി കണ്ട് ബോധ്യപ്പെട്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

(1) ഈ വിഭാഗത്തിലെ പുരുഷന്മാരിൽ അധികവും ലഹരിക്ക് അടിമപ്പെട്ടവരും നിരക്ഷരരുമാണ്.

(2) ഇവർക്കായി നിർമ്മിച്ച നല്കിയ വീടിന്റെ തറഭാഗം മഴക്കാലത്ത് പൂർണ്ണമായും വെള്ളത്തിൽ മുങ്ങും.

(3) അവിടത്തെ കമ്മ്യൂണിറ്റി ഹാളിൽ വൈദ്യുതി കണക്ഷൻ, വെള്ളത്തിനുള്ള സൗകര്യം എന്നിവയില്ല. ജനാലകൾ തകർന്ന സ്ഥിതിയിലാണ്. ഇവിടെ സ്ഥാപിക്കാനായി മുൻപ് വാങ്ങിയ ടിവി സെറ്റ് ഇപ്പോഴും സ്ഥാപിച്ചിട്ടില്ല.

(4) ഈ വിഭാഗത്തിലെ സ്ത്രീകളെ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തിയിട്ടില്ല.

അങ്ങേയറ്റം ദരിദ്രരും, ഏറ്റവും പിന്നോക്കാവസ്ഥയിലുള്ളവരുമായ ഇവരുടെ ഉന്നമനത്തിനുവേണ്ട പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നതായി ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. പൊതു സമൂഹത്തിലെ മുഖ്യധാരയിലേക്ക് ഇവരെ എത്തിക്കുന്നതിനുവേണ്ടി പഞ്ചായത്തിന്റേയും മറ്റു പൊതു ആഘോഷ പരിപാടിയിലും ഇവരെ പങ്കെടുപ്പിക്കാവുന്നതും, ഡീ അഡിക്ഷൻ, കൗൺസലിംഗ് പോലുള്ള പരിപാടികളിലൂടെ ഇവരെ ബോധവത്കരിക്കാൻ ജനപങ്കാളിത്തത്തോടെയുള്ള പദ്ധതികൾ ആവിഷ്കരിക്കാവുന്നതുമാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 6]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

16. നായാടി വിഭാഗം താമസിക്കുന്ന കോളനിയിലേയ്ക്കുള്ള റോഡ് നിർമ്മിക്കുന്നതിനായുള്ള സ്ഥലം നിലമായതിനാൽ അത് തരം മാറ്റുന്നതിനായി കാർഷികോൽപാദന കമ്മീഷണർക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് തൃശ്ശൂർ അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചപ്പോൾ നിലം തരം മാറ്റുന്നത് സംബന്ധിച്ച് പരിശോധന നടത്തി അതിനുള്ള യോഗ്യത എന്താണെന്ന് കണ്ടെത്തി പ്രൊപ്പോസ് ചെയ്യുന്നതിനായി പഞ്ചായത്ത് സെക്രട്ടറിയും കൃഷിഭവൻ സെക്രട്ടറിയും വില്ലേജ് ഓഫീസറും ഉൾപ്പെടുന്ന ഒരു കമ്മിറ്റി നിലവിലില്ലേയെന്നും പ്രസ്തുത കമ്മിറ്റിയുടെ ശിപാർശ പ്രകാരമല്ലേ തരംമാറ്റത്തിന് ഉത്തരവിടുന്നതെന്നും സമിതി ആരാഞ്ഞു. പ്രസ്തുത കമ്മിറ്റി നിലവിലുണ്ടെന്നും കമ്മിറ്റിയുടെ ശിപാർശ പ്രകാരം കാർഷികോൽപാദന കമ്മീഷണർക്ക് ഇതുസംബന്ധിച്ച കത്ത് നൽകിയിട്ടുണ്ടെന്നും കൂടാതെ ജില്ലാ പഞ്ചായത്ത് 18 ലക്ഷം രൂപ 2024-25 വാർഷിക പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ടെന്നും അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് പ്രോജക്ട് നടപ്പാക്കാമെന്നാണ് പഞ്ചായത്ത് അറിയിച്ചിട്ടുള്ളതെന്നും തൃശ്ശൂർ അസിസ്റ്റന്റ് ഡയറക്ടർ വിശദമാക്കി.

17. റോഡിനായുള്ള സ്ഥലം പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ തരംമാറ്റുന്നതിന് പ്രശ്നമുണ്ടാകില്ലെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ നിയോഗിച്ച് തുടർനടപടികൾ

സ്വീകരിച്ച് എത്രയും വേഗം അംഗീകാരം ലഭ്യമാക്കിയാൽ മാത്രമേ പ്രവൃത്തി നടപ്പാക്കാൻ സാധിക്കുകയുള്ളൂവെന്നും വിലയിരുത്തിയ സമിതി പത്തിരുപത് വർഷമായി നായാടി വിഭാഗത്തിൽപ്പെട്ട ആളുകൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന പ്രസ്തുത റോഡ് പഞ്ചായത്തിന്റെ ആസ്തിയിലുൾപ്പെട്ടിട്ടുള്ള സ്ഥിതിക്ക് അത് തരംമാറ്റേണ്ടതിന്റെ ആവശ്യകത എന്താണെന്ന സംശയം ഉന്നയിച്ചു. സ്വകാര്യ വ്യക്തിയുടെ കൈവശമായിരുന്ന സ്ഥലം ഇപ്പോഴാണ് പഞ്ചായത്തിന് വിട്ടുകിട്ടിയത് എന്ന് തൃശ്ശൂർ അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു.

18. പഞ്ചായത്തിന്റെ ആസ്തിയിലുൾപ്പെട്ടിട്ടുള്ള പ്രസ്തുത സ്ഥലത്ത് തൊഴിലുറപ്പ് പദ്ധതിയിലൂടെ റോഡ് നിർമ്മിച്ചാൽ മതിയാകുമായിരുന്നു എന്നും എന്നാൽ പഞ്ചായത്ത് സെക്രട്ടറിമാർ ഇത്തരം കേസുകളിൽ അതിന് തയ്യാറാകുന്നില്ല എന്നും ഒരു ഭൂമി ഭാഗിച്ചുകൊടുക്കുമ്പോൾ സ്വാഭാവികമായും അവർക്ക് വഴികൊടുക്കേണ്ടി വരുമെന്നും എന്നാൽ ആ വഴിയുൾപ്പെടുന്ന ഭൂമിയുടെ പ്രമാണം മറ്റൊരാളുടെ പേരിലായിരിക്കുകയും വഴിക്ക് നിയമപരമായി രേഖയുമുണ്ടാകില്ല എന്നതും പത്തോ ഇരുപതോ വർഷമായി ആളുകൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്നതും ടെലഫോൺ ലൈൻ, ഇലക്ട്രിസിറ്റി ലൈൻ, വാട്ടർ കണക്ഷൻ എന്നിവ കടന്നുപോകുന്നതുമായ ഒരു വഴി പഞ്ചായത്തിന്റെ ആസ്തിയിലുൾപ്പെടുത്തണമെങ്കിൽ ഉടമസ്ഥൻ പഞ്ചായത്തിന്റെ പേരിൽ ഭൂമി രജിസ്റ്റർ ചെയ്തു കൊടുക്കണമെന്നാണ് ഉദ്യോഗസ്ഥർ പറയുന്നതെന്നും പഞ്ചായത്തിന്റെ ആസ്തിയിലുൾപ്പെടുത്തിയില്ലെങ്കിൽ തങ്ങൾക്ക് ബാധ്യതവരുമെന്നതിനാൽ സെക്രട്ടറിമാർ പ്രസ്തുത ഭൂമിയിൽ പ്രവൃത്തികൾ നടത്താൻ അനുവദിക്കാറില്ലെന്നും വിലയിരുത്തിയ സമിതി ആസ്തിയിലുൾപ്പെടുത്താൻ രജിസ്റ്റർ ചെയ്തു കൊടുക്കണമെന്ന് പറയുന്നതിലെ ഔചിത്യത്തെ ചോദ്യം ചെയ്യുകയും ഇക്കാര്യത്തിൽ നിയമഭേദഗതി ഉണ്ടാകേണ്ടതാണെന്ന് അഭിപ്രായപ്പെടുകയും ചെയ്തു.

19. നാട്ടുകാരും ഉടമസ്ഥനുമൊക്കെ സ്ഥലം വിട്ടുനൽകിയാലും ഇത്തരം കേസുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും സെക്രട്ടറിമാരും ആവശ്യമില്ലാതെ ഇടപെട്ട് പ്രവൃത്തി നടത്താൻ സമ്മതിക്കാറില്ല എന്നതാണ് പൊതുവെ കണ്ടു വരുന്ന പ്രവണത എന്ന് കുറ്റപ്പെടുത്തിയ സമിതി ഇത്തരം റോഡുകൾ നിർമ്മിക്കുന്നതിന് എം.എൽ.എ. ഫണ്ട് നൽകിയാലും പല കാരണങ്ങളും പറഞ്ഞ് ഉദ്യോഗസ്ഥർ പ്രവൃത്തി നടത്താറില്ലെന്ന് ചൂണ്ടിക്കാണിക്കുകയും വർഷങ്ങളായി ജനങ്ങൾ നടക്കുന്ന വഴി ആസ്തിയിൽ ഉൾപ്പെട്ടിട്ടില്ലെന്ന വാദഗതിക്ക് അർത്ഥമില്ലെന്ന് കൂട്ടിച്ചേർക്കുകയും ചെയ്തു. ആസ്തിയിലില്ലാത്ത സ്ഥലത്ത് സർക്കാർ പണം മുടക്കി സ്ട്രീറ്റ് ലൈറ്റിടേണ്ട കാര്യമുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് നടവഴിയിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കാവുന്നതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ്

അഡീഷണൽ ഡയറക്ടർ മറുപടി നൽകി. കൂടാതെ നിലവിൽ ലാൻഡ് റെലിൻക്വിഷ്മെന്റ് ആക്റ്റ് പ്രകാരമുള്ള നടപടിയാണ് സ്വീകരിച്ചു വരുന്നതെന്നും കൂട്ടിച്ചേർത്തു.

20. എന്നാൽ നടപടിക്രമം നേരത്തേയുള്ളതാണെന്നും സർക്കാർ അനാവശ്യമായ നിബന്ധനകൾ വയ്ക്കുന്നതാണെന്നും മനസിലാക്കിയ സമിതി, പത്തിരുപത് വർഷം നടവഴിയായി ഉപയോഗിച്ചിരുന്ന ഒരു വഴി പിന്നീട് സ്വകാര്യ വ്യക്തിയുടെ സ്ഥലമാക്കാൻ ഏതെങ്കിലും കോടതി അനുവദിക്കുമോ എന്ന സംശയം പ്രകടിപ്പിക്കുകയും 12 വർഷത്തിൽ കൂടുതൽ ഒരു വഴി ഉപയോഗിച്ചാൽ അത് പൊതുവഴിയായി അംഗീകരിക്കാവുന്നതാണെന്നും Adverse possession എന്നത് പഞ്ചായത്ത് രാജ് നിയമത്തിലുള്ളതാണെന്നും ചൂണ്ടിക്കാട്ടുകയും ആയത് പാലിക്കുന്നതിന് സർക്കാർ പഞ്ചായത്തിന് നിർദ്ദേശം നൽകണമെന്ന് അഭിപ്രായപ്പെടുകയും ചെയ്തു.

21. കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ 25 വീട്ടുകാർ താമസിക്കുന്ന ഒരു സ്ഥലത്ത് വർഷങ്ങളായി ജനങ്ങൾ നടവഴിയായി ഉപയോഗിച്ചുവരുന്നതും പണ്ടുകാലത്ത് വിഹിതം വച്ചുപോയപ്പോൾ ബാക്കി വന്നതുമായ റോഡിനകത്തുള്ള ഒന്നേകാൽ സെന്റ് സ്ഥലം ആരുടേതാണെന്നുള്ളതിന് വ്യക്തമായ രേഖയില്ലാത്തതിനാലും പ്രസ്തുത ഭൂമി പഞ്ചായത്തിന്റെ പുറമ്പോക്കായി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലും അവിടെ ഫണ്ടുപയോഗിക്കാൻ കഴിയില്ലെന്ന് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ള വിവരം സന്ദർശവശാൽ ചൂണ്ടിക്കാട്ടിയ സമിതി തൊഴിലുറപ്പ് പദ്ധതിയുടെ തുക പശ്ചാത്തല സൗകര്യത്തിനുവേണ്ടി വിനിയോഗിക്കാമെന്നൊരു നിലപാട് വന്നതിന്റെ അടിസ്ഥാനത്തിൽ ഗ്രാമീണ മേഖലയിൽ നിരവധി റോഡുകൾ പണിതിട്ടുണ്ടെന്നും ആയതിനാൽ കേരളത്തിലെ അത്തരത്തിലുള്ള എല്ലാ റോഡുകളും നിയമാനുസൃതമാക്കുന്നതിനുള്ള നിലപാട് സ്വീകരിക്കണമെന്ന് സർക്കാരിനോട് ശിപാർശ ചെയ്യാവുന്നതാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

22. ഭൂമി പഞ്ചായത്തിലേക്ക് മുതൽക്കൂട്ടണമെങ്കിൽ സെക്രട്ടറിയുടെ പേരിലാക്കിയാൽ മാത്രമേ സാധിക്കുകയുള്ളൂ എന്നാണ് നിയമം അനുശാസിക്കുന്നതെന്നും നോമാൻസ് ലാൻഡ് ആണെങ്കിൽ കുഴപ്പമില്ലെന്നും അല്ലെങ്കിൽ അത് ദുരുപയോഗം ചെയ്യപ്പെടാനുള്ള സാധ്യത ഉണ്ടെന്നും കോഴിക്കോട് അസിസ്റ്റന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു.

23. വയൽ നികത്തൽ പ്രശ്നങ്ങളുള്ളതുകൊണ്ട് നിലവിൽ പല റോഡുകളുമായി ബന്ധപ്പെട്ടും ഇത്തരത്തിലുള്ള പ്രശ്നങ്ങളുണ്ടെന്നും കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്ന സ്ഥലങ്ങളിൽ വികസന കാര്യങ്ങൾക്ക്

തടസ്സം നേരിടാറുണ്ടെന്നും അപ്രകാരമുള്ള റോഡുകളും ഫൂട്ട്പാത്തുകളും നിയമവിധേയമാക്കിയാൽ അതിന്റെ പേരിൽ തർക്കങ്ങളുന്നയിക്കാൻ സാധിക്കില്ലെന്നും നിരീക്ഷിച്ച സമിതി ഒറ്റത്തവണയായി അങ്ങനെ ചെയ്ത് സ്ഥലം പഞ്ചായത്തിന്റെ ആസ്തിയിലുൾപ്പെട്ടാൽ പിന്നീട് മറ്റ് കാര്യങ്ങൾക്ക് തടസ്സമുണ്ടാകാനിടയില്ലെന്നും എന്നാൽ അത് ദുരുപയോഗം ചെയ്യപ്പെടാതെ ശ്രദ്ധിക്കാനുള്ള ഉത്തരവാദിത്തം വകുപ്പുകൾക്കുണ്ടെന്നും അഭിപ്രായപ്പെടുകയും ആവശ്യമുള്ള പക്ഷം കേരള പഞ്ചായത്ത് രാജ്, മുനിസിപ്പാലിറ്റി വ്യവസ്ഥകൾ ഭേദഗതി ചെയ്യേണ്ടത് അനിവാര്യമാണെന്നും ചൂണ്ടിക്കാട്ടി.

24. ഭൂമിയുടെ ഉടമസ്ഥാവകാശം രജിസ്റ്റർ ചെയ്ത് ലഭിച്ചാൽ മാത്രമേ മറ്റ് കാര്യങ്ങൾ ചെയ്യാൻ സാധിക്കുകയുള്ളൂവെന്ന് പഞ്ചായത്ത് സെക്രട്ടറിമാർ പറയുകയും എന്നാൽ അപ്രകാരം ആസ്തിയിലുൾപ്പെടാത്ത സ്ഥലത്ത് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കാൻ പഞ്ചായത്ത് തുക ചെലവഴിക്കുകയും ചെയ്തതിലെ അനൗചിത്യം ചൂണ്ടിക്കാട്ടിയ സമിതി ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള സ്ഥലം തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്നതാണോയെന്ന് പരിശോധിക്കണമെന്ന് നിർദ്ദേശിച്ചു.

25. പ്രസ്തുത ഭൂമി പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിലുണ്ടെങ്കിലും ബി.റ്റി.ആർ.-ൽ നിലം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും ആയതിനാൽ റോഡിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ലെന്നാണ് ഓഡിറ്റ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതെന്നും ബോധ്യപ്പെട്ട സമിതി നായാടികൾ എന്ന ഏറ്റവും ദുർബലമായ വിഭാഗത്തിൽപ്പെട്ട 24 കുടുംബങ്ങൾ 20 വർഷത്തോളമായി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഒരു റോഡിന്റെ നിർമ്മാണത്തിന് തടസ്സം നിൽക്കുന്നത് എന്തർത്ഥത്തിലാണെന്നും പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ കൃത്യമായി അളവ് രേഖപ്പെടുത്തിയിട്ടുള്ള സ്ഥലത്ത് പണം ചെലവഴിക്കുന്നതിനുള്ള തടസ്സം എന്താണെന്നും ആരാഞ്ഞു.

26. നിലവിൽ സ്ഥലം വിട്ടു കിട്ടി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി ഭൂമി പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും വെള്ളം കയറുന്ന സ്ഥലമായതിനാൽ റോഡ് കുറച്ച് ഉയർത്തി പണിയേണ്ടതുണ്ടെന്നും തൃശ്ശൂർ അസിസ്റ്റന്റ് ഡയറക്ടർ മറുപടി നൽകി. വെള്ളം ഒഴുകിപ്പോകുന്നതിന് സൗകര്യം ഒരുക്കി റോഡ് ഉയർത്തി പണിയുന്ന കാര്യത്തിൽ

സമിതി യോജിക്കുകയും പഞ്ചായത്തിന്റെ ആസ്തിയിലുള്ളതും ബി.റ്റി.ആർ.-ൽ നിലം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ ധാരാളം റോഡുകളിൽ പഞ്ചായത്തുകൾ പണം ചെലവഴിക്കുന്നുണ്ടെന്ന് ചൂണ്ടിക്കാട്ടുകയും സാമൂഹിക പിന്നോക്കാവസ്ഥയിലുള്ള നായാടി വിഭാഗത്തിൽപ്പെട്ട കുറച്ച് കുടുംബങ്ങളുടെ കാര്യത്തിൽ മാത്രം ഉദ്യോഗസ്ഥർ പിടിവാശി കാണിക്കുന്നതിനെ വിമർശിക്കുകയും ചെയ്തു.

27. പഞ്ചായത്ത് സെക്രട്ടറിക്ക് റോഡിന്റെ നിർമ്മാണത്തിന് അനുമതി നൽകാൻ സാധിക്കുമോ എന്ന് സമിതി ആരാഞ്ഞതിന് ഭൂമി തരംമാറ്റിയതിനുശേഷം അനുമതി നൽകാവുന്നതാണെന്നും ഓഡിറ്റ് പരാമർശമുണ്ടാകുമെന്ന് കരുതിയാണ് പലപ്പോഴും ഇങ്ങനെയുള്ള വിഷയങ്ങളിൽ പഞ്ചായത്ത് സെക്രട്ടറിമാർ അനുമതി നൽകാൻ തയ്യാറാകാത്തതെന്നും തൃശ്ശൂർ അസിസ്റ്റന്റ് ഡയറക്ടർ മറുപടി നൽകി. എന്നാൽ റോഡിന്റെ വിഷയമൊന്നും ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ല എന്ന് ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചു.

28. ലാൻഡ് റെലിൻക്വിഷ്മെന്റ് ആക്ടുപ്രകാരമുള്ള തടസ്സമാണ് നിലനിൽക്കുന്നതെന്നു ബോധ്യപ്പെട്ട സമിതി ഒരു വ്യക്തി പൊതു ആവശ്യത്തിനായി സ്വമേധയാ വിട്ടുകൊടുത്ത വസ്തു സർക്കാരിന്റെ ആസ്തിയിൽ ഉൾപ്പെടുത്തി കഴിഞ്ഞിട്ടും സെക്രട്ടറിമാർ പ്രസ്തുത വസ്തുവിൽ പണി നടത്താത്തതിൽ അനിഷ്ടം പ്രകടിപ്പിക്കുകയും നിലം എന്ന് രേഖപ്പെടുത്തിയിരിക്കുന്ന ഭൂമിയുടെ തരംമാറ്റവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് വകുപ്പുതലത്തിൽ പരിഹാരമുണ്ടാക്കി പ്രോജക്ട് മുന്നോട്ട് കൊണ്ടുപോകണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. കൂടാതെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ ജോയിന്റ് ഡയറക്ടർ സ്ഥലം സന്ദർശിക്കുകയും സംയുക്ത യോഗം നടത്തി രേഖകൾ പരിശോധിക്കുകയും ചെയ്യണമെന്ന് നിർദ്ദേശിച്ച സമിതി സ്വകാര്യ വ്യക്തികൾ പഞ്ചായത്തുകൾക്ക് വിട്ടുനൽകുന്ന ഭൂമിയുടെ തരം മാറ്റവുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ പൊതുവായ തീരുമാനമെടുക്കണമെന്ന് ശിപാർശ ചെയ്തു.

നിഗമനങ്ങൾ/ ശിപാർശകൾ

29. സ്വകാര്യ ഭൂമി ഉടമസ്ഥൻ വിട്ടു നൽകിയാലും ആയത് രജിസ്റ്റർ ചെയ്ത് കിട്ടാതെ പ്രസ്തുത ഭൂമിയിൽ മരാമത്ത് പ്രവൃത്തി നടത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വിമുഖത കാട്ടാറുണ്ടെന്ന് നിരീക്ഷിച്ച സമിതി സ്വകാര്യ വ്യക്തികൾ പഞ്ചായത്തുകൾക്ക് വിട്ടുനൽകുന്ന ഭൂമിയുടെ തരം മാറ്റവുമായി ബന്ധപ്പെട്ട് നിയമഭേദഗതി ഉണ്ടാകേണ്ടത് അനിവാര്യമാണെന്ന് വിലയിരുത്തുന്നു. ഒരു വഴി 12 വർഷത്തിൽ കൂടുതൽ ഉപയോഗിച്ചാൽ അത് പൊതുവഴിയായി അംഗീകരിക്കാവുന്നതാണെന്ന്

ചൂണ്ടിക്കാട്ടിയ സമിതി Adverse possession എന്നത് പഞ്ചായത്ത് രാജ് നിയമത്തിലുള്ളതാകയാൽ ആയത് പാലിക്കുന്നതിന് പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകണമെന്ന് നിർദ്ദേശിക്കുന്നു.

30. കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്ന സ്ഥലങ്ങളിലെ പൊതു റോഡുകളും ഫൂട്ട്പാത്തുകളും നിയമവിധേയമാക്കി, ആവശ്യമുള്ള പക്ഷം കേരള പഞ്ചായത്ത് രാജ്, മുനിസിപ്പാലിറ്റി വ്യവസ്ഥകൾ ഭേദഗതി ചെയ്ത്, പഞ്ചായത്തിന്റെ ആസ്തിയിലുൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

31. നിലം എന്ന് രേഖപ്പെടുത്തിയിട്ടുള്ള ഭൂമിയുടെ തരംമാറ്റലുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് വകുപ്പുതലത്തിൽ പരിഹാരമുണ്ടാക്കണമെന്നും തദ്ദേശസ്വയംഭരണ വകുപ്പിന്റെ ജോയിന്റ് ഡയറക്ടർ കോട്ടോൽ നായാടി കോളനിയിലേയ്ക്കുള്ള റോഡ് നിർമ്മിക്കേണ്ട സ്ഥലം സന്ദർശിച്ച് സംയുക്ത യോഗം നടത്തി രേഖകൾ പരിശോധിച്ച് കോളനിയിലേയ്ക്കുള്ള റോഡ് നിർമ്മിക്കുന്ന പ്രോജക്ടുമായി മുന്നോട്ട് പോകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>ഓഡിറ്റ് ഖണ്ഡിക</u>

കോഴിക്കോട് ജില്ല

തുടങ്ങാത്ത പ്രവൃത്തികൾക്ക് ടാർ വിതരണം ചെയ്തു - 2,21,269/- രൂപ നഷ്ടപ്പെട്ടു.

[കായക്കൊടി ഗ്രാമ പഞ്ചായത്ത് 2017-18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-2]

2016-17 വർഷത്തിൽ കരാർ വച്ച 9 റോഡ് പ്രവൃത്തികൾക്ക് ഓഡിറ്റ് വർഷത്തിൽ ടാർ വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ ഉൾപ്പെട്ട 7 പ്രവൃത്തികൾ ഉൾപ്പെടെ 2016-17, 2017-18 വർഷങ്ങളിൽ സ്ഥാപനത്തിൽ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ അപാകതകളുള്ളതായി ലഭിച്ച പരാതിയെത്തുടർന്ന്, പരാതിയിൽ സൂചിപ്പിച്ച 8 പ്രവൃത്തികൾ 2.09.2017 ന് സെക്രട്ടറി, അസി. എഞ്ചിനീയർ എന്നിവരുടെ സാന്നിധ്യത്തിൽ ഓഡിറ്റ് ടീം സ്ഥലപരിശോധന നടത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ടിൽ ഉൾപ്പെട്ടതും പരിശോധനാ തീയതിയിൽ പൂർത്തീകരിക്കുകയോ ആരംഭിക്കുകയോ ചെയ്തിട്ടില്ലെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടതുമായ 4 പ്രവൃത്തികൾ നിലവിലും അതേ സ്ഥിതിയിൽ തുടരുന്നതായി അസി.എഞ്ചിനീയർ വ്യക്തമാക്കിയിട്ടുണ്ട്. ശ്രീ സുകീഷ് സി പി എന്ന കരാറുകാരൻ ഏറ്റെടുത്ത മേൽ 4 പ്രവൃത്തികളുടെ വിശദാംശം താഴെ കൊടുക്കുന്നു.

ക്രമ നം	പ്രൊജക്ട്	അടങ്കൽ	കരാർ നം, തീയതി	ടാർ വിതരണം ചെയ്ത തീയതി	വിതരണം ചെയ്ത ടാറിന്റെ അളവ്	വിതരണം ചെയ്ത ടാറിന്റെ വില	സെക്യൂരിറ്റി ഡെപ്പോസിറ്റായി സ്വീകരിച്ച തുക
1	മുക്കിൽ	3,00,000	32/16-17	25.4.17	SS1-	37,356	10,708/- FD

	പീടിക പൂളക്കൽ റോഡ് 60/17		9.02.17		3 ബാരൽ RS1-1 VG30-8	6,706 42,096 86,158	10,708/- FD
2	ദേവർകോവിൽ പൂക്കാട് റോഡ്	7,39,000	35/16-17 9.02.17	25.4.17	SS1-1 ബാരൽ RS1-3 VG30-30	12,452 20,118 1,57,860 1,90,430	18,500/- 18,500/-
3	കൊയിറ്റിക്കണ്ടി റോഡ് 75/17	3,18,000	33/16-17 9.02.17	25.4.17	SS1-2 ബാരൽ RS1-1 VG30-6	24,904 6,706 31,572 63,182	13,385/- FD 13,385/- FD
4	ഈന്തുള്ളതറ കട്ടിപ്പാറ റോഡ് 52/17	4,95,000	34/16-17	25.4.17	SS1-4 ബാരൽ RS1-2 VG30-11	49,808 13,412 57,882 1,21,102	12,500/- 12,500/-
	ആകെ	**4,60,872**					**1,10,186**

ടാറിന്റെ വില ബാരലിന് RS1 - 6,472/- SS1 - 12,043/- VG30 – 5,028/-രൂപയാണ് ഇത് കൂടാതെ കടത്തുകൂലി (RS1, VG30 എന്നിവയ്ക്ക് 204/- ബാരൽ - SS1- 379/- രൂപ/ബാരൽ) ഇറക്കുകൂലി (30/- രൂപ/ബാരൽ) എന്നിവ കൂടി പരിഗണിക്കുമ്പോൾ ബാരൽ വില യഥാക്രമം 6,706/-, 12,452/-, 5,262/- രൂപ എന്നീ നിരക്കുകളിലാകുന്നു). 4 പ്രവൃത്തികൾക്കായി ടാർ നല്കിയയിനത്തിൽ സ്ഥാപനത്തിന് ആകെ 4,68,946/- രൂപ നഷ്ടം വന്നിട്ടുണ്ടെന്ന് കണക്കുകൾ കാണിക്കുന്നു

(a) പ്രവൃത്തികളിലെ അപാകതകളും നിലവിലെ അവസ്ഥയും

മേല്പറഞ്ഞ 4 പ്രവൃത്തികളുടെയും കാര്യത്തിൽ 2.09.17 ലെ സ്ഥിതിതന്നെയാണ് നിലവിലുള്ളതെന്ന് അസി. എഞ്ചിനീയർ വ്യക്തമാക്കിയിട്ടുണ്ട്. പ്രവൃത്തികളിലെ അപാകതകളുടെയും അവസ്ഥയുടെയും വിശദാംശം താഴെ കൊടുക്കുന്നു. (2.09.17 ലെ സ്ഥിതിയാണ് രേഖപ്പെടുത്തിയിരിക്കുന്നത്).

ക്രമ നം	പ്രോജക്ട്	നിലവിലെ അവസ്ഥ
1	മുക്കിൽ പീടിക പൂളക്കൽ റോഡ് 60/17	ടാറിംഗ് പ്രവൃത്തി പൂർത്തീകരിച്ചെങ്കിലും പ്രവൃത്തി അളവെടുത്തിട്ടില്ല. വേണ്ട അളവിൽ ടാർ ഉപയോഗിക്കാത്തതിനാൽ റോഡ് പലയിടത്തും മെറ്റൽ ഇളകിയ നിലയിലാണ്. സമീപത്തുള്ള ലത്തീഫ് ഉണ്ടിയിൽ, മുഹമ്മദ് കുറ്റിയിന്റെ പറമ്പത്ത്, മുജീബ് ഉണ്ടിയിൽ എന്നിവരുടെ വീടുകളുടെ ഗേറ്റുവരെയുള്ള ഭാഗം ടാർ

		ചെയ്തിട്ടുണ്ട്. (ഏകദേശം 15 മീറ്ററോളം നീളത്തിലും 5 മീറ്ററോളം വീതിയിലും ഓരോ വീട്ടിലേക്കും) പരാതിയിൽ സൂചിപ്പിച്ച കെ കെ കുഞ്ഞബ്ദുള്ള (നജ്നാസ് വീട്) ബഷീർ കുഞ്ഞും വീട് എന്നിവരുടെ വീട്ടിലേക്കുള്ള പാതയും കുഞ്ഞബ്ദുള്ളയുടെ മുറ്റവും ടാർ ചെയ്തിട്ടുണ്ട്. അസി.എഞ്ചിനീയർ പ്രവൃത്തിക്ക് മേൽനോട്ടം വഹിച്ചിട്ടില്ല.
2	ദേവർകോവിൽ പൂക്കാട് റോഡ്	വെറ്റ് മക്സ് മക്കാഡം പ്രവൃത്തി നടത്തിയത് മെറ്റൽ ഇളകിമാറിയിട്ടുണ്ട്. പ്രവൃത്തി അളവെടുത്തിട്ടില്ല
3	കൊയിറ്റിക്കണ്ടി റോഡ് 75/17	ടാറിംഗ് പ്രവൃത്തി പൂർത്തീകരിച്ചെങ്കിലും പ്രവൃത്തി അളവെടുത്തിട്ടില്ല. വേണ്ട അളവിൽ ടാർ ഉപയോഗിക്കാത്തതിനാൽ റോഡ് പലയിടത്തും മെറ്റൽ ഇളകിയ നിലയിലാണ്. അസി.എഞ്ചിനീയർ പ്രവൃത്തിക്ക് മേൽനോട്ടം വഹിച്ചിട്ടില്ല
4	ഈന്തുള്ളതറ കട്ടിപ്പാറ റോഡ് 52/17	പ്രവൃത്തി നാളിതുവരെ ആരംഭിച്ചിട്ടില്ല. നിലവിൽ സോളിംഗ് കഴിഞ്ഞ റോഡാണ്.

പ്രവൃത്തികൾ നിർവ്വഹിക്കാത്തതിനാൽ ഇവയ്ക്ക് നല്കിയ ടാറിന്റെ വിലയിനത്തിൽ ആകെ രൂപ സ്ഥാപനത്തിന് നഷ്ടപ്പെട്ടിരിക്കുകയാണ്. ഈ നഷ്ടത്തിലേക്ക് സ്ഥാപനത്തെ നയിച്ച കാരണങ്ങൾ താഴെ കൊടുക്കുന്നു.

(b) അപാകതകളിലേക്ക് നയിച്ച കാരണങ്ങൾ

സെക്യൂരിറ്റി നിക്ഷേപം സ്വീകരിച്ച് കരാർ വച്ച പ്രവൃത്തികൾക്കു തന്നെയാണ് ടാർ വിതരണം ചെയ്തതെങ്കിലും, ടാർ വിതരണം ചെയ്തതിലെ നടപടിക്രമങ്ങളിൽ വന്ന വീഴ്ചയാണ് മേല്പറഞ്ഞ സ്ഥിതി വിശേഷത്തിലെത്തിച്ചതെന്ന് രേഖകൾ വ്യക്തമാക്കുന്നു. താഴെ പറയുന്ന വീഴ്ചകൾ ഇക്കാര്യത്തിലുണ്ടായിട്ടുണ്ട്.

i. പ്രവൃത്തികൾക്ക് കരാർ വയ്ക്കുമ്പോഴും ആവശ്യമായ ടാർ വിതരണം ചെയ്യുമ്പോഴും താല്ക്കാലികാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട എഞ്ചിനീയറാണ് സ്ഥാപനത്തിലുണ്ടായിരുന്നത്. ഇതുകൊണ്ട് തന്നെ പ്രവൃത്തികൾക്ക് കരാർ വച്ചതും ടാർ വിതരണം ചെയ്തതും സെക്രട്ടറിയാണ്. ക്രമ നം 4 ഒഴികെയുള്ള പ്രവൃത്തികൾ ചെയ്തെങ്കിലും/ഭാഗികമായി ചെയ്തെങ്കിലും ഇത് എഞ്ചിനീയറുടെ മേൽനോട്ടത്തിലല്ലെന്നും ഇവ അളവെടുത്തിട്ടില്ലെന്നും റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. 2/17 ൽ കരാർ ചമച്ച പ്രവൃത്തികൾക്കാവശ്യമായ ടാർ 3/2017

ലാണ് ഓർഡർ ചെയ്യുന്നത്. 12.4.17, 18.4.17 തീയതികളിലായി വിതരണം ചെയ്യപ്പെട്ട ടാർ 25.4.17 നാണ് മേൽ പ്രവൃത്തികൾക്ക് വിതരണം ചെയ്യുന്നത്. എന്നാൽ എഞ്ചിനീയറുടെ യാതൊരു നിർദ്ദേശവും ഇല്ലാതെയാണ് ടാർ വിതരണം ചെയ്തിരിക്കുന്നത്. ഇതിൽ നിന്നും പ്രവൃത്തികളുടെ പുരോഗതി വിലയിരുത്താതെ തുടങ്ങാത്ത പ്രവൃത്തികൾക്കും ടാർ വിതരണം ചെയ്യുന്ന സ്ഥിതിവിശേഷമുണ്ടായി.

ii. കരാർ വച്ചത് 2/17 മാസത്തിലായതിനാലും പ്രവൃത്തികൾ സമയബന്ധിതമായി തുടങ്ങിയിട്ടില്ലാത്തതിനാലും ഓഡിറ്റ് വർഷത്തിൽ ടാർ വാങ്ങിനല്കേണ്ട സാഹചര്യം ഇല്ലായെന്ന വ്യക്തമായ ബോധ്യം സ്ഥാപനത്തിനുണ്ടായിരുന്നു. ബജറ്റ് വിഹിതം നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിന് മാർച്ച് മാസത്തിൽ അനാവശ്യ തിടുക്കം കാണിച്ച് വാങ്ങലുകൾ നടത്തി തുക ചെലവഴിക്കരുതെന്ന് കെ. എഫ്. സി ആർട്ടിക്കിൾ 40(c) യിൽ വ്യക്തമാക്കിയിട്ടുണ്ട്. 3126604/29.3.17 നമ്പർ ചെക്കു പ്രകാരം 6,29,121/- രൂപ ഭാരത് പെട്രോളിയത്തിനും രൂപ ഹിന്ദുസ്ഥാൻ പെട്രോളിയത്തിനും നല്കിയതിൽ നിന്നും, നാളിതുവരെ ടാർ നല്കിയതിന്റെ പ്രയോജനം ലഭിച്ചിട്ടില്ലായെന്നതിൽ നിന്നും അനാവശ്യ തിടുക്കത്തിലാണ് ടാർ വാങ്ങിയതെന്ന് വ്യക്തമാണ്.

iii. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പ്രൊജക്ട് മോണിറ്ററിംഗിൽ വരുത്തിയ വീഴ്ചയാണ് അപാകതയ്ക്കുള്ള മറ്റൊരു പ്രധാന കാരണം. പ്രവൃത്തികളുടെ പുരോഗതി, മെറ്റീരിയലിന്റെ ആവശ്യകത, കൈപ്പറ്റിയ മെറ്റീരിയലിന്റെ ഉപയോഗം എന്നിവ വിലയിരുത്താൻ ഈ മേൽനോട്ട സംവിധാനങ്ങൾക്ക് കഴിഞ്ഞില്ല.

(c) അപാകതയ്ക്കുള്ള ഉത്തരവാദിത്വം

ടാർ വാങ്ങുന്നതിന്റെയും വിതരണം ചെയ്യുന്നതിന്റെയും ഉത്തരവാദിത്വം അസി.സെക്രട്ടറിയെ ഏല്പിക്കുന്നതായി ഭരണസമിതി 23.3.17 തീയതിയിൽ 446/16-17 നമ്പരായി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ ടാർ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ (സ്റ്റേഷനറികളുടെയും മറ്റും സ്റ്റോക്ക് രേഖപ്പെടുത്തുന്ന രജിസ്റ്ററിലാണ് ഇത് രേഖപ്പെയുത്തിയിരിക്കുന്നത്) ടാർ കൈപ്പറ്റിയതും വിതരണം ചെയ്തതും അസി. സെക്രട്ടറിയായ ശ്രീ. ഒ. ബാബു സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. പ്രവൃത്തികളുടെ മേൽനോട്ടച്ചുമതലയുള്ള എഞ്ചിനീയറുടെ നിർദ്ദേശമില്ലാതെ യഥേഷ്ടം ടാർ നല്കുന്നതിലേക്ക് ഇത് നയിച്ചു. ഫണ്ട് നഷ്ടത്തിനുള്ള ഉത്തരവാദി അസി. സെക്രട്ടറിയാണെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു.

മേൽ അപാകതകൾക്ക് വിശദീകരണവും 2.9.17 ലെ പ്രത്യേക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശവും ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് (നം.18/21.11.18) സെക്രട്ടറി നല്കിയ മറുപടിയിൽ മേൽ കരാറുകാരൻ നിർവ്വഹണം നടത്തിയ 2017-18 വർഷത്തെ ദേവർകോവിൽ പൂക്കാട് റോഡ് ഡ്രെയിനേജ് കൽവർട്ട് എന്ന പ്രവൃത്തിയുടെ ബിൽ തുക 1,37,491/- രൂപ 31.5.18 തീയതിയിൽ കരാറുകാരനിൽ നിന്നും ഈടാക്കി TSB അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ, അവശേഷിക്കുന്ന തുക റവന്യൂ റിക്കവറി നടപടി വഴി ഈടാക്കാൻ റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ സോഫ്റ്റ്വെയർ വഴി നടപടി ആരംഭിച്ചെങ്കിലും കരാറുകാരന്റെ വ്യക്തിഗത വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ തുടരാൻ കഴിഞ്ഞില്ലെന്നും വാണിമേൽ വില്ലേജ് ഓഫീസറിൽ നിന്നും വിവരങ്ങൾ ആരാഞ്ഞതിന് (ബി3/3437/17 തീ 10/10/18)മറുപടി ലഭിക്കാത്തതിനാൽ 31.10.18 ന് ഓർമ്മക്കുറിപ്പ് നല്കിയിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആവശ്യകതയില്ലാതെ ടാർ വാങ്ങിയ കാര്യത്തിൽ അന്നത്തെ അസി.സെക്രട്ടറിയിൽ നിന്നും വിവരങ്ങൾ ലഭിക്കുന്നതിന് കത്തയച്ചിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്.

മേല്പറഞ്ഞതിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് (1,10,186/- രൂപ), ബില്ലിൽ നിന്നും പിടിച്ചുവച്ച തുക (1,37,491/- രൂപ) എന്നിവ ഉൾപ്പടെ ആകെ 2,47,677/-രൂപ കരാറുകാരന്റേതായി സ്ഥാപനത്തിന്റെ കൈവശമുണ്ടെന്നും ബാക്കി തുക ഈടാക്കുന്ന നടപടി ആരംഭഘട്ടത്തിലാണെന്നും കാണുന്നു. ഈ സാഹചര്യത്തിൽ നഷ്ടം നികത്തുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കേണ്ടതാണ്.

i. ടാറിന്റെ വില 4,68,946/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കുന്നതുവരെയുള്ള നിയമാനുസൃത പലിശയും പ്രവൃത്തികൾ മറ്റൊരു കരാറുകാരനെക്കൊണ്ട് നിർവ്വഹിക്കുന്നതു മൂലമുണ്ടാകുന്ന നഷ്ടവും, അപാകതമൂലം സ്ഥാപനത്തിന് മറ്റ് വിധത്തിൽ നഷ്ടമുണ്ടായിട്ടുണ്ടെങ്കിൽ അതും കണക്കാക്കി ഈടാക്കേണ്ട തുക പുനർനിർണ്ണയിച്ച്. മേൽ തുകയിൽ നിന്നും സ്ഥാപനത്തിൽ ലഭ്യമായ തുക (ഡെപ്പോസിറ്റിൽ നിന്നുള്ള പലിശ ഉൾപ്പടെ) കഴിച്ച് ബാക്കി തുക കണക്കാക്കേണ്ടതാണെന്ന് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

ii. പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്ന എഞ്ചിനീയറുടെ നിർദ്ദേശമില്ലാതെ ആരംഭിക്കാത്ത പ്രവൃത്തികൾക്ക് ടാർ വിതരണം ചെയ്ത് നഷ്ടം വരുത്തിവച്ചതിന്റെ ഉത്തരവാദിത്വം അസി.സെക്രട്ടറിയായ ശ്രീ. ഒ ബാബുവിനാകയാൽ ക്രമനം 1 പ്രകാരം കണക്കാക്കിയ ബാക്കി തുക ഇയാളിൽ നിന്നും ഈടാക്കേണ്ടതാണെന്നും

iii. ക്രമനം 1,2 എന്നിവ പ്രകാരം ലഭിക്കുന്ന തുക, പ്രവൃത്തികൾക്ക് ടാർ വാങ്ങിയത് ജനറൽ പർപ്പസ് ഗ്രാന്റ് ഒഴികെയുള്ള സർക്കാർ ഗ്രാന്റിൽ നിന്നാണെങ്കിൽ കൺസോളിഡേറ്റഡ് ഫണ്ടിലേക്കും, അല്ലാത്തവ അതാതുഫണ്ടിലേക്കും ഒടുക്കി വിവരം അറിയിക്കേണ്ടതാണ്. നിലവിൽ ലഭ്യമായ 2,47,677/- രൂപ അടിയന്തിരമായി തിരിച്ചടച്ച് വിവരം അറിയ്ക്കേണ്ടതാണെന്നും

iv. അപാകതകൾക്ക് വിശദീകരണം നല്കേണ്ടതും, ഭാവിയിൽ ഒഴിവാക്കുന്നതിന് ക്രമീകരണങ്ങൾ നടത്തേണ്ടതുമാണ്.

v. അപാകതയിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കുണ്ടായ വീഴ്ച പരിശോധിക്കേണ്ടതും പ്രൊജക്ടുകളുടെ മോണിറ്ററിംഗ് ഗൗരവപൂർവ്വം കാണേണ്ടതുമാണെന്നുള്ള വിവരങ്ങൾ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

സ്ഥാപനത്തിന് സംഭവിച്ച പ്രത്യക്ഷ നഷ്ടമായ 2,21,269/-രൂപ (4,68,946-2,47,677) ഓഡിറ്റ് റിപ്പോർട്ടിൽ നിരാകരിച്ചിട്ടുണ്ട്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

32. ടാർ വാങ്ങിയ ഇനത്തിലെ നഷ്ടത്തുകയിനത്തിൽ പലിശ സഹിതം ആകെ 3,52,216/- രൂപ കരാറുകാരനിൽ നിന്നും പൂർണ്ണമായും ഈടാക്കി ട്രഷറിയിൽ ഒടുക്കി മറുപടി ലഭ്യമാക്കിയിട്ടുണ്ടെന്ന് കോഴിക്കോട് അസിസ്റ്റന്റ് ഡയറക്ടർ സമിതിയെ ബോധിപ്പിച്ചു. എന്നാൽ ഈയിനത്തിൽ 4,68,946/- രൂപയാണ് നഷ്ടമായി തിട്ടപ്പെടുത്തിയിട്ടുള്ളതെന്നും അതിൽ 3,52,216/- രൂപ ഒടുക്കിയതിന്റെ രസീത് മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളതെന്നും ഓഡിറ്റ് വകുപ്പ് ഡയറക്ടർ വിശദമാക്കിയപ്പോൾ കണക്കിൽ പിശക് വന്നത് പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

33. തുക കരാറുകാരനിൽ നിന്നും ഈടാക്കിയപ്പോൾ കൃത്യമാണോയെന്ന് പരിശോധിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞതിന് ടി തുകയിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയായ 1,37,494/- രൂപയും കൂടി ഉൾപ്പെടുന്നുണ്ടെന്നും ലഭ്യമായ റിപ്പോർട്ട് അനുസരിച്ച് മുഴുവൻ തുകയും ഈടാക്കിയിട്ടുണ്ടെന്നാണ് മനസ്സിലാകുന്നതെന്നും കോഴിക്കോട് അസിസ്റ്റന്റ് ഡയറക്ടർ മറുപടിനൽകി. സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക കൂടി ചേർത്താലും തുകയിൽ വ്യത്യാസം വരുന്നുണ്ടെന്ന് ഓഡിറ്റ് വകുപ്പ് ഡയറക്ടർ ചൂണ്ടിക്കാട്ടിയപ്പോൾ ലഭ്യമാക്കിയിരിക്കുന്ന മറുപടി പൂർണ്ണമായും ആശയക്കുഴപ്പമുണ്ടാക്കുന്നതാണെന്നും കണക്കിൽ

വ്യത്യാസം വരാൻ പാടില്ലെന്നും ആയതിനാൽ ഇക്കാര്യം വകുപ്പ് ഒന്നുകൂടി പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും അത് ഓഡിറ്റ് വിഭാഗം പരിശോധിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങൾ/ ശിപാർശകൾ

34. ടാർ വാങ്ങി നൽകിയ ഇനത്തിൽ കരാറുകാരനിൽ നിന്ന് പലിശ ഉൾപ്പെടെ തുക ഇടാക്കിയിട്ടുള്ളതായി കോഴിക്കോട് അസിസ്റ്റന്റ് ഡയറക്ടർ സമിതിയെ അറിയിക്കുകയുണ്ടായി. എന്നാൽ ടാർ വാങ്ങി നൽകിയ ഇനത്തിൽ കായക്കൊടി ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചുവെന്നാണ് ഓഡിറ്റ് കണക്കാക്കിയിരിക്കുന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. ഓഡിറ്റിന്റെ കണക്കിലും ഗ്രാമപഞ്ചായത്തിന്റെ കണക്കിലും ഉണ്ടായ വലിയ വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കുവാൻ കോഴിക്കോട് അസിസ്റ്റന്റ് ഡയറക്ടർക്ക് സാധിച്ചിട്ടില്ലെന്ന് സമിതി ചൂണ്ടിക്കാണിക്കുന്നു. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് വകുപ്പ് ലഭ്യമാക്കിയിരിക്കുന്ന മറുപടി ആശയക്കുഴപ്പമുണ്ടാക്കുന്നതിനാൽ കണക്കിലുണ്ടായ വ്യതിയാനം പരിശോധനാവിധേയമാക്കേണ്ടത് ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ടാർ വാങ്ങി നൽകിയ ഇനത്തിൽ സ്ഥാപനത്തിന് യഥാർത്ഥത്തിൽ നഷ്ടമായ തുക എത്രയാണെന്ന് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

വാണിജ്യാവശ്യത്തിനുള്ള കെട്ടിട നിർമ്മാണ പെർമിറ്റ് ഉപയോഗിച്ച് ആരാധനാലയം നിർമ്മിച്ചു.

[നടുവണ്ണൂർ ഗ്രാമ പഞ്ചായത്ത് 2017-18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-7]

വാണിജ്യാവശ്യത്തിനുള്ള രണ്ട് നില (983.14 ചതുരശ്ര മീറ്റർ വിസ്തീർണ്ണം) കെട്ടിട നിർമ്മാണത്തിന് എ.പി. അബൂബക്കർ മുസല്യാർ, പ്രസിഡണ്ട്, ജാമിഅ മർക്കസ് സഖാഫത്തി സുന്നിയ്യ എന്നയാൾക്ക് 16.06.2016 ൽ ബി.എൽ/4648/16 നമ്പറായി പഞ്ചായത്ത് പെർമിറ്റ് അനുവദിച്ചു. കെട്ടിട നിർമ്മാണം സംബന്ധിച്ച് 08.02.17 ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിക്ക് ലഭിച്ച പരാതിയിന്മേൽ സെക്രട്ടറി, ക്ലർക്ക് എന്നിവർ പരിശോധന നടത്തിയതിൽ മതാരാധനാലയത്തിന്റെ മാതൃകയിലാണ് കെട്ടിടം നിർമ്മിച്ചിരിക്കുന്നതെന്ന് കണ്ടെത്തി. അസിസ്റ്റന്റ് എഞ്ചിനീയറുടെ പരിശോധനാ റിപ്പോർട്ടിലും പെർമിറ്റിൽ നിന്നും വ്യതിചലിച്ചാണ് നിർമ്മാണമെന്ന് വ്യക്തമാക്കിയിരുന്നു. ഇതേ തുടർന്ന് 20.05.2017 തീയതിയിൽ എ 3-4648/16 നമ്പറായി നൽകിയ കാരണം കാണിക്കൽ നോട്ടീസിനുള്ള 01.06.2017 ലെ പെർമിറ്റ് പ്രകാരമാണ് നിർമ്മാണമെന്ന മറുപടി പരിഗണിച്ച്, സെക്രട്ടറി നിർമ്മാണ പുനരനുമതി നൽകുകയാണുണ്ടായത്. എന്നാൽ 27.11.2017 ന് സമർപ്പിച്ച കംപ്ലീഷൻ പ്ലാൻ പ്രകാരം പെർമിറ്റിൽ നിന്നും വ്യത്യസ്തമായ പ്ലാനാണ് സമർപ്പിക്കപ്പെട്ടിട്ടുള്ളത്. തറനിലയിലെ വിസ്തീർണ്ണം, ഘടന, കെട്ടിടത്തിന്റെ ഉയരം എന്നിവ

പെർമിറ്റിൽ നിന്നും വ്യത്യസ്തമായാണ് പൂർത്തീകരിച്ചിട്ടുള്ളത്. ആയത് പരിഗണിക്കാതെ കെട്ടിടം വാണിജ്യാവശ്യത്തിനല്ലാതെ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തില്ലെന്ന് അപേക്ഷകനിൽ നിന്നും മുദ്ര പേപ്പറിൽ സത്യവാങ്മൂലം വാങ്ങി നമ്പർ അനുവദിക്കുകയാണ് ഉണ്ടായിട്ടുള്ളത്. തുടർന്ന് 2018-19 ൽ കെട്ടിടം മുസ്ലീം പള്ളിയായി ഉപയോഗപ്പെടുത്തുന്നതിന് കളക്ടറിൽ നിന്നും അനുമതി ലഭിക്കുന്നതിനുള്ള അപേക്ഷ എ.പി. അബൂബക്കർ മുസല്യാർ ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സെക്രട്ടറി ചുമതലപ്പെടുത്തിയ ഓവർസിയർ സ്ഥല പരിശോധന നടത്തിയതിൽ പ്രസ്തുത കെട്ടിടം മതപരമായ ആരാധനക്കുള്ള സമ്മേളന സ്ഥലമായി ഉപയോഗിക്കുന്നുണ്ടെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 5(8,എ), 7(8 എ) എന്നിവ പ്രകാരം മതപരമായ ആവശ്യങ്ങൾക്കോ അല്ലെങ്കിൽ ആരാധനയ്ക്ക് വേണ്ടിയോ പുതിയ കെട്ടിടം നിർമ്മിക്കുക, അല്ലെങ്കിൽ നിലവിലുള്ള കെട്ടിടം പുനർനിർമ്മിക്കുക അല്ലെങ്കിൽ വ്യതിയാനം വരുത്തുക, കൂട്ടിച്ചേർക്കുക തുടങ്ങിയ സംഗതികളിൽ ജില്ലാകളക്ടറുടെ മുൻകൂർ അനുമതി/അംഗീകാരം/സമ്മതം എന്നിവ വാങ്ങേണ്ടതാണ്. എന്നാൽ അത്തരം അനുമതികൾ വാങ്ങാതെയാണ് ആരാധനാലയം പ്രവർത്തിക്കുന്നത്.

മേൽ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിന് താഴെ പറയുന്ന വീഴ്ചകൾ സംഭവിച്ചിട്ടുണ്ട്.

i. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിക്ക് 08.02.17 ന് അയച്ച പരാതിയിൽ, പേര് വെളിപ്പെടുത്താത്ത പരാതിക്കാരൻ പെർമിറ്റ് ഉടമ ആരാധനാലയമാണ് പണിയുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ പ്രസ്തുത വിവരം പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും നടപടികളുണ്ടായിട്ടില്ലെന്നും പരാമർശിച്ചിട്ടുണ്ട്. പെർമിറ്റ് അനുവദിച്ചതിൽ നിന്നും വ്യത്യസ്തമായ അളവിലും ഘടനയിലും ആണ് നിർമ്മാണം നടന്നിട്ടുള്ളത്. 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 19 പ്രകാരം അംഗീകരിച്ച പ്ലാനുകൾക്കും നിർമ്മാണ വിവരണങ്ങൾക്കും അനുസൃതമല്ലാത്ത നിർമ്മാണം സെക്രട്ടറിയുടെ ശ്രദ്ധയിൽ പെട്ടാൽ നോട്ടീസ് നൽകി ഉടമയിൽ നിന്നും വിശദീകരണം തേടേണ്ടതും, അംഗീകൃത പ്ലാനിൽ നിന്നും വ്യതിയാനം വരുത്തികൊണ്ട് നിർമ്മാണം നടത്താനുദ്ദേശിക്കുന്നുവെങ്കിൽ പരിഷ്കരിച്ച പ്ലാനുകളും ഡ്രോയിംഗുകളും ലഭ്യമാക്കി പരിഷ്കരിച്ച പെർമിറ്റ് അനുവദിക്കേണ്ടതാണ്. എന്നാൽ സ്ഥല പരിശോധന നടത്തിയ സാങ്കേതിക വൈദഗ്ധ്യമുള്ള അസിസ്റ്റന്റ് എഞ്ചിനീയർക്ക് കെട്ടിടം വാണിജ്യാവശ്യത്തിനല്ല നിർമ്മിക്കുന്നതെന്ന് തിരിച്ചറിയാൻ സാധിച്ചില്ല. പെർമിറ്റിൽ നിന്നും വ്യതിചലിച്ചുള്ള നിർമ്മാണം

നിർത്തിവെയ്ക്കുന്നതിനോ വ്യതിയാന പ്ലാൻ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകുന്നതിനോ പഞ്ചായത്ത് തയ്യാറായില്ല. പകരം മുദ്രപത്രത്തിൽ സത്യവാങ്മൂലം വാങ്ങി കെട്ടിടത്തിന് നമ്പർ അനുവദിക്കുകയാണുണ്ടായത്. മേൽ മുദ്രപത്രത്തിന്റെ നിയമസാധുതയും സത്യവാങ്മൂലം ലംഘിച്ചതിന് കെട്ടിട ഉടമക്കെതിരെ സ്വീകരിച്ച നിയമനടപടികളും വ്യക്തമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ii. പ്ലാൻ തയ്യാറാക്കി സമർപ്പിച്ച ബിൽഡിംഗ് സൂപ്പർവൈസർ മിഥുൻനാഥ്.എൽ.എസ്, ആലേച്ചിയിൽ, നട്ടുവണ്ണൂർ, കെട്ടിട ഉടമ എന്നിവർ വാണിജ്യാവശ്യത്തിനുള്ള പെർമിറ്റിന്റെ മറവിൽ ജില്ലാ കളക്ടറുടെ മുൻകൂർ അനുമതി വാങ്ങാതെ ആരാധനാലയം നിർമ്മിക്കുകയാണ് ചെയ്തിട്ടുള്ളത്. പഞ്ചായത്തിനെ തെറ്റിദ്ധരിപ്പിച്ച് നിർമ്മാണം നടത്തിയ കെട്ടിട ഉടമക്കെതിരെ 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 150 പ്രകാരം നിയമ നടപടി സ്വീകരിച്ചില്ല. 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 144 പ്രകാരമുള്ള ഉത്തരവാദിത്തം നിർവ്വഹിക്കാത്തതിന് ബിൽഡിംഗ് സൂപ്പർവൈസർക്കെതിരെയും നടപടികൾ സ്വീകരിച്ചിട്ടില്ല.

iii. കെട്ടിടം ആരാധനാലയമായി ഉപയോഗിക്കുന്നതിനുള്ള ഉടമയുടെ അപേക്ഷ ജില്ലാകളക്ടർക്ക് അനുമതിക്കായി കൈമാറും മുൻപ് കെട്ടിടം സമ്മേളന വിനിയോഗ കെട്ടിടങ്ങൾക്കുള്ള ചട്ടങ്ങൾ പാലിക്കുന്നുണ്ടോ എന്നത് പരിശോധിച്ചിട്ടില്ല.

വാണിജ്യാവശ്യത്തിനുള്ള പെർമിറ്റിന്റെ മറവിൽ ഗ്രാമപഞ്ചായത്തിനെ തെറ്റിദ്ധരിപ്പിച്ച്, ചട്ടപ്രകാരമുള്ള മുൻകൂർ അനുമതികൾ നേടാതെ ആരാധനാലയം നിർമ്മിച്ച് ആയത് ക്രമവത്കരിക്കുന്നതിനുള്ള ശ്രമമാണ് നടന്നിട്ടുള്ളത്. ഇക്കാര്യം ജില്ലാ കളക്ടറെ ബോധിപ്പിക്കേണ്ടതും കെട്ടിട ഉടമ, ബിൽഡിംഗ് സൂപ്പർവൈസർ എന്നിവർക്കെതിരെ ഉചിതമായ നിയമ നടപടികൾ സ്വീകരിക്കേണ്ടതുമാണെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്. വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 2]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

35. വാണിജ്യാവശ്യത്തിനുള്ള കെട്ടിട നിർമ്മാണാനുമതിയുടെ അടിസ്ഥാനത്തിൽ നിർമ്മിച്ച് ആരാധനാലയമായി ഉപയോഗിച്ചുവരുന്ന കെട്ടിടത്തിന്റെ ഉപയോഗക്രമം മാറ്റിനൽകിയിട്ടുണ്ടെന്ന വകുപ്പിൽ നിന്നുള്ള മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

നിഗമനങ്ങൾ/ ശിപാർശകൾ

36. ആരാധനാലയമായി ഉപയോഗിച്ചുവരുന്ന കെട്ടിടത്തിന്റെ ഉപയോഗക്രമം മാറ്റിനൽകിയിട്ടുണ്ടെന്ന വകുപ്പിൽ നിന്നുള്ള മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ 'വാണിജ്യാവശ്യത്തിനുള്ള കെട്ടിട നിർമ്മാണ പെർമിറ്റ് ഉപയോഗിച്ച് ആരാധനാലയം നിർമ്മിച്ചു' എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

<u>ഓഡിറ്റ് ഖണ്ഡിക</u>

റിംഗ് കംപോസ്റ്റ് - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.
[കൊയിലാണ്ടി നഗരസഭ 2017-18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-8]

പ്രോജക്ട് നം & പേര്.	174/2018, റിംഗ് കമ്പോസ്റ്റ്
നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെൽത്ത് ഇൻസ്പെക്ടർ
അടങ്കൽ	59,17,500/- (53,25,000/- ധനകാര്യ കമ്മീഷൻ അവാർഡ്, 750/- തനത് ഫണ്ട്, 5,91,750/- ഗുണഭോക്തൃ വിഹിതം)
ചെലവ്	46,37,075/- [വികസന ഫണ്ട് - 43,30,325/- (7,39,810/- ബിൽ നം-2/12.10.2017, 2,63,585/- ബിൽ നം-3/28.11.2017,16,12,520/- ബിൽ നം-4/18.01.2018, 8,08,475/- ബിൽ നം-7/23.03.2018, 9,05,935/- ബിൽ നം-8/26.03.2018) ഗുണഭോക്തൃ വിഹിതം- 3,06,750/- (വിശദാംശങ്ങൾ ലഭ്യമാക്കിയില്ല)]

2016-17 ൽ 127/17 നമ്പറായി ആവിഷ്കരിച്ച് 2017-18 ൽ 174/2018 നമ്പർ സ്പിൽ ഓവറായി നിർവ്വഹണം നടത്തിയ പദ്ധതി മുഖേന 1955 ഗുണഭോക്താക്കൾക്ക് 43,30,325/- രൂപ സബ്സിഡി നൽകിയിട്ടുണ്ട്. 2016-17 ൽ 127/17 നമ്പറായി 93,75,000/- രൂപ ശുചിത്വമിഷനിൽ നിന്നും 18,75,000/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റായും 12,50,000/- രൂപ ഗുണഭോക്തൃ വിഹിതവും വകയിരുത്തിയാണ് പദ്ധതി ആരംഭിച്ചിട്ടുള്ളത്. 14.02.2017 ലെ 7-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ശുചിത്വമിഷനിൽ നിന്നും ഫണ്ട് ലഭിക്കാൻ സാദ്ധ്യതയില്ലെന്ന നിഗമനത്തിൽ പദ്ധതി 2100 ഗുണഭോക്താക്കൾക്ക് 47,25,000/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റും 5,25,000/- രൂപ ഗുണഭോക്തൃ വിഹിതവും

വകയിരുത്തി റിവൈസ് ചെയ്തു. ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 21.02.2017 ലെ 201/സി2/2008/എസ്.എം നമ്പർ നടപടി ക്രമം മുഖേന പദ്ധതിയുടെ ഒന്നാം ഘട്ടമായി 2000 ഗുണഭോക്താക്കൾക്ക് ആദ്യ ഗഡുവായി 22,50,000/- രൂപ അനുവദിച്ച് ഉത്തരവായിരുന്നു. ആയത് പരിഗണിക്കാതെ 09.03.2017 ലെ 20-ാം നമ്പർ തീരുമാന പ്രകാരം 2367 ഗുണഭോക്താക്കൾക്കായി 53,25,000/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റും 750/- രൂപ തനത് ഫണ്ടും 5,91,750/- രൂപ ഗുണഭോക്തൃ വിഹിതവും വകയിരുത്തി പദ്ധതി വീണ്ടും പരിഷ്കരിച്ചു. 14.03.2017 ലെ ടെണ്ടർ നടപടിയിലൂടെ റിംഗ് കമ്പോസ്റ്റ് യൂണിറ്റിന് 2,465/- രൂപ നിരക്കിൽ റെയ്ഡ്കോ കോഴിക്കോടിനെ സേവനദാതാവായി നിശ്ചയിക്കുകയും 30.03.2017-ന് നഗരസഭ ബ്രാഞ്ച് മാനേജർ, റെയ്ഡ്കോ കോഴിക്കോടുമായി കരാറിലേർപ്പെടുകയും ചെയ്തു. മേൽ പദ്ധതിയാണ് 2017-18 വർഷത്തിൽ സ്പിൽ ഓവറായി നിർവ്വഹണം നടത്തിയിട്ടുള്ളത്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

(a) **ശുചിത്വ മിഷൻ ഗ്രാന്റ് നഷ്ടപ്പെടുത്തി**

ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 21.02.2017 ലെ 201/സി2 /2008/എസ്.എം നമ്പർ നടപടി ക്രമം മുഖേന പദ്ധതിയുടെ ഒന്നാം ഘട്ടമായി 2000 ഗുണഭോക്താക്കൾക്ക് 22,50,000/- രൂപ അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ 09.03.2017 ലെ 20-ാം നമ്പർ തീരുമാന പ്രകാരം 53,25,000/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തിയാണ് പദ്ധതി പരിഷ്കരിച്ചിട്ടുള്ളത്. 21.02.2017 തീയതിയിൽ പദ്ധതിക്ക് ശുചിത്വമിഷൻ അംഗീകാരം ലഭിച്ചിട്ടും 09.03.2017 ൽ ധനകാര്യകമ്മീഷൻ ഗ്രാന്റ് വകയിരുത്തി പദ്ധതി പരിഷ്കരിച്ചതിനാൽ ശുചിത്വ മിഷൻ ഗ്രാന്റ് നഷ്ടപ്പെടുന്നതിന് കാരണമായി. എന്നാൽ പദ്ധതി പരിഷ്കരിച്ച വിവരം ശുചിത്വമിഷനെ അറിയിക്കാതെ 27.06.2017 തീയതിയിലെ 36053 നമ്പർ ചെക്ക് മുഖേന 22,50,000/- രൂപ പദ്ധതിവിഹിതത്തിന്റെ ഒന്നാം ഗഡുവായി നഗരസഭ കൈപ്പറ്റി.പദ്ധതി വിഹിതം വകയിരുത്തിയിട്ടില്ലാത്തതിനാൽ തുക പലിശ സഹിതം തിരിച്ചടക്കുന്നതിന് ശുചിത്വമിഷൻ ഡയറക്ടറുടെ 20.03.2018 ലെ 201/സി2/2008/എസ്.എം നമ്പർ കത്ത് മുഖേന സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഓഡിറ്റ് തീയതി വരെയും പ്രസ്തുത തുക ശുചിത്വമിഷനിലേക്ക് തിരിച്ചടച്ചിട്ടില്ല. വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമാവുന്ന വിഭവ സ്രോതസ്സുകൾ ശരിയായ വിധത്തിൽ ഉപയോഗപ്പെടുത്തുന്നതിൽ സ്ഥാപനത്തിനുണ്ടായ വീഴ്ച മൂലം ശുചിത്വമിഷൻ പദ്ധതി വിഹിതവും തുക ചെലവഴിക്കാത്തതിനാൽ 2016-17 വർഷത്തെ പദ്ധതി വിഹിതമായി വകയിരുത്തിയ 53,25,000/- രൂപയും (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) സ്ഥാപനത്തിന് നഷ്ടപ്പെട്ടു.

(b) ഗുണഭോക്തൃ പട്ടിക ലഭ്യമാക്കിയില്ല.

2367 ഗുണഭോക്താക്കൾക്ക് റിംഗ് കമ്പോസ്റ്റ് സ്ഥാപിച്ച് നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. എന്നാൽ ഭരണ സമിതി അംഗീകരിച്ച അന്തിമ ഗുണഭോക്തൃ പട്ടികയോ, ഗുണഭോക്തൃ പട്ടിക അംഗീകരിച്ച ഭരണസമിതി തീരുമാനമോ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിനും സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. ഏതെല്ലാം ഗുണഭോക്താക്കൾക്കാണ് റിംഗ് കമ്പോസ്റ്റ് സ്ഥാപിച്ച് നൽകിയതെന്നത് സംബന്ധിച്ച രജിസ്റ്ററുകളോ രേഖകളോ സ്ഥാപനത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

(c) അധിക നിരക്കിൽ സബ്സിഡി അനുവദിച്ചു.

03.04.2017 ലെ സ.ഉ (എം.എസ്) നമ്പർ 80/2017/ത.സ്വ.ഭവ നമ്പർ ഉത്തരവ് പ്രകാരമുള്ള പഞ്ചായത്തിരാജ് / നഗരപാലിക സ്ഥാപനങ്ങളുടെ സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിൽ റിംഗ് കമ്പോസ്റ്റ് യൂണിറ്റുകൾക്ക് പൊതു വിഭാഗം ഗുണഭോക്താക്കൾക്ക് 50 ശതമാനവും പട്ടികജാതി/ പട്ടിക വർഗ്ഗം വിഭാഗത്തിന് 75 ശതമാനവുമാണ് പരമാവധി സബ്സിഡി അനുവദിക്കാവുന്നത്.എന്നാൽ ശുചിത്വമിഷൻ വിഹിതം ഉൾപ്പെടുത്തി ആസൂത്രണം ചെയ്ത പദ്ധതിയുടെ വിഭവ സ്രോതസ്സ് വികസനഫണ്ടായി പരിഷ്കരിച്ചപ്പോൾ സബ്സിഡി നിരക്കിൽ മാറ്റം വരുത്താതെ മുഴുവൻ ഗുണഭോക്താക്കൾക്കും 90 ശതമാനം സബ്സിഡിയാണ് പ്രോജക്ട് പ്രകാരം അനുവദിച്ചിട്ടുള്ളത്. ഇത് പ്രകാരം യൂണിറ്റ് കോസ്റ്റിന്റെ 10 ശതമാനമായ 250/- രൂപയാണ് ഓരോ ഗുണഭോക്താക്കളിൽ നിന്നും ഈടാക്കേണ്ടിയിരുന്നത്. എന്നാൽ ഓഡിറ്റ് വർഷത്തിൽ ഈ തുകയും എല്ലാ ഗുണഭോക്താക്കളിൽ നിന്നും പിരിച്ചെടുത്തിട്ടില്ലെന്ന് രേഖകൾ വ്യക്തമാക്കുന്നു.ഫയലിൽ സൂക്ഷിച്ച റെയ്ഡ്കോയുടെ അപേക്ഷകളും ബില്ലും പ്രകാരം 1955 ഗുണഭോക്താക്കൾക്കാണ് റിംഗ് കമ്പോസ്റ്റ് നൽകിയിട്ടുള്ളത്. ഇത് പ്രകാരം 4,88,750/- രൂപ ഗുണഭോക്തൃ വിഹിതമിനത്തിൽ പിരിച്ചെടുക്കേണ്ടിടത്ത് 1,81,250/- രൂപ പിരിച്ചെടുത്തതിന്റെ രേഖകൾ മാത്രമെ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടുള്ളു. റെയ്ഡ്കോക്ക് കൈമാറിയ 46,37,075/- രൂപയിൽ 43,30,325/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റും 3,06,750/- രൂപ തനത് ഫണ്ടുമാണ്.

(d) ടെണ്ടർ നടപടി ക്രമങ്ങളിലെ അപാകത

അഞ്ച് ലക്ഷത്തിനോ മുകളിലോ തുകയുള്ള വാങ്ങലുകൾ ആവശ്യമുള്ള പദ്ധതികളിന്മേൽ ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കണമെന്ന സർക്കാർ നിർദ്ദേശം

പാലിക്കാതെയാണ് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. 14.03.2017 ലെ ടെണ്ടർ പരസ്യം 18.02.2017 ലെ മാതൃഭൂമി ദിനപത്രത്തിന്റെ പ്രാദേശിക പേജിൽ (പേജ് നം.2, നാട്ടുവർത്തമാനം) ആണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. പ്രസ്തുത പരസ്യത്തിന് 5,112/- രൂപ 18.02.2017 ലെ 61002471 നമ്പർ ബില്ലിന്മേൽ നഗരസഭ ചെലവഴിച്ചിട്ടുണ്ട്. പ്രാദേശിക വാർത്തകൾക്കായുള്ള താളുകൾ ഒരേ എഡിഷനിൽ തന്നെ വ്യത്യസ്തമായിരിക്കും എന്നതിനാൽ ടെണ്ടർ പരസ്യത്തിന് ഉദ്ദേശിച്ച രീതിയിൽ പ്രചരണം ലഭിച്ചിരിക്കാനുള്ള സാധ്യത വിരളമാണ്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02.06.2016 തീയതിയിലെ സ.ഉ. (സാധാ) നം. 1826/2016/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം 6 ഏജൻസികളാണ് റിംഗ്കമ്പോസ്റ്റ് വിതരണം ചെയ്യുന്നതിനുള്ള അംഗീകൃത സേവനദാതാക്കൾ. സ്ഥാപനത്തിന്റെ ഉത്തമ താൽപര്യം മുൻനിർത്തി ടെണ്ടർ പരസ്യത്തെകുറിച്ച് സേവന ദാതാക്കളെ അറിയിക്കുന്നതിനും അതിലൂടെ ടെണ്ടറിൽ മത്സരസ്വഭാവം ഉറപ്പ് വരുത്തുന്നതിനും നഗരസഭക്ക് സാധിച്ചിട്ടില്ല. ഗുണശ്രീ വെർമി കമ്പോസ്റ്റ് & സോളിഡ് വെയിസ്റ്റ് മാനേജ്മെന്റ്, റെയ്ഡ്കോ കോഴിക്കോട് എന്നിവരാണ് ടെണ്ടറിൽ പങ്കെടുത്തത്. യഥാക്രമം 2,470/-, 2,490/- എന്നിങ്ങനെയാണ് ഇവർ വാഗ്ദാനം ചെയ്ത തുകകൾ. പുതുക്കിയ സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം നെഗോസിയേഷന് സാധ്യതയില്ലാതിരുന്നിട്ടുപോലും റെയ്ഡ്കോയുമായി ചെയർമാൻ നെഗോസിയേഷൻ നടത്തിയതിനെ തുടർന്ന് റെയ്ഡ്കോ 2,465/- രൂപക്ക് റിംഗ് കമ്പോസ്റ്റ് വിതരണം ചെയ്യുന്നതിന് തയ്യാറാവുകയായിരുന്നു. ടെണ്ടറിൽ കുറഞ്ഞ നിരക്കായ 2,470/- രൂപ വാഗ്ദാനം ചെയ്ത കോഴിക്കോട് ജില്ലയിലെ ശുചിത്വമിഷൻ അംഗീകൃത സേവനദാതാവായ ഗുണശ്രീ വെർമി കമ്പോസ്റ്റ് & സോളിഡ് വെയിസ്റ്റ് മാനേജ്മെന്റുമായി നെഗോസിയേഷൻ നടത്തിയതിന്റെ രേഖകളൊന്നും ഫയലിൽ ലഭ്യമല്ല. 20.03.2017 ലെ എച്ച്1.11330/16 നമ്പരായുള്ള സെക്രട്ടറിയുടെ പർച്ചേസ് ഓർഡറിൽ റിംഗ് കമ്പോസ്റ്റ് 7 ദിവസത്തിനകം വിതരണം ചെയ്യുന്നതിന് റെയ്ഡ്കോക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ 14.03.2018 നാണ് റെയ്ഡ്കോ റിംഗ് കമ്പോസ്റ്റ് വിതരണം പൂർത്തിയാക്കിയത്. പർച്ചേസ് ഓർഡറിലെ സമയപരിധിക്കുള്ളിൽ റിംഗ് കമ്പോസ്റ്റുകൾ സ്ഥാപിച്ചിരുന്നെങ്കിൽ 2016-17 വർഷം തന്നെ പ്രൊജക്ട് പൂർത്തിയാക്കപ്പെടുകയും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നുള്ള 43,30,325/- രൂപയുടെ നഷ്ടം ഒഴിവാക്കപ്പെടുകയും ചെയ്യുമായിരുന്നു.

(e) പദ്ധതി ഫലപ്രദമായില്ല

59,17,500/- രൂപ അടങ്കലിൽ 46,37,075/- രൂപ ചെലവഴിച്ച് നിർവ്വഹണം നടത്തിയ പദ്ധതിയിൽ 1955 വീടുകളിൽ റിംഗ് കമ്പോസ്റ്റ് സ്ഥാപിച്ചിട്ടുണ്ട്. 01.03.2011 ലെ സ.ഉ. (എം.എസ്) 73/2011/ത.സ്വ.ഭ.വ പ്രകാരം ഒരു റിംഗ് കമ്പോസ്റ്റ് യൂണിറ്റ് എന്നാൽ 2

ഫെറോസിമന്റ് റിംഗുകൾ, 5 കിലോ ചാണകപൊടിയുടെ പ്രാരംഭപാളി, സർജിക്കൽ ഗ്ലൗ എന്നിവ ഉൾക്കൊള്ളുന്നതാണ്. ഇത്തരത്തിലുള്ള ഒരു യൂണിറ്റിനാണ് ശുചിത്വമിഷൻ 2,500/- രൂപ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ടെണ്ടർ പരസ്യത്തിൽ ഫെറോ സിമന്റ് റിംഗുകളുടെ സ്പെസിഫിക്കേഷൻ മാത്രമെ വ്യക്തമാക്കിയിട്ടുള്ളൂ. റെയ്ഡ്കോ ഫെറോ സിമന്റ് റിംഗുകൾ മാത്രമെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുള്ളൂ. ഇത് മൂലം റിംഗ് കമ്പോസ്റ്റിംഗിനുള്ള മുഴുവൻ അടിസ്ഥാന സൗകര്യങ്ങളും ഗുണഭോക്താക്കൾക്ക് ലഭ്യമായില്ല. ഫയൽ പരിശോധിച്ചതിൽ 6, 20 വാർഡുകളിൽ റിംഗ് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് പരാതികളുയർന്നതായി കുറിപ്പ് ഫയലിൽ രേഖപ്പെടുത്തിയ സാഹചര്യത്തിൽ. 01.10.2018 തീയതിയിൽ നഗരസഭയിലെ 6-ാം വാർഡിലെ 31, 32 വീടുകളിൽ ഹെൽത്ത് ഇൻസ്പെക്ടറുടെ സാന്നിദ്ധ്യത്തിൽ സൈറ്റ് പരിശോധന നടത്തിയതിൽ ഗുണഭോക്താക്കൾ റിംഗ് കമ്പോസ്റ്റ് സംവിധാനം ഉപയോഗപ്പെടുത്തുന്നില്ലെന്ന് വ്യക്തമായി. ഗുണഭോക്താക്കൾ അടയ്ക്ക, തേങ്ങ അടുക്കള ഉപകരണങ്ങൾ എന്നിവ സൂക്ഷിച്ച് വയ്ക്കുന്നതിനുള്ള ഉപാധിയായിട്ടാണ് റിംഗുകൾ ഉപയോഗപ്പെടുത്തുന്നത്. ഇത് പദ്ധതി പ്രവർത്തനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകൾ കൃത്യമായി മോണിറ്റർ ചെയ്യുന്നതിൽ വീഴ്ച വരുത്തിയെന്നതിന്റെ തെളിവാണ്.

ഹെൽത്ത് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷത്തിൽ 66,67,656/- രൂപയുടെ പദ്ധതി പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്. ആയതിന്റെ 70 ശതമാനത്തോളം തുകയും (46,37,075/- രൂപ) റിംഗ് കമ്പോസ്റ്റ് പദ്ധതിക്കായാണ് ചെലവഴിച്ചിട്ടുള്ളത്. നഗരസഭ നടപ്പാക്കുന്ന സമഗ്ര മാലിന്യ പരിപാലനം എന്ന അജൈവ മാലിന്യ സംസ്കരണ പദ്ധതിയുടെ മുന്നൊരുക്കം കൂടിയാണ് റിംഗ് കമ്പോസ്റ്റ് പദ്ധതി. മേൽ പദ്ധതി നിർവ്വഹണ ഘട്ടങ്ങളിൽ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് എന്നിവ ചുമതലാപരമായ ഇടപെടലുകൾ നടത്തിയില്ല. 6, 20 വാർഡുകളിൽ പരാതി ഉണ്ടായ സാഹചര്യത്തിൽ പോലും പദ്ധതി പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് ചുമതലയുള്ള വർക്കിംഗ് ഗ്രൂപ്പ് പദ്ധതി നിർവ്വഹണം നിരീക്ഷിച്ചില്ല.

03.04.2017 ലെ സ.ഉ (എം.എസ്) നമ്പർ 80/2017/ത.സ്വ.ഭവ നമ്പർ ഉത്തരവ് പ്രകാരം പഞ്ചായത്തിരാജ്/നഗരപാലിക സ്ഥാപനങ്ങളുടെ സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരമുള്ള സബ്സിഡി നിബന്ധനകൾക്ക് വിരുദ്ധമായി പദ്ധതി നിർവ്വഹണം നടത്തിയതിനാൽ നഗരസഭക്ക് അധിക സാമ്പത്തിക ബാധ്യതയുണ്ടായിട്ടുണ്ട്. ഗുണഭോക്താക്കളിൽ പൊതുവിഭാഗം, പട്ടികജാതി/പട്ടികവർഗ്ഗം വിഭാഗത്തിലുള്ള ഗുണഭോക്താക്കളെ സംബന്ധിക്കുന്ന കണക്ക് ലഭ്യമല്ലാത്തതിനാൽ സബ്സിഡി ഇനത്തിൽ അധികം നൽകിയ തുക തിട്ടപ്പെടുത്തുന്നതിന് സാധിച്ചിട്ടില്ല.

ഗുണഭോക്തൃ പട്ടിക, വിതരണ രജിസ്റ്റർ, തനത് ഫണ്ടിന്റെ/ഗുണഭോക്തൃ വിഹിതത്തിന്റെ ചെലവ് രേഖകൾ, ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തത് സംബന്ധിച്ച രേഖകൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ലാത്തതിനാലും അധികരിച്ച നിരക്കിൽ സബ്സിഡി അനുവദിച്ചതിനാലും പദ്ധതി പ്രകാരമുള്ള ചെലവ് തുക ഓഡിറ്റ് റിപ്പോർട്ടിൽ തടസ്സപ്പെടുത്തിയിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1) സെക്രട്ടറി സബ്സിഡി അനുവദിച്ച ഗുണഭോക്താക്കളെ പൊതുവിഭാഗം, പട്ടികജാതി/പട്ടികവർഗ്ഗം എന്നിങ്ങനെ തരം തിരിച്ച് അധികം നൽകിയ സബ്സിഡി തുക തിട്ടപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) പദ്ധതി ആസൂത്രണ ഘട്ടത്തിൽ നിർവ്വഹണ ചുമതലയുണ്ടായിരുന്ന ഉദ്യോഗസ്ഥൻ പദ്ധതിപ്രകാരം അനുവദിക്കാവുന്ന സബ്സിഡി നിരക്ക് സംബന്ധിച്ച കുറിപ്പ് ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കും അതുവഴി കൗൺസിലിനും നല്കിയോയെന്ന് വ്യക്തമാക്കേണ്ടതും ഇക്കാര്യത്തിൽ വീഴ്ച വന്നെങ്കിൽ കാരണം വ്യക്തമാക്കേണ്ടതുമാണ്. പ്രോജക്ടുകളുടെ ഡാറ്റാ എൻട്രി ചെയ്യുന്നതിനുമുമ്പ് സബ്സിഡി നിരക്കുകൾ സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസൃതമാണെന്ന് ഉറപ്പുവരുത്തേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണെന്ന സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശം ഇവിടെ ശ്രദ്ധേയമാണ്.

3) പദ്ധതി വെറ്റ് ചെയ്ത എ പി ഒ (പി & എം) ശ്രീ വേലായുധൻ. കെ വി യും അധിക ചെലവിന് കാരണക്കാരനാണെന്നതിനാൽ സബ്സിഡി നിരക്കിലെ വ്യതിയാനം പരിഗണിക്കാതെ പ്രോജക്ട് അംഗീകരിച്ച സാഹചര്യം വ്യക്തമാക്കേണ്ടതാണ് .

4) പദ്ധതി ലക്ഷ്യ പ്രാപ്തി കൈവരിക്കാത്തതും അനർഹമായ നിരക്കിൽ സബ്സിഡി നല്കിയതും പ്രോജക്ടിന്റെ പ്രധാന അപാകതകളാണ്. ആസൂത്രണഘട്ടത്തിലും നിർവ്വഹണ ഘട്ടത്തിലും കൃത്യമായ ഇടപെടലുകൾ നടത്തേണ്ട ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ ചുമതലകളിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചില്ലെന്ന് മിനിട്സും പദ്ധതിയുടെ നിലവിലെ അവസ്ഥയും സാക്ഷ്യപ്പെടുത്തുന്നു. വീഴ്ചകൾ സ്വയം വിമർശനാത്മകമായി വിലയിരുത്തേണ്ടതും ഭാവിയിൽ ഇടപെടലുകളിലെ കാര്യക്ഷമത ഉറപ്പുവരുത്തേണ്ടതുമാണ്

5) റിംഗ് കമ്പോസ്റ്റ് യൂണിറ്റ് കൈപ്പറ്റിയ മുഴുവൻ ഗുണഭോക്താക്കളും ആയത് ഉപയോഗിക്കുന്നുണ്ടോ എന്ന് ഫീൽഡ് തല പരിശോധനയിലൂടെ നിർവ്വഹണ

ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തിയിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതാണ്.

6) ഫീൽഡ് തല പരിശോധന നടത്തി യൂണിറ്റുകളുടെ പ്രവർത്തനം നിർവ്വഹണ ഉദ്യോഗസ്ഥൻ വിലയിരുത്തേണ്ടതും, കാര്യക്ഷമമായ പ്രവർത്തനത്തിന് ആവശ്യമായ സാങ്കേതിക ഉപദേശങ്ങൾ നൽകേണ്ടതുമാണ്. ആരോഗ്യ വിഭാഗം ജീവനക്കാർക്ക് പുറമെ ഹരിത കർമ്മസേനയുടെ സേവനവും ആയതിലേക്കായി ഉപയോഗപ്പെടുത്തേണ്ടതാണ്. നിലവിൽ ഉപയോഗിക്കാത്തവരുടെ കാര്യത്തിൽ ആവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും നല്കി പ്രവർത്തനക്ഷമമാക്കേണ്ടതാണ്. ഇടപെടലുകൾ നടത്തിയിട്ടും ഉപയോഗിക്കാത്തവരിൽ നിന്നും, ദുരുപയോഗം ചെയ്യുന്നവരിൽ നിന്നും സബ്സിഡിയായി അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതുമാണ്. മേൽ നടപടികൾ കൈക്കൊണ്ട് ആയത് സംബന്ധിച്ച ഒരു സംക്ഷിപ്ത റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്.

7) ശുചിത്വമിഷനിൽ നിന്നും ലഭ്യമായ 22,50,000/- രൂപ അടിയന്തിരമായി തിരിച്ചടച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

8) സാധന/സേവനദാതാവിനെ തെരെഞ്ഞെടുത്തതിലെ അപാകതകൾക്ക് വിശദീകരണം നല്കേണ്ടതും, യൂണിറ്റ് കോസ്റ്റിൽ ഉൾപ്പെട്ട ഇനങ്ങളുടെ (ക്രമനം V കാണുക) തുക കണക്കാക്കി (ഇതിനായി യൂണിറ്റിലെ ഓരോ ഇനത്തിന്റെയും നിരക്ക് സ്ഥാപനത്തിൽനിന്നോ, ശുചിത്വമിഷനിൽ നിന്നോ ലഭ്യമാക്കാവുന്നതാണ്) റെയ്ഡോക്കോയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

മേൽ പരിഹാര നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കുന്നതാണെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 3]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

37. ശുചിത്വമിഷൻ വിഹിതം യഥാസമയം ലഭിക്കാതിരുന്നതിനെ തുടർന്നുണ്ടായ കാലതാമസംമൂലമാണ് 2016-17 വർഷം പദ്ധതി നടപ്പാക്കാൻ കഴിയാതെപോയതെന്നും സാമ്പത്തിക വർഷാവസാനം ഫണ്ട് ലഭിക്കാതിരുന്ന സാഹചര്യത്തിലും അന്വേഷണത്തിൽ ഫണ്ട് ലഭിക്കാനിടയില്ലെന്ന് ശുചിത്വമിഷൻ അറിയിച്ചതിന്റെ അടിസ്ഥാനത്തിലുമാണ് ശുചിത്വമിഷൻ ഫണ്ട് ഒഴിവാക്കി ധനകാര്യ കമ്മീഷൻ ഗ്രാന്റും ഗുണഭോക്തൃ വിഹിതവും ഉൾപ്പെടുത്തി പദ്ധതി റിവൈസ് ചെയ്തതെന്നും കോഴിക്കോട് അസിസ്റ്റന്റ് ഡയറക്ടർ സമിതിയെ

ബോധിപ്പിച്ചു. റിവൈസ് ചെയ്ത പ്രകാരം 2100 ഗുണഭോക്താക്കൾക്കായാണ് തുക വകയിരുത്തിയതെങ്കിലും ഗുണഭോക്താക്കളുടെ എണ്ണം 2367 ആയതിനാൽ പദ്ധതി വീണ്ടും റിവൈസ് ചെയ്തെന്നും ഇതിനിടയിൽ ശുചിത്വമിഷനിൽ നിന്ന് ഫണ്ട് ലഭിച്ചെങ്കിലും സാമ്പത്തിക വർഷാവസാനത്തെ തിരക്കുകൾക്കിടയിൽ പദ്ധതി നടപടിക്രമങ്ങൾക്കാവശ്യമായ തുക ഉൾപ്പെടുത്തി പദ്ധതി റിവൈസ് ചെയ്യാൻ കഴിയാതെ പോയെന്നും അസിസ്റ്റന്റ് ഡയറക്ടർ വിശദീകരിച്ചു. മാലിന്യസംസ്കരണത്തിന്റെ കാര്യത്തിൽ അനേകം പുതിയ ടെക്നോളജികൾ ഇന്നുള്ളതിനാൽ 2017-18 കാലത്ത് നിലവിലുണ്ടായിരുന്ന മാലിന്യസംസ്കരണ രീതികളുടെ അടിസ്ഥാനത്തിൽ പരീക്ഷിച്ച രീതി ഇപ്പോൾ പിന്തുടരുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിൽ യാതൊരു അടിസ്ഥാനവുമില്ല എന്ന് സമിതി അഭിപ്രായപ്പെടുകയും റിങ് കമ്പോസ്റ്റ് എന്ന മാലിന്യസംസ്കരണ രീതി ഇപ്പോൾ ഉപയോഗത്തിലുണ്ടാകാൻ സാധ്യത ഇല്ലാത്തതിനാൽ അന്ന് റിങ് കമ്പോസ്റ്റ് യൂണിറ്റ് കൈപ്പറ്റിയ മുഴുവൻ ഉപഭോക്താക്കളും അത് ഉപയോഗിക്കുന്നുണ്ടോ എന്നത് സംബന്ധിച്ച ഫീൽഡുതല പരിശോധന നടത്തിയ റിപ്പോർട്ട് ആവശ്യപ്പെടുന്നതിൽ യുക്തിയുണ്ടോ എന്ന് സംശയം പ്രകടിപ്പിക്കുകയും ചെയ്തു. എന്നാൽ റിങ് കമ്പോസ്റ്റ് യൂണിറ്റ് ഉപയോഗിച്ചുള്ള മാലിന്യസംസ്കരണം ഇപ്പോഴും ചിലയിടങ്ങളിൽ നടക്കുന്നുണ്ടെന്ന് ഓഡിറ്റ് വകുപ്പ് ഡയറക്ടറും ഫീൽഡുതല പരിശോധനയ്ക്ക് ആരോഗ്യവകുപ്പ് ജീവനക്കാർക്ക് ചുമതല നൽകിയിട്ടുണ്ടെന്നും അവർ ഇക്കാര്യത്തിൽ ജാഗ്രത പുലർത്തുന്നുണ്ടെങ്കിലും 2016-17-ലെ വിഷയമായതിനാലുള്ള കാലതാമസമാണുള്ളതെന്നും കോഴിക്കോട് അസിസ്റ്റന്റ് ഡയറക്ടറും മറുപടി നൽകി. 25,59,938/- രൂപ ശുചിത്വമിഷന്റെ അക്കൗണ്ടിലേക്ക് തിരിച്ചടച്ചത് സംബന്ധിച്ച രേഖയും റിങ് കമ്പോസ്റ്റ് യൂണിറ്റ് കൈപ്പറ്റിയ മുഴുവൻ ഉപഭോക്താക്കളും അത് ഉപയോഗിക്കുന്നുണ്ടോ എന്നത് സംബന്ധിച്ച ഫീൽഡുതല പരിശോധനാ റിപ്പോർട്ടും റെയ്ഡ്കോയിൽനിന്ന് തിരികെ ഈടാക്കാനുള്ള തുക സംബന്ധിച്ചുള്ള വിശദാംശങ്ങളും പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ചുള്ള റിപ്പോർട്ടും ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങൾ/ ശിപാർശകൾ

38. കൊയിലാണ്ടി നഗരസഭ ശുചിത്വമിഷനിൽ നിന്നും കൈപ്പറ്റിയ 25,59,938/- രൂപ ശുചിത്വമിഷന്റെ അക്കൗണ്ടിലേക്ക് തിരിച്ചടച്ചത് സംബന്ധിച്ച രേഖയും റിങ് കമ്പോസ്റ്റ് യൂണിറ്റ് കൈപ്പറ്റിയ മുഴുവൻ ഉപഭോക്താക്കളും അത് ഉപയോഗിക്കുന്നുണ്ടോ എന്നത് സംബന്ധിച്ച ഫീൽഡുതല പരിശോധനാ റിപ്പോർട്ടും റെയ്ഡ്കോയിൽനിന്ന് തിരികെ ഈടാക്കാനുള്ള തുക സംബന്ധിച്ചുള്ള വിശദാംശങ്ങളും പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ചുള്ള റിപ്പോർട്ടും ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

ആഭ്യന്തര നിയന്ത്രണ സംവിധാനം - പോരായ്മകൾ

കോഴിക്കോട് ജില്ലയിലെ വിവിധ ഗ്രാമ പഞ്ചായത്തുകളിലെ 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകളിൽ സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയതിന്റെ പശ്ചാത്തലത്തിൽ ഗൗരവമേറിയ അപാകതകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്ഥാപനങ്ങളിൽ പൊതുവായ ആഭ്യന്തര നിയന്ത്രണ സംവിധാനം നിലനിൽക്കുന്നുണ്ടെങ്കിലും വിവിധ മേഖലകളായ വരുമാനം കണക്കാക്കലും പിരിച്ചെടുക്കലും, ചെലവ് വഹിക്കൽ, പ്രവർത്തനങ്ങളുടെ സ്ഥാപനതല വിലയിരുത്തൽ, നിയമപരമായ ഉത്തരവാദിത്വങ്ങൾ നിറവേറ്റൽ എന്നീ തലങ്ങളിൽ സ്ഥാപനത്തിന്റെ കാര്യക്ഷമതയെ പ്രതികൂലമായി ബാധിക്കുന്ന പോരായ്മകൾ നിലനിൽക്കുന്നതായി ഓഡിറ്റ് വേളയിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2017-18 വർഷത്തെ ഓഡിറ്റിൽ കായക്കൊടി ഗ്രാമ പഞ്ചായത്ത് ഖണ്ഡിക 2-2, വാണിമേൽ ഗ്രാമ പഞ്ചായത്ത് ഖണ്ഡിക.2-2, വില്ല്യാപ്പള്ളി ഗ്രാമ പഞ്ചായത്ത് ഖണ്ഡിക.2-1, അഴിയൂർ ഗ്രാമ പഞ്ചായത്ത് ഖണ്ഡിക.2-1, കുന്നുമ്മൽ ഗ്രാമ പഞ്ചായത്ത് ഖണ്ഡിക 2-1 എന്നിവയിൽ റിപ്പോർട്ട് ചെയ്ത സമാന അപാകതകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

ആഭ്യന്തര നിയന്ത്രണ സംവിധാനവുമായി ബന്ധപ്പെട്ട് റിപ്പോർട്ട് ചെയ്ത അപാകതകൾ

1. **കെട്ടിട നിർമ്മാണം** - കെട്ടിടനിർമ്മാണം, കച്ചവടം തുടങ്ങി വിവിധ മേഖലകളിലെ നിയമപരമായ നിയന്ത്രണ സംവിധാനമായി പ്രവർത്തിക്കുന്നതിൽ സ്ഥാപനം വീഴ്ച വരുത്തിയിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിന്റെ കാര്യത്തിൽ, കെട്ടിട നിർമ്മാണ പെർമിറ്റ് നല്കി പെർമിറ്റ് രജിസ്റ്ററിൽ ചേർക്കുന്നുണ്ടെങ്കിലും പെർമിറ്റ് പ്രകാരമുള്ള കെട്ടിടങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കുന്നുണ്ടോ, അല്ലാത്ത പക്ഷം പുതുക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നില്ല. കെട്ടിടങ്ങളുടെ പൂർത്തീകരണം പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ലെന്നത് ഇതിൽ നിന്നും വ്യക്തമാകുന്നു.

സ്ഥാപനത്തിന്റെ ന്യൂ ബിൽഡിംഗ് കൺസ്ട്രക്ഷൻ രജിസ്റ്റർ കൈകാര്യം ചെയ്യുന്നതും നികുതി നിർണ്ണയം നടത്തുന്നതും ഒരേ സെക്ഷനാണ്. നിർമ്മാണം പൂർത്തീകരിച്ച കെട്ടിടങ്ങളുള്ളെല്ലാം തന്നെ നികുതി നിർണ്ണയിക്കപ്പെട്ടവയാണ് എന്ന ഉറപ്പ് വരുത്തുകയെന്ന രജിസ്റ്ററിന്റെ ഒരു പ്രധാന ഉദ്ദേശ്യം ഇതുമൂലം സാധ്യമാകുന്നില്ല. നിർമ്മാണ പൂർത്തികരണം ഉറപ്പുവരുത്തുന്ന വിഭാഗം തന്നെ രജിസ്റ്റർ സൂക്ഷിച്ചാൽ മാത്രമാണ് ഇത് സാധ്യമാകുന്നത്.

<u>ഉദാഹരണം</u>

- കായക്കൊടി ഗ്രാമ പഞ്ചായത്തിൽ 2017-18 വർഷത്തിൽ കെട്ടിടങ്ങളുടെ പെർമിറ്റ് ഫീസ് ഇനത്തിലെയും റഗുലറൈസേഷൻ ഫീസ് ഇനത്തിലെയും വരവ് യഥാക്രമം 94,105/- രൂപയും 1,54,594/- രൂപയുമാണ്. അതായത് പെർമിറ്റ് ലഭിച്ച കെട്ടിടങ്ങളുടെ ഏകദേശം 75% നിർമ്മാണ പ്രവർത്തനങ്ങൾ അനധികൃതമായി നടക്കുന്നെന്ന് ഇത് വ്യക്തമാക്കുന്നു. എന്നാൽ സ്ഥാപനത്തിൽ സൂക്ഷിച്ചിരിക്കുന്ന അനധികൃത നിർമ്മാണത്തിന്റെ രജിസ്റ്ററിൽ 28 കെട്ടിടത്തിന്റെ വിവരം മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. നിയന്ത്രണത്തിലെ വീഴ്ചയ്ക്കൊപ്പം വരുമാന ചോർച്ചയ്ക്കുള്ള സാധ്യതയെയും ഇത് വെളിവാക്കുന്നു.
- വാണിമേൽ, വില്ല്യാപ്പള്ളി ഗ്രാമ പഞ്ചായത്തുകളിൽ അനധികൃത നിർമ്മാണത്തിന്റെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2. ഡി & ഒ ലൈസൻസ് - 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസത്തിനു മുമ്പായി സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നിയമപ്രകാരമുള്ള സമയപരിധിക്കുള്ളിൽ ലൈസൻസ് പുതുക്കാതെയാണ് ഭൂരിഭാഗം സ്ഥാപനങ്ങളും പ്രവർത്തിക്കുന്നത്. ഫീൽഡ് ഡ്യൂട്ടിയ്ക്ക് നിയോഗിക്കപ്പെടുന്ന ജീവനക്കാർക്ക് ഗ്രാമപഞ്ചായത്തിനെ ചുമതലപ്പെടുത്തിയ എല്ലാ മേഖലകളിലെയും നിയമലംഘനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം നിർണ്ണയിച്ച് കൊടുക്കാത്തതാണ് മേൽ അപാകതയ്ക്കുള്ള ഒരു പ്രധാന കാരണം.

<u>ഉദാഹരണം</u>

- കായക്കൊടി ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ഡി & ഒ ലൈസൻസ് ഫീസിനത്തിൽ 42,150/- രൂപയും അടുത്ത വർഷത്തെ മുൻകൂർ വരവായി 33,450/- രൂപയുമാണ് ലഭിച്ചിട്ടുള്ളത്. 2016-17 വർഷത്തിൽ മുൻകൂർ വരവ് 11,900/- രൂപ മാത്രമാണ്. ഇതിൽ നിന്നും ലൈസൻസ് പുതുക്കാതെയാണ് ഭൂരിഭാഗം കെട്ടിടങ്ങളും പ്രവർത്തിക്കുന്നതെന്ന് വ്യക്തമാണ്.
- 2017-18 വർഷത്തിൽ വാണിമേൽ ഗ്രാമ പഞ്ചായത്തിൽ ഫീസിനത്തിൽ 69,160/- രൂപയും അടുത്ത വർഷത്തെ മുൻകൂർ വരവായി 81,700/- രൂപയുമാണ്

വന്നിരിക്കുന്നത്. കൂടാതെ കുടിശ്ശിക വരവായി 11,000/- രൂപയും വന്നിരിക്കുന്നു. 2016-17 വർഷത്തിൽ മുൻകൂർ വരവ് 5,100/- രൂപ മാത്രമാണ്.

- 2017-18 ൽ വില്ല്യാപ്പള്ളി ഗ്രാമ പഞ്ചായത്തിൽ ഫീസിനത്തിൽ 71,370/- രൂപയും അടുത്ത വർഷത്തെ മുൻകൂർ വരവായി 1,10,760/- രൂപയുമാണ് വന്നിരിക്കുന്നത്. 2016-17 വർഷത്തിൽ മുൻകൂർ വരവ് 31,480/- രൂപ മാത്രമാണ്.
- അഴിയൂർ ഗ്രാമ പഞ്ചായത്തിൽ 2017-18 ൽ ഫീസിനത്തിൽ 96,400/- രൂപയും അടുത്ത വർഷത്തെ മുൻകൂർ വരവായി 73,650/- രൂപയുമാണ് വരവ് വന്നിരിക്കുന്നത്. 2016-17 വർഷത്തിൽ മുൻകൂർ വരവ് 34,510/- രൂപ മാത്രമാണ്.
- കുന്നുമ്മൽ ഗ്രാമ പഞ്ചായത്തിൽ 2017-18 വർഷത്തിൽ ഫീസിനത്തിൽ 1,33,850/- രൂപയും അടുത്ത വർഷത്തെ മുൻകൂർ വരവായി 78,550/- രൂപയുമാണ് വരവ് വന്നിരിക്കുന്നത്. 2016-17 വർഷത്തിൽ മുൻകൂർ വരവ് 1,900/- രൂപ മാത്രമാണ്.

3. തൊഴിൽ നികുതി – സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളൊഴികെയുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ടെയിഡേഴ്സിൽ നിന്നും മറ്റുള്ളവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് നിശ്ചിത മാതൃകയിലുള്ള റിട്ടേണിൽ അവരുടെ വരുമാനം സംബന്ധിച്ച വിവരം ലഭ്യമാക്കിയതിന് ശേഷമല്ല. ഇത് നികുതി നിർണ്ണയത്തിൽ അപാകതയും,വരുമാന നഷ്ടത്തിനും കാരണമാകുന്നു.

4. യാത്രാബത്ത – യാത്രാബത്തയുടെ കാര്യത്തിൽ ജീവനക്കാരുടെ യാത്രാബത്ത അനുവദിക്കുന്നത് അവരിൽ നിന്നും ക്ലെയിം (യാത്രാ ഡയറി) വാങ്ങാതെയാണ്. മൂവ് മെന്റ് രജിസ്റ്റർ അടിസ്ഥാനപ്പെടുത്തിയാണ് തുക നിശ്ചയിക്കുന്നതെന്നാണ് സ്ഥാപനം ഇക്കാര്യത്തിൽ നല്കിയ വിശദീകരണം. ഒരു ക്ലെയിം ഇല്ലാതെ തുക ചെലവഴിക്കുന്ന സ്ഥിതിവിശേഷം ഇതുമൂലമുണ്ടാകുന്നു.

5. വൗച്ചറുകളുടെ സൂക്ഷിപ്പ് – വൗച്ചറുകളുടെ സൂക്ഷിപ്പ് വൗച്ചർ നമ്പർ അടിസ്ഥാനത്തിലാണെങ്കിലും അക്കൗണ്ട് ചട്ടങ്ങളിൽ നിർദ്ദേശിക്കുന്ന പ്രകാരം വൗച്ചറുകളുടെ ലിസ്റ്റ് ഓരോ മാസത്തെയും വൗച്ചറുകളുടെ ഫേസിംഗ് ഷീറ്റായി പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടില്ല. ഇത് മൂലം മിസ്സിംഗ് വൗച്ചർ, ക്യാൻസൽ ചെയ്ത വൗച്ചർ എന്നിവയുണ്ടോയെന്ന് പ്രത്യക്ഷത്തിൽ ശ്രദ്ധയിൽ പെടുന്നില്ല.

സെൽഫ് ചെക്ക് മുഖേന പിൻവലിക്കുന്ന തുകകൾ ക്യാഷ് ബുക്ക് വഴി വിതരണം ചെയ്യുമ്പോൾ വൗച്ചർ സൃഷ്ടിക്കപ്പെടുന്നെങ്കിലും ക്യാഷ് ബുക്കിൽ വൗച്ചർ നമ്പർ രേഖപ്പെടുത്തുന്നില്ല. വൗച്ചർ സൃഷ്ടിക്കപ്പെട്ടെങ്കിലും എവിടെ വൗച്ച് ചെയ്യപ്പെടുന്നു

എന്നത് തിരിച്ചറിയപ്പെടാത്ത അവസ്ഥ ഇത് മൂലം സംജാതമാകുന്നു. ഇത് സാംഖ്യ സോഫ്റ്റ് വെയറിലെ അപാകതയാണെങ്കിലും സാങ്കേതിക വിദഗ്ധരുടെ ശ്രദ്ധയിൽ പെടുത്തി പരിഹരിക്കാൻ സ്ഥാപനം ശ്രമിച്ചിട്ടില്ല.

പലപ്പോഴും വൗച്ചറുകൾക്കൊപ്പം സൂക്ഷിച്ചിരിക്കുന്ന ബില്ലുകൾ/ഇൻവോയിസുകൾ, രശീതികൾ, ക്ലെയിമുകൾക്കുള്ള മറ്റ് രേഖകൾ എന്നിവ ക്യാൻസൽ ചെയ്തതായി കാണുന്നില്ല. തുക നല്കിയ ചെലവുകളെ സംബന്ധിച്ച് വീണ്ടും തുക നല്കാനുള്ള സാധ്യത ഇത് മൂലം സംജാതമാകാം.

ഉദാഹരണം

- കേരള പഞ്ചായത്ത് രാജ് ആക്ട് 156(4) (ഡി) പ്രകാരം പഞ്ചായത്തിനെ സംബന്ധിക്കുന്ന പണം കൊടുക്കലും പണം തിരികെ കൊടുക്കലും പ്രസിഡന്റ് അധികൃതപ്പെടുത്തേണ്ടതാണ്. എന്നാൽ കായക്കൊടി, വില്ല്യാപ്പള്ളി എന്നീ ഗ്രാമ പഞ്ചായത്തുകളിൽ തനത് ഫണ്ടിൽ നിന്നുള്ള ചെലവു വൗച്ചറുകളിൽ പലതും പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി അധികൃതപ്പെടുത്തിയിട്ടില്ല (വില്ല്യാപ്പള്ളി ഗ്രാമ പഞ്ചായത്തിൽ 06/2018 ലെ വൗച്ചറുകളിലെ ചെലവ് വഹിച്ചിരിക്കുന്നത് പ്രസിഡന്റ് സാക്ഷ്യപ്പെടുത്താതെയാണ്). ഇത്തരം ചെലവുകൾ മുഴുവൻ അനധികൃതമായി എന്നതിനു പുറമെ ചെലവുകളുടെ മേൽനോട്ടശൃംഖലയിൽ വലിയ വിടവുണ്ടായി എന്നതും ഗൗരവമായ അപാകതയാണ്.

6. ആസ്തി രജിസ്റ്റർ – വാണിമേൽ, വില്ല്യാപ്പള്ളി, അഴീയൂർ, കുന്നമ്മൽ ഗ്രാമ പഞ്ചായത്തുകളിൽ ഫർണ്ണിച്ചർ ഉൾപ്പെടെയുള്ള ആസ്തികൾക്ക് കോഡ് നമ്പരുകൾ നല്കുകയോ, ആസ്തികൾ വർഷാന്ത്യത്തിലെങ്കിലും ഫിസിക്കൽ വെരിഫിക്കേഷൻ നടത്തുകയോ ചെയ്യുന്നില്ല. കൂടാതെ വർഷാവർഷം വാങ്ങുന്ന ജംഗമ ആസ്തികളുടെ വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നുമില്ല. ആസ്തികൾ നഷ്ടപ്പെട്ടു പോകാൻ ഇത് ഇടയാക്കാം.

7. സ്റ്റാന്റിംഗ് കമ്മിറ്റിയുമായി ബന്ധപെട്ടത് – വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വസ്തു നികുതി ഒഴികെയുള്ള വരവിനങ്ങളുടെ കാര്യത്തിൽ വിലയിരുത്തലുകളോ ഇടപെടലുകളോ നടത്തിയിട്ടില്ല.

വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികൾ

തന്നെയും വീഴ്ചവരുത്തിയിട്ടുണ്ട്. ചെലവഴിച്ച പദ്ധതിപ്പണം, സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിന് സ്ഥാപനതലത്തിൽ ഏർപ്പെടുത്തിയ കൺട്രോളിംഗ് സംവിധാനം ഇത് മൂലം ഫലപ്രദമാകുന്നില്ല.

ഉദാഹരണം

- കായക്കൊടി ഗ്രാമ പഞ്ചായത്തിൽ 2017-18 വർഷത്തിൽ ടാർ വിതരണം ചെയ്ത നാല് റോഡ് പ്രവൃത്തികൾ പൂർത്തീകരിക്കപ്പെടാത്തതും ഇവ ഏറ്റെടുത്ത കരാറുകാരനിൽ നിന്നും ടാറിന്റെ വില ഉൾപ്പെടെയുള്ള നഷ്ടതുക പിരിച്ചെടുക്കാൻ കഴിയാത്തതും, 2016-17 വർഷത്തിൽ പൂർത്തീകരിച്ച റോഡ് ഗുണനിലവാരമില്ലാത്തതിനാൽ തകർന്നുപോയതും മോണിറ്ററിംഗിന്റെ അഭാവം വ്യക്തമാക്കുന്നു.

ഓഡിറ്റ് ശിപാർശകൾ

(a) പ്രസിഡന്റ് സാക്ഷ്യപ്പെടുത്താതെ യാതൊരു ചെലവും സ്ഥാപനത്തിന്റെ ഫണ്ടിൽ നിന്നും വഹിക്കാൻ പാടില്ല. ഇതിനാവശ്യമായ സംവിധാനം നിലവിൽ വരുത്തേണ്ടതാണ്.

(b) നികുതികൾ, നികുതിയേതിര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

(c) കെട്ടിട നിർമ്മാണം, ഡി&ഒ ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം കൂടി ഫീൽഡ് സ്ററാഫിനെ ഏല്പിച്ചുകൊണ്ട് ഓഫീസ് ഉത്തരവ് പരിഷ്കരിക്കേണ്ടതും, റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

(d) വരുമാനവും, ചെലവും, വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതും ആയവയുടെ അവലോകനവും, തുടർനടപടികളും എല്ലാ യോഗങ്ങളിലും സ്ഥിരം അജണ്ടയാക്കാവുന്നതുമാണ്.

(e) സ്റ്റാന്റിംഗ് കമ്മിറ്റികൾ അവയിൽ നിക്ഷിപ്തമായ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നുവെന്ന് സ്വമേധയാ ഉറപ്പ് വരുത്തേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; പേജ് നം. 118- 123]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

39. വകുപ്പിൽനിന്നും ലഭ്യമായ മറുപടിയുടെയും ഓഡിറ്റ് പരാമർശങ്ങൾ പരിഹരിക്കപ്പെട്ടിട്ടുണ്ടെന്ന സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കായക്കൊടി, വാണിമേൽ, വില്ല്യാപ്പിള്ളി, അഴിയൂർ, എന്നീ ഗ്രാമപഞ്ചായത്തുകളിലെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

40. വകുപ്പിൽനിന്നും ലഭ്യമായ മറുപടിയുടെയും ഡി & ഒ ലൈസൻസ് നിയമപരമായ സമയപരിധിക്കുള്ളിൽ പുതുക്കുന്നതിന് ലൈസൻസ് ഫീ മുൻകൂറായി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ടെന്ന സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കായക്കൊടി, വാണിമേൽ, വില്ല്യാപ്പിള്ളി, അഴിയൂർ, കുന്നുമ്മൽ എന്നീ ഗ്രാമപഞ്ചായത്തുകളിലെ ഡി & ഒ ലൈസൻസുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

41. കായക്കൊടി, വാണിമേൽ, വില്ല്യാപ്പിള്ളി, അഴിയൂർ, കുന്നുമ്മൽ എന്നീ ഗ്രാമപഞ്ചായത്തുകൾ ട്രേഡേഴ്സിൽനിന്ന് നിശ്ചിത മാതൃകയിൽ വരുമാനം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നില്ലെന്നും അതിനുപകരം ഡി&ഒ ലൈസൻസ് ഫീ അടവാക്കുന്ന സമയത്ത് പ്രത്യേക റിട്ടേൺ വാങ്ങാതെ തൊഴിൽ നികുതി പിരിച്ചെടുക്കുന്ന രീതിയാണ് നിലവിലും തുടർന്നുവരുന്നതെന്നുമുള്ള ഓഡിറ്റ് പരാമർശത്തിൽ സാധാരണ ഗതിയിൽ സ്ഥാപനങ്ങളിൽനിന്ന് ലൈസൻസ് ഫീ ഈടാക്കുന്ന അവസരത്തിലാണ് തൊഴിൽ നികുതി പിരിക്കുന്നതെന്നും തൊഴിൽ നികുതി മാത്രമായി പിരിച്ചെടുക്കാൻ സാധിക്കില്ലെന്നും കോഴിക്കോട് അസിസ്റ്റന്റ് ഡയറക്ടർ ബോധിപ്പിച്ചപ്പോൾ അപ്രകാരമല്ല വേണ്ടതെന്നും സ്ഥാപനത്തിന്റെ റിട്ടേൺ പരിശോധിച്ച് ആ വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് തൊഴിൽ നികുതി ഈടാക്കേണ്ടതെന്നും എന്നാൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും മാക്സിമം സ്ലാബായ 1250/- രൂപ ഈടാക്കുന്ന പ്രവണതയാണ് പൊതുവേ കണ്ടുവരുന്നതെന്നും അതിനുപകരം ഓരോ സ്ഥാപനത്തിലെയും ജീവനക്കാരുടെ സാലറിക്കനുസരിച്ച് സ്ലാബ് നിശ്ചയിച്ച് തൊഴിൽ നികുതി ഈടാക്കുന്ന രീതിയിലേക്ക് വരേണ്ടതുണ്ടെന്നും വകുപ്പ് അഡീഷണൽ ഡയറക്ടർ അഭിപ്രായപ്പെട്ടു. ഒരു സ്ഥാപനത്തിലെ മുഴുവൻ തൊഴിലാളികളും ഇതിൽ ഉൾപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണെന്നും അഡീഷണൽ ഡയറക്ടർ കൂട്ടിച്ചേർത്തു.

42. എല്ലാ സ്ഥാപനങ്ങളിലെയും ജോലിക്കാരുടെ വരുമാനം സംബന്ധിച്ചുള്ള വിവരങ്ങൾ നിശ്ചിത മാതൃകയിൽ ലഭ്യമാക്കാൻ ആവശ്യപ്പെടേണ്ടതാണെന്നും സ്ഥാപനമുടമ തൊഴിലാളികളുടെ എണ്ണം കൃത്യമായി ലഭ്യമാക്കാത്ത പക്ഷം തൊഴിൽ നികുതി പിരിക്കുന്ന അവസരത്തിൽ പഞ്ചായത്ത് എന്ത് നടപടി സ്വീകരിക്കുമെന്ന് സമിതി ആരാഞ്ഞതിന് സ്ഥാപനങ്ങളിൽ ഫീൽഡ് ഇൻസ്പെക്ഷൻ നടത്തുമ്പോൾ സ്ഥാപനമുടമ തെറ്റായ വിവരമാണ് നൽകിയതെന്ന് തെളിഞ്ഞാൽ അയാൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ ആരംഭിക്കാവുന്നതാണെന്ന് അഡീഷണൽ ഡയറക്ടർ അറിയിച്ചു.

43. വ്യവസായ സൗഹൃദാന്തരീക്ഷം തകർക്കാതെ തൊഴിൽ നികുതി പിരിച്ചെടുക്കുകയെന്നത് ഓരോ പഞ്ചായത്തിന്റെയും ചുമതലയാണെന്നും തൊഴിലാളികളിൽനിന്ന് സ്ഥാപനമുടമ തൊഴിൽ നികുതി പിരിക്കുകയും അത് പഞ്ചായത്തിൽ ഒടുക്കാതെയിരിക്കുകയും ചെയ്യുന്നുണ്ടോയെന്ന് പരിശോധിക്കണമെന്നും അഭിപ്രായപ്പെട്ട സമിതി ഗ്രാമപഞ്ചായത്തുകൾ അവരുടെ പ്രവർത്തനങ്ങൾക്കാവശ്യമായ തുക ലഭിക്കുന്നില്ലെന്ന് പരാതിപ്പെടുമ്പോൾ അവർക്ക് നിയമപ്രകാരം ലഭ്യമാകേണ്ട തൊഴിൽ നികുതി പൂർണ്ണമായും പിരിച്ചെടുക്കുന്നില്ലെന്ന യാഥാർത്ഥ്യവും ശ്രദ്ധിക്കേണ്ടതാണെന്ന് ഓർമ്മപ്പെടുത്തുകയും ചെയ്തു.

44. കുടുംബാരോഗ്യ കേന്ദ്രങ്ങളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് തൊഴിലാളികൾക്ക് ഹെൽത്ത് കാർഡ് നൽകാനുള്ള സംവിധാനം കൊണ്ടുവരികയും അതിനു വേണ്ടി അവർക്ക് വ്യക്തിഗത നമ്പർ നൽകുകയും ചെയ്താൽ എത്രപേരാണ് ഒരു സ്ഥാപനത്തിലുള്ളതെന്ന് സ്ഥാപനമുടമയ്ക്ക് കൃത്യമായി അറിയിക്കേണ്ടിവരുമെന്നും അതിലൂടെ ഒരു സ്ഥാപനത്തിൽ എത്ര തൊഴിലാളികളുണ്ടെന്ന് കണ്ടെത്തി നിഷ്പ്രയാസം തൊഴിൽ നികുതി പിരിക്കാൻ സാധിക്കും എന്നുമുള്ള നിർദ്ദേശം കൂടി സമിതി മുന്നോട്ടു വയ്ക്കുകയും ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള പഞ്ചായത്തുകൾ ചട്ടപ്രകാരം തൊഴിൽ നികുതി പിരിച്ചെടുക്കാനുള്ള നടപടികൾ കൈക്കൊള്ളണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

45. വകുപ്പിൽനിന്നും ലഭ്യമായ മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ യാത്രാബത്ത, വൗച്ചറുകളുടെ സൂക്ഷിപ്പ്, ആസ്തി രജിസ്റ്റർ, സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം എന്നിവയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

46. തനത് ഫണ്ട്, നികുതി-നികുതിയേതര വരുമാനം, കെട്ടിടനിർമ്മാണം, ഡി & ഒ ലൈസൻസ്, ശുചിത്വം, സ്റ്റാന്റിംഗ് കമ്മിറ്റികൾ എന്നിവ സംബന്ധിച്ച ഓഡിറ്റ് ശിപാർശകൾ അംഗീകരിക്കുന്നതിന് സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ/ ശിപാർശകൾ

47. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ വകുപ്പിൽനിന്നും ലഭ്യമായ മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കായക്കൊടി, വാണിമേൽ, വില്ല്യാപ്പിള്ളി, അഴിയൂർ, എന്നീ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

48. ഡി & ഒ ലൈസൻസുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ വകുപ്പിൽനിന്നും ലഭ്യമായ മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കായക്കൊടി, വാണിമേൽ, വില്ല്യാപ്പിള്ളി, അഴിയൂർ, കുന്നുമ്മൽ എന്നീ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

49. വ്യവസായ സൗഹൃദാന്തരീക്ഷം തകർക്കാതെ നിയമപ്രകാരം ലഭ്യമാകേണ്ട തൊഴിൽ നികുതി പൂർണ്ണമായും പിരിച്ചെടുക്കേണ്ടത് പഞ്ചായത്തുകളുടെ ചുമതലയാണെന്ന് ചൂണ്ടിക്കാട്ടിയ സമിതി കുടുംബാരോഗ്യ കേന്ദ്രങ്ങളെ ഉൾപ്പെടുത്തി തൊഴിലാളികൾക്ക് വ്യക്തിഗത നമ്പർ നൽകി ഹെൽത്ത് കാർഡ് നൽകാനുള്ള സംവിധാനം കൊണ്ടുവന്ന് അതിലൂടെ ഒരു സ്ഥാപനത്തിൽ എത്ര തൊഴിലാളികൾ ഉണ്ടെന്ന് കണ്ടെത്തി, തൊഴിൽ നികുതി പിരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

50. കായക്കൊടി, വാണിമേൽ, വില്ല്യാപ്പിള്ളി, അഴിയൂർ, കുന്നമ്മൽ എന്നീ പഞ്ചായത്തുകൾ ചട്ടപ്രകാരം തൊഴിൽ നികുതി പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

51. വകുപ്പിൽനിന്നും ലഭ്യമായ മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ യാത്രാബത്ത, വൗച്ചറുകളുടെ സൂക്ഷിപ്പ് എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

52. വകുപ്പിൽനിന്നും ലഭ്യമായ മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വാണിമേൽ, അഴിയൂർ, കുന്നമ്മൽ എന്നീ ഗ്രാമപഞ്ചായത്തുകളിലെ ആസ്തി രജിസ്റ്ററുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

53. വകുപ്പിൽനിന്നും ലഭ്യമായ മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകളിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും പ്രവർത്തനം സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

54. തനത് ഫണ്ട്, നികുതി-നികുതിയേതര വരുമാനം, കെട്ടിടനിർമ്മാണം, ഡി & ഒ ലൈസൻസ്, ശുചിത്വം, സ്റ്റാന്റിംഗ് കമ്മിറ്റികൾ എന്നിവ സംബന്ധിച്ച ഓഡിറ്റ് ശിപാർശകൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ച് ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>ഓഡിറ്റ് ഖണ്ഡിക</u>

തനതുഫണ്ടിന്റെ വിനിയോഗത്തിൽ സർക്കാർ ഉത്തരവുകളിലെ മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നില്ല

ഗ്രാമപഞ്ചായത്തുകളുടെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനായി സർക്കാർ ഉത്തരവ് (എം.എസ്) നം.72/2017/ ത.സ്വ.ഭ.വ.,തീയതി: 29.03.2017 പ്രകാരം തദ്ദേശസ്ഥാപനങ്ങൾക്ക് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിലെ ഖണ്ഡിക 11.1.4 പ്രകാരം തനതു/പൊതു ആവശ്യഫണ്ടിൽ നിന്നും നിർവ്വഹിക്കേണ്ടതായ അനിവാര്യ ചെലവുകൾക്കും, അനുവദനീയമായ മറ്റു ചെലവുകൾക്കും ആവശ്യമായ തുക ബജറ്റിൽ മാറ്റിവച്ച ശേഷം മിച്ചമുള്ള തുകയാണ് തനതുഫണ്ട് എന്ന സ്രോതസ്സായി പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. ഖണ്ഡിക 11.2.(1) പ്രകാരം തനതു വരുമാനത്തിലെ മിച്ചം അമിത

പ്രതീക്ഷയില്ലാതെ യുക്തിസഹമായ രീതിയിലായിരിക്കണം കണക്കാക്കേണ്ടതെന്നും നിർദ്ദേശിക്കുന്നുണ്ട്. മേൽ മാർഗ്ഗരേഖയിലെ വ്യവസ്ഥകളൊന്നും പാലിക്കാതെ കോഴിക്കോട് ജില്ലയിലെ വിവിധ തദ്ദേശ സ്ഥാപനങ്ങൾ തനത്ഫണ്ടിലെ നീക്കിയിരുപ്പ് തുക മൈനസ് ആയിരിക്കുമ്പോഴും കോടികൾ അടങ്കലിൽ പദ്ധതികൾ ആവിഷ്കരിക്കുകയും വിവിധോദ്ദേശ പദ്ധതികൾക്കായി ലഭിച്ച ഫണ്ട് വകമാറ്റുകയും വിവിധ ഇനങ്ങളിൽ ലഭ്യമായ തുക തനതു ഫണ്ട് എന്നപോലെ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഇത് തദ്ദേശ സ്ഥാപനത്തിന്റെ തനത് ഫണ്ടിലെ നീക്കിയിരുപ്പ് കമ്മിയാക്കിയിട്ടുണ്ട്. പ്രസ്തുത സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരികയെന്നതാണ് ഈ അവലോകനം കൊണ്ട് ലക്ഷ്യമാക്കുന്നത്.

തനതു ഫണ്ട് കമ്മിയായിരിക്കുമ്പോഴും കോടികളുടെ അടങ്കലിൽ പദ്ധതികൾ ആവിഷ്കരിക്കുന്നു.

(കുന്ദമംഗലം ഗ്രാമ പഞ്ചായത്ത്, 2017-18 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 2.1)

2017-18 വർഷത്തിൽ കുന്ദമംഗലം ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ വാർഷിക പദ്ധതി പ്രകാരം തനതുഫണ്ട് വകയിരുത്തി വിഭാവനം ചെയ്തിരിക്കുന്നത് 3,02,66,183/- രൂപയുള്ള പദ്ധതികളാണ്. ഇതിൽ തൻവർഷം 1,23,10,939/- രൂപ ചെലവഴിച്ചു. വാർഷിക കണക്കിന്റെ അടിസ്ഥാനത്തിൽ 2017-18 ൽ പഞ്ചായത്തിന് ലഭ്യമായ തനതുഫണ്ടിന്റെ വിവരം ചുവടെ ചേർക്കുന്നു.

മുന്നിരിപ്പ് (RP 40(a) പ്രകാരം)	
SBI ഇ-പേയ്മെന്റ് അക്കൗണ്ട്	4,292
KCRB ഓൺഫണ്ട്	54,70,360
SBI സ്പെഷ്യൽ അക്കൗണ്ട്	8,06,587
പൊതു ആവശ്യഗ്രാന്റ്	38,26,396
ഫിക്സഡ് ഡെപ്പോസിറ്റ്(മുൻവർഷ ബാലൻസ് ഷീറ്റ് പ്രകാരം)	17,12,737
ആകെ	**1,18,20,372**

ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ പ്രകാരം 2015-16, 2016-17 വർഷങ്ങളിൽ പഞ്ചായത്തിന് അനുപൂരക പോഷകാഹാരം, ഒ.ഡി.എഫ് പദ്ധതികൾക്കായി യഥാക്രമം ലഭിച്ച 14,23,001/-* രൂപയും 14,55,000/- രൂപയും (ആകെ 28,78,001/-) തനതുഫണ്ട് ബാങ്ക് അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്. (*അനുപൂരക പോഷകാഹാര പദ്ധതി എല്ലാ വർഷവും വിഭാവനം ചെയ്യുമ്പോൾ നിശ്ചിത തുക കേന്ദ്രവിഹിതം എന്ന വിഭവ സ്രോതസ്സ്

ഉൾപ്പെടുത്തേണ്ടതാണെങ്കിലും ആയത് ചെയ്യാതെ ചെലവും നടത്താതെ മുഴുവൻ തുകയും വികസനഫണ്ടിൽ നിന്നാണ് വഹിച്ചിരിക്കുന്നത്.)

2016-17 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി -7 പ്രകാരം വിവിധയിനങ്ങളിൽ ഡെപ്പോസിറ്റ് ആയി വാങ്ങിയ 2,76,89,653/- രൂപ പഞ്ചായത്തിന്റെ ബാധ്യതയായി അവശേഷിക്കുന്നു. ഈ തുകയും, മുകളിൽ കാണിച്ച പ്രത്യേക ആവശ്യത്തിനായുള്ള തുകയും ചേർത്തുള്ളതാണ് ആദ്യം കണക്കാക്കിയ മുന്നിരിപ്പ്. അതുകൊണ്ടു തന്നെ യഥാർത്ഥത്തിൽ ലഭ്യമായ തനതുഫണ്ട് മുന്നിരിപ്പ് ചുവടെ ചേർക്കുന്നു.

1,18,20,372-28,78,001-27689,653=(-) 1,87,47,282

മേൽ വിവരങ്ങൾ പ്രകാരം തൻവർഷത്തേയ്ക്ക് ലഭ്യമായ മുന്നിരിപ്പ് യഥാർത്ഥത്തിൽ (-)1,87,47,282/- രൂപയാണ്. ഇതിനോടൊപ്പം തൻവർഷം ലഭിക്കാവുന്ന വരവു കൂടിചേർത്താൽ 2017-18 ൽ ലഭ്യമായ ആകെ വരുമാനം കണക്കാക്കാവുന്നതാണ്. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പത്രിക പ്രകാരം തൻവർഷത്തേയ്ക്ക് ലഭിക്കാവുന്ന ആകെ വരവ് 1,56,96,462/- രൂപയാണ്. വിശദാംശം ചുവടെ നൽകുന്നു.

നികുതി വരവുകൾ (I-1)	1,15,52,321
വാടക വരവ്(I-3)	43,60,498
ഫീസ്, മറ്റു വരവുകൾ(I-4b)	21,61,985
സെയിൽ ആന്റ് ഹയർ ചാർജ്ജുകള് (I -5b)	45,940
ജനറൽ പർപ്പസ് ഗ്രാന്റ്	1,63,23,000
ആകെ	**3,44,43,744**
തൻവർഷത്തേയ്ക്ക് ലഭ്യമായ ആകെ തുക	**(-) 1,87,47,282 + 3,44,43,744 = 1,56,96,462**

ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പത്രിക പ്രകാരം തനതു/പൊതു ആവശ്യഫണ്ടിൽ നിന്നും നിർവ്വഹിക്കേണ്ടതായ അനിവാര്യ ചെലവുകൾക്കും, അനുവദനീയമായ മറ്റ് ചെലവുകൾക്കുമുള്ള ആവശ്യമായ തുക ചുവടെ ചേർക്കുന്നു.

എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ	1,41,97,103
ഭരണചെലവുകൾ	30,44,559
ഓപ്പറേഷൻസ് ആന്റ് മെയിന്റനൻസ്	32,39,225
ആകെ	**2,04,80,887**

അനിവാര്യ ചെലവുകൾക്കു ശേഷം ഫണ്ടിലുള്ള യഥാർത്ഥ നീക്കിയിരിപ്പ് ഇപ്രകാരമാണ്.

തൻവർഷത്തെ ആകെ വരവ്	1,56,96,462
അനിവാര്യ ചെലവുകൾ	2,04,80,887
മിച്ചഫണ്ട്	**(-)47,84,425**

മേൽ കാണിച്ച വിവരങ്ങളിൽ നിന്നും കുന്ദമംഗലം പഞ്ചായത്തിന്റെ 2017-18 വർഷത്തിലെ മിച്ചഫണ്ട് മൈനസ് ഫണ്ടാണെന്ന് വ്യക്തമാണ്.

മിച്ച ഫണ്ട് (-)47,84,425/- രൂപയായിരിക്കുമ്പോഴാണ് തനതുഫണ്ട് വകയിരുത്തി 3,02,66,183/- രൂപയുള്ള പദ്ധതികൾ പഞ്ചായത്ത് ആവിഷ്കരിച്ചിരിക്കുന്നത്. 2017-18 വർഷത്തെ വാർഷിക പദ്ധതി 2017 മെയ് മാസത്തിലാണ് അന്തിമമാക്കുന്നതും, ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കുന്നതും. എന്നാൽ തൻവർഷത്തേയ്ക്കുള്ള ബജറ്റിന് 28.3.2017 ന് ഭരണസമിതി അംഗീകാരം നൽകിയിട്ടുണ്ട്.

മേൽ വിവരിച്ച രീതിയിൽ കണക്കു കൂട്ടലുകൾ നടത്തി തദ്ദേശസ്ഥാപനത്തിന്റെ സാമ്പത്തികസ്ഥിതി യാഥാർത്ഥ്യബോധത്തോടെ വിലയിരുത്താതെ, തൻവർഷത്തെ പദ്ധതി ചെലവുകൾക്കായി ബജറ്റിൽ തുക വകയിരുത്തുന്നതിന് തദ്ദേശസ്ഥാപനം തീരുമാനം എടുക്കുന്നു എന്നത് അംഗീകരിക്കാവുന്നതല്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

55. വകുപ്പിൽനിന്നും ലഭ്യമായ മറുപടികളുടെയും വസ്തു നികുതി, വാടക എന്നിവ അടക്കമുള്ള തനത് വരുമാനം വർധിപ്പിക്കുന്നതിനുള്ള നടപടികൾ നിലവിൽ സ്വീകരിച്ചു വരുന്നുണ്ടെന്ന സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

നിഗമനങ്ങൾ/ ശിപാർശകൾ

56. സർക്കാർ ഉത്തരവുകൾക്ക് വിധേയമായും ലഭ്യമായ തുകയ്ക്ക് അനുസൃതമായും മാത്രമാണ് നിലവിൽ പദ്ധതികൾ തയ്യാറാക്കി വരുന്നതെന്നുള്ള വകുപ്പിൽ നിന്നും ലഭ്യമായ മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ 'തനതു ഫണ്ട്

കമ്മിയായിരിക്കുമ്പോഴും കോടികളുടെ അടങ്കലിൽ പദ്ധതികൾ ആവിഷ്കരിക്കുന്നു' എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

തനതുഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള പ്രത്യേക ഫണ്ടുകൾ മറ്റ് ആവശ്യങ്ങൾക്കായി വക മാറ്റി ചെലവഴിക്കപ്പെട്ടതിനാൽ നീക്കിയിരുപ്പ് കമ്മിയായി
(ചെറുവണ്ണൂർ ഗ്രാമ പഞ്ചായത്ത്, 2017-18 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക.3.2).

ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 31.03.2018 ലെ തനത് ഫണ്ട് അക്കൗണ്ടുകളുടെ നീക്കിയിരിപ്പ് തുക കമ്മിയാണ്. ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് മൂന്ന് അക്കൗണ്ടുകളിലായാണ് നിക്ഷേപിച്ചിട്ടുള്ളത്. മൂന്ന് അക്കൗണ്ടുകളിലുമായി 31.03.2018 ൽ 24,53,652/- രൂപയാണ് നീക്കിയിരിപ്പുള്ളത്. വാർഷിക കണക്കിലെ ബി-4 സ്റ്റേറ്റ്മെന്റ് പ്രകാരം പ്രത്യേക അക്കൗണ്ടുകളിൽ പരിപാലിച്ചിട്ടില്ലാത്തതും തനത് വരുമാനമല്ലാത്തതുമായ 22,46,771/- രൂപ തനത് ഫണ്ട് അക്കൗണ്ടുകളിൽ ഉൾപ്പെടുന്നുണ്ട്. തനത് ഫണ്ട് അക്കൗണ്ടുകളിലെ നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

അക്കൗണ്ട് വിശദാംശം	**31.03.2018 ലെ നീക്കിയിരിപ്പ്**
എസ് ബി റ്റി ഇ-പേയ്മെന്റ്	7,365
എസ് സി ബി തനത് ഫണ്ട്	17,82,433
ട്രഷറി റ്റി എസ് ബി	6,63,854
ആകെ	**24,53,652**

2017-18 വർഷത്തെ വാർഷിക കണക്കിലെ ബി-4 പത്രിക പ്രകാരം തനത് ഫണ്ടിൽ നിക്ഷേപിച്ച തനത് വരുമാനമല്ലാത്തതും തനത് ഫണ്ട് പോലെ ചെലവഴിക്കാൻ കഴിയാത്തതുമായ ഇനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

അക്കൗണ്ട് കോഡ്/ഇനം	**തുക**
320100115, ടോട്ടൽ സാനിറ്റേഷൻ ക്യാംപെയ്ൻ, കേന്ദ്ര വിഹിതം	4,03,400
320100121, ഐ.സി.ഡി.എസ്	5,96,106
320100204, മൃഗ സംരക്ഷണം - ആസ്തി നിർമ്മാണത്തിനുള്ള മൂലധനം	5,00,000
320200399, പ്രത്യേക ആവശ്യങ്ങൾക്കുള്ള ഫണ്ട് (ഇനം വ്യക്തമാക്കിയിട്ടില്ല)	12,500

320300103, ടോട്ടൽ സാനിറ്റേഷൻ	5,76,700
320700105, സംയുക്ത പദ്ധതികൾക്കുള്ള ജില്ലാ പഞ്ചായത്ത് വിഹിതം	1,58,065
ആകെ	**22,46,771**

മേൽ ഡാറ്റ വിശകലനം ചെയ്തതിൽ നിന്നും തനത് ഫണ്ട് അക്കൗണ്ടുകളിൽ നീക്കിയിരിപ്പുള്ള 24,53,652/- രൂപയിൽ 22,46,771/- രൂപ പ്രത്യേക ആവശ്യങ്ങൾക്കുള്ള ഫണ്ടാണെന്ന് കാണാവുന്നതാണ്. ആയതിനാൽ തനതുഫണ്ട് ഇനത്തിൽ യഥാർത്ഥത്തിൽ നീക്കിയിരിപ്പുള്ളത് 2,06,881/- രൂപ (24,53,652 – 22,46,771) മാത്രമാണ്.

വാർഷിക കണക്കിലെ ബി-9 പത്രിക പ്രകാരം 51,97,048/- രൂപ 31.03.2018 തീയതിയിൽ സ്ഥാപനത്തിന് ബാധ്യതയുണ്ട്. മേൽ പത്രിക പ്രകാരമുള്ളതും തനത് ഫണ്ട് അക്കൗണ്ടുകളിൽ സൂക്ഷിച്ചിട്ടുള്ളതുമായ പ്രധാന ഇനങ്ങൾ താഴെ ചേർക്കുന്നു.

ഇനം	31.03.2018 ലെ ബാധ്യത
ഗ്രന്ഥശാലാ വരി	74,730
വസ്തു നികുതി- മുൻകൂർ പിരിവ്	1,75,871
മണൽ- റോയൽറ്റി	10,35,895
മണൽ- ആർ.എം.എഫ്	14,066*
ആകെ	**13,00,562**

(*മണൽ വരുമാനവുമായി ബന്ധപ്പെട്ട് സ്ഥാപനം എസ്.ബി.ഐ 87,862/- നമ്പറായി പ്രത്യേക അക്കൗണ്ട് സൂക്ഷിക്കുന്നുണ്ട്. പ്രസ്തുത അക്കൗണ്ടിൽ 21,26,079/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ആർ.എം.എഫിൽ തിരിച്ചടക്കേണ്ട ബാധ്യത 21,40,145/- രൂപയാണ്. ആയത് കുറച്ചുള്ള തുകയാണ് (21,40,145 –21,26,079 = 14,066/-) പട്ടികയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്)

മേൽ ബാധ്യതകളുടെ മാത്രം അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ തനത് ഫണ്ട് നീക്കിയിരിപ്പ് 10,93,681/- രൂപ കമ്മിയാണെന്ന് (13,00,562-2,06,881) വ്യക്തമാണ്. ബി-15 പത്രിക പ്രകാരം സർക്കാർ തിരിച്ചെടുത്ത തുകയിനത്തിൽ സ്ഥാപനത്തിന് ലഭിക്കാനുള്ളത് 6,58,940/- രൂപ മാത്രമാണ്. തനത് ഫണ്ടിൽ നീക്കിയിരിപ്പില്ലാത്തതിനാൽ തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള പ്രത്യേക ഫണ്ടുകളിൽ നിന്നും തുകകൾ വിവിധ ആവശ്യങ്ങൾക്കായി വക മാറ്റി ചെലവഴിക്കപ്പെട്ടു എന്ന് വ്യക്തമാണ്.

2017-18 ൽ 80,57,000/- രൂപ ജനറൽ പർപസ് ഗ്രാന്റായി സ്ഥാപനത്തിന് ലഭിച്ചിട്ടുണ്ട്. 2018 ഏപ്രിൽ മാസത്തിൽ മാത്രം ജീവനക്കാരുടെ ശമ്പളം, ഭരണ സമിതി അംഗങ്ങളുടെ ഓണറേറിയം എന്നിവക്ക് മാത്രമായി 7,74,000/- രൂപയിലധികം സ്ഥാപനത്തിന് ചെലവ് വന്നിട്ടുണ്ട്. കൂടാതെ നിരപ്പംകുന്ന് സ്റ്റേഡിയവുമായി ബന്ധപ്പെട്ട കോടതി വിധിപ്രകാരം സ്ഥാപനത്തിന് 22,56,667/- രൂപയുടെ ബാദ്ധ്യതയുമുണ്ട്.

മേൽ സാഹചര്യത്തിലും സ്ഥാപനത്തിന്റെ ധനകാര്യ സ്ഥിതി വിശകലനം ചെയ്യുകയോ പുതിയ തനത് വരുമാന സ്രോതസ്സുകൾ കണ്ടെത്തുക എന്ന അജണ്ട ഉൾപ്പെടുത്തി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച നടത്തുകയോ ചെയ്തിട്ടില്ല. തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾ അംഗീകരിച്ച് നൽകുന്ന സമയത്ത് പോലും തനതുഫണ്ട് നീക്കിയിരിപ്പിന്റെ നിജസ്ഥിതി സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ചിട്ടില്ല. വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 2]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

57. വകുപ്പിൽനിന്നും ലഭ്യമായ മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് തീരുമാനിച്ചു,

നിഗമനങ്ങൾ/ ശിപാർശകൾ

58. പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ചതും തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നതുമായ തുകകളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും തനത് വരുമാനം വർധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നും ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി നികുതി പിരിവ് അവലോകനം നടത്തിവരുന്നുണ്ടെന്നുമുള്ള വകുപ്പിൽനിന്നും ലഭ്യമായ മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ 'തനതുഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള പ്രത്യേക ഫണ്ടുകൾ മറ്റ് ആവശ്യങ്ങൾക്കായി വക മാറ്റി ചെലവഴിക്കപ്പെട്ടതിനാൽ നീക്കിയിരുപ്പ് കമ്മിയായി' എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

വിവിധോദ്ദേശ്യങ്ങൾക്ക് ലഭിച്ച തുകകൾ തനത് ഫണ്ടെന്ന നിലയിൽ ചെലവഴിച്ചതു വഴി തനതുഫണ്ട് നീക്കിയിരുപ്പ് കമ്മിയായി

(വാണിമേൽ ഗ്രാമ പഞ്ചായത്ത്, 2017-18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക.2.8).

വാണിമേൽ ഗ്രാമ പഞ്ചായത്തിന് വിവിധോദ്ദേശ്യങ്ങൾക്ക് നിർവ്വഹിക്കുന്നതിന് ലഭിച്ച തുകകൾ തനത് ഫണ്ടെന്ന നിലയിൽ ചെലവഴിച്ചതു വഴി 2017-18 വർഷത്തിന്റെ അവസാനം തനത് ഫണ്ട് 51,66,460/- രൂപയുടെ കമ്മിയിലാണ്. വാർഷിക കണക്കിലെ ഷെഡ്യൂൾ ബി 4 പ്രകാരം വിവിധോദ്ദേശ്യങ്ങൾക്ക് ലഭിച്ച തുകയിൽ 74,58,555/- രൂപ സാമ്പത്തിക വർഷാവസാനം നീക്കിയിരിപ്പുണ്ട്. എന്നാൽ തനത് ഫണ്ട് ബാങ്ക് അക്കൗണ്ട്, ടി എസ് ബി, സ്പെഷൽ ടി എസ് ബി എന്നിവയിലായി ആകെ 22,92,095/- രൂപ മാത്രമാണ് നീക്കിബാക്കിയുള്ളത്. 51,66,460/- രൂപയുടെ മൈനസ് ഫണ്ടാണ് (74,58,555-22,92,095) സ്ഥാപനത്തിലുള്ളതെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. വിവിധോദ്ദേശ്യ ഗ്രാന്റ് തുകയിൽ 48,13,099/- രൂപ പട്ടികവർഗ്ഗ വിഭാഗത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ലഭിച്ച പ്രത്യേക ഫണ്ടിലെ നീക്കിയിരിപ്പാണ്. ഇതിനു പുറമെ വിമുക്തി, ജൈവവൈവിദ്ധ്യ മാനേജ്മെൻറ് കമ്മിറ്റി, വിവിധ ഇനങ്ങളിലെ ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾഎന്നിവയും നീക്കിയിരിപ്പായി സ്ഥാപനത്തിലുണ്ട്.

ഇക്കഴിഞ്ഞ വർഷങ്ങളിലായി പദ്ധതികൾക്ക് തനത് ഫണ്ട് മൈനസ് ആയിരിക്കവെ തുക വകയിരുത്തിയതാണ് ഗുരുതരമായ സാമ്പത്തിക സ്ഥിതിയിലേക്ക് സ്ഥാപനത്തെ നയിച്ചതെന്ന് രേഖകൾ വ്യക്തമാക്കുന്നു. 2015-16 വർഷത്തിൽ തനത് ഫണ്ടിൽ ആകെ 46,94,734/- രൂപ മിച്ചമുണ്ടായിരിക്കെ 1,12,40,347/- രൂപ വകയിരുത്തുകയും 43,24,147/- രൂപ തൻവർഷം തന്നെ വിനിയോഗിക്കുകയും ചെയ്തു (2015-16 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക.3-2). തുടർ വർഷങ്ങളിലും ഇല്ലാത്ത തനത് ഫണ്ട് വകയിരുത്തുകയും ചെലവ് വന്നപ്പോൾ മറ്റ് ഫണ്ടുകൾ വിനിയോഗിക്കുകയും ചെയ്തു. 2016-17 വർഷത്തിൽ 54,25,158/- രൂപ വകയിരുത്തി 30,65,905/- രൂപയും 2017-18 വർഷത്തിൽ 23,97,318/- രൂപ വകയിരുത്തി 1,52,840/- രൂപയും ചെലവഴിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ ഉദ്യോഗസ്ഥ സംവിധാനം, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണ സമിതി എന്നിവർക്ക് മേൽ സ്ഥിതിവിശേഷത്തിൽ വ്യക്തമായ പങ്കുണ്ട്. ധനസ്രോതസ്സ് ഏതെന്ന് വ്യക്തമാക്കാതെ എപ്രകാരമാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതികൾക്ക് തുക വകയിരുത്തിയതെന്ന് പരിശോധിക്കപ്പെടേണ്ടതുണ്ട്.

ശിപാർശകൾ

മേൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുന്നതിലേയ്ക്കായി തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള വിവിധ ഇനങ്ങളുടെ ചെലവ് വിവരം സെക്രട്ടറി പ്രത്യേക അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കി നിരീക്ഷിക്കേണ്ടതും തനത് ഫണ്ടിൽ സൂക്ഷിക്കുന്ന തുക വകമാറ്റി ചെലവഴിക്കപ്പെടുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. കൂടാതെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനും നിലവിലുള്ളവ വർദ്ധിപ്പിക്കുന്നതിനും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതും, തനത് ഫണ്ടിന്റെ വിനിയോഗം കൃത്യമായി നിരീക്ഷിക്കേണ്ടതുമാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 3]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

59. വകുപ്പിൽനിന്നും ലഭ്യമായ മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

60. തനതു ഫണ്ടിന്റെ വിനിയോഗത്തിൽ സർക്കാർ ഉത്തരവുകളിലെ മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നില്ല എന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട ഓഡിറ്റ് വകുപ്പിന്റെ ശിപാർശ സമിതി അംഗീകരിച്ചു.

നിഗമനങ്ങൾ/ ശിപാർശകൾ

61. തനത് ഫണ്ട് അക്കൗണ്ടിലെ തുകകൾക്കായി അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെന്നുള്ള വകുപ്പിൽനിന്നും ലഭ്യമായ മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ 'വിവിധോദ്ദേശ്യങ്ങൾക്ക് ലഭിച്ച തുകകൾ തനത് ഫണ്ടെന്ന നിലയിൽ ചെലവഴിച്ചതു വഴി തനതുഫണ്ട് നീക്കിയിരുപ്പ് കമ്മിയായി' എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

62. 'തനതു ഫണ്ടിന്റെ വിനിയോഗത്തിൽ സർക്കാർ ഉത്തരവുകളിലെ മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നില്ല' എന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട ഓഡിറ്റ് വകുപ്പിന്റെ ശിപാർശകൾ സമിതി അംഗീകരിക്കുന്നു. ഓഡിറ്റ് ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

ഖരമാലിന്യ സംസ്കരണത്തിനും നിർമ്മാർജ്ജനത്തിനും ഉതകുന്ന വിധത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പദ്ധതികൾ ഫലപ്രാപ്തിയിലെത്തുന്നില്ല.

ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിയുകയും ചെയ്യുക, ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നിവ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയിലുൾപ്പെടുന്നു. ഖരമാലിന്യങ്ങൾ ഫലപ്രദമായി സംസ്കരിക്കാനും നിർമ്മാർജ്ജനം ചെയ്യാനും ഉതകുന്ന വിധത്തിൽ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിനും മെറ്റീരിയൽ റിക്കവറി സെന്ററുകൾ സ്ഥാപിക്കുന്നതിനും കോടിക്കണക്കിനു രൂപ തദ്ദേശ സ്ഥാപനങ്ങൾ ചെലവഴിച്ചു വരുന്നുണ്ട്. എന്നാൽ വ്യക്തമായ ആസൂത്രണത്തിന്റെയും കൃത്യമായ നിർവ്വഹണത്തിന്റെയും അഭാവം നിമിത്തം പല മെറ്റീരിയൽ റിക്കവറി സെന്ററുകളുടെയും പ്രവർത്തനം ഫലപ്രാപ്തിയിലെത്തിക്കാനായിട്ടില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലയിലെ വിവിധ തദ്ദേശ സ്ഥാപനങ്ങൾ റിപ്പോർട്ട് ചെയ്ത അപാകതകളുടെ വിവരം ചുവടെ ചേർക്കുന്നു.

സ്ഥലം കണ്ടെത്താൻ കഴിയാഞ്ഞതിനാൽ ബ്ലോക്ക് തല മെറ്റീരിയൽ റിക്കവറി സെന്റർ സ്ഥാപിക്കാനായില്ല

(മേലടി ബ്ലോക്ക് പഞ്ചായത്ത്, 2017-18 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക.3.3).

2017-18 സാമ്പത്തിക വർഷം മേലടി ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ വരുന്ന 4 ഗ്രാമപഞ്ചായത്തുകളുടെ അജൈവ മാലിന്യസംസ്കരണത്തിനു വേണ്ടി, ശുചിത്വ മാലിന്യസംസ്കരണ പ്രോജക്ടുകളുടെയും സീറോവേസ്റ്റ് കോഴിക്കോട് പ്രോജക്ടിന്റെ ഭാഗമായി ബ്ലോക്ക് തല സൂപ്പർ എം.ആർ.എഫ്. സെന്റർ സ്ഥാപിക്കുന്നതിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം വാങ്ങുന്നതിന് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 5,00,000/- രൂപ അടങ്കലിൽ പ്രോജക്ട് തയ്യാറാക്കി. ശുചിത്വമിഷന്റെ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് ഇത് സംബന്ധിച്ച പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ 9-5-2017 ലെ 23/17-18 നമ്പർ ഭരണസമിതി തീരുമാനപ്രകാരം ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനെ ചുമതലപ്പെടുത്തിയിരുന്നു. സെന്ററിനായി റോഡ് സൗകര്യത്തോടുകൂടിയുള്ള സ്ഥലം ലഭിക്കുന്നതിന് 07.09.2017 ന് പത്രപരസ്യം നൽകിയെങ്കിലും അനുയോജ്യമായ സ്ഥലം കണ്ടെത്താൻ കഴിയാഞ്ഞതിനാൽ പദ്ധതി നടപ്പാക്കാനായില്ല. സ്വകാര്യവ്യക്തി കേന്ദ്രത്തിന് സ്ഥലം നൽകാനായി മുന്നോട്ടുവന്നെങ്കിലും പ്രസ്തുത സ്ഥലം പദ്ധതിക്ക് അനുയോജ്യമാണോ എന്നത് സംബന്ധിച്ച ഫീസിബിലിറ്റി റിപ്പോർട്ട് ഫയലിൽ ഇല്ല. 5-2-2018 ലെ സ്റ്റാന്റിംഗ് കമ്മിറ്റിയോഗത്തിൽ എം.ആർ.എഫ് കേന്ദ്രത്തിനായി കണ്ടെത്തിയ സ്ഥലത്തിന്റെ വാല്വേഷൻ നടപടികൾ വേഗത്തിലാക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെയായും സ്ഥലം വാങ്ങൽ നടപടികൾ പൂർത്തീകരിക്കാനോ പദ്ധതി നടത്തിപ്പിനായി മറ്റ് സ്ഥലങ്ങൾ

കണ്ടെത്തുന്നതിനോ കഴിഞ്ഞിട്ടില്ല. മേൽകാരണത്താൽ തന്നെ ബ്ലോക്ക് തല എം.ആർ.എഫ് സെന്ററിൽ ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 10,00,000/- രൂപ അടങ്കലിലുള്ള പ്ളാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കൽ പദ്ധതിയും നടപ്പാക്കാൻ കഴിയാതെ പോയി. പദ്ധതി അടിയന്തിരമായി പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

63. എം.ആർ.എഫ്. കെട്ടിട നിർമ്മാണം ആരംഭിച്ച് പ്രവൃത്തി ഇപ്പോൾ ഏകദേശം 80 ശതമാനം പൂർത്തിയാക്കിയിട്ടുണ്ടെന്നും ബെയിലിങ് മെഷീൻ സ്ഥാപിക്കൽ പ്രോജക്ട് ഉൾപ്പെടുത്തി പ്രവൃത്തി 100 ശതമാനം പൂർത്തീകരിച്ച് ലക്ഷ്യം കൈവരിക്കുന്നതാണെന്നും മേലടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം അസിസ്റ്റന്റ് ഡയറക്ടർ സമിതിയെ ബോധിപ്പിച്ചു. പണി പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങൾ/ ശിപാർശകൾ

64. മെറ്റിരിയൽ റിക്കവറി സെന്ററിനായുള്ള എം.ആർ.എഫ്. കെട്ടിട നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കി ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

മാലിന്യ സംസ്കരണ കേന്ദ്രത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെ നിർവഹണ ഏജൻസിക്ക് പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിങ്ങ് ആൻഡ് ബെയിലിങ് യൂണിറ്റിനായി തുക കൈമാറി

(ഫറോക്ക് നഗരസഭ, 2017-18 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക.3-5)

ഫറോക്ക് മുനിസിപ്പാലിറ്റിക്കു കീഴിലുള്ള വീടുകളിൽ നിന്നും കച്ചവടസ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ ഷ്രെഡ് ചെയ്ത് ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നതിനും അല്ലാത്തവ ബെയ്ൽ ചെയ്ത് ഓപ്പറേറ്റിംഗ് പാർട്ട്ണർക്ക് കൈമാറുന്നതിനുമായി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 8,80,000/- രൂപ അടങ്കലിൽ പ്രോജക്ട് (നം.155/18) ആവിഷ്കരിച്ചു. പ്ലാസ്റ്റിക്ക് ഷ്രെഡ് ചെയ്യുന്നതിനുള്ള യന്ത്രത്തിന്റെ വിലയായി 8,80,000/- രൂപ ട്രഷറി ബിൽ (നം.39/10-1-18) പ്രകാരം പിൻവലിച്ചുവെങ്കിലും തുക പിൻവലിച്ചതിന്റെയും, തുക നൽകിയതിന്റെയും രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് ഏജൻസിയായ ക്ലീൻ കേരള കമ്പനിയുമായി നഗരസഭ കരാറിൽ ഏർപ്പെട്ടിട്ടില്ല. നാളിതുവരെയായി നിർവ്വഹണ ഏജൻസി മുനിസിപ്പാലിറ്റിക്ക് പ്ലാസ്റ്റിക്ക് ഷ്രെഡിങ്ങ് യന്ത്രം സ്ഥാപിച്ചു നൽകിയിട്ടുമില്ല . മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് എഞ്ചിനീയർ

നിർവ്വഹണ ഉദ്യോഗസ്ഥനായി അഞ്ച് ലക്ഷം രൂപ അടങ്കലിൽ മെറ്റീരിയൽ റിക്കവറി ഷെഡ് നിർമ്മാണം രണ്ടാം ഘട്ടം പ്രോജക്ട് (നം.206/18) രൂപീകരിച്ചിട്ടുണ്ടെങ്കിലും തൻവർഷം പദ്ധതി നടപ്പാക്കിയിട്ടില്ല. ഇതിൽ നിന്നും മാലിന്യസംസ്കരണ കേന്ദ്രത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെയാണ് നിർവ്വഹണ ഏജൻസിയായ ക്ലീൻ കേരള കമ്പനിക്ക് പ്ലാസ്റ്റിക്ക് ഷ്രെഡിങ്ങ് ആന്റ് ബെയിലിംഗ് യൂണിറ്റിനായി തുക കൈമാറിയത് എന്ന് വ്യക്തമാകുന്നു. കൃത്യമായ കരാറിന്റെയും രേഖകളുടെയും അടിസ്ഥാനത്തിലല്ലാതെ പ്ലാസ്റ്റിക്ക് ഷ്രെഡിങ്ങ് യൂണിറ്റിനുള്ള വിലയായി കൈമാറിയ 8,80,000/- രൂപയുടെ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തിയിട്ടുണ്ട്. മേൽ പദ്ധതികൾ അടിയന്തിരമായി പൂർത്തീകരിക്കാ നാവശ്യമായ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 2]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

65. പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിങ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള തുക റീഫണ്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ക്ലീൻ കേരള കമ്പനിക്ക് കത്ത് നൽകിയിട്ടുള്ള വിവരം സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അസിസ്റ്റന്റ് ഡയറക്ടർ മറുപടി നൽകി. തുക റീഫണ്ട് ചെയ്ത് ആയത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കണമെന്ന് സമിതി നിർദേശിച്ചു.

നിഗമനങ്ങൾ/ ശിപാർശകൾ

66. പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിങ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള തുക റീഫണ്ട് ചെയ്ത് പ്രസ്തുത വിവരം സംബന്ധിച്ച രേഖകൾ പരിശോധനയ്ക്കായി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

കെട്ടിടം പൂർണ്ണ സജ്ജമാകാതെ മെറ്റീരിയൽ റിക്കവറി കേന്ദ്രത്തിന് യന്ത്ര സാമഗ്രികൾ വാങ്ങി (കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത്, 2017-18 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക.3.1).

കൊടുവള്ളി ബ്ലോക്ക്പഞ്ചായത്ത് പരിധിയിലുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിലേക്കായി, തിരുവമ്പാടി ഗ്രാമപഞ്ചായത്തിൽ ഒരു മെറ്റീരിയൽ റിക്കവറി സെന്റർ സ്ഥാപിക്കുന്നതിന് *15 HP* ഷ്രെഡിംഗ് മെഷീനും *7.5 HP* ബെയ്ലിംഗ് മെഷീനും വാങ്ങുന്നതിന് വ്യവസായ വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി *9,92,000/-* രൂപ അടങ്കലിൽ ബ്ലോക്ക് മെറ്റീരിയൽ റിക്കവറി കേന്ദ്രത്തിന് യന്ത്ര സാമഗ്രികൾ വാങ്ങൽ' എന്ന പദ്ധതി ആവിഷ്കരിച്ചു. പ്രസ്തുത പ്രോജക്ടിന് *9,82,943/-* രൂപ ചെലവഴിച്ചിട്ടുണ്ട്. *2017-18* ൽ യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിക്കുകയും *2018-19* ൽ *15,70,000/-* രൂപ ചെലവഴിച്ച് പൂർത്തീകരിക്കുകയും ചെയ്തു. ഈ കെട്ടിടത്തിന്റെ വയറിംഗ് പ്രവൃത്തിക്ക് *2018-*

19 ൽ പ്രോജക്റ്റ് വച്ചെങ്കിലും ആഗസ്റ്റ് *2018* ലും വൈദ്യുതീകരണം പൂർത്തിയാക്കാനായിട്ടില്ല. കെട്ടിടത്തിന്റെ തറ നിർമ്മാണം മാത്രം പൂർത്തീകരിച്ചതിനാലും വൈദ്യുതീകരണം നടക്കാത്തതിനാലും യന്ത്രങ്ങൾ വാങ്ങുന്നത് ഉചിതമായിരിക്കുകയില്ലെന്ന് *08.02.2018* ന് സെക്രട്ടറി/ പ്രസിഡണ്ട് എന്നിവർക്കയച്ച കത്തിൽ വ്യവസായ വികസന ഓഫീസർ വ്യക്തമാക്കിയിരുന്നു. എന്നാൽ ഭരണസമിതി *20.02.2018* ലെ *65(4)* നമ്പർ തീരുമാന പ്രകാരം യന്ത്രങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുകയാണുണ്ടായത്. നിലവിലെ അവസ്ഥയിൽ യന്ത്രങ്ങൾ വാങ്ങുന്നത് ഉചിതമല്ലെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ രേഖാമൂലം അറിയിച്ചിട്ടും ഭരണസമിതി മറിച്ചൊരു തീരുമാനം എടുത്തതിന്റെ സാംഗത്യം വ്യക്തമല്ല. തുടർന്ന് ക്ലീൻ കേരള കമ്പനിയുമായി സെക്രട്ടറി കരാറിലേർപ്പെടുകയും യന്ത്രങ്ങൾ വാങ്ങുന്നതിന് *9,82,943/-* രൂപ *24.02.2018* ന് സ്ഥാപനത്തിന് കൈമാറുകയും ചെയ്തു. മേൽ തുകയിൽ യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള ചെലവായി *24,600/-* രൂപയും സൂപ്പർവിഷൻ ചാർജ്ജായി *41,000/-* രൂപയും (ഒരു വർഷത്തേക്ക് *)* ഉൾപ്പെടുന്നു. ഭൗതിക സാഹചര്യങ്ങൾ ഒരുക്കുകയാണെങ്കിൽ വില നൽകി *60* ദിവസത്തിനുള്ളിൽ യന്ത്രങ്ങൾ സ്ഥാപിച്ച് കമ്മീഷൻ ചെയ്യുന്നതാണെന്നും വാറണ്ടി കാലാവധി ഒരു വർഷമായിരിക്കുമെന്നും കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. യന്ത്രങ്ങൾ സ്ഥാപിക്കുന്നതിന് വൈദ്യുതിയും ജലലഭ്യതയും ഉറപ്പാക്കണമെന്നും ക്ലീൻ കേരള കമ്പനി അറിയിച്ചിട്ടുണ്ട്. എന്നാൽ യന്ത്രങ്ങൾ നാളിതുവരെ ബ്ലോക്ക് പഞ്ചായത്ത് കൈപ്പറ്റിയിട്ടില്ല. ആയത് സപ്ലൈ ചെയ്യുന്നതിനുള്ള സൗകര്യമൊരുക്കിത്തരുവാൻ കമ്പനി *09.07.2018*-ൽ സെക്രട്ടറിയോട് ആവശ്യപ്പെട്ടെങ്കിലും തുടർ നടപടി സ്വീകരിച്ചിട്ടില്ല. യന്ത്രങ്ങൾ സ്ഥാപിക്കുന്നതിന് ഇനിയും കാലതാമസം ഉണ്ടായാൽ വാറണ്ടി കാലാവധി കാലഹരണപ്പെടാനും സൂപ്പർവിഷൻ ചാർജ്ജ് തുടങ്ങിയവ നഷ്ടപ്പെടാനും ഇടയുണ്ട്. *25* ലക്ഷത്തിലേറെ രൂപ ചെലവഴിച്ച പദ്ധതിയിൽ യന്ത്രങ്ങളുടെ വിലയായ *10* ലക്ഷത്തോളം രൂപ ഭരണസമിതിയുടെ അനുചിതമായ തീരുമാനം കാരണം നിഷ്ക്രിയമായിരിക്കുകയാണ്. മേൽ സാഹചര്യത്തിൽ കെട്ടിടനിർമ്മാണം പൂർത്തീകരിക്കേണ്ട നടപടി ഊർജ്ജിതപ്പെടുത്തി യന്ത്രസാമഗ്രികൾ സ്ഥാപിച്ച് മെറ്റീരിയൽ റിക്കവറി സെന്റർ ഉടനടി പ്രവർത്തനമാരംഭിക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 3]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

67. വകുപ്പിൽനിന്നും ലഭ്യമായ മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ/ ശിപാർശകൾ

68. കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ മാലിന്യമുക്ത സംസ്കരണ കേന്ദ്രത്തിന്റെ കെട്ടിടവും ഉപകരണങ്ങളും തിരുവമ്പാടി ഗ്രാമപഞ്ചായത്തിന് കൈമാറുകയും അത് നിലവിൽ പ്രവർത്തന ക്ഷമമാണെന്നുമുള്ള വകുപ്പിൽ നിന്നും ലഭ്യമായ മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ 'കെട്ടിടം പൂർണ്ണ സജ്ജമാകാതെ മെറ്റീരിയൽ റിക്കവറി കേന്ദ്രത്തിന് യന്ത്ര സാമഗ്രികൾ വാങ്ങി' എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

പ്രൊക്വർമെന്റ് മാന്വലിലെയും സർക്കാർ ഉത്തരവുകളിലെയും നിർദ്ദേശങ്ങൾ പാലിക്കാതെ വാങ്ങലുകൾ നടത്തുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും ഘടക സ്ഥാപനങ്ങളിലേക്കുമുള്ള സാധന സേവനങ്ങളുടെ സമാഹരണത്തിന് ഏകീകൃത സ്വഭാവവും സുതാര്യതയും ജനപങ്കാളിത്തവും ഉറപ്പാക്കുന്നതിന് വേണ്ടി പുറപ്പെടുവിച്ച 08.11.2010 തീയതിയിലെ ജി.ഒ.(പി) 259/2010/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരമുള്ള പ്രൊക്വർമെന്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വീഴ്ച വരുത്തിയിട്ടുണ്ട്. മേൽ മാർഗ്ഗരേഖ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഓരോ വർഷവും നടത്തേണ്ട വിവിധ തരത്തിലുള്ള വാങ്ങലുകൾ സംബന്ധിച്ച് പദ്ധതി രൂപീകരണ സമയത്തു തന്നെ രൂപരേഖ ഉണ്ടാക്കേണ്ടതും ആയതിനനുസരിച്ച് പ്രൊക്വർമെന്റ് പദ്ധതി തയ്യാറാക്കേണ്ടതുമാണ്. ഫലപ്രദമായ ബജറ്റ് നടപ്പാക്കലിനും കാര്യക്ഷമമായ ധനവിനിയോഗത്തിനും പ്രൊക്വർമെന്റ് പ്ലാൻ അനിവാര്യമാണ്. സ്ഥാപനത്തിൽ ഇതിനായി ടെക്നിക്കൽ ടീം, പ്രൊക്വർമെന്റ് ടീം, പ്രൊക്വർമെന്റ് കമ്മിറ്റി, സോഷ്യൽ ഓഡിറ്റ് കമ്മിറ്റി എന്നിവ രൂപീകരിക്കേണ്ടതുണ്ട്. എന്നാൽ ഓഡിറ്റ് വർഷത്തിൽ വിവിധ പ്രോജക്ടുകളുടെ ഭാഗമായി നടത്തിയ വാങ്ങലുകൾക്കായി ഇപ്രകാരം ഒരു പ്രൊക്വർമെന്റ് കമ്മിറ്റി രൂപീകരിക്കുകയോ പ്രൊക്വർമെന്റ് ടീം പ്രവർത്തിക്കുകയോ ഉണ്ടായിട്ടില്ല. അതിനു പകരം തൻവർഷം പ്രോജക്ടുകളുമായി ബന്ധപ്പെട്ട വാങ്ങലുകൾക്ക് അതാത് നിർവ്വഹണഉദ്യോഗസ്ഥർ പ്രത്യേകം ടെണ്ടർ/ക്വട്ടേഷൻ/നേരിട്ടുള്ള വാങ്ങൽ നടപടികൾ സ്വീകരിച്ച് സാധനങ്ങൾ വാങ്ങുന്ന മുൻകാലരീതി തന്നെ അവലംബിക്കുകയായിരുന്നു. ഇതുമൂലം ഒരേ ഇനം സാമഗ്രികൾ

വാങ്ങുന്നതിന് ഓരോ ഉദ്യോഗസ്ഥനും വ്യത്യസ്ത നടപടിക്രമങ്ങൾ സ്വീകരിക്കുകയും തദ്വാരാ മാന്വൽ വിഭാവനം ചെയ്ത വാങ്ങലുകളിൽ പരമാവധി നേട്ടമുണ്ടാക്കുകയെന്ന ലക്ഷ്യപ്രാപ്തി കൈവരിക്കാൻ കഴിയാതെ വരികയും ചെയ്തു.

<u>വാങ്ങലുകളിൽ പ്രൊക്വർമെന്റ് ഘടകങ്ങളുടെ ഇടപെടൽ കാര്യക്ഷമമല്ല</u>

തദ്ദേശസ്ഥാപനത്തിലെ വിവിധ നിർവ്വഹണോദ്യോഗസ്ഥർ ഒരേയിനം സാധനസാമഗ്രികൾ വാങ്ങുന്ന സംഗതിയിൽ ആകെ ആവശ്യകത കണക്കാക്കി ഒറ്റ വാങ്ങൽ നടപടിയാണ് നടത്തേണ്ടത്. ടെണ്ടർ/ക്വട്ടേഷൻ നിരക്കുകൾ താരതമ്യം ചെയ്ത് വാർഷിക പദ്ധതി നിർവ്വഹണത്തിന് പരമാവധി നേട്ടമുണ്ടാകുന്ന തരത്തിലാണ് വാങ്ങലുകൾ നടത്തേണ്ടത്. പ്രസിഡന്റ് ചെയർപേഴ്സണായി വാങ്ങൽകമ്മറ്റി രൂപീകരിക്കേണ്ടതും ഫലപ്രദമായ പ്രവർത്തനത്തിനായി സാമ്പത്തിക വർഷം തുടങ്ങുന്നതിനു മുമ്പ് തന്നെ കമ്മിറ്റി യോഗം ചേരേണ്ടതുമാണ്. സെക്രട്ടറി അഥവാ നിർവ്വഹണോദ്യോഗസ്ഥൻ നേതൃത്വം നൽകുന്ന ഒരു വാങ്ങൽ ടീം രൂപീകരിക്കേണ്ടതാണ്. വാങ്ങൽ കമ്മിറ്റിയുടെ മേൽ നോട്ടത്തിലും മാർഗ്ഗനിർദ്ദേശത്തിലുമാണ് വാങ്ങൽ ടീം പ്രവർത്തിക്കേണ്ടത്. വാങ്ങലുകൾ നിയമാനുസൃത ഓഡിറ്റിനു പുറമെ സോഷ്യൽ ഓഡിറ്റിനും മോണിട്ടറിംഗിനും വിധേയമാക്കേണ്ടതാണ്. 2013 ലെ കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 7.33.ii(c) പ്രകാരം ഒരു സ്ഥാപനത്തിന്റെ വിവിധ വിഭാഗങ്ങളിലേയ്ക്ക് വേറെ വേറെ ടെണ്ടർ നടപടി സ്വീകരിക്കാതെ ആകെ ആവശ്യമുള്ള സാമഗ്രികളുടെ എണ്ണം തിട്ടപ്പെടുത്തി വാങ്ങൽ നടപടി നടത്തിയാൽ മതി. കേരള സ്റ്റോർ പർച്ചേസ് മാന്വവൽ 2013 ലെ ഖണ്ഡിക 7.33 (ii) പ്രകാരം വാങ്ങുന്ന സാധനങ്ങൾ മേൽ ഉത്തരവിന്റെ അനക്സർ 4 ൽ വിവരിക്കുന്ന രീതിയിൽ കൃത്യമായി പ്രത്യേകതരങ്ങളായി (വിവിധ ട്രേഡ് ഗ്രൂപ്പുകളായി) തിരിച്ച് ഓരോ തരത്തിനും പ്രത്യേകം ടെണ്ടർ നൽകുന്നത് മത്സരാധിഷ്ഠിത വാങ്ങലിന് സഹായകമാകും. എന്നാൽ മാർഗ്ഗരേഖ പ്രകാരമുള്ള ഇത്തരം നടപടിക്രമങ്ങളൊന്നും പല തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും പാലിച്ചിട്ടില്ല. കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത്, വടകര ബ്ലോക്ക് പഞ്ചായത്ത്, ഫറോക്ക് നഗരസഭ എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പ്രൊക്വയർമെന്റ് ഘടകങ്ങളുടെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

(a) **കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത്, 2017-18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക.3.1**

i. സി.ഡി.പി.ഒ. കുന്ദമംഗലം അഡീഷണൽ നിർവ്വഹണം നടത്തിയ പ്രോജക്ട് നം 140/18 പ്രകാരം (ഐ.സി.ഡി.എസ്. ഓഫീസിലെ അടിസ്ഥാന സൗകര്യം

മെച്ചപ്പെടുത്തൽ) രണ്ടു നിരക്കിൽ കമ്പ്യൂട്ടറുകൾ വാങ്ങിയപ്പോൾ മാത്രം കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന് അധിക ചെലവ് ഉണ്ടായത് 10,800/- രൂപയാണ്.

ii. സി.ഡി.പി.ഒ. കുന്ദമംഗലം അഡീഷണൽ നിർവ്വഹണം നടത്തിയ പ്രോജക്ട് നം എസ്.ഒ.121/18-ൽ (ഐ.സി.ഡി.എസ്. കുന്ദമംഗലം അഡീഷണൽ കാര്യാലയ നവീകരണം) കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും, ഫർണിച്ചറുകൾ, ഫാൻ, വാട്ടർ പ്യൂരിഫെയർ, പുസ്തകങ്ങൾ തുടങ്ങിയവ വാങ്ങിയിരിക്കുന്നത് പെൻഗ്വിൻ കമ്പ്യൂട്ടേഴ്സ്, മുക്കം എന്ന സ്ഥാപനത്തിൽ നിന്നാണ്. ഇതിൽ ഫാൻ, വാട്ടർ പ്യൂരിഫെയർ എന്നിവയുടെ വാറണ്ടി കാർഡുകളിൽ മറ്റൊരു സ്ഥാപനത്തിന്റെ മുദ്രയാണ് പതിച്ചിരിക്കുന്നത്. അതുകൊണ്ടു തന്നെ ഈ സാധനങ്ങൾ പെൻഗ്വിൻ കമ്പ്യൂട്ടേഴ്സ് മറ്റൊരു സ്ഥാപനത്തിൽ നിന്നും വാങ്ങി സപ്ലൈ ചെയ്തതാണെന്ന് വ്യക്തമാണ്.

iii. മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പ്രോജക്ടിൽ (നം. SO141/18-കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ) ടെണ്ടർ നടപടികൾ ഒഴിവാക്കുന്നതിനായി പ്രോജക്ടിനായി വകയിരുത്തിയ ആകെ തുകയായ 2,00,000/- രൂപ നാലായി വിഭജിച്ചാണ് പർച്ചേസുകൾ നടത്തിയിരിക്കുന്നത്. മെഡിക്കൽ ഉപകരണങ്ങൾക്ക് ഒരു ക്വട്ടേഷനും, സ്പ്രേയർ, ഫോഗ്ഗിംഗ് മെഷീൻ എന്നിവയ്ക്ക് വേറെ വേറെ ക്വട്ടേഷനുകളും, പ്രിന്ററിനായി മറ്റൊന്നും നൽകിയിട്ടുണ്ട്. ഇതിൽ സ്പ്രേയർ, ഫോഗ്ഗിംഗ് മെഷീൻ എന്നിവയ്ക്ക് ഒരേ സ്ഥാപനമാണ് ക്വട്ടേഷൻ സമർപ്പിച്ചിരിക്കുന്നത്. അതേ സ്ഥാപനത്തിൽ നിന്നു തന്നെ രണ്ടിനങ്ങളും വാങ്ങുകയും ചെയ്തു. ഇത്തരത്തിൽ ടെണ്ടർ നടപടികളിൽ നിന്നും ഒഴിവാകുന്നതിന് വാങ്ങൽ വിഭജിക്കുന്നത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ഇതേ പ്രോജക്ടിൽ കംപാരറ്റീവ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കാതെയാണ് ഉയർന്ന നിരക്ക് ക്വാട്ട് ചെയ്ത ബേസ് മെഡിക്കൽ സിസ്റ്റംസ്, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്ന് മെഡിക്കൽ ഉപകരണങ്ങൾ വാങ്ങിയിരിക്കുന്നത്. ഇവിടെ നിന്നും വാങ്ങിയ പകുതിയിലധികം സാധനങ്ങളുടെയും നിരക്ക് ക്വട്ടേഷനിൽ പങ്കെടുത്ത മറ്റു സ്ഥാപനങ്ങൾ ക്വാട്ട് ചെയ്ത നിരക്കിനേക്കാൾ ഉയർന്നതാണ്. ഉദാഹരണമായി സർജ്ജിക്കൽ സിസ്സേർഴ്സ് (ചെറുത്), സ്യൂച്ചർ റിമൂവർ, നെബുലൈസർ മെഷീൻ, സ്പോട്ട് ലൈറ്റ് എന്നിവയ്ക്ക് ക്വട്ടേഷനിൽ പങ്കെടുത്ത മുക്കം സർജ്ജിക്കൽസ് എന്ന സ്ഥാപനം രേഖപ്പെടുത്തിയ നിരക്കുകൾ യഥാക്രമം 112/-, 196/-, 1,400/-, 4,680/- രൂപയാണ്. എന്നാൽ ഇവ വാങ്ങിയിരിക്കുന്നത്

യഥാക്രമം 210/-, 210/-, 1,450/-, 5,300/- എന്നീ നിരക്കുകളിലാണ്. ഒരു സ്ഥാപനം ലഭ്യമാക്കിയ വിവിധ ഇനങ്ങളുടെ നിരക്കുകൾ തമ്മിൽ താരതമ്യം നടത്താതെ ഉയർന്ന നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടത്തിയതിന് പ്രൊക്വർമെന്റ് ടീമോ, പ്രൊക്വർമെന്റ് കമ്മിറ്റിയോ യാതൊരു അഭിപ്രായവും രേഖപ്പെടുത്തിയിട്ടില്ല.

iv. ബ്ലോക്ക് പഞ്ചായത്തിന്റെ വാങ്ങലുകൾക്കും, മരാമത്ത് പ്രവൃത്തികൾക്കുമായി ടെണ്ടർ നോട്ടീസ് നൽകുന്നതിന് വൻ തുക ചെലവഴിച്ചിട്ടുണ്ട്. ഗവൺമെന്റ് പരസ്യങ്ങൾക്ക് ലഭിക്കേണ്ട ഡിസ്കൗണ്ട്, കുറഞ്ഞ നിരക്ക് എന്നിവ ഉറപ്പു വരുത്താതെ ഉയർന്ന നിരക്ക് നൽകിയാണ് ഈ പരസ്യങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഇക്കാര്യം പ്രൊക്വർമെന്റ് കമ്മറ്റിയോ നിർവ്വഹണ ഉദ്യോഗസ്ഥരോ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയോ ശ്രദ്ധിച്ചിട്ടില്ല.

(b) **വടകര ബ്ലോക്ക് പഞ്ചായത്ത്, 2017-18 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക.3.2**

വടകര ബ്ലോക്ക് പഞ്ചായത്ത് അദ്ധ്യക്ഷൻ, സെക്രട്ടറി, മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി പ്രൊക്വർമെന്റ് കമ്മിറ്റി രൂപീകരിച്ച് യോഗം ചേരുന്നുണ്ടെങ്കിലും ഉത്തരവാദിത്വം നിർവ്വഹിക്കുന്നില്ല. പ്രൊക്വർമെന്റ് കമ്മിറ്റിയുടെ മിനറ്റ്സ് ബുക്കിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്താതെ താളുകൾ ഒഴിച്ചിട്ടിരിക്കുന്നു. വാങ്ങലുകൾ നടത്തുന്നതിന് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിക്കുകയോ, പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരമില്ലാതെ നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തിയ വാങ്ങലുകൾ അംഗീകരിച്ച് നൽകുകയോ ചെയ്യുക മാത്രമാണ് നിലവിൽ കമ്മിറ്റി ചെയ്യുന്നത്. 2017-18 വർഷത്തിൽ സ്ഥാപനത്തിന്റെയും വിവിധ ഘടക സ്ഥാപനങ്ങളുടെയും ആവശ്യത്തിലേക്കായി 4 ഡെസ്ക് ടോപ് കമ്പ്യൂട്ടറുകളും 2 ലാപ്ടോപുകളും വാങ്ങിയിട്ടുണ്ട്.ഓരോ നിർവ്വഹണ ഉദ്യോഗസ്ഥരും സ്വന്തം നിലയ്ക്ക് വ്യത്യസ്ത രീതികൾ അവലംബിച്ചാണ് വാങ്ങലുകൾ നടത്തിയിട്ടുള്ളത്. വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	നിർവ്വഹണ ഉദ്യോഗസ്ഥ/ സ്ഥാപനത്തിന്റെ പേര്	സ്പെസിഫിക്കേഷൻ	വാങ്ങിയ രീതി / സ്ഥാപനം	ചെലവ് തുക (നികുതി സഹിതം)
1	സെക്രട്ടറി വടകര ബ്ലോക്ക് പഞ്ചായത്ത്	ഡെസ്ക്ടോപ് കമ്പ്യൂട്ടർ (2) RAM 4 GB Processor-i3	നേരിട്ട് /അക്കോർഡ് സിസ്റ്റംസ്, എടോടി,	71,000

		Hard Disc 1 TB Monitor -18.5	വടകര.	
2	സെക്രട്ടറി വടകര ബ്ലോക്ക് പഞ്ചായത്ത്	ലാപ്ടോപ് കമ്പ്യൂട്ടർ (1) RAM 4 GB Processor-i3 Hard Disc 1 TB Monitor -15.6”	നേരിട്ട്/ അക്കോർഡ് സിസ്റ്റംസ്, എടോടി, വടകര.	33,000
3	സെക്രട്ടറി വടകര ബ്ലോക്ക് പഞ്ചായത്ത്	ലാപ്ടോപ് കമ്പ്യൂട്ടർ (1) RAM 4 GB Processor-i3 Hard Disc 1 TB Monitor -15.6”	ടെണ്ടർ/ അക്കോർഡ് സിസ്റ്റംസ്, എടോടി, വടകര.	27,800
4	സെക്രട്ടറി വടകര ബ്ലോക്ക് പഞ്ചായത്ത്	ഡെസ്ക്ടോപ് കമ്പ്യൂട്ടർ (2) Processor-i3 Hard Disc 1 TB Monitor -18.5”	ടെണ്ടർ/ അക്കോർഡ് സിസ്റ്റംസ്, എടോടി, വടകര.	69,800

മേൽ വാങ്ങലുകളെ സംബന്ധിച്ച് പ്രൊക്വർമെന്റ് കമ്മിറ്റിയുടെ പ്രവർത്തനങ്ങളിൽ ഉണ്ടായ വീഴ്ചകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

i. വർഷാരംഭത്തിൽ ആവശ്യകതാനിർണ്ണയം നടത്തി നാല് കമ്പ്യൂട്ടറുകളും ഒന്നിച്ച് വാങ്ങുന്നതിന് പകരം വാങ്ങൽ നടപടികൾ നിർവ്വഹണ ഉദ്യോഗസ്ഥരിൽ ചുമതലപ്പെടുത്തുകയാണ് പ്രൊക്വർമെന്റ് കമ്മിറ്റി ചെയ്തിരിക്കുന്നത്. സ്പെസിഫിക്കേഷൻ നിർണ്ണയിക്കുക, അനിവാര്യതാ പരിശോധന നടത്തുക, താരതമ്യ റിപ്പോർട്ടുകൾ തയ്യാറാക്കുക തുടങ്ങിയ പ്രവർത്തനങ്ങളിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി ചുമതലാപരമായ പങ്ക് വഹിച്ചിട്ടില്ല.നിർവ്വഹണ ഉദ്യോഗസ്ഥൻ വ്യത്യസ്ത രീതികളിലൂടെ വാങ്ങൽ നടത്തിയതിനാൽ വാങ്ങലുകൾ ഗ്രാമപഞ്ചായത്തിന് ലാഭകരമാക്കാൻ കഴിഞ്ഞില്ല.

ii. ക്രമനമ്പർ 1,2 എന്നിവ പ്രകാരം കമ്പ്യൂട്ടറുകളും ലാപ്ടോപുകളും സ്വകാര്യ സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങിയത് പ്രൊക്വർമെന്റ് മാർഗ്ഗരേഖക്ക് വിരുദ്ധമാണ്.

(c) ഫറോക്ക് നഗരസഭ, 2017-18 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക.3.1

2017-18 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളിലായി ഒരേതരം പർച്ചേസുകൾ നടത്തിയിട്ടുണ്ട്. വാങ്ങൽ നടപടികൾക്കായി പ്രൊക്വർമെന്റ് കമ്മിറ്റി രൂപീകരിക്കുകയോ പ്രൊക്വർമെന്റ് ടീം പ്രവർത്തിക്കുകയോ ഉണ്ടായിട്ടില്ല. വാങ്ങലുകൾ സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയുടെ ഓഡിറ്റിന് വിധേയമാക്കണമെന്ന നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. പ്രൊക്വർമെന്റ് മാന്വലിന് വിരുദ്ധമായാണ് 2017-18-ൽ നഗരസഭ വാങ്ങലുകൾ നടത്തിയിട്ടുള്ളത്. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

പ്രോജക്ട് നം.	നിർവ്വഹണ ഉദ്യോഗസ്ഥൻ	പ്രൊജക്ട്	വാങ്ങിയ സാധനം	ചെലവ് തുക/ബിൽ നം
265/18	സെക്രട്ടറി	നഗരസഭ കോൺഫറൻസ് ഹാളിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ	ടേബിൾ	73,431/- 64/5-3-18
284/18	സെക്രട്ടറി	ഓഫീസിലേക്കാവശ്യമായ ഫർണ്ണിച്ചറും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ	കമ്പ്യൂട്ടർ പ്രിന്റർ സ്കാനർ സ്റ്റീൽ അലമാര	3,93,100/- 75/23-3-18 1,04,850/- 84/26-3-18
258/18	സെക്രട്ടറി	വയോമിത്രം ഓഫീസിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ	കമ്പ്യൂട്ടർ റഫ്രിജറേറ്റർ പ്രിന്റർ സ്റ്റീൽ ടേബിൾ സ്റ്റീൽ അലമാര റിവോൾവിംഗ് ചെയർ	84,342/- 61/28-2-18
263/18	സെക്രട്ടറി	മുനിസിപ്പാലിറ്റിക്കാവശ്യമായ കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ, നെറ്റ് വർക്ക് ബോക്സ് എന്നിവ വാങ്ങൽ	കമ്പ്യൂട്ടർ പ്രിന്റർ സ്കാനർ	1,89,200/- 57/18-12-18

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-'19 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; പേജ് നം. 135-140]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

69. 2016-ലാണ് പ്രൊക്വർമെന്റ് സംബന്ധിച്ച ജനറൽ ഗൈഡ്‌ലൈൻ നിലവിൽ വന്നതെന്നും 2016-17 കാലഘട്ടത്തിലെ വിഷയമാണ് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നതെന്നും ആരംഭിച്ച സമയത്ത് ചില ബുദ്ധിമുട്ടുകൾ നേരിട്ടിരുന്നുവെന്നും എന്നാൽ നിലവിൽ കൗൺസിലിന്റെ

അംഗീകാരത്തോടെ പ്രൊക്യുർമെന്റ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ടെന്നും കോഴിക്കോട് അസിസ്റ്റന്റ് ഡയറക്ടർ മറുപടി നൽകി.

70. പരാമർശ വിധേയമായ പഞ്ചായത്തുകൾ പ്രൊക്യുർമെന്റ് കമ്മിറ്റി രൂപീകരിച്ചതിന്റെയും സ്ഥാപനങ്ങളിൽ വാങ്ങലുകളുമായി ബന്ധപ്പെട്ട് സോഷ്യൽ ഓഡിറ്റ് കമ്മിറ്റി രൂപീകരിച്ചതിന്റെയും സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയുടെ കണ്ടെത്തലുകൾ ഗ്രാമസഭകളിൽ അവതരിപ്പിക്കുന്നതിന്റെയും രേഖകൾ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങൾ/ ശിപാർശകൾ

71. കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത്, വടകര ബ്ലോക്ക് പഞ്ചായത്ത്, ഫറോക്ക് നഗരസഭ എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രൊക്യുർമെന്റ് കമ്മിറ്റി രൂപീകരിച്ചതിന്റെയും സ്ഥാപനങ്ങളിൽ വാങ്ങലുകളുമായി ബന്ധപ്പെട്ട് സോഷ്യൽ ഓഡിറ്റ് കമ്മിറ്റി രൂപീകരിച്ചതിന്റെയും സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയുടെ കണ്ടെത്തലുകൾ ഗ്രാമസഭകളിൽ അവതരിപ്പിക്കുന്നതിന്റെയും രേഖകൾ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

അൻവർ സാദത്ത്,
ചെയർപേഴ്സൺ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2026 ഒക്ടോബർ 28.

അനുബന്ധം I

പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

ക്രമ നം.	ഖണ്ഡിക നം.	ബന്ധപ്പെട്ട സ്ഥാപനം/വകുപ്പ്		നിഗമനങ്ങൾ/ശിപാർശകൾ
1.	04,05	തദ്ദേശ സ്വയംഭരണ വകുപ്പ്	04.	സ്വന്തമായി റേഷൻകാർഡില്ലാത്ത വ്യക്തിക്ക് വീടിന് അർഹതയുണ്ടെങ്കിൽ നിലവിലുള്ള റേഷൻ കാർഡ് വിഭജിച്ച് പുതിയ കാർഡ് അനുവദിക്കുന്നതിനാവശ്യമായ അപേക്ഷ പ്രസ്തുത വ്യക്തിയിൽ നിന്നും എഴുതി വാങ്ങി റേഷൻ കാർഡ് അനുവദിക്കുകയും വീട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
			05.	5. ഭൂരഹിത ഭവനരഹിതർക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം1 നൽകുന്നതിനുള്ള പഞ്ചായത്തിന്റെ ഗുണഭോക്തൃ പട്ടികയിൽ വർഷങ്ങളായി (കുറഞ്ഞത് പത്ത് വർഷം) ഉൾപ്പെട്ടിട്ടുള്ളവരെ പിൽക്കാലത്തു വരുന്ന സ്കീമുകളിൽ ഉൾപ്പെടുത്തി അവർക്ക് വീട് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു..
2.	12,13	തദ്ദേശ സ്വയംഭരണ വകുപ്പ്	12.	കെട്ടിട നിർമ്മാണ ചട്ടങ്ങളനുസരിച്ച് മൂന്ന് മീറ്റർ ഒഴിവാക്കിയാലും കൊരട്ടി ഗ്രാമപഞ്ചായത്ത് വാങ്ങിയ സ്ഥലത്ത് 20 കുടുംബങ്ങൾക്കുള്ള ഫ്ലാറ്റ് നിർമ്മിക്കാൻ കഴിയുമോയെന്ന് പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

			13.	എസ്. സി. അപ്പാർട്ട്മെന്റിന് വേണ്ടി കൊരട്ടി ഗ്രാമപഞ്ചായത്ത് വാങ്ങിയ സ്ഥലത്തിന് റെയിൽവേ മന്ത്രാലയത്തിൽ നിന്നും എൻ.ഒ.സി. ലഭ്യമായിട്ടുള്ളതിനാൽ കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരം അനുവദനീയമായ അളവിൽ കൊരട്ടി ഗ്രാമപഞ്ചായത്തിലെ അപ്പാർട്ട്മെന്റ് നിർമ്മാണം പൂർത്തിയാക്കാനാകുമെന്നും കെട്ടിട നിർമ്മാണത്തിനെതിരെയുള്ള കേസ് ഫലപ്രദമായി നടത്തുമെന്നും പ്രസ്തുത വിഷയം അസിസ്റ്റന്റ് ഡയറക്ടർ പ്രത്യേകമായി മോണിറ്റർ ചെയ്യാമെന്നുമുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടി അം1 ഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
3.	15		15.	15. 'കാട്ടൂർ - കാറളം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി - അപാകതകൾ - 29,55,985/- രൂപ ചെലവാക്കിയ പദ്ധതി പ്രവർത്തനസജ്ജമാക്കി ജലവിതരണം ആരംഭിച്ചിട്ടില്ല എന്ന പരാമർശത്തിൽ പ്രസ്തുത പ്രവൃത്തികൾ വിജയകരമായി പൂർത്തീകരിച്ചിട്ടുണ്ടെന്ന വകുപ്പിൽ നിന്നുള്ള മറുപടിയുടെയും ആയത് ബോധ്യപ്പെട്ടതായി ഓഡിറ്റ് വകുപ്പ് അംഗീകരിച്ചതിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

4.	29,30,31		29.	സ്വകാര്യ ഭൂമി ഉടമസ്ഥൻ വിട്ടു നൽകിയാലും ആയത് രജിസ്റ്റർ ചെയ്ത് കിട്ടാതെ പ്രസ്തുത ഭൂമിയിൽ മരാമത്ത് പ്രവൃത്തി നടത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വിമുഖത കാട്ടാറുണ്ടെന്ന് നിരീക്ഷിച്ച സമിതി സ്വകാര്യ വ്യക്തികൾ പഞ്ചായത്തുകൾക്ക് വിട്ടുനൽകുന്ന ഭൂമിയുടെ തരം മാറ്റവുമായി ബന്ധപ്പെട്ട് നിയമഭേദഗതി ഉണ്ടാകേണ്ടത് അനിവാര്യമാണെന്ന് വിലയിരുത്തുന്നു. ഒരു വഴി 12 വർഷത്തിൽ കൂടുതൽ ഉപയോഗിച്ചാൽ അത് പൊതുവഴിയായി അംഗീകരിക്കാവുന്നതാണെന്ന് ചൂണ്ടിക്കാട്ടിയ സമിതി Adverse possession എന്നത് പഞ്ചായത്ത് രാജ് നിയമത്തിലുള്ളതാകയാൽ ആയത് പാലിക്കുന്നതിന് പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകണമെന്ന് നിർദ്ദേശിക്കുന്നു.
			30.	കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്ന സ്ഥലങ്ങളിലെ പൊതു റോഡുകളും ഫൂട്ട്പാത്തുകളും നിയമവിധേയമാക്കി, ആവശ്യമുള്ള പക്ഷം കേരള പഞ്ചായത്ത് രാജ്, മുനിസിപ്പാലിറ്റി വ്യവസ്ഥകൾ ഭേദഗതി ചെയ്ത്, പഞ്ചായത്തിന്റെ ആസ്തിയിലുൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

			31.	നിലം എന്ന് രേഖപ്പെടുത്തിയിട്ടുള്ള ഭൂമിയുടെ തരം മാറ്റവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് വകുപ്പുതലത്തിൽ പരിഹാരമുണ്ടാക്കണമെന്നും തദ്ദേശസ്വയംഭരണ വകുപ്പിന്റെ ജോയിന്റ് ഡയറക്ടർ കോട്ടോൽ നായാടി കോളനിയിലേയ്ക്കുള്ള റോഡ് നിർമ്മിക്കേണ്ട സ്ഥലം സന്ദർശിച്ച് സംയുക്ത യോഗം നടത്തി രേഖകൾ പരിശോധിച്ച് കോളനിയിലേയ്ക്കുള്ള റോഡ് നിർമ്മിക്കുന്ന പ്രോജക്ടുമായി മുന്നോട്ട് പോകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

5.	34		34.	ടാർ വാങ്ങി നൽകിയ ഇനത്തിൽ കരാറുകാരനിൽ നിന്ന് പലിശ ഉൾപ്പെടെ തുക ഇടാക്കിയിട്ടുള്ളതായി കോഴിക്കോട് അസിസ്റ്റന്റ് ഡയറക്ടർ സമിതിയെ അറിയിക്കുകയുണ്ടായി. എന്നാൽ ടാർ വാങ്ങി നൽകിയ ഇനത്തിൽ കായക്കൊടി ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചുവെന്നാണ് ഓഡിറ്റ് കണക്കാക്കിയിരിക്കുന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. ഓഡിറ്റിന്റെ കണക്കിലും ഗ്രാമപഞ്ചായത്തിന്റെ കണക്കിലും ഉണ്ടായ വലിയ വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കുവാൻ കോഴിക്കോട് അസിസ്റ്റന്റ് ഡയറക്ടർക്ക് സാധിച്ചിട്ടില്ലെന്ന് സമിതി ചൂണ്ടിക്കാണിക്കുന്നു. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് വകുപ്പ് ലഭ്യമാക്കിയിരിക്കുന്ന മറുപടി ആശയക്കുഴപ്പമുണ്ടാക്കുന്നതിനാൽ കണക്കിലുണ്ടായ വ്യതിയാനം പരിശോധനാവിധേയമാക്കേണ്ടത് ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ടാർ വാങ്ങി നൽകിയ ഇനത്തിൽ സ്ഥാപനത്തിന് യഥാർത്ഥത്തിൽ നഷ്ടമായ തുക എത്രയാണെന്ന് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.
6.			36.	ആരാധനാലയമായി ഉപയോഗിച്ചുവരുന്ന കെട്ടിടത്തിന്റെ ഉപയോഗക്രമം മാറ്റിനൽകിയിട്ടുണ്ടെന്ന വകുപ്പിൽ നിന്നുള്ള മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ 'വാണിജ്യാവശ്യത്തിനുള്ള കെട്ടിട നിർമ്മാണ പെർമിറ്റ് ഉപയോഗിച്ച് ആരാധനാലയം നിർമ്മിച്ചു' എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

7.	38		38.	കൊയിലാണ്ടി നഗരസഭ ശുചിത്വമിഷനിൽ നിന്നും കൈപ്പറ്റിയ 25,59,938/- രൂപ ശുചിത്വമിഷന്റെ അക്കൗണ്ടിലേക്ക് തിരിച്ചടച്ചത് സംബന്ധിച്ച രേഖയും റിങ് കമ്പോസ്റ്റ് യൂണിറ്റ് കൈപ്പറ്റിയ മുഴുവൻ ഉപഭോക്താക്കളും അത് ഉപയോഗിക്കുന്നുണ്ടോ എന്നത് സംബന്ധിച്ച ഫീൽഡുതല പരിശോധനാ റിപ്പോർട്ടും റെയ്ഡ്കോയിൽനിന്ന് തിരികെ ഈടാക്കാനുള്ള തുക സംബന്ധിച്ചുള്ള വിശദാംശങ്ങളും പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ചുള്ള റിപ്പോർട്ടും ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
8.	47-54		47	കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ വകുപ്പിൽനിന്നും ലഭ്യമായ മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കായക്കൊടി, വാണിമേൽ, വില്ല്യാപ്പിള്ളി, അഴിയൂർ, എന്നീ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
			48.	ഡി & ഒ ലൈസൻസുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ വകുപ്പിൽനിന്നും ലഭ്യമായ മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കായക്കൊടി, വാണിമേൽ, വില്ല്യാപ്പിള്ളി, അഴിയൂർ, കുന്നുമ്മൽ എന്നീ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

			49.	വ്യവസായ സൗഹൃദാന്തരീക്ഷം തകർക്കാതെ നിയമപ്രകാരം ലഭ്യമാകേണ്ട തൊഴിൽ നികുതി പൂർണ്ണമായും പിരിച്ചെടുക്കേണ്ടത് പഞ്ചായത്തുകളുടെ ചുമതലയാണെന്ന് ചൂണ്ടിക്കാട്ടിയ സമിതി കുടുംബാരോഗ്യ കേന്ദ്രങ്ങളെ ഉൾപ്പെടുത്തി തൊഴിലാളികൾക്ക് വ്യക്തിഗത നമ്പർ നൽകി ഹെൽത്ത് കാർഡ് നൽകാനുള്ള സംവിധാനം കൊണ്ടുവന്ന് അതിലൂടെ ഒരു സ്ഥാപനത്തിൽ എത്ര തൊഴിലാളികൾ ഉണ്ടെന്ന് കണ്ടെത്തി, തൊഴിൽ നികുതി പിരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
			50.	കായക്കൊടി, വാണിമേൽ, വില്ല്യാപ്പിള്ളി, അഴിയൂർ, കുന്നുമ്മൽ എന്നീ പഞ്ചായത്തുകൾ ചട്ടപ്രകാരം തൊഴിൽ നികുതി പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.
			51.	വകുപ്പിൽനിന്നും ലഭ്യമായ മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ യാത്രാബത്ത, വൗച്ചറുകളുടെ സൂക്ഷിപ്പ് എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
			52.	വകുപ്പിൽനിന്നും ലഭ്യമായ മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വാണിമേൽ, അഴിയൂർ, കുന്നുമ്മൽ എന്നീ ഗ്രാമപഞ്ചായത്തുകളിലെ ആസ്തി രജിസ്റ്ററുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

			53.	വകുപ്പിൽനിന്നും ലഭ്യമായ മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകളിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും പ്രവർത്തനം സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
			54.	തനത് ഫണ്ട്, നികുതി-നികുതിയേതര വരുമാനം, കെട്ടിടനിർമ്മാണം, ഡി & ഒ ലൈസൻസ്, ശുചിത്വം, സ്റ്റാന്റിംഗ് കമ്മിറ്റികൾ എന്നിവ സംബന്ധിച്ച ഓഡിറ്റ് ശിപാർശകൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ച് ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
09.	56.		56.	സർക്കാർ ഉത്തരവുകൾക്ക് വിധേയമായും ലഭ്യമായ തുകയ്ക്ക് അനുസൃതമായും മാത്രമാണ് നിലവിൽ പദ്ധതികൾ തയ്യാറാക്കി വരുന്നതെന്നുള്ള വകുപ്പിൽ നിന്നും ലഭ്യമായ മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ 'തനതു ഫണ്ട് കമ്മിയായിരിക്കുമ്പോഴും കോടികളുടെ അടങ്കലിൽ പദ്ധതികൾ ആവിഷ്കരിക്കുന്നു' എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

10.	58.		58.	പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ചതും തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നതുമായ തുകകളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും തനത് വരുമാനം വർധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നും ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി നികുതി പിരിവ് അവലോകനം നടത്തിവരുന്നുണ്ടെന്നുമുള്ള വകുപ്പിൽനിന്നും ലഭ്യമായ മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ 'തനതുഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള പ്രത്യേക ഫണ്ടുകൾ മറ്റ് ആവശ്യങ്ങൾക്കായി വക മാറ്റി ചെലവഴിക്കപ്പെട്ടതിനാൽ നീക്കിയിരുപ്പ് കമ്മിയായി' എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
11.	61, 62		61.	തനത് ഫണ്ട് അക്കൗണ്ടിലെ തുകകൾക്കായി അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെന്നുള്ള വകുപ്പിൽനിന്നും ലഭ്യമായ മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ 'വിവിധോദ്ദേശ്യങ്ങൾക്ക് ലഭിച്ച തുകകൾ തനത് ഫണ്ടെന്ന നിലയിൽ ചെലവഴിച്ചതു വഴി തനതുഫണ്ട് നീക്കിയിരുപ്പ് കമ്മിയായി' എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

			62.	'തനതു ഫണ്ടിന്റെ വിനിയോഗത്തിൽ സർക്കാർ ഉത്തരവുകളിലെ മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നില്ല' എന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട ഓഡിറ്റ് വകുപ്പിന്റെ ശിപാർശകൾ സമിതി അംഗീകരിക്കുന്നു. ഓഡിറ്റ് ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.
12.	64		64.	മെറ്റിരിയൽ റിക്കവറി സെന്ററിനായുള്ള എം.ആർ.എഫ്. കെട്ടിട നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കി ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
13.	66		66.	പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിങ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള തുക റീഫണ്ട് ചെയ്ത് പ്രസ്തുത വിവരം സംബന്ധിച്ച രേഖകൾ പരിശോധനയ്ക്കായി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.
14.	68		68.	കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ മാലിന്യമുക്ത സംസ്കരണ കേന്ദ്രത്തിന്റെ കെട്ടിടവും ഉപകരണങ്ങളും തിരുവമ്പാടി ഗ്രാമപഞ്ചായത്തിന് കൈമാറുകയും അത് നിലവിൽ പ്രവർത്തന ക്ഷമമാണെന്നുമുള്ള വകുപ്പിൽ നിന്നും ലഭ്യമായ മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ 'കെട്ടിടം പൂർണ്ണ സജ്ജമാകാതെ മെറ്റീരിയൽ റിക്കവറി കേന്ദ്രത്തിന് യന്ത്ര സാമഗ്രികൾ വാങ്ങി' എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

15.	71		71.	കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത്, വടകര ബ്ലോക്ക് പഞ്ചായത്ത്, ഫറോക്ക് നഗരസഭ എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രൊക്വർമെന്റ് കമ്മിറ്റി രൂപീകരിച്ചതിന്റെയും സ്ഥാപനങ്ങളിൽ വാങ്ങലുകളുമായി ബന്ധപ്പെട്ട് സോഷ്യൽ ഓഡിറ്റ് കമ്മിറ്റി രൂപീകരിച്ചതിന്റെയും സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയുടെ കണ്ടെത്തലുകൾ ഗ്രാമസഭകളിൽ അവതരിപ്പിക്കുന്നതിന്റെയും രേഖകൾ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2023-26), 22.05.2025-ലെ ബഹു.സമിതി തെളിവെടുപ്പ് യോഗം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിലെ ഓഡിറ്റ് ഖണ്ഡികകളിന്മേലുള്ള നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര പത്രിക

ഓഡിറ്റ് ഖണ്ഡിക	വിഷയം	ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി
	അദ്ധ്യായം -1 **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്ന് തെരഞ്ഞെടുത്ത പരാമർശങ്ങൾ - ജില്ലാ അടിസ്ഥാനത്തിൽ**	
	തൃശ്ശൂർ ജില്ല	
1	**പുന്നയൂർ ഗ്രാമപഞ്ചായത്ത്** പഞ്ചായത്തിന്റെ ഫണ്ട് വിനിയോഗിച്ച് ഭൂമി വാങ്ങി നല്കിയിട്ട് വർഷങ്ങളായെങ്കിലും ഭവന നിർമ്മാണം നടത്തുകയോ പഞ്ചായത്തിന്റെ ഭവന നിർമ്മാണ പദ്ധതികളിൽ ഉൾപ്പെടുകയോ ചെയ്യിട്ടില്ല-പഞ്ചായത്തിന്റെ ഫണ്ട് നിഷ്ക്രിയമായി അവശേഷിക്കുന്നു. പ്രോജക്ട്-ഭൂമിവാങ്ങിനല്കൽ(എസ്.സി.പി) പ്രോജക്ട് നമ്പർ - 222/18 നിർവ്വഹണം -അസിസ്റ്റന്റ് സെക്രട്ടറി തൻവർഷ ചെലവ് -6,00,000 -/ 44 പേർക്ക് ഭൂമി വാങ്ങുന്നതിനായി പഞ്ചായത്ത് 49,50,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ 4 പേർ മാത്രം ഭവനനിർമ്മാണം നടത്തുകയും 9 പേർ ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുകയും ചെയ്യിട്ടുള്ളുവെന്നും ബാക്കി 31 പേരും നാളിതുവരെ ഭവന നിർമ്മാണം നടത്തുകയോ,	ഓഡിറ്റിൽ സൂചിപ്പിച്ചിട്ടുള്ള 5 വർഷങ്ങളിലായി ഗ്രാമ പഞ്ചായത്ത് പരാമർശ പദ്ധതിയ്ക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 1) 2013-14 വർഷത്തിലെ ജനറൽ വിഭാഗത്തിൽ ഉൾപ്പെട്ടിരുന്ന 20 ഗുണഭോക്താക്കളിൽ 10 പേർ വീടുപണി പൂർത്തികരിക്കുകയും 6 പേർ ലൈഫ്-പി എം എ വൈ ലിസ്റ്റിൽ ഉൾപ്പെട്ട് വീട് പണി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യിട്ടുണ്ട്. 2 പേർ സാമ്പത്തിക പ്രശ്നം മൂലം വീടു വെക്കാൻ താത്പര്യമില്ലെന്ന് അറിയിക്കുകയും മറ്റ് രണ്ട് പേർ ലഭ്യമായ സ്ഥലത്ത് വീട് വെക്കുവാൻ താത്പര്യമില്ലെന്ന് അറിയിക്കുകയും ചെയ്യിട്ടുണ്ട്. 2) 2013-14 വർഷത്തിലെ എസ് സി വിഭാഗത്തിൽ ഉൾപ്പെട്ടിരുന്ന 5 ഗുണഭോക്താക്കളിൽ 4 പേർ വീട് പണി പൂർത്തീകരിക്കുകയും ഒരു ഗുണഭോക്താവ് വീട് പണി ആരംഭിക്കുകന്നതിനുള്ള നടപടികൾ

2

	പഞ്ചായത്തിന്റെ ഏതെങ്കിലും ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുകയോ ചെയ്തിട്ടില്ല.	ചെയ്ത് വരുകയാണെന്നും അറിയിച്ചിട്ടുണ്ട്. 3) 2014-15 വർഷത്തിലെ ജനറൽ വിഭാഗത്തിൽ ഉൾപ്പെട്ടിരുന്ന 8 ഗുണഭോക്താക്കളിൽ 5 പേർ വീട് പണി പൂർത്തീകരിക്കുകയും 3 പേരെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്താൻ വേണ്ടി സ്വന്തമായി റേഷൻകാർഡ് അടക്കമുള്ള രേഖകൾ തയ്യാറാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. 4) 2015-16 വർഷത്തിലെ ജനറൽ വിഭാഗത്തിൽ ഉൾപ്പെട്ടിരുന്ന 5 ഗുണഭോക്താക്കളിൽ 3 പേർ സ്വന്തമായി വീട് നിർമ്മിച്ചു. ഒരാൾക്ക് റേഷൻകാർഡ് സ്വന്തമായി ഇല്ലാത്തതിനാൽ ലൈഫ് ലിസ്ററിൽ ഉൾപ്പെടുത്താൻ സാധിച്ചില്ല. ഒരാൾ പി.എം.എ.വൈ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. 5) 2016-17 വർഷത്തിലെ എസ് സി വിഭാഗത്തിൽ ഉൾപ്പെട്ടിരുന്ന രണ്ട് ഗുണഭോക്താക്കളിൽ ഒരാൾ വീട് പണി പൂർത്തീകരിച്ചിട്ടുണ്ട്. മറ്റൊരു ഗുണഭോക്താവ് പെർമിറ്റ് എടുക്കുന്നതിനുവേണ്ട അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. 6) 2017-18 വർഷത്തിലെ എസ് സി വിഭാഗത്തിൽ ഉൾപ്പെട്ടിരുന്ന നാല് ഗുണഭോക്താക്കളിൽ ഒരു ഗുണഭോക്താവ് വീട് പണി പൂർത്തീകരിച്ചു. ഒരാൾ പി.എം.എ.വൈ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. ബാക്കി രണ്ട് ഗുണഭോക്താക്കളെ ലൈഫ് അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെടുത്തി ഭവനനിർമ്മാണ ആനുകൂല്യം നൽകുന്നതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
2	**<u>കൊരട്ടി ഗ്രാമ പഞ്ചായത്ത്</u>** എസ്.സി. അപ്പാർട്ട് മെന്റിന് വേണ്ടി സ്ഥലം വാങ്ങൽ -വാങ്ങിയ സ്ഥലത്തിന്റെ അനുയോജ്യത ഉറപ്പാക്കിയില്ല 41,05,830/-രൂപ തടസ്സപ്പെടുത്തുന്നു.	<u>റിപ്പോർട്ടുകൾ പരിഗണിച്ചിട്ടില്ല</u> 2 (1) ലൈഫ് മാനദണ്ഡ പ്രകാരം 50 സെന്റ് ഭൂമി വാങ്ങണമെന്നും , പ്രവേശന വഴിക്ക് വീതി കുറവുണ്ട് എന്നും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ളത് പരിഗണിച്ച് 12/01/2018 തിയ്യതിയിൽ ചേർന്ന ഭരണസമിതിയോഗം 1(2)- ാം നമ്പർ തീരുമാനപ്രകാരം സ്ഥലം

(a) പൊതുവിവരങ്ങൾ

പ്രോജക്ട് 220/18, എസ്.സി. അപ്പാർട്ട്മെന്റിന് വേണ്ടി സ്ഥലം വാങ്ങൽ. ചെലവ് - 41,05,830/-, നിർവ്വഹണം- അസിസ്റ്റന്റ് സെക്രട്ടറി

ഭൂരഹിതരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് അപ്പാർട്ടുമെന്റ് നിർമ്മിക്കുന്നതിനായി 15.08 ആർ (37.257 സെന്റ്) ഭൂമിയും അതിൽ ഉൾപ്പെടുന്ന 1400 ച.അടി ഭവനവും ശ്രീമതി വത്സ ടോമി, പുല്ലൻ, സർവ്വേ 169/1) എന്നയാളിൽ നിന്നും 37,25,700/- രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. വെബ്സൈറ്റിൽ പരസ്യം നൽകി 3 ക്വട്ടേഷൻ സ്വീകരിച്ചതിൽ നിന്നുമാണ് ഈ സ്ഥലം തെരഞ്ഞെടുത്തിട്ടുള്ളത്.

b) റിപ്പോർട്ടുകൾ പരിഗണിച്ചില്ല അനുയോജ്യത ഉറപ്പാക്കിയില്ല- മോണിറ്ററിംഗ് ഇല്ല.

i. ലൈഫ് മാനദണ്ഡങ്ങൾ പ്രകാരം 50 സെന്റ് ഭൂമി വാങ്ങണമെന്ന് സെക്രട്ടറിയുടെ റിപ്പോർട്ട് ഫയലിൽ ഉണ്ട്. എന്നാൽ ഈ റിപ്പോർട്ട് പരിഗണിച്ചില്ല. 38 സെന്റിൽ കുറവ് ഭൂമിയാണ് വാങ്ങിയത്.

ii. വാങ്ങിയ ഭൂമിയുടെ പടിഞ്ഞാറ് അതിര് റെയിൽവേ ലൈൻ ആകുന്നു. കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമാണ ചട്ടങ്ങൾ 2011, ചട്ടം 7(6) പ്രകാരം റെയിൽവേ അതിർത്തിയിൽ നിന്നും 30 മീറ്ററിനുള്ളിൽ കെട്ടിടം നിർമിക്കുന്നതിന് റെയിൽവേയിൽനിന്നും തടസ്സരഹിത സാക്ഷ്യപത്രം ആവശ്യമാണ്. അസിസ്റ്റന്റ് എഞ്ചിനീയർ ഈ വിവരം റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിർമാണ പരിശോധിച്ച് അനുയോജ്യത സംബന്ധിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് സ്റ്റിയറിംഗ് കമ്മറ്റിയെ ചുമതലപ്പെടുത്തി. ആയത് പ്രകാരം സ്ഥലപരിശോധന നടത്തിയ സ്റ്റിയറിംഗ് കമ്മിറ്റി 26/02/2018 ന് സ്ഥലം അനുയോജ്യമാണെന്നും സ്ഥലം വാങ്ങാവുന്നതാണെന്നും ഭരണസമിതിയോട് ശുപാർശ ചെയ്തിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ 50 സെന്റ് ഭൂമി സൗജന്യമായോ മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ വിലക്കോ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഭരണസമിതിയുടെ തീരുമാനപ്രകാരം 37.257 സെന്റ് ഭൂമി വാങ്ങുന്നതിന് അസിസ്റ്റന്റ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് സ്ഥലമെടുപ്പ് നടത്തിയിട്ടുള്ളത്.

അനുയോജ്യത ഉറപ്പാക്കിയില്ല

തൃശ്ശൂർ ജില്ലപഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ലൈഫ് മിഷൻ പ്രോജക്ട് ഡയറക്ടർ, എന്നിവർ നേരിട്ടു സ്ഥലപരിശോധന നടത്തിയ ശേഷം ലഭ്യമാക്കിയ ഗവ: പ്ലീഡറുടെ അനുയോജ്യത സാക്ഷ്യപത്രത്തിന്റെയും ജില്ലാ ഗവ.പ്ലീഡർ എന്നിവരുടെ ടൈറ്റിൽ ക്ലിയറൻസ് സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമായതിന്റെയും അടിസ്ഥാനത്തിലാണ് സ്ഥലം വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളത്. റെയിൽവേയിൽ നിന്നും എൻ.ഒ.സി ലഭ്യമായിട്ടുള്ളതിനാൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം അനുവദനീയമായ അളവിൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് നിലവിൽ ഭൂരഹിത ഭവന രഹിതരായിട്ടുള്ള 12 ഓളം എസ്.സി. ലൈഫ് മിഷൻ ഗുണഭോക്താക്കൾക്ക് താമസ സൗകര്യം ഏർപ്പെടുത്താൻ സാധിക്കുമെന്ന് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

	പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടുമോയെന്ന് റെയിൽവേയിൽ നിന്നും രേഖാമൂലം മുൻകൂറായി അന്വേഷണം നടത്തി, തടസ്സരഹിത സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ലൈഫ് മാനദണ്ഡങ്ങൾ പ്രകാരം ആവശ്യമായ ഭൂമിയിൽ കുറവാണ് വാങ്ങാനുദ്ദേശിക്കുന്നതെന്ന സെക്രട്ടറിയുടെ റിപ്പോർട്ട്, റെയിൽവേ അതിര്, വഴിയുടെ ലഭ്യതകുറവ്, ഭാവിയിലെ വികസന സാധ്യത ഇല്ലായ്മ എന്നിവ സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ നൽകിയ റിപ്പോർട്ടുകൾ നിർവ്വഹണോദ്യോഗസ്ഥൻ പരിശോധിക്കുകയോ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവയുടെ ശ്രദ്ധയിൽ കൊണ്ടുവരികയോ സ്ഥലത്തിന്റെ അനുയോജ്യതയെപ്പറ്റി രേഖാമൂലം ചർച്ചകൾ നടത്തി തീരുമാനങ്ങളെടുക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുകയോ ചെയ്തിട്ടില്ല. സ്റ്റീറിംഗ് കമ്മിറ്റി സ്ഥലം സന്ദർശിക്കുകയും സ്ഥലം പ്രോജക്റ്റ് നടപ്പാക്കാൻ അനുയോജ്യമാണെന്ന് റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ടെങ്കിലും സ്റ്റീറിംഗ് കമ്മിറ്റി യോഗം ചേർന്ന് സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരുടെ റിപ്പോർട്ട് പരിശോധിച്ചതായി കാണുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ ഈ പ്രോജക്റ്റിന്റെ നടത്തിപ്പ് മോണിറ്ററിംഗ് നടത്തിയതായും കാണുന്നില്ല. ഈ പ്രോജക്റ്റ് നടപ്പാക്കുന്നതിൽ മേൽ പ്രകാരം പഞ്ചായത്തിന് കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 40 ബി പ്രകാരം നിർദ്ദേശിക്കുന്ന financial propriety standards പാലിക്കുന്നതിന് സാധിച്ചിട്ടില്ല. **C)മറ്റ് പരാമർശങ്ങൾ/അപാകതകൾ**	മോണിറ്ററിംഗ് ഇല്ല പദ്ധതി നടത്തിപ്പ് സംബന്ധിച്ച നിലവിലെ മോണിറ്ററിംഗ് സമിതിയുടെ - (പട്ടിക ജാതി വർക്കിംഗ് ഗ്രൂപ്പ്) മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ളതാണ്. **2(2)** റെയിൽവേയിൽ നിന്നുള്ള തടസ്സരഹിത സാക്ഷ്യപത്രം മുൻകൂർ ആയി ലഭിക്കാൻ സാധ്യത ഇല്ലാത്തതാണ്. ഉടമസ്ഥതാ രേഖകൾ, നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ പ്ലാൻ എന്നിവ സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ എൻ.ഒ.സി ലഭ്യമാകുകയുള്ളൂ. നിലവിൽ റെയിൽവേ മന്ത്രാലയത്തിൽ നിന്നും എൻ.ഒ.സി ലഭിച്ചിട്ടുള്ളതാണ്. റെയിൽവേ അതിർത്തിയിൽ നിന്നും നിശ്ചിത അകലത്തിലുള്ള നിർമ്മാണങ്ങൾക്ക് നിരാക്ഷേപ പത്രം അനുവദിക്കുമ്പോൾ റെയിൽവേയുടെ ഭാവി വികസനത്തിന് ടി സ്ഥലം അക്വയർ ചെയ്യേണ്ടുന്ന അവസരത്തിൽ ടി സ്ഥലത്തെ നിർമ്മാണങ്ങൾക്ക് യാതൊരു നഷ്ടപരിഹാര തുകയും അനുവദിക്കുന്നതല്ല എന്ന് റെയിൽവേ പൊതുവായി വ്യവസ്ഥ ചെയ്തു വരുന്നതാണ്. റെയിൽവേയുടെ ഫ്യൂച്ചർ പ്ലാൻ ലൈനിൽ നിന്നും, അതിർത്തിയിൽ നിന്നും നിശ്ചിത അകലം പാലിച്ചാണ് കെട്ടിടത്തിന്റെ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത് **2(3)** സമീപ സ്ഥലമുടമയിൽ നിന്നും സ്ഥലം വിലയ്ക്കോ സൗജന്യമായോ ഏറ്റെടുത്ത് വഴിയുടെ വീതി വർദ്ധിപ്പിക്കാവുന്നതാണ്. നിലവിലെ വഴിയുടെ വീതി 3.2 പ്രകാരം ലൈഫ് മിഷന്റെ നർദ്ധഷ്ട അളവിലുള്ള 12 കുടുംബങ്ങൾക്ക് താമസ സൗകര്യം ഒരുക്കാവുന്നതാണ്. വഴിയുടെ വീതി 3.60 ആക്കുകയാണെങ്കിൽ കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരം 40 M^2 വീതം വിസ്തീർണ്ണമുള്ള 20

	i.ഈ സംയുക്ത പ്രോജക്ട് നടപ്പാക്കാൻ ജില്ലാ പഞ്ചായത്ത് 30,00,000/- രൂപ പഞ്ചായത്തിന് നൽകിയിട്ടുണ്ട്. സ്പെഷ്യൽ ടി.എസ്.ബി.യിൽ നിന്നും ജില്ല പഞ്ചായത്ത് വിഹിതമായി 24.25.700/- രൂപ പിൻവലിച്ച് സ്ഥലമുടമയ്ക്ക് നൽകിയിട്ടുണ്ട്. ഭൂമി വാങ്ങിയതിന്റെ വിലയും മറ്റ് ചെലവും ഉൾപ്പെടെ 41,05,830/- രൂപ 410100199 Land others' എന്ന ശീർഷകത്തിലേയ്ക്കാണ് ഉൾപ്പെടുത്തേണ്ടിയിരുന്നത്. എന്നാൽ രജിസ്ട്രേഷൻ, സ്റ്റാമ്പ് ഡ്യൂട്ടി ചെലവ് തുകയായ 3,72,630/- രൂപ മാത്രമേ ഈ ശീർഷകത്തിൽ ഉൾപ്പെടുത്തിയുള്ള 37,25,700/-രൂപ 240800101-Other financial expenses' എന്ന ചെലവ് ശീർഷകത്തിലും ആധാരം എഴുത്തുകൂലിയായ 7,500/- 412010101-Capital work in progress' എന്ന ശീർഷകത്തിലുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. iii. മേൽ പ്രകാരം ആസ്തി വാങ്ങിയത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.	കുടുംബങ്ങൾക്കുള്ള ഫ്ലാറ്റ് ആകെ 800 M^2 വിസ്തീർണ്ണത്തിൽ നിജപ്പെടുത്തി ഗ്രൗണ്ട് ഫ്ലോറിൽ മാത്രം നിർമ്മിക്കാനാവും കൂടാതെ ഇതേ രീതിയിൽ 3 നിലവരെ 2400m2 വിസ്തീർണ്ണത്തിൽ നിർമ്മാണം നടത്താവുന്നതാണ് എന്ന് നിലവിലെ അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥലം പരിശോധിച്ച് അഭിപ്രായപ്പെട്ടിട്ടുണ്ട്. **2(4)** 2018 ൽ വാങ്ങിയ ഭൂമി നാളിതുവരെയും വിനിയോഗിക്കാതെ നിഷ്ക്രിയ ആസ്തി ആയി തുടരുകയാണ്. ഇവിടെ ലൈഫ് ലിസ്റ്റിൽ ഇനിയും ഭൂരഹിത ഭവനരഹിതരായി തുടരുന്ന 20 ഓളം എസ്.സി കുടുബങ്ങൾക്ക് താമസസൌകര്യം ഒരുക്കാൻ സാധിക്കുമെന്ന് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. 3(1) ജില്ലാ പഞ്ചായത്ത് പദ്ധതി വിഹതത്തിൽ ബാക്കിയുള്ള തുക 5,74,300 രൂപ ROP ആയി ചാലക്കുടി സബ്ബ് ട്രഷറിയിൽ (അനുവദിച്ച 3000000/- രൂപയിൽ STSB യിൽ നിന്നും സ്ഥലമുടമയ്ക്ക് നൽകിയ 2425700/- രൂപ കഴിച്ച് ബാക്കി 574300/-രൂപ) 28.03.2019 തീയതിയിൽ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ചിട്ടുണ്ട്. **3(2).** ഭൂമി വാങ്ങിയ വിലയും രജിസ്ട്രേഷൻ ഫീ , സ്റ്റാമ്പ് ഡ്യൂട്ടി എന്നിവ ഉൾപ്പെടെ മുഴുവൻ ചെലവ് തുകയായ 41,05,830/- രൂപ മൂലധന ചെലവായി 415120101 other building – Land എന്ന ഹെഡ്ഡിലേക്ക് (നിലവിലെ സാംഖ്യ) മാറ്റി ക്രമീകരിച്ചിട്ടുണ്ട്. **3(3).** പദ്ധതി പ്രകാരം വാങ്ങിയ ഭൂമി കൊരട്ടി ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
6	<u>കടവല്ലൂർ ഗ്രാമപഞ്ചായത്ത്</u>	കടവല്ലൂർ ഗ്രാമപഞ്ചായത്തിലെ നായാടി കോളനിയിലെ

	നായാടി വിഭാഗത്തിന്റെ സാമൂഹിക, സാമ്പത്തിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുന്നില്ല. കോട്ടോൽ നായാടിക്കോളനിയിൽ ഏകദേശം 26 കുടുംബങ്ങൾ താമസിക്കുന്നു. ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടുവരുന്നതിനായി കഴിഞ്ഞ 5 വർഷങ്ങളായി യാതൊരു പദ്ധതിയും ആവിഷ്കരിച്ച് നടപ്പാക്കാൻ പഞ്ചായത്തിനായിട്ടില്ല. പട്ടികജാതി വിഭാഗക്കാർക്കായി നിരവധി പദ്ധതികൾ പഞ്ചായത്ത് നടപ്പാക്കാറുണ്ടെങ്കിലും ഇവയിലൊന്നും ഈ വിഭാദത്തെ ഉൾപ്പെടുത്താറില്ല. (1) ഈ വിഭാഗത്തിലെ പുരുഷന്മാരിൽ അധികവും ലഹരിക്ക് അടിമപ്പെട്ടവരും നിരക്ഷരരുമാണ്. (2) ഇവർക്കായി നിർമ്മിച്ച നല്കിയ വീടിന്റെ തറഭാഗം മഴക്കാലത്ത് പൂർണ്ണമായും വെള്ളത്തിൽ മുങ്ങും. (3) അവിടത്തെ കമ്മ്യൂണിറ്റി ഹാളിൽ വൈദ്യുതി കണക്ഷൻ, വെള്ളത്തിനുള്ള സൗകര്യം എന്നിവയില്ല. ജനാലകൾ തകർന്ന സ്ഥിതിയിലാണ്. ഇവിടെ സ്ഥാപിക്കാനായി മുൻപ് വാങ്ങിയ ടിവി സെറ്റ് ഇപ്പോഴും സ്ഥാപിച്ചിട്ടില്ല. (4)ഈ വിഭാഗത്തിലെ സ്ത്രീകളെ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തിയിട്ടില്ല. പൊതു സമൂഹത്തിലെ മുഖ്യധാരയിലേക്ക് ഇവരെ എത്തിക്കുന്നതിനുവേണ്ടി പഞ്ചായത്തിന്റേയും മറ്റു പൊതു ആഘോഷ പരിപാടിയിലും ഇവരെ പങ്കെടുപ്പിക്കാവുന്നതും, ഡീ അഡിക്ഷൻ, കൗൺസലിംഗ് പോലുള്ള പരിപാടികളിലൂടെ ഇവരെ ബോധവത്കരിക്കാൻ ജനപങ്കാളിത്തത്തോടെയുള്ള	സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും വളരെയധികം പിന്നോക്കാവസ്ഥയിലുള്ള ജനങ്ങളെ പൊതു സമൂഹത്തിൽ ഇടപെടാൻ പ്രാപ്തരാക്കുന്നതിനും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടുവരുന്നതിനും പഞ്ചായത്തിന്റെ ഭാഗത്തുനിന്നും നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. പട്ടിക ജാതി വിഭാഗത്തിനായി നടപ്പിലാക്കിയ സൈക്കിൾ വിതരണത്തിന് യോഗ്യരായ അപേക്ഷകർ നായാടി കോളനിയിൽ ഇല്ലാതിരുന്നതിനാൽ പ്രസ്തുത പദ്ധതിയിൽ ഇവരെ ഉൾപ്പെടുത്താൻ കഴിഞ്ഞിരുന്നില്ല. ഈ വിഭാഗത്തിൽ ഉൾപ്പെട്ട കുട്ടികളെ നിർബന്ധിച്ച് സ്കൂളിൽ ചേർത്താൽ കുറച്ച് കാലം മാത്രം സ്കൂളിൽ പോകുകയും പിന്നീട് പഠനം ഉപേക്ഷിക്കുകയും ചെയ്യുന്ന അവസ്ഥയാണ് കണ്ടുവരുന്നത്. ഈ അവസ്ഥ പരിഹരിക്കുന്നതിനായി കൗൺസിലിംഗ്, മോട്ടിവേഷൻ ക്ലാസ്സുകൾ എന്നിവ നൽകി വരുന്നുണ്ട്. വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് പരമാവധി കുട്ടികളെ സ്കൂളിലേക്ക് അയക്കുന്നതിന് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ ഭാഗമായി പഠന മുറിക്കുള്ള ആനുകൂല്യം 6 പേർക്ക് പട്ടികജാതി വികസന വകുപ്പിൽ നിന്നും നൽകിയിട്ടുള്ളതാണ്. ലാപ്പ്ടോപ്പ് വിതരണം നടത്തുന്നതിന് യോഗ്യരായ വിദ്യാർത്ഥികൾ ലഭ്യമല്ലാതിരുന്നതിനാൽ പ്രസ്തുത പദ്ധതിയിൽ ഈ വിഭാഗത്തെ ഉൾപ്പെടുത്താൻ സാധിച്ചിരുന്നില്ല. പട്ടികജാതി വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പഠനോപകരണങ്ങൾ ടി കോളനിയിലെ വിദ്യാർത്ഥികൾക്ക് നൽകിയിട്ടുള്ളതാണ്. ഈ വിഭാഗത്തിലെ പുരുഷൻമാർ അധികവും ലഹരിക്ക്

	പദ്ധതികൾ ആവിഷ്കരിക്കാവുന്നതുമാണ്.	അടിമപ്പെട്ടവരും, നിരക്ഷരുമാണ്. ഇവർക്ക് എക്സൈസ് വകുപ്പും ലീഗൽ സർവ്വീസുമായി ബന്ധപ്പെട്ട് ബോധവല്ക്കരണം നടത്തുകയും ചെയ്തിട്ടുള്ളതാണ്. അവിടത്തെ കമ്മ്യൂണിറ്റി ഹാൾ പുനരുദ്ധാരണത്തിന് 2024-2025 വാർഷികപദ്ധതിയിൽ പ്രൊജെക്റ്റ് നമ്പർ 327/25 പ്രകാരം കോട്ടോൽ കമ്മ്യൂണിറ്റി ഹാൾ പുനരുദ്ധാരണം എന്ന പദ്ധതി രൂപീകരിക്കുകയും നടപടികൾ സ്വീകരിച്ച് വരുകയും ചെയ്തുവരുന്നു. കോളനിയിലെ കുറച്ചുപേർ തൊഴിൽ കാർഡ് എടുത്തുവെങ്കിലും തൊഴിൽ ചെയ്യുന്നതിന് ആരും തന്നെ സന്നദ്ധരാവുന്നില്ല. കുടുംബശ്രീ മുഖാന്തിരം യൂണിറ്റുകൾ രൂപീകരിച്ചുവെങ്കിലും പിന്നീട് അതിന്റെ തുടർ നടത്തിപ്പ് പ്രവർത്തനങ്ങൾ സാധ്യമാകുന്നില്ല. ആയതിനാൽ തന്നെ ഹരിതകർമ്മസേനയിൽ ഉൾപ്പെടുത്തി ജീവനോപാധി നൽകുന്നതിനും സാധ്യമാകുന്നില്ല. പഞ്ചായത്തിന്റെ അതിദരിദ്രർ പട്ടികയിൽ ഉൾപ്പെടുത്തി പട്ടികജാതി വികസനവകുപ്പിൽ നിന്നും ഒരാൾക്ക് സ്ഥലവും, വീടും ലഭ്യമായിട്ടുണ്ട്. കോട്ടോൽ കുടിവെള്ളപദ്ധതിയിൽ നിന്ന് പൈപ്പ് കണക്ഷൻ വഴിയായി ടി കോളനിയിലേക്ക് കുടിവെള്ളം എത്തിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2024-2025 വാർഷികപദ്ധതിയിൽ ടി കോളനിയിൽ വാട്ടർ പ്യൂരിഫയർ സ്ഥാപിക്കുന്നതിന് 45,000/ രൂപയുടെ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. മോട്ടോർ സ്ഥാപിച്ച് കുടിവെള്ള സൗകര്യം ഒരുക്കുന്നതിന് 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നായാടി കോളനിയിലേക്ക് സഞ്ചാരയോഗ്യമായ റോഡ് നിർമ്മിച്ച് വഴി പ്രശ്നത്തിന് ശാശ്വതമായ പരിഹാരം കാണുന്നതിന് റോഡ് നിർമ്മാണത്തിനുള്ള പ്രവർത്തനങ്ങൾ ത്വരിത ഗതിയിൽ നടന്നുവരികയാണ്.പ്രസ്തുത ഭൂമി നിലമായതിനാൽ തരം മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.ടി റോഡിന്

			ജില്ലാപഞ്ചായത്ത് 18 ലക്ഷം രൂപ 2024-2025 വാർഷികപദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. കടവല്ലൂർ ഗ്രാമപഞ്ചായത്തിലെ 2007-2008 ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി നായാടി കോളനി ദത്തെടുക്കൽ ഭവനനിർമ്മാണം പദ്ധതിയിൽ നിർമ്മിതി മുഖേന ഭവനങ്ങൾ നിർമ്മിച്ച നൽകിയിട്ടുള്ളതാണ്. വരും വർഷങ്ങളിലും വാർഷികപദ്ധതി രൂപീകരണ വേളയിൽ പാർശ്വവൽക്കരിക്കപ്പെട്ട ടി.സമൂഹത്തെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണെന്നും ഡി അഡിക്ഷൻ കൗൺസിലിംഗ് പോലുള്ള ബോധവത്കരണ പരിപാടികൾ തുടർന്നും നടത്തുന്നതാണെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	<u>കോഴിക്കോട് ജില്ല</u>		

1	<u>കായക്കൊടി ഗ്രാമപഞ്ചായത്ത്</u> <u>തുടങ്ങാത്ത പ്രവൃത്തികൾക്ക് ടാർ വിതരണം ചെയ്തു- 2,21,269/- രൂപ നഷ്ടപ്പെട്ടു</u> <u>(a) പ്രവൃത്തികളിലെ അപാകതകളും നിലവിലെ അവസ്ഥയും</u> <u>1. മുക്കിൽ പീടിക പുളക്കൽ റോഡ് 60/17</u> ടാറിംഗ് പ്രവൃത്തി പൂർത്തീകരിച്ചെങ്കിലും പ്രവൃത്തി അളവെടുത്തിട്ടില്ല. വേണ്ട അളവിൽ ടാർ ഉപയോഗിക്കാത്തതിനാൽ റോഡ് പലയിലത്തും മെറ്റൽ ഇളകിയ നിലയിലാണ്. അസി. എഞ്ചിനീയർ പ്രവൃത്തിക്ക് മേൽനോട്ടം വഹിച്ചിട്ടില്ല. <u>2.. ദേവർകോവിൽ പൂക്കാട് റോഡ്</u> വെറ്റ് മക്സ് മക്കാഡം പ്രവൃത്തി നടത്തിയത് മെറ്റൽ ഇളകിമാറിയിട്ടുണ്ട്. പവൃത്തി അളവെടുത്തിട്ടില്ല. <u>3. കൊയിറ്റിക്കണ്ടി റോഡ് 75/17</u> ടാറിംഗ് പ്രവർത്തി പൂർത്തീകരിച്ചെങ്കിലും പ്രവൃത്തി അളവെടുത്തിട്ടില്ല. വേണ്ട അളവിൽ ടാർ ഉപയോഗിക്കാത്തതിനാൽ റോഡ് പലയിടത്തും മെറ്റൽ ഇളകിയ നിലയിലാണ്. അസി.എഞ്ചിനീയർ പ്രവൃത്തിക്ക് മേൽനോട്ടം വഹിച്ചിട്ടില്ല. <u>4. ഈന്തുള്ളതറ കട്ടിപ്പാറ റോഡ് 52/17</u> പ്രവൃത്തി നാളിതുവരെ ആരംഭിച്ചിട്ടില്ല. നിലവിൽ സോളിംഗ്	ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആയിരുന്ന സുമേഷ് അവധി ആയിരുന്നതിനാൽ ചാർജ്ജ് ഏറ്റെടുത്തത് അസി. സെക്രട്ടറി ആയിരുന്ന ഒ ബാബു ആണ് കരാറുകാർക്ക് ടാർ വിതരണം നടത്തിയത്. കരാറുകാരനായ സുകേഷ് പി സി യോട് പദ്ധതി പൂർത്തീകരിക്കാൻ ഭരണ സമിതി നേരിട്ട് വിളിച്ച് വരുത്തി ആവശ്യപ്പെട്ടിരുന്നു. പല കത്തിടപാടുകളും ഇത് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് നടത്തിയിട്ടുണ്ട്. മുക്കിൽ പീടിക പുഴക്കൽ റോഡ് കൊഴിറ്റിക്കണ്ടി റോഡ് എന്നീ പ്രവൃത്തികൾ പൊട്ടിപ്പൊളിഞ്ഞുപോയതിനാൽ ടാർ തുക ഈടാക്കാൻ ഓഡിറ്റ് ഓഫീസിൽ നിന്നും അറിയിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 13-11-2017 തിയ്യതിയിൽ രജിസ്റ്റേഡ് നോട്ടീസ് അയക്കുകയും ആയതിന് മറുപടിയായി പൊട്ടിപ്പൊളിഞ്ഞ റോഡ് സ്വന്തം ഉത്തരവാദിത്വത്തിൽ ചെയ്യാമെന്ന് 21-11-2017 തിയ്യതി ടിയാന് പഞ്ചായത്ത് ഓഫീസിൽ രേഖാമൂലം അറിയിച്ചിരുന്നു. ആയത് സംബന്ധിച്ച് പ്രവൃത്തി അസിസ്റ്റൻറ് എൻജിനീയറുടെ മേൽനോട്ടത്തിൽ പൂർത്തീകരിക്കാൻ ടിയാനോട് പലപ്പോഴായി ആവശ്യപ്പെട്ടിട്ടും ടിയാന്റെ ഭാഗത്ത് നിന്നും യാതൊരു നടപടിയും ഉണ്ടായിട്ടില്ല. മേൽപ്പറഞ്ഞ രണ്ട് പ്രവർത്തിക്കും കൂടി ഇതുവരെ 1,37,494/- രൂപ റിക്കവറി നടത്തിയിട്ടുണ്ട്. ടിയാൻ വർക്ക് ആരംഭിക്കാത്ത പദ്ധതിയായ ഈന്തുള്ള തറ കട്ടിപ്പാറ റോഡ് വർക്ക് പൂർത്തിയാകാത്ത ദേവർകോവിൽ പൂക്കാട് റോഡ് എന്നീ പ്രവർത്തികൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കുമെന്ന് ടിയാൻ ആദ്യഘട്ടത്തിൽ അറിയിച്ചിരുന്നു. എന്നാൽ ഇത് സംബന്ധിച്ച യാതൊരു നടപടിയും ടിയാന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല മാത്രവുമല്ല ഈന്തുള്ള തറ കട്ടിപ്പാറ റോഡ് പ്രവർത്തി ആരംഭിക്കാൻ കഴിയില്ലെന്ന് ടിയാൻ പഞ്ചായത്തിൽ അറിയിച്ചിരുന്നു. മാർച്ച് മാസം

കഴിഞ്ഞ റോഡാണ്. (b) അപാകതകളിലേക്ക് നയിച്ച കാരണങ്ങൾ I. പ്രവൃത്തികൾക്ക് കരാർ വയ്ക്കുമ്പോഴും ആവശ്യമായ ടാർ വിതരണം ചെയ്യുമ്പോഴും താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട എഞ്ചിനീയറാണ് സ്ഥാപനത്തിലുണ്ടായിരുന്നത്. ഇതുകൊണ്ട് തന്നെ പ്രവൃത്തികൾക്ക് കരാർവച്ചതും ടാർ വിതരണം ചെയ്തതും സെക്രട്ടറിയാണ്. ക്രമ. നം 4 ഒഴികെയുള്ള പ്രവൃത്തികൾ ചെയ്തെങ്കിലും ഇത് എഞ്ചിനീയറുടെ മേൽനോട്ടത്തിലല്ലെന്നും ഇവ അളവെടുത്തിട്ടില്ലെന്നും റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. എഞ്ചിനീയറുടെ യാതൊരു നിർദ്ദേശവും ഇല്ലാതെയാണ് ടാർ വിതരണം ചെയ്തിരിക്കുന്നത്. ഇതിൽ നിന്നും പ്രവൃത്തികളുടെ പുരോഗതി വിലയിരുത്താതെ തുടങ്ങാത്ത പ്രവൃത്തികൾക്കും ടാർ വിതരണം ചെയ്യുന്ന സ്ഥിതിവിശേഷമുണ്ടായി. ii. ബജറ്റ് വിഹിതം നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിന് മാർച്ച് മാസത്തിൽ അനാവശ്യ തിടുക്കം കാണിച്ച് വാങ്ങലുകൾ നടത്തി തുക ചെലവഴിക്കരുതെന്ന് കെ.എഫ്.സി ആർട്ടിക്കിൾ 4(c) യിൽ വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ ഇതു പരിഗണിക്കാതെ അനാവശ്യ തിടുക്കത്തിലാണ് ടാർ വാങ്ങിയതെന്ന് വ്യക്തമാണ്. iii പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പ്രൊജക്ട് മോണിറ്ററിംഗിൽ വരുത്തിയ വീഴ്ചയാണ് അപാകതയ്ക്കുള്ള മറ്റൊരു പ്രധാന കാരണം. പ്രവൃത്തികളുടെ പുരോഗതി, മെറ്റീരിയലിന്റെ ആവശ്യകത,	അവസാനമാണ് ടിയാൻ അറിയിച്ചതിനാൽ ഗ്രാമപഞ്ചായത്തിന് ടെൻഡർ നടപടി ആരംഭിക്കാൻ കഴിഞ്ഞില്ല. സ്പിൽ ഓവർ പദ്ധതിയായതിനാൽ ഗ്രാമപഞ്ചായത്തിന് ഫണ്ട് നഷ്ടമാവുകയും ചെയ്തിട്ടുണ്ട്. ദേവർകോവിൽ പൂക്കാട് റോഡ് പൂർത്തിയാക്കാമെന്ന് 19- 4- 2018 തീയതി കുന്നമ്മൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ സാന്നിധ്യത്തിൽ ചേർന്ന യോഗത്തിൽ ടിയാൻ അറിയിച്ചിരുന്നു. അന്നേദിവസം തന്നെ ടിയാൻ തന്ന കത്തിന് വിപരീതമായ ടിയാൻ ആരംഭിക്കാൻ കഴിയില്ലെന്ന് അറിയിച്ച ഈന്തുള്ള തറകെട്ടിപ്പാറ റോഡ് പ്രവർത്തി 23- 4- 18 തീയതി തന്നെ ആരംഭിക്കാം എന്ന് അറിയിച്ചെങ്കിലും ടിയാൻ ഇത് സംബന്ധിച്ച ഒരു നടപടിയും ആരംഭിച്ചിട്ടില്ല. ടിയാൻ ഏറ്റെടുത്ത പദ്ധതികളിൽ ഗ്രാമപഞ്ചായത്തിന് നഷ്ടമായ മുഴുവൻ തുകയും ടിയാനിൽ നിന്നും ഈടാക്കിയിട്ടുള്ളതും കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കിയിട്ടുള്ളതുമാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

	കൈപ്പറ്റിയ മെറ്റീരിയലിന്റെ ഉപയോഗം എന്നിവ വിലയിരുത്താൻ ഈ മേൽനോട്ട സംവിധാനങ്ങൾക്ക് കഴിഞ്ഞില്ല. **(c) <u>അപാകതയുള്ള ഉത്തരവാദിത്വം</u>** ടാർ വാങ്ങുന്നതിന്റെയും വിതരണം ചെയ്യുന്നതിന്റെയും ഉത്തരവാദിത്തം അസി.സെക്രട്ടറിയെ ഏൽപ്പിക്കുന്നതായി ഭരണസമിതി 23, 3.17 തീയതിയിൽ 446/16-17 നമ്പരായി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ ടാർ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ടാർ കൈപ്പറ്റിയതും വിതരണം ചെയ്തതും അസി. സെക്രട്ടറിയായ ശ്രീ.ഒ.ബാബു സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. പ്രവൃത്തികളുടെ മേൽനോട്ടച്ചുമതലയുള്ള എഞ്ചിനീയറുടെ നിർദ്ദേശമില്ലാതെ യഥേഷ്ടം ടാർ നല്കുന്നതിലേക്ക് ഇത് നയിച്ചു. ഫണ്ട് നഷ്ടത്തിനുള്ള ഉത്തരവാദി അസി. സെക്രട്ടറിയാണെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു.	
2	<u>നടുവണ്ണൂർ ഗ്രാമ പഞ്ചായത്ത്</u> <u>വാണിജ്യാവശ്യത്തിനുള്ള കെട്ടിട നിർമ്മാണ പെർമിറ്റ് ഉപയോഗിച്ച് ആരാധനാലയം നിർമ്മിച്ചു.</u> വാണിജ്യാവശ്യത്തിനുള്ള രണ്ട് നില കെട്ടിട നിർമ്മാണത്തിന് എ.പി. അബൂബക്കർ മുസല്യാർ,	നടുവണ്ണൂർ വില്ലേജിൽ നടുവണ്ണൂർദേശത്ത് റി.സർവ്വെ 103/3 എ യിൽപ്പെട്ട സ്ഥലത്ത് ശ്രീ.ഐ.പി. അബൂബക്കർ മുസ്ല്യാർ എന്നയാൾക്ക് ബിഎൽ/4648/16 തിയ്യതി 16/06/2016 പ്രകാരം വാണിജ്യാവശ്യത്തിനുള്ള കെട്ടിട നിർമ്മാണത്തിനാണ് അനുമതി നൽകിയിരുന്നത്. കെട്ടിട നമ്പർ അനുവദിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചതനുസരിച്ച് അസിസ്റ്റന്റ് എഞ്ചിനിയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വാണിജ്യ ആവശ്യത്തിനായി ഒക്യുപൻസി

	പ്രസിഡണ്ട്, ജാമിഅടമർക്കസ് സഖാഫത്തി സുന്നിയ്യ എന്നയാൾക്ക് 16.06.2016 ൽ ബി.എൽ/4648/16 നമ്പറായി പഞ്ചായത്ത് പെർമിറ്റ് അനുവദിച്ച കെട്ടിട നിർമ്മാണം സംബന്ധിച്ച് 08.02.17 ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിക്ക് ലഭിച്ച പരാതിയിന്മേൽ സെക്രട്ടറി, ക്ലർക്ക് എന്നിവർ പരിശോധന നടത്തിയതിൽ മതാരാധനാലയത്തിന്റെ മാതൃകയിലാണ് കെട്ടിടം നിർമ്മിച്ചിരിക്കുന്നതെന്നു കണ്ടെത്തി. അസിസ്റ്റന്റ് എഞ്ചിനീയറുടെ പരിശോധനാ റിപ്പോർട്ടിലും പെർമിറ്റിൽ നിന്നും വ്യതിചലിച്ചാണ് നിർമ്മാണമെന്ന് വ്യക്തമാക്കിയിരുന്നു. 27.11.2017 ന് സമർപ്പിച്ച കംപ്ലീഷൻ പ്ലാൻ പ്രകാരം പെർമിറ്റിൽ നിന്നും വ്യത്യസ്തമായ പ്ലാനാണ് സമർപ്പിക്കപ്പെട്ടിട്ടുള്ളത്. മേൽ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിന് താഴെ പറയുന്ന വീഴ്ചകൾ സംഭവിച്ചിട്ടുണ്ട്. i. പെർമിറ്റ് അനുവദിച്ചതിൽ നിന്നും വ്യത്യസ്തമായ അളവിലും ഘടനയിലും ആണ് നിർമ്മാണം നടന്നിട്ടുള്ളത്. സ്ഥല പരിശോധന നടത്തിയ സാങ്കേതിക വൈദഗ്ധ്യമുള്ള അസിസ്റ്റന്റ് എഞ്ചിനീയർക്ക് കെട്ടിടം വാണിജ്യാവശ്യത്തിനല്ല നിർമ്മിക്കുന്നതെന്ന് തിരിച്ചറിയാൻ സാധിച്ചില്ല. പെർമിറ്റിൽ നിന്നുംവ്യതിചലിച്ചുള്ള നിർമ്മാണം നിർത്തിവെയ്ക്കുന്നതിനോ വ്യതിയാന പ്ലാൻ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകുന്നതിനോ പഞ്ചായത്ത് തയ്യാറായില്ല. പകരം	സർട്ടിഫിക്കറ്റും കെട്ടിടനമ്പറും അനുവദിക്കുകയുണ്ടായി. കെട്ടിടം ആരാധനാലയമായി ഉപയോഗിക്കാൻ സാധ്യതയുണ്ടെന്ന പരാതിയുടെ അടിസ്ഥാനത്തിൽ നടത്തിയ ഫിൽഡ് പരിശോധനയിൽ കെട്ടിടം തരംമാറ്റി ആരാധനാലയമായി ഉപയോഗിക്കുന്നുണ്ടെന്ന് ബോധ്യപ്പെട്ടതിനാൽ കൈവശഗണം മാറ്റുന്നതിന് നിയമപരമായ അപേക്ഷ സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 13/2/2018 ന് ബി2-8718/18 നമ്പറായി അപേക്ഷ സമർപ്പിക്കുകയും ആയത് അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ചതിൽ 10 ഓളം ന്യൂനതകളുള്ളതിനാൽ അനുമതി നൽകാൻ കഴിയില്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്. ആയതുപ്രകാരം കേരളപഞ്ചായത്ത് രാജ് ചട്ടം 235 ഡബ്ല്യു പ്രകാരം കെട്ടിടം പൊളിച്ചുമാറ്റുന്നതിന് നൽകിയ താല്ക്കാലിക ഉത്തരവ് സ്ഥിരപ്പെടുത്തി നൽകിയിട്ടുള്ളതുമാണ്. ആയതിനെതിരെ ടിയാൻ കൊയിലാണ്ടി മുൻസിഫ് കോടതിയിൽ OSND 184/2023 നമ്പറായി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 30/4/2024 ന് കൈവശഗണം മാറ്റുന്നതിന് ടിയാൻ വീണ്ടും അപേക്ഷ സമർപ്പിച്ചതിൽ ന്യൂനതപരിഹരിക്കുന്നതിന് 31/05/24 ന് കത്ത് നൽകി. തുടർന്ന് 13/02/2025 ന് കൈവശഗണം മാറ്റുന്നതിന് ടിയാൻ അപേക്ഷ സമർപ്പിച്ച എ 1 ഒക്യൂപെൻസിയിൽ ഉൾപ്പെട്ട വാണിജ്യാവശ്യത്തിനുള്ള കെട്ടിടം മതപരമായ ആവശ്യങ്ങൾക്കുള്ള ഗ്രൂപ്പ് ഡി യിലേക്ക് മാറ്റുന്നതിനും അധികമായി നിർമ്മിച്ച 134.64 ച.മീറ്റർ ക്രമവത്ക്കരിക്കുന്നതിനുമാണ് അപേക്ഷ സമർപ്പിച്ചത്. ആയതിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റേയും ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനത്തിന്റേയും അടിസ്ഥാനത്തിൽ നിയമാനസൃതമുള്ള ഫീസ് ഈടാക്കി കെട്ടിടത്തിന്റെ ഉപയോഗ ക്രമം മാറ്റി നൽകിയിട്ടുണ്ടെന്ന് തദ്ദേശ

	മുദ്രപത്രത്തിൽ സത്യവാങ്മൂലം വാങ്ങി കെട്ടിടത്തിന് നമ്പർ അനുവദിക്കുകയാണുണ്ടായത്. ii. പ്ലാൻ തയ്യാറാക്കി സമർപ്പിച്ച ബിൽഡിംഗ് സൂപ്പർവൈസർ കെട്ടിട ഉടമ എന്നിവർ വാണിജ്യാവശ്യത്തിനുള്ള പെർമിറ്റിന്റെ മറവിൽ ജില്ലാ കളക്ടറുടെ മുൻകൂർ അനുമതി വാങ്ങാതെ ആരാധനാലയം നിർമ്മിക്കുകയാണ് ചെയ്തിട്ടുള്ളത്. പഞ്ചായത്തിനെ തെറ്റിദ്ധരിപ്പിച്ച് നിർമ്മാണം നടത്തിയ കെട്ടിട ഉടമക്കെതിരെ 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 150 പ്രകാരം നിയമ നടപടി സ്വീകരിച്ചില്ല. 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 144 പ്രകാരമുള്ള ഉത്തരവാദിത്തം നിർവഹിക്കാത്തതിന് ബിൽഡിംഗ് സൂപ്പർവൈസർക്കെതിരെയും നടപടികൾ സ്വീകരിച്ചിട്ടില്ല. ii. കെട്ടിടം ആരാധനാലയമായി ഉപയോഗിക്കുന്നതിനുള്ള ഉടമയുടെ അപേക്ഷ ജില്ലാകളക്ടർക്ക് അനുമതിക്കായി കൈമാറും മുൻപ് കെട്ടിടം സമ്മേളന വിനിയോഗ കെട്ടിടങ്ങൾക്കുള്ള ചട്ടങ്ങൾ പാലിക്കുന്നുണ്ടോ എന്നത് പരിശോധിച്ചിട്ടില്ല. വാണിജ്യാവശ്യത്തിനുള്ള പെർമിറ്റിന്റെ മറവിൽ ഗ്രാമപഞ്ചായത്തിനെ തെറ്റിദ്ധരിപ്പിച്ച്, ചട്ടപ്രകാരമുള്ള മുൻകൂർ അനുമതികൾ നേടാതെ ആരാധനാലയം നിർമ്മിച്ച് ആയത് ക്രമവത്കരിക്കുന്നതിനുള്ള ശ്രമമാണ് നടന്നിട്ടുള്ളത്.	സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
3	<u>കൊയിലാണ്ടി നഗരസഭ</u> <u>റിംഗ് കംപോസ്റ്റ്- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ</u>	**<u>കൊയിലാണ്ടി നഗരസഭ</u>** കൊയിലാണ്ടി നഗരസഭയിലെ മുഴുവൻ വീടുകളിലേയും ഗാർഹിക ജൈവമാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിന്

	2016-17 ൽ 127/17 നമ്പറായി ആവിഷ്കരിച്ച് 2017-18 ൽ 174/2018 നമ്പർ സ്പിൽ ഓവറായി നിർവ്വഹണം നടത്തിയ പദ്ധതി മുഖേന 1955 ഗുണഭോക്താക്കൾക്ക് 43,30,325/- രൂപ സബ്സിഡി നൽകിയിട്ടുണ്ട്. 2016-17 ൽ 127/17 നമ്പറായി 93,75,000/- രൂപ ശുചിത്വ മിഷനിൽ നിന്നും 18,75,000/- രൂപധനകാര്യ കമ്മീഷൻ ഗ്രാന്റായും12,50,000/- രൂപ ഗുണഭോക്തൃ വിഹിതവും വകയിരുത്തിയാണ് പദ്ധതി ആരംഭിച്ചിട്ടുള്ളത്. 14,02,2017 ലെ 7ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ശുചിത്വമിഷനിൽ നിന്നും ഫണ്ട് ലഭിക്കാൻ സാദ്ധ്യതയില്ലെന്ന നിഗമനത്തിൽ പദ്ധതി 2100 ഗുണഭോക്താക്കൾക്ക് 47,25,000/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാൻറും 5,25,000 രൂപ ഗുണഭോക്തൃവിഹിതവും വകയിരുത്തി പദ്ധതി റിവൈസ് ചെയ്തു. ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 21.02.2017 ലെ 201/സി2/2008/എസ്.എം. നമ്പർ നടപടി ക്രമം മുഖേന പദ്ധതിയുടെ ഒന്നാംഘട്ടമായി 2000 ഗുണഭോക്താക്കൾക്ക് ആദ്യ ഗഡുവായി 22,50,000/- രൂപഅനുവദിച്ച് ഉത്തരവായിരുന്നു. ആയത് പരിഗണിക്കാതെ 09.03.2017 ലെ 20-ാം നമ്പർ തീരുമാനപ്രകാരം 2367 ഗുണഭോക്താക്കൾക്കായി 53,25,000/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റും 750/- രൂപ തനത് ഫണ്ടും 5,91,750/- രൂപ ഗുണഭോക്തൃ വിഹിതവും വകയിരുത്തി പദ്ധതി വീണ്ടും പരിഷ്കരിച്ചു. 14.03.2017 ലെ ടെണ്ടർ നടപടിയിലൂടെ റിംഗ് കമ്പോസ്റ്റ് യൂണിറ്റിന് 2,465/- രൂപനിരക്കിൽ റെയ്ഡ്കോ കോഴിക്കോടിനെ സേവനദാതാവായി നിശ്ചയിക്കുകയും 30.03.2017	സംവിധാനമൊരുക്കുക എന്ന ലക്ഷ്യത്തോടെയാണ് 2016-17 വർഷത്തിൽ നഗരസഭ റിംഗ് കമ്പോസ്റ്റ് പദ്ധതി ആവിഷ്കരിച്ചത്. ശുചിത്വമിഷൻ വിഹിതം യഥാസമയം ലഭിക്കാതിരുന്നതിനെ തുടർന്നുണ്ടായ കാലതാമസം മൂലമാണ് പ്രസ്തുത വർഷം പദ്ധതി നടപ്പിലാക്കാൻ കഴിയാതെപോയത്. സാമ്പത്തിക വർഷാവസാനമായിട്ടും ഫണ്ട് ലഭിക്കാതിരുന്ന സാഹചര്യത്തിലും അന്വേഷണത്തിൽ ഫണ്ട് ലഭിക്കാനിടയില്ലെന്ന് ശുചിത്വമിഷനിൽ നിന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിലുമാണ് ശുചിത്വമിഷൻ ഫണ്ട് ഒഴിവാക്കി ധനകാര്യ കമ്മീഷൻ ഗ്രാൻറും ഗുണഭോക്തൃ വിഹിതവും ഉൾപ്പെടുത്തി പദ്ധതി റിവൈസ് ചെയ്തത്. 2100 ഗുണഭോക്താക്കൾക്കായാണ് ഈ റിവിഷനിൽ തുക വകയിരുത്തിയതെങ്കിലും ഗുണഭോക്താക്കളുടെ എണ്ണം 2367 ആയതിനാലാണ് പദ്ധതി വീണ്ടും റിവൈസ് ചെയ്തത്. ശുചിത്വമിഷനിൽ നിന്ന് ഫണ്ട് ഇതിനിടയിൽ ലഭിച്ചെങ്കിലും സാമ്പത്തിക വർഷാവസാനമാകയാൽ പദ്ധതി നടപടിക്രമങ്ങൾക്ക് ആവശ്യമായ തിരക്കുകൾക്കിടയിൽ ആ തുക ഉൾപ്പെടുത്തി പദ്ധതി റിവൈസ് ചെയ്യാൻ കഴിയാതെ വരികയാണ് ചെയ്തിട്ടുള്ളതെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

	ൽനഗരസഭ, ബ്രാഞ്ച് മാനേജർ, റെയ്ഡ്കോ, കോഴിക്കോടുമായി കരാറിലേർപ്പെടുകയും ചെയ്തു. മേൽ പദ്ധതിയാണ് 2017-18 വർഷത്തിൽ സ്പിൽ ഓവറായി നിർവ്വഹണം നടത്തിയിട്ടുള്ളത്.	
	(a) ശുചിത്വ മിഷൻ ഗ്രാൻറ് നഷ്ടപ്പെടുത്തി പദ്ധതിയുടെ ഒന്നാംഘട്ടമായി 2000 ഗുണഭോക്താക്കൾക്ക് 22,50,000/രൂപ ശുചിത്വ മിഷൻ ഗ്രാന്റ് ആയി അനുവദിച്ചിരുന്നു. .എന്നാൽ 09.03.2017 ലെ 20ാം നമ്പർ തീരുമാനപ്രകാരം 53,25,000/ രൂപ ധനകാര്യകമ്മീഷൻ ഗ്രാൻറ് വക യിരുത്തിയാണ് പദ്ധതിപരിഷ്കരിച്ചിട്ടുള്ളത്. 21.2.2017 തീയതിയിൽ പദ്ധതിക്ക് ശുചിത്വമിഷൻ അംഗീകാരം ലഭിച്ചിട്ടും 09.03.2017 ൽ ധനകാര്യകമ്മീഷൻ ഗ്രാൻറ് വകയിരുത്തി പദ്ധതിപരിഷ്കരിച്ചതിനാൽ ശുചിത്വമിഷൻ ഗ്രാന്റ് നഷ്ടപ്പെടുന്നതിന് കാരണമായി. വികസനപ്രവർത്തനങ്ങൾക്കായി ലഭ്യമാവുന്ന വിഭവ സ്രോതസ്സുകൾ ശരിയായ വിധത്തിൽ ഉപയോഗപ്പെടുത്തുന്നതിൽ സ്ഥാപനത്തിനുണ്ടായ വീഴ്ച മൂലം ശുചിത്വമിഷൻ പദ്ധതി വിഹിതവും തുക ചെലവഴിക്കാത്തതിനാൽ 201617 വർഷത്തെ പദ്ധതി വിഹിതമായി വകയിരുത്തിയ 53,25,000/ രൂപയും ധനകാര്യകമ്മീഷൻ ഗ്രാന്റ് സ്ഥാപനത്തിന് നഷ്ടപ്പെട്ടു.	ശുചിത്വമിഷനിൽ നിന്ന് തുക ലഭിക്കാനിടയില്ലെന്ന നിഗമനത്തിലാണ് പദ്ധതി ഭേദഗതി വരുത്തിയത്. തുടർന്ന് 21.02.2017 ൽ ശുചിത്വമിഷൻ തുക അനുവദിച്ചെങ്കിലും തുക അക്കൌണ്ടിൽ ക്രഡിറ്റായി ആയത് ഉൾപ്പെടുത്തി പദ്ധതി വീണ്ടും ഭേദഗതി വരുത്തുന്നത് സംബന്ധിച്ച ഓഫീസ് നടപടിക്രമങ്ങളിലെ കാലതാമസം മൂലമാണ് ആ തുക ഉപയോഗിക്കാൻ കഴിയാതിരുന്നത്. ശുചിത്വമഷനിൽ നിന്നും ലഭ്യമായ തുക 22,50,000/- രൂപയും ആയതിന്റെ പലിശ 3,09,938/- രൂപയും ചേർത്ത് ആകെ 25,59,928/- രൂപ 8.12.2021 ന് ശുചിത്വമിഷനിലേക്ക് തിരിച്ചടച്ചിട്ടുള്ളതാണ്.

	ബി) ഗുണഭോക്തൃ പട്ടിക ലഭ്യമാക്കിയില്ല. 2367 ഗുണഭോക്താക്കൾക്ക് റിംഗ് കമ്പോസ്റ്റ് സ്ഥാപിച്ച് നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. എന്നാൽ ഭരണ സമിതി അംഗീകരിച്ച അന്തിമ ഗുണഭോക്തൃ പട്ടികയോ, ഗുണഭോക്തൃ പട്ടിക അംഗീകരിച്ച ഭരണസമിതി തീരുമാനമോ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. .ഏതെല്ലാം ഗുണഭോക്താക്കൾക്കാണ് റിംഗ് കമ്പോസ്റ്റ് സ്ഥപിച്ച് നൽകിയത് സംബന്ധിച്ച രജിസ്റ്ററുകളോ രേഖകളോ സ്ഥാപനത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.	പദ്ധതിപ്രകാരമുള്ള 2651 ഗുണഭോക്താക്കളുടെ അംഗീകൃത ലിസ്റ്റ് നഗരസഭയിൽ നിലവിലുണ്ട്. ഭരണ സമിതി അംഗീകരിച്ച അന്തിമ ഗുണഭോക്തൃ പട്ടികയും ഗുണഭോക്തൃ പട്ടിക അംഗീകരിച്ച ഭരണസമിതി തീരുമാനവും ഓഡിറ്റ് ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് സർക്കാർ നൽകിയിട്ടുണ്ട്.
	C) അധികനിരക്കിൽ സബ്സിഡി അനുവദിച്ചു. സബ്സിഡി മാർഗ്ഗരേഖയിൽ റിംഗ്കമ്പോസ്റ്റ് യൂണിറ്റുകൾക്ക് പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് 50 ശതമാനവും പട്ടികജാതി/പട്ടികവർഗ്ഗംവിഭാഗത്തിന് 75 ശതമാനവുമാണ് പരമാവധി സബ്സിഡി അനുവദിക്കാവുന്നത്. എന്നാൽ ശുചിത്വമിഷൻ വിഹിതം ഉൾപ്പെടുത്തി ആസൂത്രണം ചെയ്ത പദ്ധതിയുടെ വിഭവസ്രോതസ്സ് വികസനഫണ്ടായി പരിഷ്കരിച്ചപ്പോൾ സബ്സിഡി നിരക്കിൽ മാറ്റംവരുത്താതെ മുഴുവൻ ഗുണഭോക്താക്കൾക്കും 90% ശതമാനം സബ്സിഡിയാണ് അനുവദിച്ചിട്ടുള്ളത്. ഇത് പ്രകാരം യൂണിറ്റ് കോസ്റ്റിന്റെ 10 ശതമാനമായ 250/ രൂപയാണ് ഓരോ ഗുണഭോക്താക്കളിൽ നിന്നും ഈടാക്കേണ്ടിയിരുന്നത്. എന്നാൽ ഓഡിറ്റ് വർഷത്തിൽ ഈ തുകയും എല്ലാ ഗുണഭോക്താക്കളിൽ നിന്നും പിരിച്ചെടുത്തിട്ടില്ലെന്ന് രേഖകൾ വ്യക്തമാക്കുന്നു.	03.04.2017 ലെ G.O.M.S No 80/2017 LSGD പ്രകാരം റിംഗ് കമ്പോസ്റ്റ് യൂണിറ്റുകൾക്ക് പൊതുവിഭാഗത്തിന് 50 ശതമാനവും പട്ടികജാതി/പട്ടികവർഗ്ഗവിഭാഗത്തിന് 75 ശതമാനവും പരമാവധി സബ്സിഡി അനുവദിക്കാവുന്നതാണെന്ന വ്യവസ്ഥ പ്രകാരമാണ് പദ്ധതിയിൽ അധികനിരക്കിൽ സബ്സിഡി അനുവദിച്ചു എന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നത്. എന്നാൽ 11.01.2016 ലെ G.O.M.S No.04/2016 LSGD പദ്ധതി മാർഗ്ഗരേഖ പ്രകാരമാണ് 2016-17 വർഷത്തിൽ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതുപ്രകാരം എല്ലാ വിഭാഗങ്ങൾക്കും 90 ശതമാനം സബ്സിഡി അനുവദനീയമായിരുന്നു. ഈ പദ്ധതി സ്പിൽ ഓവറായി 2017-18 ൽ നടപ്പിലാക്കുകയായിരുന്നുവെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

	d) ടെണ്ടർനടപടിക്രമങ്ങളിലെ അപാകത. അഞ്ച് ലക്ഷത്തിനോ മുകളിലോ തുകയുള്ള വാങ്ങലുകൾ ആവശ്യമുള്ള പദ്ധതികളിന്മേൽ ഇ-ടെണ്ടർ നടപടികൾസ്വീകരിക്കണമെന്ന സർക്കാർ നിർദ്ദേശം പാലിക്കാതെയാണ് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 02.06.2016 തീയതിയിലെ സ.ഉ.(സാധാ)നം.1826/2016/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം 6 ഏജൻസികളാണ് റിംഗ്കമ്പോസ്റ്റ് വിതരണം ചെയ്യുന്നതിനുള്ള അംഗീകൃത സേവനദാതാക്കൾ. സ്ഥാപനത്തിന്റെ ഉത്തമ താൽപര്യം മുൻനിർത്തി ടെണ്ടർ പരസ്യത്തെ കുറിച്ച് സേവനദാതാക്കളെ അറിയിക്കുന്നതിനും അതിലൂടെ ടെണ്ടറിൽ മത്സര സ്വഭാവം ഉറപ്പ വരുത്തുന്നതിനും നഗരസഭക്ക്സാധിച്ചിട്ടില്ല. 20.03.2017 ലെ എച്ച്1.11330/16 നമ്പരായുള്ള സെക്രട്ടറിയുടെ പർച്ചേസ് ഓർഡറിൽ റിംഗ്കമ്പോസ്റ്റ് 7 ദിവസത്തിനകം വിതരണം ചെയ്യുന്നതിന് റെയ്ഡ്കോക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ 14.03.2018 നാണ് റെയ്ഡ്കോ റിംഗ്കമ്പോസ്റ്റ് വിതരണം പൂർത്തിയാക്കിയത്.പർച്ചേസ് ഓർഡറിലെ സമയ പരിധിക്കുള്ളിൽ റിംഗ്കമ്പോസ്റ്റുകൾ സ്ഥാപിച്ചിരുന്നെങ്കിൽ 2016-17 വർഷം തന്നെ പ്രൊജക്റ്റ് പൂർത്തിയാക്കപ്പെടുകയും ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നുള്ള 43,30,325/ രൂപയുടെ നഷ്ടംഒഴിവാക്കപ്പെടുകയും ചെയ്യുമായിരുന്നു.	നിർവ്വഹണ ഉദ്യോഗസ്ഥന് ഇ-ടെണ്ടറിന് ഡിജിറ്റൽ സിഗ്നേച്ചർ ലഭ്യമാകാതിരുന്നതിനാലാണ് പദ്ധതിയിൽ സാധാരണ ടെണ്ടർ ക്ഷണിച്ചത്. സാധാരണ നിലയിൽ പ്രധാനപേജിൽ പ്രസിദ്ധീകരിക്കുമെന്ന ധാരണയിലാണ് പരസ്യം പ്രസിദ്ധീകരിക്കണമെന്ന കത്ത് പത്രത്തിന് നൽകിയിരുന്നത്. പരസ്യം വന്നപ്പോൾ മാത്രമാണ് അത് പ്രാദേശിക പേജിലാണെന്ന് അറിഞ്ഞിട്ടുള്ളത്. ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങളിൽ സർക്കാർ അക്രഡിറ്റഡ് ഏജൻസിയെന്നതും ഈ രംഗത്തെ പ്രവർത്തനപരിചയവും പൊതുമേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനം എന്ന നിലയിലുമാണ് റെയ്ഡ്കോയെ തെരഞ്ഞെടുത്തിട്ടുള്ളത്. 7 ദിവസത്തിനുള്ളിൽ റിംഗ് കമ്പോസ്റ്റ് യൂണിറ്റുകൾ സപ്ലൈ ചെയ്യണമെന്ന് ഏജൻസിക്ക് സപ്ലൈ ഓർഡറിൽ നിർദ്ദേശം നൽകിയിരുന്നു. എങ്കിലും ഗുണഭോക്തൃ വിഹിതം ലഭ്യമാക്കി ലിസ്റ്റ് ഏജൻസിക്ക് കൈമാറുന്നതിൽ വന്ന കാലതാമസം മൂലമാണ് യഥാസമയം യൂണിറ്റുകൾ സപ്ലൈ ചെയ്യാൻ കഴിയാതിരുന്നതെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	(e) പദ്ധതി ഫലപ്രദമായില്ല 59,17,500/- രൂപ അടങ്കലിൽ 46,37,075/- രൂപ ചെലവഴിച്ച്	യൂണിറ്റിന്റെ പൂർണ്ണ സ്പെസിഫിക്കേഷൻ സഹിതം എല്ലാ സാമഗ്രികളും സപ്ലൈ ചെയ്യണമെന്ന് റെയ്ഡ്ക്കോയ്ക്ക് നിർദ്ദേശം

	നിർവ്വഹണം നടത്തിയ പദ്ധതിയിൽ 1955 വീട്ടുകളിൽ റിംഗ്കമ്പോസ്റ്റ് സ്ഥാപിച്ചിട്ടുണ്ട്. 01.03.2011 ലെ സ.ഉ. (എം.എസ്) 73/2011/ത.സ്വ.ഭ.വ പ്രകാരം ഒരു റിംഗ് കമ്പോസ്റ്റ് യൂണിറ്റ് എന്നാൽ 2 ഫെറോ സിമന്റ് റിംഗുകൾ, 5 കിലോ ചാണകപൊടിയുടെ പ്രാരംഭപാളി, സർജിക്കൽ ഗ്ലൌ എന്നിവ ഉൾക്കൊള്ളുന്നതാണ്. ഇത്തരത്തിലുള്ള ഒരു യൂണിറ്റിനാണ് ശുചിത്വമിഷൻ 2,500/- രൂപ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ടെണ്ടർ പരസ്യത്തിൽ ഫെറോസിമന്റ് റിംഗുകളുടെ സ്പെസിഫിക്കേഷൻ മാത്രമെ വ്യക്തമാക്കിയിട്ടുള്ളൂ. ഗുണഭോക്താക്കൾക്ക് റെയ്ഡ്കോ ഫെറോസിമന്റ് റിംഗുകൾ മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. ഇതുമൂലം റിംഗ് കമ്പോസ്റ്റിംഗിനുള്ള മുഴുവൻ അടിസ്ഥാനസൗകര്യങ്ങളും ഗുണഭോക്താക്കൾക്ക് ലഭ്യമായില്ല.	നൽകിയിരുന്നതാണ്. പദ്ധതി കാലയളവിൽ നഗരസഭക്ക് ആവശ്യമായ ആരോഗ്യ വിഭാഗം ജീവനക്കാരുടെ കുറവ് മൂലം മോണിറ്ററിംഗിന് പരിമിതി വന്നുചേർന്നിട്ടുള്ളതാണ്. ഹരിതകർമ്മസേനയെ നിയോഗിച്ചും വാർഡ് കൗൺസിലർമാരുടെ നേതൃത്വത്തിൽ വാർഡ് തല സാനിട്ടേഷൻ സമിതി പരിശോധന നടത്തിയും യൂണിറ്റുകളുടെമോണിറ്ററിംഗ് ഊർജ്ജിതമാക്കിയിട്ടുണ്ട്. പരിശോധനയിൽ ആരും തന്നെ യൂണിറ്റുകൾ ദുരുപയോഗം ചെയ്യുന്നതായോ ഉപയോഗിക്കാത്തതായോ കണ്ടെത്തിയിട്ടില്ല. പദ്ധതിയുടെ മോണിറ്ററിംഗ് സംബന്ധിച്ച പരാമർശങ്ങൾ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെയും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടേയും ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. സ്പെസിഫിക്കേഷൻ അനുസരിച്ച് ലഭ്യമാവാത്ത ഇനങ്ങളുടെ വില റെയ്ഡ്കോയിൽ നിന്ന് ഈടാക്കുന്നതിന് യൂണിറ്റ് കോസ്റ്റിൽ ഉൾപ്പെട്ട ഓരോ ഇനങ്ങളുടെയും വില കണക്കാക്കി നൽകുന്നതിന് ശുചിത്വമിഷന് കത്ത് നൽകിയെങ്കിലും അത്തരത്തിൽ ഇനം തിരിച്ച് വില കണക്കാക്കിയിട്ടില്ലെന്ന മറുപടിയാണ് ശുചിത്വമിഷനിൽ നിന്നും ലഭിച്ചിട്ടുള്ളത്. നിരക്ക് ലഭ്യമാകുന്ന മുറക്ക് ലഭിക്കാത്ത ഇനത്തിന്റെ തുക റെയ്ഡ്കോയിൽ നിന്ന് തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	ഓഡിറ്റ് നിർദ്ദേശങ്ങൾ 1)സെക്രട്ടറി സബ്സിഡി അനുവദിച്ച ഗുണഭോക്താക്കളെ പൊതുവിഭാഗം, പട്ടികജാതി/പട്ടികവർഗ്ഗം എന്നിങ്ങനെ തരം തിരിച്ച് അധികം നൽകിയ സബ്ഡിഡി തുക തിട്ടപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്	1. ഗുണഭോക്താക്കളെ പൊതുവിഭാഗം, പട്ടികജാതി/പട്ടികവർഗ്ഗം എന്നിങ്ങനെ തരം തിരിച്ച് അധികം നൽകിയ സബ്ഡിഡി തുക തിട്ടപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. 2. പദ്ധതി പ്രകാരം അനുവദിക്കാവുന്ന സബ്സിഡി നിരക്ക്

	2) പദ്ധതി ആസൂത്രണഘട്ടത്തിൽ നിർവ്വഹണ ചുതല ഉണ്ടായിരുന്ന ഉദ്യോഗസ്ഥൻ പദ്ധതി പ്രകാരം അനുവദിക്കാവുന്ന സബ് സിഡി നിരക്ക് സംബന്ധിച്ച കുറിപ്പ് ആരോഗ്യകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കും അതുവഴികൗൺസിലിനും നല്കിയോയെന്ന് വ്യക്തമാക്കേ ണ്ടതും ഇക്കാര്യത്തിൽ വീഴ്ച വന്നെങ്കിൽ കാരണം വ്യക്തമാക്കേണ്ടതുമാണ്. 3.പദ്ധതി വെറ്റ് ചെയ്ത എ പി ഒ (പി &എം) ശ്രീവേലായുധൻ കെവി യും അധിക ചെലവിന് കാരണക്കാരനാണെന്നതിനാൽ സബ്സിഡി നിരക്കിലെ വ്യതിയാനം പരിഗണിക്കാതെ പ്രോജക്ട് അംഗീകരിച്ച സാഹചര്യം വ്യക്തമാക്കേണ്ടതാണ് 4.പദ്ധതി ലക്ഷ്യപ്രാപ്തി കൈവരിക്കാത്തതും അനർഹമായ നിരക്കിൽ സബ്സിഡി നല്കിയതും പ്രോജക്ടിന്റെ പ്രധാന അപാകതകളാണ്. ആസൂത്രണഘട്ടത്തിലും നിർവ്വഹണഘട്ടത്തിലും കൃത്യമായ ഇടപെടലുകൾ നടത്തേണ്ട ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ ചുമതലകളിൽ വേണ്ട ശ്രദ്ധ പതിപ്പിച്ചില്ലെന്ന് മിനിട്സും പദ്ധതിയുടെ നിലവിലെ അവസ്ഥയും സാക്ഷ്യപ്പെടുത്തുന്ന വീഴ്ചകൾ സ്വയംവിമർശനാത്മകമായി വിലയിരുത്തേണ്ടതും ഭാവിയിൽ ഇടപെടലുകളിലെ കാര്യക്ഷമത ഉറപ്പവരുത്തേണ്ടതുമാണ് 5) റിംഗ് കമ്പോസ്റ്റ് യൂണിറ്റ് കൈപ്പറ്റിയ മുഴുവൻ ഗുണഭോക്താക്കളും ആയത് ഉപയോഗിക്കുന്നുണ്ടോ എന്ന് ഫീൽഡ് തല പരിശോധനയിലൂടെ നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തിയിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതാണ്.	സംബന്ധിച്ച കുറിപ്പ് ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കും അതുവഴി കൗൺസിലിനും നൽകുന്നതിൽ വീഴ്ച വന്നെങ്കിൽ കാരണം വ്യക്തമാക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. 3.പദ്ധതി വെറ്റ് ചെയ്ത ഉദ്യോഗസ്ഥനിൽ നിന്നും വീഴ്ച സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. **4, 5 & 6.** നിലവിൽ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയും, വർക്കിംഗ് ഗ്രൂപ്പും പദ്ധതി ആസൂത്രണത്തിനും, നിർവ്വഹണത്തിന്റെ ഓരോ ഘട്ടത്തിലും കൃത്യമായ ഇടപെടലുകൾ നടത്തുകയും, ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു വരുന്നുണ്ട്. വീട്ടുകളിലുണ്ടാകുന്ന ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുകയും ആയത് വഴി മാലിന്യങ്ങൾ പൊതു റോഡിലും ജലാശയങ്ങളിലും വലിച്ചെറിയുകയും ചെയ്യുന്നത് ഇല്ലാതാവുകയും ചെയ്തിട്ടുള്ളതാണ്. നഗരസഭ സബിഡി നിരക്കിൽ നൽകിയ റിംഗ് കമ്പോസ്റ്റ് തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് ഹരിത കർമ്മ സേനാംഗങ്ങളെ നിയോഗിച്ച് പരിശോധന നടത്തുകയും ചെയ്ത് വരുന്നുണ്ട്. ഓരോ വാർഡിലെയും മാലിന്യ സംസ്കരണ പ്രവർത്തികൾ വാർഡ് സാനിറ്റേഷൻ കമ്മിറ്റിയുടെ മേൽ നോട്ടത്തിൽ നിരീ ക്ഷിച്ച് വരുകയും ചെയ്തുവരുന്നുണ്ട്. തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. **7.** ശുചിത്വമിഷനിൽ നിന്നും ലഭ്യമായ 22,50,000/-രൂപ അടിയന്തിരമായി തിരിച്ചടച്ച് വിവരം ഓഡിറ്റിനെ അറിയിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

	6)ഫീൽഡ്തല പരിശോധന നടത്തി യൂണിറ്റുകളുടെ പ്രവർത്തനം നിർവ്വഹണ ഉദ്യോഗസ്ഥൻ വിലയിരുത്തേണ്ടതും, കാര്യക്ഷമമായ പ്രവർത്തനത്തിന് ആവശ്യമായ സാങ്കേതിക ഉപദേശങ്ങൾ നൽകേണ്ടതുമാണ്. ആരോഗ്യ വിഭാഗം ജീവനക്കാർക്ക് പുറമേ ഹരിത കർമ്മ സേനയുടെ സേവനവും ആയതിലേക്കായി ഉപയോഗപ്പെടുത്തേണ്ടതാണ്. മേൽ നടപടികൾ കൈക്കൊണ്ട് ആയതു സംബന്ധിച്ച ഒരു സംക്ഷിപ്ത റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്. 7) ശുചിത്വമിഷനിൽ നിന്നും ലഭ്യമായ 22,50,000/-രൂപ അടിയന്തിരമായി തിരിച്ചടച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 8)സാധന/സേവനദാതാവിനെ തെരെഞ്ഞെടുത്തതിലെ അപാകതകൾക്കുള്ള വിശദീകരണം നല്കേണ്ടതും, യൂണിറ്റ് കോസ്റ്റിൽ ഉൾപ്പെട്ട ഇനങ്ങളുടെ തുക കണക്കാക്കി റെയ്ഡ്ക്കോയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.	**8.** പദ്ധതി ടെണ്ടർ ക്ഷണിച്ചതിൻ പ്രകാരം സർക്കാർ അക്രഡിറ്റഡ് ഏജൻസിയായ റെയ്ഡ്കോയുടെ ടെണ്ടറാണ് കൗൺസിൽ അംഗീകരിച്ചിട്ടുള്ളത്. സർക്കാർ ഏജൻസിയായത് കൊണ്ട് ഗുണനിലവാര കാര്യത്തിൽ കൃത്യത പുലർത്തുമെന്ന വിശ്വാസത്തിലാണ് മേൽ പദ്ധതിയിലെ റിംഗ് കമ്പോസ്റ്റ് വിതരണത്തിന് റെയ്ഡ്കോ യെ തിരഞ്ഞെടുത്തത്. യൂണിറ്റ് കോസ്റ്റിൽ ഉൾപ്പെട്ട ഓരോ ഇനങ്ങളുടെയും വില കണക്കാക്കി റെയ്ഡ്ക്കോയിൽ നിന്നും തിരികെ ഈടാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.
	ആഭ്യന്തര നിയന്ത്രണ സംവിധാനം - പോരായ്മകൾ ആഭ്യന്തര നിയന്ത്രണ സംവിധാനവുമായി ബന്ധപ്പെട്ട റിപ്പോർട്ട് ചെയ്ത അപാകതകൾ.	
1	കെട്ടിട നിർമ്മാണം കായക്കൊടി ഗ്രാമപഞ്ചായത്ത് കായക്കൊടി ഗ്രാമ പഞ്ചായത്തിൽ 2017-18 വർഷത്തിൽ കെട്ടിടങ്ങളുടെ പെർമിറ്റ് ഫീസ് ഇനത്തിലെയും റഗുലറൈസേഷൻ ഫീസ് ഇനത്തിലെയും വരവ് യഥാക്രമം 94.,105/- രൂപയും 1,54,594/- രൂപയുമാണ്. അതായത്	ക്ലർക്കുമാരുടെ നികുതി പരിശോധനയിൽ കെട്ടിട നിർമ്മാണത്തിന്റെ ആദ്യഘട്ടം തന്നെ കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നത് കൊണ്ടാണ് ഗ്രാമപഞ്ചായത്തിൽ റഗുലറൈസേഷൻ ഫീ പെർമിറ്റ് ഫീസിനേക്കാൾ കൂടാൻ കാരണം. കെട്ടിടങ്ങളുടെ പൂർത്തീകരണം പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി ആധികാരികമാക്കുന്നുണ്ട്. ശ്രദ്ധയിൽപ്പെടുന്ന മുഴുവൻ

	പെർമിറ്റ് ലഭിച്ച കെട്ടിടങ്ങളുടെ ഏകദേശം 75% നിർമ്മാണ പ്രവർത്തനങ്ങൾ അനധികൃതമായി നടക്കുന്നെന്ന് ഇത് വ്യക്തമാക്കുന്നു. എന്നാൽ സ്ഥാപനത്തിൽ സൂക്ഷിച്ചിരിക്കുന്ന അനധികൃത നിർമ്മാണത്തിന്റെ രജിസ്റ്ററിൽ 28 കെട്ടിടത്തിന്റെ വിവരം മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. നിയന്ത്രണത്തിലെ വീഴ്ചയ്ക്കൊപ്പം വരുമാന ചോർച്ചയ്ക്കുള്ള സാധ്യതയെയും ഇത് വെളിവാക്കുന്നു.	അനധികൃത പ്രവർത്തികളും റിപ്പോർട്ട് ചെയ്യാറുണ്ട്. ഗ്രാമപഞ്ചായത്തിൽ മുൻപ് 28 കെട്ടിടങ്ങളാണ് അനധികൃതമായി ഉണ്ടായിരുന്നത് ഇതിൽ 5 കെട്ടിടങ്ങളുടെ ചില ഭാഗങ്ങൾ പൊളിച്ച് മാറ്റിയതിനാൽ ഫീ ഈടാക്കി ക്രമവൽക്കരണം നടത്തിയിട്ടുണ്ട്. ബാക്കിയുള്ള കെട്ടിടങ്ങൾക്ക് എതിരെ നടപടി സ്വീകരിച്ചുവരുന്നു എന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	<u>അഴിയൂർ ഗ്രാമപഞ്ചായത്ത്</u> അഴിയൂർ ഗ്രാമപഞ്ചായത്തിൽ 01.01.2018 ൽ കെട്ടിട നികുതി ഇനത്തിന് മാന്വൽ രശീതി നം. 11/10407 പ്രകാരം പിരിച്ചെടുത്ത 210/- രൂപ അന്നേ ദിവസം ഓഫീസിൽ ഒടുക്കാത്തത് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 38/- രൂപ പിഴ സഹിതം 21.02.2019 ന് ഒടുക്കിയിട്ടുണ്ട്. ഫീൽഡ് സ്റ്റാഫ് പിരിച്ചെടുക്കുന്ന തുകകളുടെ കൃത്യത, ഒടുക്ക്, വരവ് ഹെഡിലെ രേഖപ്പെടുത്തൽ എന്നിവയിലുള്ള മേൽനോട്ട സംവിധാനങ്ങളിലെ വീഴ്ചയാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്.	ഗ്രാമ പഞ്ചായത്തിൽ പ്രസിഡന്റിന്റെയും വൈസ് പ്രസിഡന്റിന്റെയും സാന്നിദ്ധ്യത്തിൽ സ്റ്റാഫ് മീറ്റിംഗ് നടത്തുകയും അക്കൗണ്ട് സംബന്ധമായും മറ്റ് വിഷയങ്ങളും ടി മീറ്റിംഗിൽ ചർച്ച ചെയ്യാറുണ്ട്. കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് കെട്ടിട നമ്പർ അനുവദിക്കുന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ ന്യൂ ബിൽഡിംഗ് രജിസ്റ്ററിൽ നാളിതുവരെ രേഖപ്പെടുത്തൽ വരുത്തിയിട്ടുണ്ട്. വൗച്ചറുകൾ കൃത്യമായി നമ്പർ നൽകി വൗച്ചറുകളുടെ ഫേസിംഗ് ഷീറ്റ് സഹിതം ബിൽ രജിസ്റ്ററിലേതിന് സമാനമായി നിലവിൽ സൂക്ഷിച്ച് വെക്കുന്നുണ്ട്. സെൽഫ് ചെക്ക് മുഖേന നാളിതുവരെ പിൻവലിച്ച തുകകൾ ക്യാഷ് ബുക്കിൽ വൗച്ചർ നമ്പർ രേഖപ്പെടുത്തിയിട്ടുണ്ട്. പേമെൻറ് നൽകിയ എല്ലാ ബില്ലുകളും ഇൻവോയ്സുകളും ക്യാൻസൽ ചെയ്ത് വെച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയിൽ നാളിതുവരെയുള്ള വരുമാനവും വിവിധ നിയന്ത്രണ സംവിധാനവും വിലയിരുത്തുന്നതിന് കമ്മിറ്റി മീറ്റിംഗിൽ അജണ്ട ഉൾപ്പെടുത്തി ചർച്ച നടത്തിയിട്ടുണ്ട്. ഓഡിറ്റ് നിരീക്ഷണത്തിൽ കണ്ടെത്തിയ അപാകതകൾ മുഴുവനായും പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും തദ്ദേശ സ്വയംഭരണ വകുപ്പ്

		പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	<u>വാണിമേൽ ഗ്രാമപഞ്ചായത്ത്</u> അനധികൃത നിർമ്മാണത്തിന്റെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.	നിലവിൽ വസ്തുനികുതി പരിഷ്കരണം നടത്തുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളിലും പരിശോധന നടത്തി തുടർനടപടി സ്വീകരിക്കുന്നുണ്ടെന്നും അനധികൃത നിർമ്മാണം സംബന്ധിച്ച രജിസ്റ്റർ നിലവിൽ സൂക്ഷിച്ച് വരുന്നുണ്ടെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	<u>വില്യാപ്പള്ളി ഗ്രാമപഞ്ചായത്ത്</u> അനധികൃത നിർമ്മാണത്തിന്റെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.	ഗ്രാമപഞ്ചായത്തിൽ നിലവിൽ അനധികൃത നിർമാണ രജിസ്റ്റർ സൂക്ഷിച്ച് വരുന്നുണ്ടെന്ന തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്
2	<u>ഡി & ഒ ലൈസൻസ്</u> <u>കായക്കൊടി ഗ്രാമപഞ്ചായത്ത്</u> കായക്കൊടി ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ ഡി & ഒ ലൈസൻസ് ഫീസിനത്തിൽ 42,150/- രൂപയും അടുത്ത വർഷത്തെ മുൻകൂർ വരവായി 33,450/- രൂപയുമാണ് ലഭിച്ചിട്ടുള്ളത്. 2010-17 വർഷത്തിൽ മുൻകൂർ വരവ് 11,900/- രൂപ മാത്രമാണ്. ഇതിൽ നിന്നും ലൈസൻസ് പുതുക്കാതെയാണ് ഭൂരിഭാഗം കെട്ടിടങ്ങളും	ഗ്രാമപഞ്ചായത്തിലെ വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങളിൽ ലൈസൻസ് എടുത്തവയും അല്ലാത്തവയും പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് മുഴുവൻ ക്ലർക്കുമാരെയും ചുമതലപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ക്ലർക്കുമാർ പരിശോധിച്ച് റിപ്പോർട്ട് തരികയും ലൈസൻസ് പരിധിയിൽ വരേണ്ട മുഴുവൻ കെട്ടിടങ്ങൾക്കും ലൈസൻസ് ബാധകമാക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഫലമായി 2017-18 ൽ ലഭിച്ച 33,450/- രൂപയേക്കാൾ വലിയ വർധനവ് 2018-19 ൽ മുൻകൂറായി ലഭിച്ചിട്ടുണ്ട്. 2018-19 ൽ 50,600/- രൂപ ലൈസൻസ് ഇനത്തിൽ മുൻകൂറായി ലഭിച്ചിട്ടുണ്ട്. 2020-21 ൽ 63,100/- രൂപയും

	പ്രവർത്തിക്കുന്നതെന്ന് വ്യക്തമാണ്	2021-22 ൽ 61,750/- 2022-23 ൽ 62,350/- രൂപയും 2023-24 ൽ 77,850/- രൂപയും അഡ്വാൻസായി ലഭിച്ചിട്ടുണ്ട്.
	<u>വാണിമേൽ ഗ്രാമപഞ്ചായത്ത്</u> 2017-18 വർഷത്തിൽ വാണിമേൽ ഗ്രാമ പഞ്ചായത്തിൽ ഫീസിനത്തിൽ 69,160/- രൂപയും അടുത്ത വർഷത്തെ മുൻകൂർ വരവായി 81,700/- രൂപയുമാണ് വന്നിരിക്കുന്നത്. കൂടാതെ കുടിശ്ശിക വരവായി 11,000/- രൂപയും വന്നിരിക്കുന്നു. 2016-17 വർഷത്തിൽ മുൻകൂർ വരവ് 5,100/- രൂപ മാത്രമാണ്.	വാണിമേൽ ഗ്രാമപഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ ജീവനക്കാരുടെ കുറവ് ഉണ്ടായതിനാൽ ഫെബ്രുവരി മാസത്തിൽ അഡ്വാൻസ് പിരിക്കുന്നതിന് ക്യാമ്പ് കലക്ഷൻ സംഘടിപ്പിക്കുവാൻ സാധിച്ചിരുന്നില്ല. ആയതിനാൽ 2016-17 ലൈസൻസ് മുൻകൂർ ഇനത്തിൽ തുകയുടെ കുറവ് ഉണ്ടായത്. ടി തുക 2017-18 സാമ്പത്തിക വർഷത്തിൽ മുഴുവനായും പിരിച്ചെടുത്തിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്
	<u>വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്ത്</u> 2017-18 വർഷത്തിൽ വില്ല്യാപ്പിള്ളി ഗ്രാമ പഞ്ചായത്തിൽ ഫീസിനത്തിൽ 71,370/- രൂപയും അടുത്ത വർഷത്തെ മുൻകൂർ വരവായി 1,10,760/- രൂപയുമാണ് വന്നിരിക്കുന്നത്. 16-17 വർഷത്തിൽ മുൻകൂർ വരവ് 31,480 രൂപ മാത്രമാണ്.	ഗ്രാമപഞ്ചായത്തിൽ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ അവസാനിക്കുന്നതിന് 30 ദിവസം മുൻപായി സമർപ്പിക്കുന്നതിന് എല്ലാ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകുകയും ആയത് പ്രകാരം നിലവിൽ എല്ലാസ്ഥാപനങ്ങളും സാമ്പത്തിക വർഷം അവസാനിക്കുന്നതിന് 30 ദിവസം മുൻപ് അപേക്ഷ സമർപ്പിച്ച് ഫീസ് അടവാക്കി വരുന്നുണ്ടെന്നും എല്ലാ വർഷവും മുൻകൂർ അടവിൽ വർദ്ധനവ് ഉണ്ടാവുന്നുണ്ടെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്
	<u>അഴിയൂർ ഗ്രാമപഞ്ചായത്ത്</u> അഴിയൂർ ഗ്രാമപഞ്ചായത്തിൽ 2017-18 ൽ ഫീസിനത്തിൽ	കടകൾ പരിശോധിക്കുന്ന സമയത്ത് ഫിബ്രവരി മാസം തന്നെ ലൈസൻസ് ഫീസ് അടക്കണമെന്ന് നിർദ്ദേശം നൽകുകയും നോട്ടീസ് നൽകുകയും ചെയ്യാറുണ്ടെന്നും തുടർന്നുള്ള എല്ലാ

	96,400/-രൂപയും അടുത്ത വർഷത്തെ മുൻകൂർ വരവായി 73,650/- രൂപയുമാണ് വരവ്	വർഷങ്ങളിലും ലൈസൻസ് ഫീസ് ഡിമാന്റ് പ്രകാരം മുൻകൂറുകൾ ഉൾപ്പെടെ 100% പിരിച്ചെടുത്തിട്ടുണ്ടെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	<u>കുന്നമ്മേൽ ഗ്രാമപഞ്ചായത്ത്</u> കുന്നമ്മൽ ഗ്രാമപഞ്ചായത്തിൽ 2017-18 വർഷത്തിൽ ഫീസിനത്തിൽ 1,33,850/- രൂപയും അടുത്ത വർഷത്തെ മുൻകൂർ വരവായി 78,550/- രൂപയുമാണ് വരവ് വന്നിരിക്കുന്നത്. 2016-17 വർഷത്തിൽ മുൻകൂർ വരവ് 1,900/- രൂപ മാത്രമാണ്.	കുന്നമ്മൽഗ്രാമപഞ്ചായത്തിൽ 2017-18 വർഷത്തേക്കുള്ള ലൈസൻസ്' ഫീ മുൻകൂർ ഇനത്തിലുള്ള വരവ് 1900/-രൂപ ആണെങ്കിലും ഈ അഡ്വാൻസ് ഉൾപ്പെടെ ആ വർഷത്തെ ലൈസൻസ് ഫീ ഇനത്തിലുള്ള വരവ് 1,35,750/- രൂപയാണ്. ഇത് തൊട്ട് മുൻവർഷത്തെ (2016-17) ലൈസൻസ് ഫീ തുകയായ 1,30,880/- രൂപയേക്കാൾ 48,70/- രൂപ അധികമാണ്. 2017-18 വർഷത്തെക്കുള്ള ലൈസൻസ് ഫീ അഡ്വാൻസ് തുക കുറവാണെങ്കിലും ആ വർഷത്ത ഡിമാൻഡ് തുക പൂർണ്ണമായും പിരിച്ചെടുത്തിട്ടുണ്ട്. എന്നിരുന്നാലും പ്രസ്തുത ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് ഈവിഷയം ഗൌരവമായി പരിഗണിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നിയമപ്രകാരമുള്ള സമയപരിധിക്കുള്ളിൽ ലൈസൻസ് പുതുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ ലൈസൻസ് ഫീ ഇനത്തിലും ലൈസൻസ് ഫീസിന്റെ അഡ്വാൻസ് ഇനത്തിലും വ്യക്തമായ വർധനവ് ഉണ്ടായിട്ടുണ്ടെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
3	<u>തൊഴിൽ നികുതി</u> സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ ഒഴികെയുള്ള	വിവിധ സ്വകാര്യ സ്ഥാപനങ്ങൾ ടെയിഡേഴ്സ് എന്നിവിടങ്ങളിലെ ജീവനക്കാരിൽ നിന്നും മറ്റുള്ളവരിൽ നിന്നും തൊഴിൽ നികുതി

	സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ടെയിഡേഴ്സിൽ നിന്നും മറ്റുള്ളവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് നിശ്ചിത മാതൃകയിലുള്ള റിട്ടേണിൽ അവരുടെ വരുമാനം സംബന്ധിച്ച വരുമാനം ലഭ്യമാക്കിയതിന് ശേഷമല്ല. ഇത് നികുതി നിർണ്ണയത്തിൽ അപാകതയും , വരുമാന നഷ്യത്തിനും കാരണമാകുന്നു.	ഈടാക്കുന്നത് നിശ്ചിത മാതൃകയിലുള്ള റിട്ടേണിൽ അവരുടെ വരുമാനം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയതിനു ശേഷം മാത്രമേ പാടുള്ളൂ എന്നുള്ള നിർദ്ദേശം സർക്കാർ പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.
4	<u>യാത്രാബത്ത</u> യാത്രാ ബത്തയുടെ കാര്യത്തിൽ ജീവനക്കാരുടെ യാത്രാ ബത്ത അനുവദിക്കുന്നത് അവരിൽ നിന്നും ക്ലെയിം വാങ്ങാതെയാണ്.	യാത്രാ ബത്ത അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാർ കാലാകലങ്ങളിൽ വിവിധ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ മാത്രം യാത്രാ ബത്ത അനുവദിക്കേണ്ടതാണെന്നുമുള്ള നിർദ്ദേശം സർക്കാർ പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.
5	<u>**വൗച്ചറുകളുടെ സൂക്ഷിപ്പ്**</u>	
	<u>കായക്കൊടി ഗ്രാമ പഞ്ചായത്ത്, വില്യാപ്പള്ളി ഗ്രാമ പഞ്ചായത്ത്.</u> കേരള പഞ്ചായത്ത് രാജ് ആക്ട് 156(4) (ഡി) പ്രകാരം പഞ്ചായത്ത് സംബന്ധിക്കുന്ന പണം കൊടുക്കലും പണം തിരികെ കൊടുക്കലും പ്രസിഡന്റ് അധികൃതപ്പെടുത്തേണ്ടതാണ്. എന്നാൽ തനത് ഫണ്ടിൽ നിന്നുള്ള ചെലവു വൗച്ചറുകളിൽ പലതും പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി അധികൃതപ്പെടുത്തിയിട്ടില്ല ഇത്തരം ചെലവുകൾ മുഴുവൻ അനധികൃതമായി എന്നതിനു പുറമെ	ഗ്രാമപഞ്ചായത്തിലെ തനത് ഫണ്ടുമായി ബന്ധപ്പെട്ട ബില്ലുകളും മറ്റ് പ്രൊജക്റ്റുമായി ബന്ധപ്പെട്ട എല്ലാ ബില്ലുകളും, എല്ലാ വൌച്ചറുകളും പ്രസിഡൻറ് സാക്ഷ്യപെടുത്തി അധികൃതപ്പെടുത്തിയിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

	ചെലവുകളുടെ മേൽനോട്ട ശൃംഖലയിൽ വലിയ വിടവുണ്ടായി എന്നതും ഗൗരവമായ അപാകതയാണ്.	
6	**ആസ്തി രജിസ്റ്റർ**	
	വാണിമേൽ ഗ്രാമ പഞ്ചായത്ത്, വില്ല്യാപ്പള്ളി ഗ്രാപഞ്ചായത്ത്, അഴിയൂർ ഗ്രാപഞ്ചായത്ത്, കുന്നുമ്മൽ ഗ്രാപഞ്ചായത്ത്. ഫർണ്ണിച്ചർ ഉൾപ്പെടെയുള്ള , ആസ്സികൾക്ക് കോഡ് നമ്പറുകൾ നല്കുകയോ, ആസ്തികൾ വർഷാന്ത്യത്തിലെങ്കിലും ഫിസിക്കൽ വെരിഫിക്കേഷൻ നടത്തുകയോ ചെയ്യുന്നില്ല. കൂടാതെ വർഷാവർഷം വാങ്ങുന്ന ജംഗമ ആസ്തികളുടെ വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നുമില്ല. ആസ്തികൾ നഷ്ടപ്പെട്ടു പോകാൻ ഇത് ഇടയാക്കാം.	വാണിമേൽ ഗ്രാമപഞ്ചായത്തിൽ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിക്കുന്നതിന്റെ ഭാഗമായി ഫർണിച്ചർ ഉൾപ്പെടെയുള്ള ആസ്തികൾക്ക് കോഡ് നമ്പർ നൽകി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വർഷാവർഷം വാങ്ങുന്ന ജംഗമ ആസ്തികളുടെ വിവരങ്ങൾ നിലവിൽ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നുണ്ട്. വില്യാപ്പള്ളി ഗ്രാമപഞ്ചായത്തിൽ നിലവിൽ എല്ലാ ആസ്തികൾക്കും കോഡ് നമ്പറുകൾ നൽകുകയും എല്ലാ വർഷവും ആസ്തികളുടെ ഫിസിക്കൽ വെരിഫിക്കേഷൻ നടത്തുകയും ചെയ്തു വരുന്നുണ്ട്. അസ്തികളുടെ വിവരങ്ങൾ നിലവിൽ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. അഴീയൂർ ഗ്രാപഞ്ചായത്തിൽ ആസ്തി രജിസ്റ്ററിൽ പഞ്ചായത്ത് ഇതുവരെ വാങ്ങിയിട്ടുള്ള എല്ലാ ജംഗമ ആസ്തികളുടെയും വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം ജംഗമ വസ്തുക്കൾക്ക് നമ്പറും നൽകിയിട്ടുണ്ട്. വർഷാന്ത്യത്തിൽ ആസ്തികളുടെ ഫിസിക്കൽ വെരിഫിക്കേഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓരോ ആസ്തിയിലും ഉണ്ടാകാറുള്ള മാറ്റങ്ങൾ യഥാസമയം തന്നെ ആസ്തി രജിസ്റ്ററിലും രേഖപ്പെടുത്തി കാലികമാക്കാറുണ്ട്. കുന്നുമ്മൽ ഗ്രാമപഞ്ചായത്തിലെ ആസ്തി രജിസ്റ്റർ 2024-25 വരെ

		റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവ ഉൾപ്പെടുത്തി പുതുക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ഫർണിച്ചർ ഉൾപ്പെടെയുള്ള മുഴുവൻ ആസ്തികളും നിലവിൽ ഫിസിക്കൽ വെരിഫിക്കേഷൻ നടത്തി ഓരോന്നിനും കോഡ് നമ്പർ നൽകി പഞ്ചായത്തിന്റെ മൂവബിൾ അസറ്റ് രജിസ്റ്ററിൽ ചേർത്തുവരുന്നുണ്ടെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
7	സ്റ്റാന്റിംഗ് കമ്മിറ്റിയുമായി ബന്ധപ്പെട്ടത്	
	<u>കായക്കൊടി ഗ്രാമ പഞ്ചായത്ത്</u> കായക്കൊടി ഗ്രാമ പഞ്ചായത്തിൽ 2017-18 വർഷത്തിൽ ടാർ വിതരണം ചെയ്ത നാല് റോഡ് പ്രവൃത്തികൾ പൂർത്തീകരിക്കപ്പെടാത്തതും ഇവ ഏറ്റെടുത്ത കരാറുകാരനിൽ നിന്നും ടാറിന്റെ വില ഉൾപ്പെടെയുള്ള നഷ്ടതുക പിരിച്ചെടുക്കാൻ കഴിയാത്തതും, 2016-17 വർഷത്തിൽ പൂർത്തീകരിച്ച റോഡ് ഗുണനിലവാരമില്ലാത്തതിനാൽ തകർന്നുപോയതും മോണിറ്ററിംഗിന്റെ അഭാവം വ്യക്തമാക്കുന്നു	ഗ്രാമപഞ്ചായത്തിൽ വികേന്ദ്രീകൃത ആസൂത്രണത്തിന് ശേഷം കോടിക്കണക്കിന് രൂപയും നൂറ് കണക്കിന് പ്രവൃത്തികളുമാണ് ഓരോ സാമ്പത്തിക വർഷവും നടപ്പിലാക്കുന്നത്. മുൻ വർഷത്തെ നീക്കിയിരിപ്പുകൂടി ആകുമ്പോൾ ഇത് വീണ്ടും വർദ്ധിക്കുന്നു. ഈ തുകയുടെ ഭൂരിഭാഗവും എഞ്ചിനീയറിംഗ് വിഭാഗം നേരിട്ട് ചിലവഴിക്കുന്നതാണ്. കൂടാതെ ചെലവഴിച്ച പദ്ധതി പണം സമയബന്ധിതമായും കാര്യക്ഷമമായും ഉപയോഗിക്കുന്നുണ്ടെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	<u>ഓഡിറ്റ് ശിപാർശകൾ</u>	

	(a)പ്രസിഡന്റ് സാക്ഷ്യപ്പെടുത്താതെ യാതൊരു ചെലവും സ്ഥാപനത്തിന്റെ ഫണ്ടിൽ നിന്നും വഹിക്കാൻ പാടില്ല. ഇതിനാവശ്യമായ സംവിധാനം നിലവിൽ വരുത്തേണ്ടതാണ്. (b) നികുതികൾ, നികുതിയേതിര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. (c) കെട്ടിട നിർമ്മാണം, ഡി&ഒ ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം കൂടി ഫീൽഡ് സ്റ്റാഫിനെ ഏല്പിച്ചുകൊണ്ട് ഓഫീസ് ഉത്തരവ് പരിഷ്കരിക്കേണ്ടതും, റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ് . d) വരുമാനവും, ചെലവും, വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധപതിപ്പിക്കേണ്ടതും ആയവയുടെ അവലോകനവും, നടപടികളും എല്ലാ യോഗങ്ങളിലും സ്ഥിരം അജണ്ട യാക്കാവുന്നതുമാണ്. (e) സ്റ്റാന്റിംഗ് കമ്മിറ്റികൾ അവയിൽ നിക്ഷിപ്തമായ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നുവെന്ന് സ്വമേധയാ ഉറപ്പ വരുത്തേണ്ടതാണ്.	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ശിപാർകളിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും അതു സംബന്ധിച്ചുള്ള നടപടി റിപ്പോർട്ട് ഓഡിറ്റിനും സർക്കാരിനും ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് സർക്കാർ നൽകിയിട്ടുണ്ട്.
	തനത് ഫണ്ടിന്റെ വിനിയോഗത്തിൽ സർക്കാർ	

	<u>ഉത്തരവുകളിലെ മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നില്ല.</u>	
1	<u>കുന്ദമംഗലം ഗ്രാമപഞ്ചായത്ത്</u> തനത് ഫണ്ട് കമ്മിയായിരിക്കുമ്പോഴും കോടികളുടെ അടങ്കലിൽ പദ്ധതികൾ ആവിഷ്കരിക്കുന്നു. കുന്ദമംഗലം പഞ്ചായത്തിന്റെ 2017-18 വർഷത്തിലെ മിച്ചഫണ്ട് മൈനസ് ഫണ്ടാണെന്ന് വ്യക്തമാണ്. മിച്ച ഫണ്ട് (-)47,84,425/- രൂപയായിരിക്കു മ്പോഴാണ് തനതുഫണ്ട് വകയിരുത്തി 3,02,66,183/- രൂപയുള്ള പദ്ധതികൾ പഞ്ചായത്ത് ആവിഷ്കരിച്ചിരിക്കുന്നത്. 2017-18 വർഷത്തെ വാർഷിക പദ്ധതി 2017 മെയ് മാസത്തിലാണ് അന്തിമമാക്കുന്നതും, ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കുന്നതും. എന്നാൽ തൻവർഷത്തേയ്ക്കുള്ള ബജറ്റിന് 28.3.2017 ന് ഭരണസമിതി അംഗീകാരം നൽകി യിട്ടുണ്ട്. മേൽ വിവരിച്ച രീതിയിൽ കണക്കുകൂട്ടലുകൾ നടത്തി തദ്ദേശപനത്തിന്റെ സാമ്പത്തിക സ്ഥിതി യാഥാർത്ഥ്യ ബോധത്തോടെ വിലയിരുത്താതെ, തൻവർഷത്തെ പദ്ധതി ചെലവുകൾക്കായി ബജറ്റിൽ തുക വകയിരുത്തുന്നതിന് തദ്ദേശ സ്ഥാപനം തീരുമാനം എടുക്കുന്നു എന്നത് അംഗീകരിക്കാവുന്നതല്ല.	തനത് ഫണ്ടിൽ ലഭ്യമാകാവുന്ന തുക കണക്കാക്കിയാണ് പദ്ധതി നടപ്പിലാക്കിയത്. പഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾക്കായി വകയിരുത്തിയ പ്ലാൻഫണ്ട്തുക അപര്യാപ്തമായതിനാലാണ് തനത് ഫണ്ട് കൂടെ വകയിരുത്തിപദ്ധതി തയ്യാറാക്കിയയത്. മുൻ ബാക്കി കൂടാതെ ആ വർഷം ലഭ്യമാകുന്ന വസ്തുനികുതി തൊഴിൽ നികുതി, മറ്റ് ഫീസുകൾ എന്നിവ കൂടി കണക്കാക്കിയാണ് പദ്ധതിക്ക് തുക വകയിരുത്തിയത് . പ്രസ്തുതവർഷം പദ്ധതി സ്പിൽ ഓവറായി തൊട്ടടുത്തവർഷമാണ് തുകനൽകിയിട്ടുള്ളത്. നിലവിൽ സർക്കാർ ഉത്തരവുകൾക്ക് വിധേയമായും ലഭ്യമാകുന്ന തുകക്കനുസൃതമായി മാത്രമാണ് പദ്ധതി തയ്യാറാക്കി വരുന്നതെന്നു തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
2	<u>ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത്</u>	ഓഡിറ്റ് പരാമർശത്തിന്റെയടിസ്ഥാനത്തിൽ തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ച വിവിധ തുകകളുടെ വിവരം സംബന്ധിച്ച്

	തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള പ്രത്യേക ഫണ്ടുകൾ മറ്റ് ആവശ്യങ്ങൾക്കായി വക മാറ്റി ചെലവഴിക്കപ്പെട്ടതിനാൽ നീക്കിയിരുപ്പ് കമ്മിയായി സ്ഥാപനത്തിന്റെ ധനകാര്യ സ്ഥിതി വിശകലനം ചെയ്യുകയോ പുതിയ തനത് വരുമാന സ്രോതസ്സുകൾ കണ്ടെത്തുക എന്ന അജണ്ട ഉൾപ്പെടുത്തി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച നടത്തുകയോ ചെയ്തിട്ടില്ല. തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾ അംഗീകരിച്ച് നൽകുന്ന സമയത്ത് പോലും തനതുഫണ്ട് നീക്കിയിരിപ്പിന്റെ നിജസ്ഥിതി സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ചിട്ടില്ല	പ്രത്യേക അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുകയും തുക വകമാറി ചെലവഴിക്കപ്പെടുന്നില്ല എന്ന് ഉറപ്പ വരുത്തുകയും ചെയ്തിട്ടുണ്ട്. നിലവിൽ 31.03.2024 തീയ്യതിയിലെ ബാലൻസ് ഷീറ്റ് പ്രകാരം പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുക 1,27,91,509/- രൂപയാണ്. ഇതിൽ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ച പ്രത്യേക ആവശ്യ ഫണ്ടുകൾ 43,50,159/- രൂപയാണ് വരുന്നത്(ബി4 പത്രിക പ്രകാരം). ബി 9 പത്രിക പ്രകാരം പഞ്ചായത്തിനുള്ള പ്രധാന ബാധ്യതകൾ 33,55,066/- രൂപയാണ് ഉള്ളത്. ഈ രണ്ടിനങ്ങൾ ഒഴിവാക്കിയാൽ പോലും തനത് ഫണ്ടിൽ 50,86,284/- രൂപയുടെ മിച്ചം നിലവിൽ പഞ്ചായത്തിനുണ്ട്. കൂടാതെ പഞ്ചായത്തിന്റെ തനത് വരുമാനത്തിന്റെ നിജസ്ഥിതി സംബന്ധിച്ച് ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി എല്ലാ യോഗങ്ങളിലും മോണിറ്ററിംഗ് നടത്തുകയും തനത് വരുമാനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ ആസൂത്രണം ചെയ്തു വരികയുംചെയ്യുന്നുണ്ട്. നിരപ്പം കുന്ന് സ്റ്റേഡിയവുമായി ബന്ധപ്പെട്ട കോടതി വിധി പ്രകാരമുള്ള ബാധ്യതയിൽ മുതൽ സംഖ്യ അടിയന്തിരമായി 2024-25 സാമ്പത്തിക വർഷത്തിൽ തന്നെ അടവാക്കുന്നതിന് ഭരണസമിതി തീരുമാനിക്കുകയും പദ്ധതിയിൽ തുക വകയിരുത്തുകയും ചെയ്തിട്ടുണ്ട്. സേവന ഉപ നികുതി ഏർപ്പെടുത്തുന്നതിനായുള്ള ഓഡിറ്റ് പരാമർശങ്ങൾ ഭരണ സമിതി ചർച്ചചെയ്തിരുന്നുവെങ്കിലും സേവന ഉപ നികുതി ഏർപ്പെടുത്തുന്നത് സംബന്ധിച്ച് തീരുമാനങ്ങളൊന്നും കൈകൊണ്ടിട്ടില്ലെന്നും പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

	<u>വാണിമേൽ ഗ്രാമപഞ്ചായത്ത്</u> വിവിധോദ്ദേശ്യങ്ങൾക്ക് ലഭിച്ച തുകകൾ തനത് ഫണ്ടെന്ന നിലയിൽ ചെലവഴിച്ചതു വഴി തനതുഫണ്ട് നീക്കിയിരുപ്പ് കമ്മിയായി. അപാകത പരിഹരിക്കുന്നതിലേയ്ക്കായി തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള വിവിധ ഇനങ്ങളുടെ ചെലവ് വിവരം സെക്രട്ടറി പ്രത്യേക അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കി നിരീക്ഷിക്കേണ്ടതും തനത് ഫണ്ടിൽ സൂക്ഷിക്കുന്ന തുക വകമാറ്റി ചെലവഴിക്കപ്പെടുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. കൂടാതെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പുതിയ വരുമാന ശ്രോതസ്സുകൾ കണ്ടെത്തുന്നതിനും നിലവിലുള്ളവ വർദ്ധിപ്പിക്കുന്നതിനും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതും, തനത് ഫണ്ടിന്റെ വിനിയോഗം കൃത്യമായി നിരീക്ഷിക്കേണ്ടതുമാണ്	വാണിമേൽ ഗ്രാമപഞ്ചായത്തിൽ തനത് ഫണ്ട് അക്കൗണ്ടിലെ വിവിധ ഇനത്തിൽ ലഭിച്ച തുകകൾ നിലവിൽ പ്രത്യേകം പ്രത്യേകം അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം സൂക്ഷിച്ചു വരുന്നുണ്ട്. 2017-18 വർഷത്തെ ഓഡിറ്റ് പരാമർശ പ്രകാരം വകമാറ്റി ചെലവഴിച്ച തുകകൾ അതത് പദ്ധതികൾക്ക് തന്നെ ചെലവിട്ടിട്ടുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. കൂടാതെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പുതിയ വരുമാന ശ്രോതസ്സുകൾ കണ്ടെത്തുന്നതിനും നിലവിലുള്ളവ വർദ്ധിപ്പിക്കുന്നതിനും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതും, തനത് ഫണ്ടിന്റെ വിനിയോഗം കൃത്യമായി നിരീക്ഷിക്കേണ്ടതുമാണെന്നുള്ള നിർദ്ദേശം പഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകുന്നതിനുള്ള നിർദ്ദേശം സർക്കാർ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.
	ഖരമാലിന്യ സംസ്കരണത്തിനും നിർമ്മാർജ്ജനത്തിനും ഉതകുന്ന വിധത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പദ്ധതികൾ ഫലപ്രാപ്തിയിലെത്തുന്നില്ല	
2	**<u>ഫറോക്ക് നഗരസഭ</u>** <u>മാലിന്യസംസ്കരണകേന്ദ്രത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെ നിർവ്വഹണ ഏജൻസിക്ക് പ്ലാസ്റ്റിക്ക് ഷ്രെഡിങ്ങ് ആന്റ് ബെയിലിംഗ് യൂണിറ്റിനായി തുക കൈമാറി)</u> ഫറോക്ക് മുനിസിപ്പാലിറ്റിക്കു വീട്ടുകളിൽ നിന്നും	ഫറോക്ക് നഗരസഭ 2017-18 വാർഷിക പദ്ധതി പ്രോജക്ട് നം.155/18 നമ്പർപദ്ധതിയിലുൾപ്പെടുത്തിയാണ് ക്ലീൻകേരള കമ്പനിക്ക് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത്. ടി പദ്ധതിക്ക് 12.06.2017 ലെ ആരോഗ്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ 1/1 നമ്പർ തീരുമാന പ്രകാരവും 12.06.2017 ലെ 1/1 നമ്പർ കൗൺസിൽ

	കച്ചവടസ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ ഷ്രെഡ് ചെയ്ത് ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നതിനും അല്ലാത്തവ ബെയിൽ ചെയ്ത് ഓപ്പറേറ്റിംഗ് പാർട്ട്ണർക്ക് മാറുന്നതിനുമായി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 8,80,000/-രൂപ അടങ്കലിൽ പ്രോജക്ട് (നം. 155918) ആവിഷ്കരിച്ചു. പ്ലാസ്റ്റിക്ക് ഷ്രെഡ് ചെയ്യുന്നതിനുള്ള യന്ത്രത്തിന്റെ വിലയായി 8,80,000/- (30/10-1-18) നൽകിയതിന്റെയും രേഖകൾ ഓഡിറ്റിന് ജ്യേമാക്കിയിട്ടില്ല. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് ഏജൻസിയായ ക്ലീൻ കേരള കമ്പനിയുമായി നഗരസഭ കരാറിൽ ഏർപ്പെട്ടിട്ടില്ല. നാളിതുവരെയായി നിർവ്വഹണ ഏജൻസി പ്ലാസ്റ്റിക്ക് ഷ്രെഡിങ്ങ് യന്ത്രം സ്ഥാപിച്ച് നൽകിയിട്ടുമില്ല മാലിന്യ സംസ്കരണവുമായി മുനിസിപ്പാലിറ്റിക്ക് ബന്ധപ്പെട്ട് അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി അഞ്ച് ലക്ഷം രൂപ അടങ്കലിൽ മെറ്റീരിയൽ റിക്കവറി ഷെഡ് നിർമ്മാണം രണ്ടാം ഘട്ടം പ്രോജക്ട് (നം206/18) രൂപീകരിച്ചിട്ടുണ്ടെങ്കിലും തൻവർഷം പദ്ധതി നടപ്പാക്കിയിട്ടില്ല. ഇതിൽ നിന്നും മാലിന്യ സംസ്കരണ കേന്ദ്രത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെയാണ് നിർവ്വഹണ ഏജൻസിയായ ക്ലീൻ കേരള കമ്പനിക്ക് പ്ലാസ്റ്റിക്ക് ഷ്രെഡിങ്ങ് ആന്റ് ബെയിലിംഗ് യൂണിറ്റിനായി തുക കൈകമാറിയത് എന്ന് വ്യക്തമാകുന്നു.	തീരുമാന പ്രകാരവും അംഗീകരിച്ച് ഡി.പി.സി അംഗീകാരം ലഭിച്ചിട്ടുള്ളതുമാണ്. മുനിസിപ്പാലിറ്റി പരിധിയിലുള്ള വീട്ടുകളിൽ നിന്നും കച്ചവട സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ ഷ്രഡ് ചെയ്ത് ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നതിനും അല്ലാത്തവ ബെയിലിംഗ് ചെയ്ത് ഓപ്പറേറ്റിംഗ് പാർട്ടണർക്ക് കൈമാറുകയാണ് പദ്ധതിയുടെ ലക്ഷ്യം. പൊതുജന താത് പര്യാർത്ഥം അടിയന്തിരമായി പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനും ഡെപ്പോസിറ്റ് ചെയ്ത ഏജൻസി ഷ്രഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് മുന്നോടിയായി സ്ഥലം സന്ദർശിച്ച വേളയിൽ നിശ്ചിത സമയത്തിനകം സംവിധാനം പൂർത്തിയാക്കാൻ കഴിയാതെ വരികയും തൻമൂലം എം.സി.എഫ് കെട്ടിടത്തിന്റെ ഫൗണ്ടേഷന് മതിയായ ബലമില്ലെന്ന് ബോധ്യപ്പെട്ടതിനാൽ പ്ലാസ്റ്റിക് ബെയിലിംഗ് യൂണിറ്റ് മാത്രമാണ് സ്ഥാപിച്ചിട്ടുള്ളത്. തുടർന്ന് പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള തുക റീഫണ്ട് ചെയ്യുന്നതിന് ക്ലീൻ കേരള കമ്പനിക്ക് കത്ത് നൽകുന്നതുൾപ്പടെയുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

(C)	**<u>ഫറോക്ക് നഗരസഭ</u>** <u>പ്രൊക്വർമെന്റ് മാന്വലിലെയും സർക്കാർ ഉത്തരവുകളിലെയും നിർദ്ദേശങ്ങൾ പാലിക്കാതെ വാങ്ങലുകൾ നടത്തുന്നു.</u> 2017-18 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളിലായി ഒരേതരം പർച്ചേസുകൾ നടത്തിയിട്ടുണ്ട്. വാങ്ങൽ നടപടികൾക്കായി പ്രൊക്വർമെന്റ് കമ്മിറ്റി രൂപീകരിക്കുകയോ പ്രൊക്വർമെന്റ് ടീം പ്രവർത്തിക്കുകയോ ചെയ്തിട്ടില്ല. വാങ്ങലുകൾ സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയുടെ ഓഡിറ്റിനു വിധേയമാക്കണമെന്ന നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. പ്രൊക്വർമെന്റ് മാന്വലിന് വിരുദ്ധമായാണ് 2017-18 ൽ നഗരസഭ വാങ്ങലുകൾ നടത്തിയിട്ടുള്ളത്.	ഫറോക്ക് നഗരസഭയിൽ പ്രൊക്വയർമെൻറ് മാന്വലിന് അനുസൃതമായി പ്രൊക്വയർമെൻറ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നും പ്രസ്തുത കമ്മിറ്റിയുടെ അംഗീകാരം വാങ്ങിയാണ് നിലവിൽ പർച്ചേസുകൾ നടത്തുന്നതെന്നും ആയത് പിന്നീട് കൗൺസിൽ അംഗീകരിച്ചു നൽകാറുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

M.S. BIJUKUTTAN
Additional Secretary to Govt.
Local Self Government Dept.
Govt. Secretariat, Tvpm.
PEN. 101258

സമാഹൃത ഓഡിറ്റ് 2018-19-ബ്ലോക്ക് പഞ്ചായത്തുകളുമായി ബന്ധപ്പെട്ട പരാമർശ ഖണ്ഡികകളിന്മേലുള്ള ന്യൂനത പരിഹാര പത്രിക

<table>
<tr><th>ഖണ്ഡിക</th><th>വിഷയം/പരാമർശം</th><th>മറുപടി</th></tr>
<tr>
<td>3</td>
<td>
കാട്ടൂർ- കാറളം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി -അപാകതകൾ- 29,55,985/- രൂപ ചെലവാക്കിയ പദ്ധതി പ്രവർത്തനസജ്ജമാക്കി ജലവിതരണം ആരംഭിച്ചിട്ടില്ല
[ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് 2017-18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-3]
ബ്ലോക്ക് പഞ്ചായത്ത് നിർവ്വഹണം നടത്തുന്ന ബൃഹത്തായ പദ്ധതിയാണ് കാട്ടൂർ കാറളം ലിഫ്റ്റ് ഇറിഗേഷൻ. ജലസേചനത്തിനായി പൈപ്പ് ലൈൻ സ്ഥാപിക്കുകയാണ് പദ്ധതിയുടെ ഭൗതികലക്ഷ്യം. 2016-17, 2017-18 വർഷങ്ങളിലായി നിർവ്വഹണം നടത്തിയ 4 പദ്ധതികൾ മുഖേന 29,55,985/- രൂപ ചെലവഴിച്ചിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.
<table>
<tr><th>ക്രമ നം</th><th>വർഷം</th><th>പ്രൊജക്ട് നം./നി .ഉദ്യോഗ സ്ഥൻ</th><th>അടങ്കൽ തുക</th><th>ചെലവ് തുക</th><th>ട്രഷറിബിൽ നം/ ചെക്ക് നം.</th></tr>
<tr><td>1</td><td>2017-18</td><td>67/18, അസി. എഞ്ചിനീയർ</td><td>10,96,172</td><td>10,88,663</td><td>14/9.2.18
22/22.3.18
54313/9.2.18
54339/31.3.18</td></tr>
<tr><td>2</td><td>2017-18</td><td>64/18, അസി. എഞ്ചിനീയർ</td><td>8,00,000</td><td>7,98,357</td><td>18/8.2.18
20/22.3.18
54314/9.2.18
54340/31.3.18</td></tr>
</table>
</td>
<td>
<u>ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത്</u>

ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് 2016-17,2017-18 വർഷങ്ങളിലായി 4 പദ്ധതികളിലായി നിർവ്വഹണം നടത്തിയ മേൽ പദ്ധതി ഇപ്പോൾ ഫലപ്രദമായി നടപ്പാക്കിയിട്ടുള്ളതാണ്.

a)ബ്ലോക്ക് പഞ്ചായത്തിന്റെ സ്വപ്ന പദ്ധതി എന്ന നിലയിൽ വിഭാവനം ചെയ്ത ടി പദ്ധതിയുടെ മൊത്തം ചെലവ് നേരത്തെ തയ്യാറാക്കിയതാണ്. പക്ഷെ പദ്ധതി വിഹിതത്തിന്റെ അപര്യാപ്തത കാരണം പദ്ധതി ഘട്ടംഘട്ടമായി നടപ്പാക്കുന്നതിന് ഭരണസമിതി തീരുമാനം എടുക്കുകയായിരുന്നു. ടി പദ്ധതിയുടെ പൂർത്തീകരണത്തിനു എം.എൽ.എ ഫണ്ട് ഉപയോഗിക്കുന്നതിനു ലക്ഷ്യമിട്ടിരുന്നതിനാൽ ബഹുവർഷ പദ്ധതിയായി ലക്ഷ്യപൂർത്തീകരണം നടത്താൻ കഴിയാതെ പോയിട്ടുണ്ട്. പദ്ധതിയുടെ ടെണ്ടർ നടത്തുമ്പോൾ കിട്ടുന്ന കിഴിവ് തുകയും ഉപേക്ഷിക്കപ്പെട്ട പദ്ധതികളുടെ തുകയും ചേർത്താണ് ഓരോ ഘട്ടത്തിന്റെയും ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളത്.

പ്രവർത്തി ഫലപ്രദമായി നടക്കുന്നുണ്ട്. ദിശാബോർഡും നെയിം ബോർഡും പ്രവർത്തി പൂർത്തീകരണ വേളയിൽ സ്ഥാപിച്ചിരുന്നു. എസ്റ്റിമേറ്റിൽ ഉൾപ്പെട്ട പ്രവർത്തി
</td>
</tr>
</table>

111

2

3	2017-18	68/18, സെക്രട്ടറി	7,13,556	6,48,261	1/30.6.17 ചെക്ക് നം. 55793/15.6.17
4	2016-17	7/17, അസി. എഞ്ചിനീയർ	4,21,900	4,20,704	19/9.3.17 55791/24.6.17
ആകെ			30,31,628	29,55,985	

മേൽപറഞ്ഞതിൽ തൻവർഷത്തെ പദ്ധതി ഫയലുകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

(a) വൻതുക ചെലവാക്കിയ ഈ പദ്ധതി കമ്മിഷൻ ചെയ്ത് ജലവിതരണം ആരംഭിച്ചിട്ടില്ല. കാറളം പഞ്ചായത്തിലെ കല്ലട ക്ഷേത്രത്തിനടുത്ത് കെ എൽ ഡി സി കനാലിനു സമീപമുള്ള പാടശേഖരത്തിലെ കിണറാണ് ജലസ്രോതസ്സ്. സമീപം മോട്ടോർ പമ്പ് സ്ഥാപിച്ച് കാട്ടൂർ -കാറളം പഞ്ചായത്തുകളിലെ ജലസേചനാവശ്യം നിർവ്വഹിക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. പട്ടിക പ്രകാരമുള്ള 3 പദ്ധതികളിലും പൈപ്പ് ലൈൻ നീട്ടൽ എന്ന പ്രവൃത്തിയാണ് നടന്നിരിക്കുന്നത്. ജലം പമ്പ് ചെയ്യുന്നതിനുള്ള മോട്ടോർ സ്ഥാപിക്കൽ മറ്റൊരു പദ്ധതിയായും നിർവ്വഹിച്ചു. 12-ാം പഞ്ചവൽസരപദ്ധതി മാർഗ്ഗരേഖയിലെ (സ.ഉ(എം.എസ്) നം.225/12/ത.സ്വ.ഭ.വ തീയതി. 18.8.2012) ഖണ്ഡിക (ix) സി പ്രകാരം ഈ പദ്ധതി ബഹുവർഷ പ്രൊജക്ടായി ആവിഷ്കരിക്കേണ്ടതായിരുന്നു. ഒറ്റ ടെണ്ടറിൽ ചെയ്യേണ്ട പ്രവൃത്തിയാണ് നാലു പ്രൊജക്ടുകളായി വിഭജിച്ചു നിർവ്വഹിച്ചത്. ആയത് മാർഗ്ഗരേഖ നിർദ്ദേശത്തിന്റെ ലംഘനമാണ്.
ഓഡിറ്റ് നടത്തിയ സ്ഥലപരിശോധനയിൽ കാറളം പഞ്ചായത്തിലെ കല്ലട ക്ഷേത്രത്തിനടുത്ത് കെ എൽ ഡി സി കനാലിനു സമീപമുള്ള പാടശേഖരത്തിലെ കിണറിനു സമീപമാണ് പമ്പ് സ്ഥാപിച്ചിരിക്കുന്നത്. ആകയാൽ നെയിം ബോർഡിന്റെ ചിത്രം ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

b) ടി പ്രവൃത്തിയ്ക്കായി പദ്ധതി 64/17-18 പ്രകാരം കാട്ടൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് 4, കാറളം പഞ്ചായത്തിലെ വാർഡ് 1 എന്നിവിടങ്ങളിലേയ്ക്കായി 860 മീറ്റർ പൈപ്പ് ലെയിൻ സ്ഥാപിച്ചിട്ടുള്ളതും പദ്ധതി 67/7-18 പ്രകാരം കാട്ടൂർ ഗ്രാമപഞ്ചായത്തിലെ 5,6,7,8 വാർഡുകളിലേക്ക് 8913 മീറ്റർ പൈപ്പ് ലെയിന് സ്ഥാപിച്ചിട്ടുള്ളതുമാണ്.

c) പ്രവൃത്തിയുടെ പൂർത്തീകരണപത്രവും മോണിറ്ററിംഗ് റിപ്പോർട്ടും ഫയലിൽ സൂക്ഷിച്ചിട്ടുള്ളതാണ്. സാങ്കേതികാനുമതി പ്രകാരമുള്ള കാലയളവിൽ പ്രവർത്തി പൂർത്തീകരിക്കുവാൻ ആയിട്ടില്ല. കാരണം പൈപ്പ് ലൈൻ പൂർത്തീകരിക്കേണ്ട റോഡുകളിൽ ഭൂരിഭാഗം സ്ഥലങ്ങളും PWD അധീനതയിൽ ഉള്ളതായിരുന്നു. ടി ഡിപ്പാർട്ടുമെന്റിന്റെ അനുവാദം ലഭിക്കുവാൻ വന്ന കാലതാമസം പ്രവർത്തിയുടെ കാലാവധിയെ ദീർഘിപ്പിച്ചിട്ടുണ്ട്. പൈപ്പ് ലൈൻ സ്ഥാപിക്കുന്ന സ്ഥലങ്ങളിൽ എല്ലാം ഭൂനിരപ്പിൽ വെള്ളം നിൽക്കുന്ന സാഹചര്യം ഉള്ളതിനാൽ പലപ്പോഴും വെള്ളം താഴുവാൻ കാത്തിരിക്കേണ്ടതായി വന്നിട്ടുണ്ട്. ഭരണ സമിതിയുടെ തീരുമാന പ്രകാരമാണ് കോൺട്രാക്ട് കാലാവധി നീട്ടികൊടുത്തിട്ടുള്ളത്.

ആയത് പൂട്ടിയ നിലയിലായിരുന്നു. ഇലക്ട്രിഫിക്കേഷനാവശ്യമായ വയറിംഗ് നടത്തിയിട്ടുണ്ടെങ്കിലും കണക്ഷൻ ലഭ്യമായിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കുന്ന ബൃഹത്തായ പദ്ധതിയായിട്ടും സ്ഥലത്ത് ആയത് സൂചിപ്പിക്കുന്ന നെയിം ബോർഡോ, ദിശാ സൂചകങ്ങളോ മോട്ടോർ ഷെഡിന്റെ ചുവരുകളിൽ രേഖപ്പെടുത്തലോ കാണാൻ കഴിഞ്ഞില്ല. (പദ്ധതി ഫയലിനുള്ളിൽ ബോർഡ് നിൽക്കുന്നതിന്റെ ഫോട്ടോ സൂക്ഷിച്ചിരുന്നു).

(b) കാട്ടൂർ - കാറളം പഞ്ചായത്തുകളുടെ ഏതെല്ലാം വാർഡുകളിൽ എത്രമീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചു എന്നതിന്റെ സമഗ്രചിത്രം ഫയലിൽ നിന്ന് ലഭ്യമായില്ല. വിശദമായ സൈറ്റ് പ്ലാൻ, ലൊക്കേഷൻ മാപ്പ് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/10.12.18) ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

പദ്ധതി നം	പഞ്ചായത്തിന്റെ പേര്	പൈപ്പ് ലൈൻ സ്ഥാപിച്ചതിന്റെ വിശദാംശങ്ങൾ	ചെലവായ തുക
67/17-18	കാറളം	891.3 മീ	10,88,663
64/17-18	കാറളം	860 മീ	7,98,357

(c) മേൽ പദ്ധതികളുടെ പൂർത്തീകരണ വിവരം ഫയലിൽ നിന്നും ലഭ്യമായില്ല. ഫയലിനോടൊപ്പം പൂർത്തീകരണപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ സൂക്ഷിച്ചിട്ടില്ല. ടെക്നിക്കൽ സാങ്ഷൻ പ്രകാരം 1 മാസമാണ് മേൽപ്രവൃത്തികളുടെ (67/18,64/18) പൂർത്തീകരണ കാലാവധി. എന്നാൽ 1 വർഷം കൊണ്ടാണ് പൂർത്തീകരിച്ചത്.

കോൺട്രാക്ടർ റ്റി.എ.ഡേവിസിന് 20/03/18 ലെ 2(4) തീരുമാനപ്രകാരം പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി നീട്ടികൊടുത്ത നിർവ്വഹണ ഉദ്യോഗസ്ഥന്റെ നടപടി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ആയതിനെ

d) 12-ാം പദ്ധതി മാർഗ്ഗരേഖ അനുസരിച്ച് ആവിഷ്കരിച്ച പദ്ധതികളായതിനാൽ അടങ്കൽ തുകയുടെ 10% പ്രയോജനം ലഭിക്കുന്ന സ്ഥലം ഉടമകൾ വഹിക്കേണ്ടതാണ്. ഗുണഭോക്തൃ സമിതി അവരുടെ വിഹിതം അടച്ചതിനുശേഷം മാത്രമേ നിർമ്മാണ പ്രവൃത്തികൾ നടത്തിയിട്ടുള്ളൂ. ചട്ടപ്രകാരമുള്ള ഗുണഭോക്തൃ സമിതി രൂപീകരണവും കൂടിച്ചേരലുകളും നടന്നിട്ടുള്ളതാണ്. പ്രവൃത്തി വളരെ വിജയകരമായി പൂർത്തീകരിച്ചിട്ടുള്ളതാണ്. രണ്ടു പഞ്ചായത്തുകളിലെ ജനങ്ങൾക്ക് കുടിവെള്ളം ലഭിക്കുന്നതിന് പ്രവൃത്തി സഹായകമായിട്ടുണ്ട്.

	സാധൂകരിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. (d) 12-ാം പദ്ധതി മാർഗ്ഗരേഖ നിർദ്ദേശാനുസരണം ആവിഷ്കരിച്ച പദ്ധതികളായതിനാൽ അടങ്കൽ തുകയുടെ 10% പ്രയോജനം ലഭിക്കുന്ന സ്ഥലമുടമകൾ വഹിക്കേണ്ടതാണ്. 29.3.17 ലെ സ.ഉ (എം.എസ്)നം.72/17 ഉത്തരവ് ഖണ്ഡിക.12.33 പ്രകാരം ജലസേചന പ്രോജക്ടുകളുടെ തുടർനടത്തിപ്പും സംരക്ഷണവും പരിപാലനവും പാടശേഖരസമിതി/ കർഷകകൂട്ടായ്മ/ ഗുണഭോക്തൃസമിതി എന്നിവയുടെ ചുമതലയായി പ്രോജക്ടിൽ വ്യവസ്ഥ ചെയ്യണം. ഗുണഭോക്തൃ വിഹിതം പദ്ധതിയിൽ വകയിരുത്തി പിരിച്ചു നൽകിയിട്ടുണ്ടെങ്കിലും ഗുണഭോക്തൃസമിതി രൂപവൽകരിച്ചതിന്റെ വിശദാംശം ലഭ്യമായില്ല. പദ്ധതി പൂർത്തിയാക്കി സമിതിക്ക് കൈമാറുന്നത് സംബന്ധിച്ച് ഭരണസമിതി തീരുമാനം ഉണ്ടായിട്ടില്ല. മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതുവരെ അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ തൻവർഷത്തെ (2017-18) ചെലവു തുകയായ (10,88,663 + 7,98,357 = 18,87,020) 18,87,020/- രൂപ തടസ്സപ്പെടുത്തുന്നതായി ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഖണ്ഡിക സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്ന വിവരം അറിയിച്ചു കൊണ്ട് നൽകിയ കത്തിന് തദ്ദേശ സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ലെന്ന് തൃശ്ശൂർ ജില്ലാ ഓഡിറ്റ് കാര്യാലയം ജോയിന്റ് ഡയറക്ടറുടെ 16/8/2019 തീയതിയിലെ കെ.എസ്.എ/ടി.എസ്.ആർ (എസ്.1)1001/19 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.	
	ഖരമാലിന്യ സംസ്കരണത്തിനും നിർമ്മാർജ്ജനത്തിനും ഉതകുന്ന വിധത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പദ്ധതികൾ ഫലപ്രാപ്തിയിലെത്തുന്നില്ല. ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിയുകയും ചെയ്യുക, ദ്രവമാലിന്യങ്ങൾ	വിശദീകരണം തുടർ ഖണ്ഡികകളിൽ നൽകിയിട്ടുണ്ട്.

	നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നിവ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയിലുൾപ്പെടുന്നു. ഖരമാലിന്യങ്ങൾ ഫലപ്രദമായി സംസ്കരിക്കാനും നിർമ്മാർജ്ജനം ചെയ്യാനും ഉതകുന്ന വിധത്തിൽ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിനും മെറ്റീരിയൽ റിക്കവറി സെന്ററുകൾ സ്ഥാപിക്കുന്നതിനും കോടിക്കണക്കിനു രൂപ തദ്ദേശ സ്ഥാപനങ്ങൾ ചെലവഴിച്ചു വരുന്നുണ്ട്. എന്നാൽ വ്യക്തമായ ആസൂത്രണത്തിന്റെയും കൃത്യമായ നിർവ്വഹണത്തിന്റെയും അഭാവം നിമിത്തം പല മെറ്റീരിയൽ റിക്കവറി സെന്ററുകളുടെയും പ്രവർത്തനം ഫലപ്രാപ്തിയിലെത്തിക്കാനായിട്ടില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലയിലെ വിവിധ തദ്ദേശ സ്ഥാപനങ്ങൾ റിപ്പോർട്ട് ചെയ്ത അപാകതകളുടെ വിവരം ചുവടെ ചേർക്കുന്നു.	
1.	**സ്ഥലം കണ്ടെത്താൻ കഴിയാത്തതിനാൽ ബ്ലോക്ക് തല മെറ്റീരിയൽ റിക്കവറി സെന്റർ സ്ഥാപിക്കാനായില്ല. (മേലടി ബ്ലോക്ക് പഞ്ചായത്ത്**. 2017 -2018 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക. 3.3) 2017-18 സാമ്പത്തിക വർഷം മേലടി ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ വരുന്ന 4 ഗ്രാമപഞ്ചായത്തുകളുടെ അജൈവ മാലിന്യസംസ്കരണത്തിനു വേണ്ടി, ശുചിത്വ മാലിന്യ സംസ്കരണ പ്രോജക്ടുകളുടെയും സീറോവേസ്റ്റ് കോഴിക്കോട് പ്രോജക്ടിന്റെ ഭാഗമായി ബ്ലോക്ക് തല സൂപ്പർ എം.ആർ.എഫ്. സെന്റർ സ്ഥാപിക്കുന്നതിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം വാങ്ങുന്നതിനു സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 5,00,000/- രൂപ അടങ്കലിൽ പ്രോജക്ട് തയ്യാറാക്കി. ശുചിത്വ മിഷന്റെ നിർദേശങ്ങൾ കൂടി പരിഗണിച്ച് ഇത് സംബന്ധിച്ച പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ 9-5-2017 ലെ 23/17-18 നമ്പർ ഭരണസമിതി തീരുമാന പ്രകാരം ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനെ ചുമതലപ്പെടുത്തിയിരുന്നു. സെന്ററിനായി റോഡ് സൗകര്യത്തോടുകൂടിയുള്ള സ്ഥലം ലഭിക്കുന്നതിന് 07.09.2017 ന് പത്രപരസ്യം നൽകിയെങ്കിലും അനുയോജ്യമായ സ്ഥലം	<u>**മേലടി ബ്ലോക്ക് പഞ്ചായത്ത്**</u> മേലടി ബ്ലോക്ക് പഞ്ചായത്തിൽ മെറ്റീരിയൽ റിക്കവറി സെൻറർ (എം.ആർ.എഫ്) സ്ഥാപിക്കുന്നതിനായി പത്ര പരസ്യം നൽകിയത് പ്രകാരം ശ്രീമതി ഫസ്ന സി വി, കീഴരിയൂർ എന്നവർ സ്ഥലം നൽകുന്നതിനായി മുന്നോട്ട് വന്നുവെങ്കിലും റോഡ് സൗകര്യം ലഭിക്കില്ല എന്ന കാരണത്താൽ പ്രസ്തുത സ്ഥലം ഒഴിവാക്കുന്നതിനും പകരം സ്ഥലം കണ്ടെത്തുന്നതിനും ബ്ലോക്ക് പഞ്ചായത്ത് തീരുമാനിച്ചു. (25.11.2019 തീയതി യിലെ 2/3 നമ്പർ ഭരണസമിതി തീരുമാനം). തുടർന്ന് പുതിയ സ്ഥലം കണ്ടെത്തുന്നതിനായി പത്ര പരസ്യം നൽകിയെങ്കിലും വ്യക്തികളെ നേരിട്ട് സമീപിച്ചതിന്റെ ഫലമായി ശ്രീ പ്രകാശൻ, വാഴയിൽ എന്ന വ്യക്തി സെന്റിന് 15,000 രൂപയ്ക്ക് 19 സെൻറ് സ്ഥലം നൽകുവാൻ തയ്യാറായി. പ്രസ്തുത സ്ഥലം

	കണ്ടെത്താൻ കഴിയാത്തതിനാൽ പദ്ധതി നടപ്പാക്കാനായില്ല. സ്വകാര്യവ്യക്തി കേന്ദ്രത്തിനു സ്ഥലം നൽകാനായി മുന്നോട്ടുവന്നെങ്കിലും പ്രസ്തുത സ്ഥലം പദ്ധതിക്ക് അനുയോജ്യമാണോ എന്നത് സംബന്ധിച്ച ഫീസിബിലിറ്റി റിപ്പോർട്ട് ഫയലിൽ ഇല്ല. 5-2-2018 ലെ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ എം.ആർ.എഫ് കേന്ദ്രത്തിനായി കണ്ടെത്തിയ സ്ഥലത്തിന്റെ വാല്യേഷൻ നടപടികൾ വേഗത്തിലാക്കുന്നതിനു ശിപാർശ ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെയായും സ്ഥലം വാങ്ങൽ നടപടികൾ പൂർത്തീകരിക്കാനോ പദ്ധതി നടത്തിപ്പിനായി മറ്റ് സ്ഥലങ്ങൾ കണ്ടെത്തുന്നതിനോ കഴിഞ്ഞിട്ടില്ല. മേൽ കാരണത്താൽ തന്നെ ബ്ലോക്ക് തല എം.ആർ.എഫ് സെന്ററിൽ ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 10,00,000/- അടങ്കലിലുള്ള പ്ലാസ്റ്റിക് ഷ്രഡിങ് യൂണിറ്റ് സ്ഥാപിക്കൽ പദ്ധതിയും നടപ്പാക്കാൻ കഴിയാതെ പോയി. പദ്ധതി അടിയന്തിരമായി പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ,അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) എന്നിവർ പരിശോധിക്കുകയും സാക്ഷ്യപത്രം അനുവദിക്കുകയും തുടർന്ന് മേൽ സ്ഥലത്ത് എം ആർ എഫ് സെന്റർ സ്ഥാപിക്കുന്നതിന് സർക്കാരിൽ നിന്നും മുൻകൂർ അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 2022 മാർച്ച് 23-ാം തീയതി പ്രകാശൻ, വാഴയിൽ വീട് മുച്ചകുന്ന എന്നിവരുടെ ഉടമസ്ഥതയിൽ ആയിരുന്ന കീഴരിയൂർ വില്ലേജിൽ പഴയ സർവ്വേ നമ്പർ 77 ൽ പെട്ട 7.69 ആർ ഭൂമി മേലടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തു. 2023-24 സാമ്പത്തിക വർഷം അസിസ്റ്റന്റ് എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായി പ്രസ്തുത സ്ഥലത്ത് എംആർഎഫ് കെട്ടിട നിർമ്മാണം ആരംഭിക്കുകയും പ്രവർത്തി ഇപ്പോൾ ഏതാണ്ട് 80 ശതമാനം പൂർത്തിയാവുകയും ചെയ്തിട്ടുണ്ട്. ചുറ്റമതിൽ,സിസിടിവി സ്ഥാപിക്കൽ, കുടിവെള്ള ലഭ്യത ഉറപ്പുവരുത്തൽ തുടങ്ങിയ പദ്ധതികൾ പൂർത്തീകരിക്കേണ്ടതുണ്ട്. 2025-26 സാമ്പത്തിക വർഷം ബെയിലിംഗ് മെഷീൻ സ്ഥാപിക്കൽ പ്രോജക്ട് ഉൾപ്പെടുത്തി പ്രവൃത്തി 100% പൂർത്തീകരിച്ച് ലക്ഷ്യം കൈവരിക്കുന്നതാണെന്ന് മേലടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.
3.	**കെട്ടിടം പൂർണ്ണ സജ്ജമാകാതെ മെറ്റീരിയൽ റിക്കവറി കേന്ദ്രത്തിന് യന്ത്രസാമഗ്രികൾ വാങ്ങി.** (കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത്, 2017-18 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക.3.1) കൊടുവള്ളി ബ്ലോക്ക്പഞ്ചായത്ത് പരിധിയിലുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ	**<u>കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത്</u>** കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള 9 ഗ്രാമപഞ്ചായത്തുകളിലെ അജൈവമാലിന്യങ്ങൾ

	നിർമ്മാർജനം ചെയ്യുന്നതിലേക്കായി, തിരുവമ്പാടി ഗ്രാമപഞ്ചായത്തിൽ ഒരു മെറ്റീരിയൽ റിക്കവറി സെന്റർ സ്ഥാപിക്കുന്നതിന് 15 HP ഷ്രഡിങ് മെഷീനും 7.5 HP ബെയ്ലിങ് മെഷീനും വാങ്ങുന്നതിനു വ്യവസായ വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി 9,92,000/- രൂപ അടങ്കലിൽ 'ബ്ലോക്ക് മെറ്റീരിയൽ റിക്കവറി കേന്ദ്രത്തിന് യന്ത്ര സാമഗിരികൾ വാങ്ങൽ' എന്ന പദ്ധതി ആവിഷ്കരിച്ചു. പ്രസ്തുത പ്രോജക്ടിന് 9,82,943/- രൂപ ചെലവഴിച്ചിട്ടുണ്ട്. 2017-18 ൽ യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിക്കുകയും 2018-19 ൽ 15,70,000/-രൂപ ചെലവഴിച്ച് പൂർത്തീകരിക്കുകയും ചെയ്തു. ഈ കെട്ടിടത്തിന്റെ വയറിങ് പ്രവർത്തിക്ക് 2018-19 ൽ പ്രോജക്ട് വച്ചെങ്കിലും ആഗസ്റ്റ് 2018 ലും വൈദ്യുതീകരണം പൂർത്തിയാക്കാനായിട്ടില്ല. കെട്ടിടത്തിന്റെ തറ നിർമ്മാണം മാത്രം പൂർത്തീകരിച്ചതിനാലും വൈദ്യുതീകരണം നടക്കാത്തതിനാലും യന്ത്രങ്ങൾ വാങ്ങുന്നത് ഉചിതമായിരിക്കുകയില്ലെന്ന് 08.02.2018 നു സെക്രട്ടറി/പ്രസിഡണ്ട് എന്നിവർക്കയച്ച കത്തിൽ വ്യവസായ വികസന ഓഫീസർ വ്യക്തമാക്കിയിരുന്നു. എന്നാൽ ഭരണ സമിതി 20.02.2018 ലെ 65(4) നമ്പർ തീരുമാന പ്രകാരം യന്ത്രങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുകയാണുണ്ടായത്. നിലവിലെ അവസ്ഥയിൽ യന്ത്രങ്ങൾ വാങ്ങുന്നത് ഉചിതമല്ലെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ രേഖാമൂലം അറിയിച്ചിട്ടും ഭരണ സമിതി മറിച്ചൊരു തീരുമാനം എടുത്തതിന്റെ സാംഗത്യം വ്യക്തമല്ല. തുടർന്ന് ക്ലീൻ കേരള കമ്പനിയുമായി സെക്രട്ടറി കരാറിലേർപ്പെടുകയും യന്ത്രങ്ങൾ വാങ്ങുന്നതിന് 9,82,943/- രൂപ 24.02.2018 ന് സ്ഥാപനത്തിന് കൈമാറുകയും ചെയ്തു. മേൽ തുകയിൽ യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള ചെലവായി 24,600/- രൂപയും സൂപ്പർവിഷൻ ചാർജ്ജായി 41,000/- രൂപയും (ഒരു വർഷത്തേക്ക്) ഉൾപ്പെടുന്നു. ഭൗതിക സാഹചര്യങ്ങൾ ഒരുക്കുകയാണെങ്കിൽ വില നൽകി 60 ദിവസത്തിനുള്ളിൽ യന്ത്രങ്ങൾ സ്ഥാപിച്ച് കമ്മീഷൻ ചെയ്യുന്നതാണെന്നും വാറന്റി കാലാവധി ഒരു വർഷമായിരിക്കുമെന്നും കരാറിൽ വ്യവസ്ഥ	ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുക എന്ന ലക്ഷ്യത്തോടെ ആണ് 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവമ്പാടി ഗ്രാമപഞ്ചായത്തിലെ ഒറ്റപ്പൊയിൽ ബ്ലോക്ക് മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ സ്ഥാപിക്കാൻ തീരുമാനിച്ചത്. 2017-18 വർഷ പദ്ധതിയിൽ കെട്ടിട നിർമ്മാണത്തിനും കെട്ടിടത്തിലേക്ക് യന്ത്രസാമഗ്രികൾ വാങ്ങുന്നതിനും പ്രത്യേകം പ്രത്യേകം പദ്ധതികൾ ഏറ്റെടുത്തു. കെട്ടിട നിർമ്മാണം പുരോഗമിക്കവെ യന്ത്രസാമഗ്രികൾ വാങ്ങുന്നതിനുള്ള പ്രോജക്ടിൽ നിന്നും 982943/-രൂപ ടി സാമഗ്രികളുടെ വിലയായി 24/02/18 നു M/S ക്ലീൻ കേരള കമ്പനിക്ക് കൈമാറി. കെട്ടിട നിർമ്മാണം പൂർത്തീകരിച്ചാൽ ഉടൻതന്നെ യന്ത്രസാമഗ്രികൾ സ്ഥാപിച്ച് മാലിന്യ സംസ്കരണം ആരംഭിക്കാം എന്നതും ധനകാര്യ വർഷാവസാനം ഫണ്ട് ലാപ്സാവും എന്നതും പരിഗണിച്ചാണ് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി പണം അടവാക്കാൻ തീരുമാനിച്ചത്. പണം അടവാക്കിയെങ്കിലും 2018-19 വർഷം കെട്ടിട നിർമ്മാണം പൂർത്തീകരിച്ചതിനു ശേഷമാണ് യന്ത്രസാമഗ്രികൾ എത്തിച്ചേർന്നത്. അധികം വൈകാതെ തന്നെ വൈദ്യുതി,ജല കണക്ഷനുകളും ലഭ്യമാക്കി യന്ത്രസാമഗ്രികൾ സ്ഥാപിച്ച് ട്രയൽ റൺ നടത്തുകയും മാലിന്യ സംസ്കരണ രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിന് താല്പര്യപത്രം ക്ഷണിക്കുകയും ചെയ്തു. M/S നിറവ് വേങ്ങേരി എന്ന സ്ഥാപനവുമായി പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിന് 28.11.19 ന് കരാർ

	ചെയ്തിട്ടുണ്ട്. യന്ത്രങ്ങൾ സ്ഥാപിക്കുന്നതിന് വൈദ്യുതിയും ജലലഭ്യതയും ഉറപ്പാക്കണമെന്നും ക്ലീൻ കേരള കമ്പനി അറിയിച്ചിട്ടുണ്ട്. എന്നാൽ യന്ത്രങ്ങൾ നാളിതുവരെ ബ്ലോക്ക് പഞ്ചായത്ത് കൈപ്പറ്റിയിട്ടില്ല. ആയത് സപ്ലൈ ചെയ്യുന്നതിനുള്ള സൗകര്യമൊരുക്കിത്തരുവാൻ കമ്പനി 09.07.2018-ൽ സെക്രട്ടറിയോട് ആവശ്യപ്പെട്ടെങ്കിലും തുടർ നടപടി സ്വീകരിച്ചിട്ടില്ല. യന്ത്രങ്ങൾ സ്ഥാപിക്കുന്നതിന് ഇനിയും കാലതാമസം ഉണ്ടായാൽ വാറന്റി കാലാവധി കാലഹരണപ്പെടാനും സൂപ്പർവിഷൻ ചാർജ്ജ് തുടങ്ങിയവ നഷ്ടപ്പെടാനും ഇടയുണ്ട്. 25 ലക്ഷത്തിലേറെ രൂപ ചെലവഴിച്ച പദ്ധതിയിൽ യന്ത്രങ്ങളുടെ വിലയായ 10 ലക്ഷത്തോളം രൂപ ഭരണ സമിതിയുടെ അനുചിതമായ തീരുമാനം കാരണം നിഷ്ക്രിയമായിരിക്കുകയാണ്. മേൽ സാഹചര്യത്തിൽ കെട്ടിടനിർമ്മാണം പൂർത്തീകരിക്കേണ്ട നടപടി ഊർജ്ജിതപ്പെടുത്തി യന്ത്രസാമഗ്രികൾ സ്ഥാപിച്ച് മെറ്റീരിയൽ റിക്കവറി സെന്റർ ഉടനടി പ്രവർത്തനമാരംഭിക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്.	ഒപ്പുവെക്കുകയും പ്ലാന്റ് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. പ്രസ്തുത കരാർ കാലാവധി അവസാനിച്ചതിനെ തുടർന്ന 18.10.21 ന് ഗവൺമെന്റ് സ്ഥാപനമായ ക്ലീൻ കേരള കമ്പനിയുമായും 1.1.23 മുതൽ M/S ഗ്രീൻ വേംസ് ,വെസ്റ്റ് ഹിൽ ,കോഴിക്കോട് എന്ന സ്ഥാപനവുമായും കരാറിൽ ഏർപ്പെട്ട് മാലിന്യ സംസ്കരണ പ്രവർത്തി നടത്തിയിട്ടുണ്ട്. ഗ്രീൻ വേംസുമായി കരാറിലുള്ളപ്പോൾ തന്നെ പ്ലാന്റ് പ്രവർത്തിപ്പിക്കാൻ ആവശ്യമായ അളവിൽ അജൈവ മാലിന്യങ്ങൾ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭ്യമാവാത്ത സാഹചര്യം ഉടലെടുത്തിരുന്നു. ഗ്രാമപഞ്ചായത്തുകൾ സ്വന്തം നിലയിൽ അജൈവമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് പ്രസ്തുത രംഗത്ത് പ്രവർത്തിക്കുന്ന ഏജൻസികളുമായി കരാറിൽ ഏർപ്പെടാൻ തുടങ്ങിയതാണ് ഈ സ്ഥിതിവിശേഷത്തിന് കാരണം. ഈ അവസരത്തിൽ മാലിന്യ സംസ്കരണ കേന്ദ്രം തിരുവമ്പാടി ഗ്രാമപഞ്ചായത്തിന് മാലിന്യ സംസ്കരണ പ്രവർത്തികൾക്കായി കൈമാറാൻ ഗ്രാമപഞ്ചായത്ത് ഭരണസമിതി ആവശ്യപ്പെടുകയുണ്ടായി. തുടർന്ന് ജില്ലാ അധികാരികളുടെ നിർദ്ദേശം കൂടി കണക്കിൽ എടുത്ത് മാലിന്യ സംസ്കരണ കേന്ദ്രം തിരുവമ്പാടി ഗ്രാമപഞ്ചായത്തിന് കൈമാറാൻ 6.8.2024 ന് ഭരണസമിതി തീരുമാനിക്കുകയും 2.10.24 ന് കേന്ദ്രം ഔപചാരികമായി തിരുവമ്പാടി ഗ്രാമപഞ്ചായത്തിന് കൈമാറുകയും ചെയ്തു. കെട്ടിടം പണി പൂർത്തിയാവുന്നതിന് മുൻപ് യന്ത്ര സാമഗ്രികൾക്ക് പണമടച്ചത് കൊണ്ട് സർക്കാർ പണം നഷ്ടമാവുകയോ

		മറ്റ് യാതൊരുവിധ കഷ്ടനഷ്ടങ്ങളോ ഉണ്ടായിട്ടില്ല. മാത്രവുമല്ല 2018-19 ൽ യന്ത്രങ്ങൾ എത്തിച്ചേർന്ന് അധികം വൈകാതെ തന്നെ പ്ലാന്റ് പ്രവർത്തനം തുടങ്ങുകയും പ്രസ്തുത യന്ത്രസാമഗ്രികൾ ഇപ്പോഴും പ്രവർത്തനക്ഷമവും ആണെന്ന് അറിയിക്കുന്നു . തിരുവമ്പാടി ഗ്രാമപഞ്ചായത്ത് പ്രസ്തുത യന്ത്ര സാമഗ്രികൾ ഇപ്പോഴും മാലിന്യ സംസ്കരണത്തിന് പ്രയോജനപ്പെടുത്തുന്നുണ്ടെന്നും അറിയിക്കുന്നു .
	പ്രൊക്വർമെന്റ് മാന്വലിലെയും സർക്കാർ ഉത്തരവുകളിലെയും നിർദ്ദേശങ്ങൾ പാലിക്കാതെ വാങ്ങലുകൾ നടത്തുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും ഘടക സ്ഥാപനങ്ങളിലേക്കുമുള്ള സാധന സേവനങ്ങളുടെ സമാഹരണത്തിനു ഏകീകൃത സ്വഭാവവും സുതാര്യതയും ജനപങ്കാളിത്തവും ഉറപ്പാക്കുന്നതിന് വേണ്ടി പുറപ്പെടുവിച്ച 08.11.2010 തീയതിയിലെ ജി.ഒ.(പി) 259/ 2010 ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരമുള്ള പ്രൊക്വർമെന്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ പല തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും വീഴ്ച വരുത്തിയിട്ടുണ്ട്. മേൽ മാർഗ്ഗരേഖ പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഓരോ വർഷവും നടത്തേണ്ട വിവിധ തരത്തിലുള്ള വാങ്ങലുകൾ സംബന്ധിച്ച് പദ്ധതി രൂപീകരണ സമയത്തു തന്നെ രൂപരേഖ ഉണ്ടാക്കേണ്ടതും ആയതനുസരിച്ച് പ്രൊക്വർമെന്റ് പദ്ധതി തയ്യാറാക്കേണ്ടതുമാണ്. ഫലപ്രദമായ ബജറ്റ് നടപ്പാക്കലിനും കാര്യക്ഷമമായ ധനവിനിയോഗത്തിനും പ്രൊക്വർമെന്റ് പ്ലാൻ അനിവാര്യമാണ്. സ്ഥാപനത്തിൽ ഇതിനായി ടെക്നിക്കൽ ടീം, പ്രൊക്വർമെന്റ് ടീം, പ്രൊക്വർമെന്റ് കമ്മിറ്റി, സോഷ്യൽ ഓഡിറ്റ് കമ്മിറ്റി എന്നിവ രൂപീകരിക്കുകയോ പ്രൊക്വർമെന്റ് ടീം പ്രവർത്തിക്കുകയോ ഉണ്ടായിട്ടില്ല. അതിനു പകരം തൻവർഷം പ്രോജക്ടുകളുമായി ബന്ധപ്പെട്ട വാങ്ങലുകൾക്ക്	**കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത്** കുന്നമംഗലം ബ്ലോക്ക് പഞ്ചായത്ത് വാർഷിക പദ്ധതി രൂപീകരണ സമയത്ത് ഫലപ്രദവും കാര്യക്ഷമവും ആയ ധനവിനിയോഗം ഉറപ്പുവരുത്തുന്നതിന് വേണ്ടി പ്രൊക്യർമെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. നിലവിൽ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു. ബ്ലോക്ക് പഞ്ചായത്തിലെ മുഴുവൻ നിർവഹണ ഉദ്യോഗസ്ഥരും മാർഗ്ഗരേഖ അനുസരിച്ച് വാങ്ങലുകൾ നടത്തി വരുന്നു. ഓഡിറ്റ് പരാമർശ പ്രകാരമുള്ള തെറ്റുകൾ ഭാവിയിൽ ആവർത്തിക്കുകയില്ലെന്നും പ്രൊക്വർമെന്റ് മാനുവൽ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് എല്ലാ വാങ്ങലുകളും നടത്തുന്നതാണെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട് . I) കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ വനിതാ ശിശു വികസന പദ്ധതികൾക്കായി കുന്ദമംഗലത്തും, മുക്കത്തുമായി രണ്ട് ശിശു വികസന പ്രോഗ്രാം ഓഫീസർമാരാണുള്ളത്. ഓഡിറ്റ്

അതാത് നിർവ്വഹണോദ്യോഗസ്ഥർ പ്രത്യേകം ടെണ്ടർ/ക്വട്ടേഷൻ/നേരിട്ടുള്ള വാങ്ങൽ നടപടികൾ സ്വീകരിച്ച് സാധനങ്ങൾ വാങ്ങുന്ന മുൻകാലരീതി തന്നെ അവലംബിക്കുകയായിരുന്നു. ഇതുമൂലം ഒരേ ഇനം സാമഗ്രികൾ വാങ്ങുന്നതിനു ഓരോ ഉദ്യോഗസ്ഥനും വ്യത്യസ്ത നടപടിക്രമങ്ങൾ സ്വീകരിക്കുകയും തദ്വാരാ മാന്വൽ വിഭാവനം ചെയ്ത വാങ്ങലുകളിൽ പരമാവധി നേട്ടമുണ്ടാക്കുകയെന്ന ലക്ഷ്യപ്രാപ്തി കൈവരിക്കാൻ കഴിയാതെ വരികയും ചെയ്തു.

<u>**വാങ്ങലുകളിൽ പ്രൊക്യർമെന്റ് ഘടകങ്ങളുടെ ഇടപെടൽ കാര്യക്ഷമമല്ല**</u>

തദ്ദേശസ്ഥാപനങ്ങളിലെ വിവിധ നിർവ്വഹണോദ്യോഗസ്ഥർ ഒരേയിനം സാധനസാമഗ്രികൾ വാങ്ങുന്ന സംഗതിയിൽ ആകെ ആവശ്യകത കണക്കാക്കി ഒറ്റ വാങ്ങൽ നടപടിയാണ് നടത്തേണ്ടത്. ടെണ്ടർ/ക്വട്ടേഷൻ നിരക്കുകൾ താരതമ്യം ചെയ്ത് വാർഷിക പദ്ധതി നിർവഹണത്തിന് പരമാവധി നേട്ടമുണ്ടാകുന്ന തരത്തിലാണ് വാങ്ങലുകൾ നടത്തേണ്ടത്. പ്രസിഡന്റ് ചെയർപേഴ്സണായി വാങ്ങൽക്കമ്മിറ്റി രൂപീകരിക്കേണ്ടതും ഫലപ്രദമായ പ്രവർത്തനത്തിനായി സാമ്പത്തിക വർഷം തുടങ്ങുന്നതിനു മുൻപ് തന്നെ കമ്മിറ്റി യോഗം ചേരേണ്ടതുമാണ്. സെക്രട്ടറി അഥവാ നിർവ്വഹണോദ്യോഗസ്ഥൻ നേതൃത്വം നൽകുന്ന ഒരു വാങ്ങൽ ടീം രൂപീകരിക്കേണ്ടതാണ്. വാങ്ങൽ കമ്മിറ്റിയുടെ മേൽനോട്ടത്തിലും മാർഗ്ഗനിർദ്ദേശത്തിലുമാണ് വാങ്ങൽ ടീം പ്രവർത്തിക്കേണ്ടത്. വാങ്ങലുകൾ നിയമാനുസൃത ഓഡിറ്റിന് പുറമെ സോഷ്യൽ ഓഡിറ്റിനും മോണിട്ടറിംഗിനും വിധേയമാക്കേണ്ടതാണ്. 2013 ലെ കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 7.33.ii(c) പ്രകാരം ഒരു സ്ഥാപനത്തിന്റെ വിവിധ വിഭാഗങ്ങളിലേക്ക് വേറെ വേറെ ടെണ്ടർ നടപടി സ്വീകരിക്കാതെ ആകെ ആവശ്യമുള്ള സാമഗ്രികളുടെ എണ്ണം തിട്ടപ്പെടുത്തി വാങ്ങൽ നടപടി നടത്തിയാൽ മതി. കേരള സ്റ്റോർ പർച്ചേസ് മാന്വൽ 2013 ലെ ഖണ്ഡിക 7.33 (ii) പ്രകാരം വാങ്ങുന്ന സാധനങ്ങൾ മേൽ ഉത്തരവിന്റെ അനക്സർ 4 ൽ വിവരിക്കുന്ന

പരാമർശത്തിലുൾപ്പെട്ട കംപ്യൂട്ടറുകൾ മേൽ രണ്ട് ഓഫീസുകളുടെ ഉപയോഗത്തിനായി ടി രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥർ രണ്ട് വ്യത്യസ്ത സമയങ്ങളിലായാണ് വാങ്ങിയിട്ടുള്ളത്. കുന്ദമംഗലം സി.ഡി.പി.ഒ വാങ്ങിയ കംപ്യൂട്ടറിനേക്കാൾ മികച്ച സ്പെസിഫിക്കേഷനുള്ള കംപ്യൂട്ടറാണ് മുക്കം സി.ഡി.പി.ഒ വാങ്ങിയിട്ടുള്ളത് എന്നതിനാലാണ് വിലയിൽ ഗണ്യമായ മാറ്റം വന്നിട്ടുള്ളത്.

ഭാവിയിൽ സർക്കാർ കൊണ്ടുവരുന്ന മാറ്റങ്ങൾക്ക് ഉതകുന്ന സാങ്കേതികമായതും നൂതനമായതും സ്പെസിഫിക്കേഷനുള്ളതുമായ കംപ്യൂട്ടറുകളാണ് മുക്കം സി.ഡി.പി.ഒ വാങ്ങിയിട്ടുള്ളത്. ഇതിന് പൊതുമരാമത്ത് ഇലക്ട്രോണിക്സ് വിഭാഗത്തിന്റെ അനുമതി വാങ്ങുകയും ചെയ്തിട്ടുണ്ട്. 3 ടെണ്ടറുകൾ ലഭിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് കാണിച്ച ടെണ്ടറിനാണ് അംഗീകാരം നൽകിയതെന്നും മുക്കം സി.ഡി.പി.ഒ അറിയിച്ചിട്ടുണ്ട്.

II) ടി കാലഘട്ടത്തിൽ ജി.എസ്.ടി രജിസ്ട്രേഷൻ ഉള്ള സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ സ്വീകരിക്കണം എന്ന സർക്കാർ നിയമം പ്രാബല്യത്തിൽ വന്ന സമയമായിരുന്നതിനാൽ മേൽ പദ്ധതിയുടെ ടെണ്ടർ ക്ഷണിച്ച സമയത്ത് ആരും തന്നെ ടെണ്ടറിൽ പങ്കെടുത്തിരുന്നില്ല. റീടെണ്ടർ ക്ഷണിച്ച ജിഎസ്ടി ഉള്ള ഏറ്റവും നല്ല ഒരു സ്ഥാപനത്തിന്റെ ഏറ്റവും കുറഞ്ഞ നിരക്ക് കാണിച്ച ടെൻഡർ പ്രകാരമാണ് സാധനങ്ങൾ വാങ്ങിയിട്ടുള്ളത്. വ്യക്തികൾ, പൊതുമാർക്കറ്റ്

	രീതിയിൽ കൃത്യമായി പ്രത്യേകതാരങ്ങളായി (വിവിധ ട്രേഡ് ഗ്രൂപ്പുകളായി) തിരിച്ച് ഓരോ തരത്തിനും ടെണ്ടർ നൽകുന്നത് മത്സാരാധിഷ്ഠിത വാങ്ങലിനു സഹായകമാകും. എന്നാൽ മാർഗരേഖ പ്രകാരമുള്ള ഇത്തരം നടപടിക്രമങ്ങളൊന്നും പല തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും പാലിച്ചിട്ടില്ല. കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത്, വടകര ബ്ലോക്ക് പഞ്ചായത്ത്, ഫറോക്ക് നഗരസഭ എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പ്രൊക്യുർമെന്റ് ഘടകങ്ങളുടെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു. (a) കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത്, 2017-18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക. 3.1 സി.ഡി.പി.ഒ. കുന്ദമംഗലം അഡീഷണൽ നിർവ്വഹണം നടത്തിയ പ്രോജക്ട് നം 140/18 പ്രകാരം (ഐ.സി.ഡി.എസ്. ഓഫീസിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ) രണ്ടു നിരക്കിൽ കംപ്യൂട്ടറുകൾ വാങ്ങിയപ്പോൾ മാത്രം കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന് അധിക ചെലവ് ഉണ്ടായത് 10,800/- രൂപയാണ്. ii. സി.ഡി.പി.ഒ കുന്ദമംഗലം അഡീഷണൽ നിർവ്വഹണം നടത്തിയ പ്രോജക്ട് നം. 140/18 എസ്.ഒ 121/18 -ൽ (ഐ.സി.ഡി.എസ്. കുന്ദമംഗലം അഡീഷണൽ കാര്യാലയ നവീകരണം) കംപ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും, ഫർണിച്ചറുകൾ, ഫാൻ, വാട്ടർ പ്യൂരിഫയർ, പുസ്തകങ്ങൾ തുടങ്ങിയവ വാങ്ങിയിരിക്കുന്നത് പെന്റഗൺ കംപ്യൂട്ടേഴ്സ്, മുക്കം എന്ന സ്ഥാപനത്തിൽ നിന്നാണ്. ഇതിൽ ഫാൻ, വാട്ടർ പ്യൂരിഫയർ എന്നിവയുടെ വാറന്റി കാർഡുകളിൽ മറ്റൊരു സ്ഥാപനത്തിന്റെ മുദ്രയാണ് പതിച്ചിരിക്കുന്നത്. അതുകൊണ്ടുതന്നെ ഈ സാധനങ്ങൾ പെന്റഗൺ കംപ്യൂട്ടേഴ്സ് മറ്റൊരു സ്ഥാപനത്തിൽ നിന്നും വാങ്ങി സപ്ലൈ ചെയ്തതാണെന്ന്	എന്നിവയിൽ നിന്ന് എല്ലാ സാധനങ്ങളും ഒറ്റ ടെണ്ടർ ആയാണ് ക്ഷണിച്ചത്. ഇതിനാൽ തങ്ങൾക്ക് ഇല്ലാത്ത സാധനങ്ങൾ ടി സ്ഥാപനം മറ്റിടങ്ങളിൽ നിന്നും വാങ്ങിയതായി കാണുന്നു. ഓഡിറ്റ് തടസ്സങ്ങളിൽ കാണുന്ന ഫാൻ ,വാട്ടർ പ്യൂരിഫയർ എന്നിവ ടി സ്ഥാപനം മറ്റൊരു സ്ഥാപനത്തിൽ നിന്നും വാങ്ങിച്ചപ്പോൾ ലഭിച്ച വാറണ്ടിയുടെ അടിസ്ഥാനത്തിൽ സാധനങ്ങൾക്ക് ഉണ്ടാകുന്ന എല്ലാ പ്രശ്നങ്ങളുടെയും ഉത്തരവാദിത്തം ഏറ്റെടുക്കാൻ പൂർണ്ണസമ്മതം ആണെന്ന് അറിയിച്ച് സ്ഥാപനം സമ്മതപത്രം ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട് എന്നും CDPO ബോധിപ്പിച്ചിട്ടുണ്ട്. പലതരത്തിലുള്ള സാധനങ്ങൾ ഒരുമിച്ച് ലഭ്യമല്ലാത്തതിനാൽ അതിനായി മാത്രം ടെൻഡർ വിളിക്കുന്നതിനുള്ള ചെലവ് കുറക്കുന്നതിനും ജിഎസ്ടിയുടെ പ്രാരംഭഘട്ടത്തിൽ നടന്ന പർച്ചേസ് ആയതിനാലും ആണ് ഇപ്രകാരം ചെയ്തത്. III)പ്രസ്തുത പ്രോജക്ട് നടപ്പിലാക്കിയതിലൂടെ വാങ്ങൽ നടപടികൾ വഴി ആശുപത്രി സേവനം മെച്ചപ്പെടുത്തുകയാണ് ലക്ഷ്യം വെച്ചിരുന്നത്. സാധന-സാമഗ്രികൾ ലഭ്യമാക്കുവാൻ ടെൻഡർ നടപടി മനപ്പൂർവ്വം ഒഴിവാക്കിയതല്ല മറിച്ച് പരിഷ്കരിച്ച SPM ചട്ടപ്രകാരം വ്യത്യസ്ത രീതിയിലുള്ള സാധനങ്ങൾ ഉപകരണങ്ങൾ എന്നിവ വിവിധ സ്ഥാപനങ്ങളിൽ നിന്നും വാങ്ങിക്കുകയാണ് ഉണ്ടായത്. മരുന്ന് വിതരണക്കാർ പ്രോജക്ടിൽ ഉൾപ്പെട്ട മറ്റ്

121
1/2

	വ്യക്തമാണ്. iii. മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പ്രോജക്റ്റിൽ (നം.SO 141/18- കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ) ടെണ്ടർ നടപടികൾ ഒഴിവാക്കുന്നതിനായി പ്രോജക്റ്റിനായി വകയിരുത്തിയ ആകെ തുകയായ 2,00,000/- രൂപ നാലായി വിഭജിച്ചാണ് പർച്ചേസുകൾ നടത്തിയിരിക്കുന്നത്. മെഡിക്കൽ ഉപകരണങ്ങൾക്ക് ഒരു ക്വട്ടേഷനും, സ്പ്രേയർ, ഫോഗ്ഗിങ് മെഷീൻ എന്നിവയ്ക്ക് വേറെ വേറെ ക്വട്ടേഷനുകളും `പ്രിന്ററിനായി മറ്റൊന്നും നൽകിയിട്ടുണ്ട്. ഇതിൽ സ്പ്രേയർ, ഫോഗ്ഗിംഗ് മെഷീൻ എന്നിവയ്ക്ക് ഒരേ സ്ഥാപനമാണ് ക്വട്ടേഷൻ സമർപ്പിച്ചിരിക്കുന്നത്. അതേ സ്ഥാപനത്തിൽ നിന്ന് തന്നെ രണ്ടിനങ്ങളും വാങ്ങുകയും ചെയ്തു. ഇത്തരത്തിൽ ടെൻഡർ നടപടികളിൽ നിന്നും ഒഴിവാക്കുന്നതിന് വാങ്ങൽ വിഭജിക്കുന്നത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ഇതേ പ്രോജക്റ്റിൽ കംപാരറ്റീവ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കാതെയാണ് ഉയർന്ന നിരക്ക് ക്വാട്ട് ചെയ്ത ബേസ് മെഡിക്കൽ സിസ്റ്റംസ്, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്ന് മെഡിക്കൽ ഉപകരണങ്ങൾ വാങ്ങിയിരിക്കുന്നത്. ഇവിടെ നിന്നും വാങ്ങിയ പകുതിയിലധികം സാധനങ്ങളുടെയും നിരക്ക് ക്വട്ടേഷനിൽ പങ്കെടുത്ത മറ്റു സ്ഥാപനങ്ങൾ ക്വാട്ട് ചെയ്ത നിരക്കിനേക്കാൾ ഉയർന്നതാണ്. ഉദാഹരണമായി സർജിക്കൽ സിസ്സേഴ്സ് (ചെറുത്), സ്യൂച്ചർ റിമൂവർ, നെബുലൈസർ മെഷീൻ, സ്പോട് ലൈറ്റ് എന്നിവയ്ക്ക് ക്വോട്ടേഷനിൽ പങ്കെടുത്ത മുക്കം സർജ്ജിക്കൽസ് എന്ന സ്ഥാപനം രേഖപ്പെടുത്തിയ നിരക്കുകൾ യഥാക്രമം 112/-, 196/-, 1,400/-, 4,680/- രൂപയാണ്. എന്നാൽ ഇവ വാങ്ങിയിരിക്കുന്നത് യഥാക്രമം 210/-,210/-, 1,450/-, 5,300/- എന്നീ നിരക്കുകളിലാണ്. ഒരു സ്ഥാപനം ലഭ്യമാക്കിയ വിവിധ ഇനങ്ങളുടെ നിരക്കുകൾ തമ്മിൽ താരതമ്യം നടത്താതെ ഉയർന്ന നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടത്തിയതിനു പ്രോക്യർമെന്റ് ടീമോ, പ്രോക്യർമെന്റ് കമ്മിറ്റിയോ യാതൊരു അഭിപ്രായവും രേഖപ്പെടുത്തിയിട്ടില്ല. iv. ബ്ലോക്ക് പഞ്ചായത്തിന്റെ വാങ്ങലുകൾക്കും, മരാമത്ത്	സാധനസാമഗ്രികൾ വിതരണം ചെയ്യാത്ത സാഹചര്യത്തിൽ ആശുപത്രിയെ ആശ്രയിക്കുന്ന നിരാലംബരായ രോഗികൾക്ക് സേവനം വേഗത്തിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് വിവിധ ക്വട്ടേഷൻ ആക്കി വിവിധ വിതരണക്കാരിൽ നിന്നും അവ ലഭ്യമാക്കിയത്. ഉപകരണങ്ങളും മരുന്നുകളും വാങ്ങുന്നതിന് ക്വട്ടേഷൻ വിളിക്കുകയും കമ്പാരിറ്റീവ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഏതാനും ഇനങ്ങൾ കൂടിയ നിരക്കിൽ വാങ്ങിയത് അവയുടെ ഗുണനിലവാരവും ഫലപ്രാപ്തിയും കാലപരിധി കൂടുതലുള്ളതും നോക്കിയാണ്. ക്വട്ടേഷൻ ലഭിച്ച സ്ഥാപനം ലഭ്യമാക്കിയ ക്വട്ടേഷനിൽ ചില സാധനങ്ങൾക്ക് നിരക്ക് കൂടുതലായിരുന്നെങ്കിലും മറ്റുള്ളവർക്ക് താരതമ്യേനെ കുറഞ്ഞ നിരക്ക് ആയിരുന്നു ക്വാട്ട് ചെയ്തത്. മാത്രമല്ല ആകെ തുക ക്വട്ടേഷൻ സമർപ്പിച്ച മറ്റ് സ്ഥാപനങ്ങളെക്കാളും കുറവായിരുന്നു. ഇനങ്ങൾ അനുസരിച്ച് കമ്പാരിറ്റീവ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കാതിരുന്നത് ഇക്കാര്യത്തിൽ വേണ്ടത്ര അവഗാഹം ഇല്ലാത്തതിനാൽ സംഭവിച്ചതാണ്. നിലവിൽ ഓഡിറ്റ് നിർദ്ദേശം പൂർണ്ണമായും പാലിച്ചാണ് വാങ്ങലുകൾ നടത്തുന്നത്. IV) ഓഡിറ്റ് പരാമർശം ലഭിച്ചതു മുതൽ നിലവിൽ സർക്കാർ പരസ്യങ്ങൾക്ക് ലഭിക്കേണ്ട ഡിസ്കൗണ്ട് ഉറപ്പ് വരുത്തിയാണ് പരസ്യങ്ങൾ നൽകുന്നത്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ് പേജിൽ പരസ്യം പ്രസിദ്ധീകരിക്കുന്നുണ്ട്. മുൻ

പ്രവൃത്തികൾക്കുമായി ടെണ്ടർ നോട്ടീസ് നൽകുന്നതിന് വൻ തുക ചെലവഴിച്ചിട്ടുണ്ട്. ഗവൺമെന്റ് പരസ്യങ്ങൾക്ക് ലഭിക്കേണ്ട ഡിസ്കൗണ്ട്, കുറഞ്ഞ നിരക്ക് എന്നിവ ഉറപ്പ് വരുത്താതെ ഉയർന്ന നിരക്ക് നൽകിയാണ് ഈ പരസ്യങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഇക്കാര്യം പ്രൊക്വർമെന്റ് കമ്മിറ്റിയോ നിർവ്വഹണ ഉദ്ദോഗസ്ഥരോ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ ശ്രദ്ധിച്ചിട്ടില്ല.

(b) വടകര ബ്ലോക്ക് പഞ്ചായത്ത്, 2017-18 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക.3.2

വടകര ബ്ലോക്ക് പഞ്ചായത്ത് അദ്ധ്യക്ഷൻ, സെക്രട്ടറി, മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി പ്രൊക്വർമെന്റ് കമ്മിറ്റി രൂപീകരിച്ച് യോഗം ചേരുന്നുണ്ടെങ്കിലും ഉത്തരവാദിത്വം നിർവ്വഹിക്കുന്നില്ല. പ്രൊക്വർമെന്റ് കമ്മിറ്റിയുടെ മിനുറ്റ്സ് ബുക്കിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്താതെ താഴുകൾ ഒഴിച്ചിട്ടിരുന്നു. വാങ്ങലുകൾ നടത്തുന്നതിന് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിക്കുകയോ, പ്രൊക്വർമെന്റ് കമ്മിറ്റിയുടെ അംഗീകാരമില്ലാതെ നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തിയ വാങ്ങലുകൾ അംഗീകരിച്ച് നൽകുകയോ ചെയ്യുക മാത്രമാണ് നിലവിൽ കമ്മിറ്റി ചെയ്യുന്നത്. 2017-18 വർഷത്തിൽ സ്ഥാപനത്തിന്റെയും വിവിധ ഘടക സ്ഥാപനങ്ങളുടെയും ആവശ്യത്തിലേക്കായി 6 ഡെസ്ക് ടോപ് കംപ്യൂട്ടറുകളും 2 ലാപ്ടോപ്പുകളും വാങ്ങിയിട്ടുണ്ട്. ഓരോ നിർവ്വഹണ ഉദ്യോഗസ്ഥരും സ്വന്തം നിലയ്ക്ക് വ്യത്യസ്ത രീതികൾ അവലംബിച്ചാണ് വാങ്ങലുകൾ നടത്തിയിട്ടുള്ളത്. വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	നിർവ്വഹണ ഉദ്യോഗസ്ഥ/ സ്ഥാപനത്തിന്റെ പേര്	സ്പെസിഫിക്കേഷൻ	വാങ്ങിയ രീതി/ സ്ഥാപനം	ചെലവ് തുക (നികുതി സഹിതം)

കാലഘട്ടത്തിൽ പരസ്യ പ്രസിദ്ധീകരണത്തിൽ സംഭവിച്ച വീഴ്ചകൾ ഓഡിറ്റ് പരാമർശത്തിന് ശേഷം പരിഹരിച്ചിട്ടുള്ളതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

വടകര ബ്ലോക്ക് പഞ്ചായത്ത്

വടകര ബ്ലോക്ക് പഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷം പ്രൊക്യൂർമെന്റ് കമ്മിറ്റി അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ വീഴ്ചകൾ സംഭവിച്ചിട്ടുണ്ട്.

സ്പെസിഫിക്കേഷൻ നിർണ്ണയിക്കുക,അനിവാര്യത പരിശോധന നടത്തുക, താരതമ്യ റിപ്പോർട്ടുകൾ തയ്യാറാക്കുക എന്നിവയിലും വീഴ്ചകൾ സംഭവിച്ചിട്ടുണ്ട്. ഇത്തരം തെറ്റുകൾ മേലിൽ ആവർത്തിക്കുകയില്ല. പ്രസ്തുത തെറ്റുകൾ മാപ്പാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കി തരണമെന്ന് അപേക്ഷിക്കുന്നു. പ്രസ്തുത പരാമർശത്തിന് ശേഷമുള്ള എല്ലാ നടപടികളും പ്രൊക്യൂർമെന്റ് കമ്മിറ്റി വിളിച്ച് ചേർക്കുകയും മാർഗ്ഗ നിർദ്ദേശങ്ങൾ വളരെ നന്നായി പാലിച്ച് പോരുകയും ചെയ്ത് വരുന്നുണ്ട്.

മേൽ പരാമർശത്തിൽ നേരിട്ട് വാങ്ങിയതായി പറയുന്ന ക്രമനമ്പർ 1,2 ഐറ്റംസ് 17/03/2017 ലെ പത്രത്തിൽ ടെണ്ടർ പരസ്യം നൽകി ടെണ്ടർ ക്ഷണിച്ച് എല്ലാ മാർഗ്ഗ നിർദ്ദേശങ്ങളും പാലിച്ച് കൊണ്ടാണ് വാങ്ങൽ നടപടികൾ സ്വീകരിച്ചത്. ഓഡിറ്റ് വേളയിൽ പ്രസ്തുത പത്ര പരസ്യം ഉൾപ്പെട്ട പർച്ചേഴ്സ് ഫയൽ ഓഡിറ്റിന്

1	സെക്രട്ടറി വടകര ബ്ലോക്ക് പഞ്ചായത്ത്	ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ (2) RAM 4 GB Processor-i3 Hard disc 1 TB Monitor-18.5	നേരിട്ട്/ അക്കോർഡ് സിസ്റ്റംസ്, എടോടി, വടകര.	71,000
2	സെക്രട്ടറി വടകര ബ്ലോക്ക് പഞ്ചായത്ത്	ലാപ്ടോപ്പ് കമ്പ്യൂട്ടർ (1) RAM 4 GB Processor-i3 Hard disc 1 TB Monitor-15.6	നേരിട്ട്/ അക്കോർഡ് സിസ്റ്റംസ്, എടോടി, വടകര.	33,000
3	സെക്രട്ടറി വടകര ബ്ലോക്ക് പഞ്ചായത്ത്	ലാപ്ടോപ്പ് കമ്പ്യൂട്ടർ (1) RAM 4 GB Processor-i3 Hard disc 1 TB Monitor-15.6	ടെണ്ടർ/ അക്കോർഡ് സിസ്റ്റംസ്, എടോടി, വടകര.	27,800
4	സെക്രട്ടറി വടകര ബ്ലോക്ക് പഞ്ചായത്ത്	ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ (2) RAM 4 GB Processor-i3 Hard disc 1 TB Monitor-18.5	ടെണ്ടർ/ അക്കോർഡ് സിസ്റ്റംസ്, എടോടി, വടകര.	69,800

മേൽ വാങ്ങലുകളെ സംബന്ധിച്ച് പ്രൊക്യർമെന്റ് കമ്മിറ്റിയുടെ പ്രവർത്തനങ്ങളിൽ ഉണ്ടായ വീഴ്ചകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

i. വർഷാരംഭത്തിൽ ആവശ്യകതാനിർണ്ണയം നടത്തി നാല് കംപ്യൂട്ടറുകളും

സമർപ്പിക്കുന്നതിൽ അന്നത്തെ ജീവനക്കാർക്ക് വീഴ്ച സംഭവിച്ചത് കൊണ്ടാണ് സ്വകാര്യ സ്ഥാപനത്തിൽ നിന്ന് നേരിട്ട് വാങ്ങിയത് എന്ന പരാമർശമുണ്ടായിട്ടുള്ളത്. മേൽ സൂചിപ്പിച്ച പർച്ചേസിന്റെ പത്രപരസ്യം, ലഭിച്ച ടെണ്ടറുകളുടെ വിശദാംശങ്ങൾ, തുക നൽകിയ ബില്ല് എന്നിവയുടെ പകർപ്പുകൾ ഫയലിൽ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ടി രേഖകൾ ഓഡിറ്റ് വകുപ്പിന് പരിശോധനയ്ക്കായി നൽകാൻ സർക്കാർ ബ്ലോക്ക് പഞ്ചായത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് പരിശോധിച്ച് വന്നുപോയ വീഴ്ചകൾ മേലിൽ ആവർത്തിക്കില്ല എന്നത് പരിഗണിച്ച് പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിക്കുന്നു.

	ഒന്നിച്ച് വാങ്ങുന്നതിന് പകരം വാങ്ങൽ നടപടികൾ നിർവ്വഹണ ഉദ്യോഗസ്ഥരിൽ ചുമതലപ്പെടുത്തുകയാണ് പ്രൊക്യുർമെന്റ് കമ്മിറ്റി ചെയ്തിരിക്കുന്നത്. സ്പെസിഫിക്കേഷൻ നിർണ്ണയിക്കുക, അനിവാര്യതാ പരിശോധന നടത്തുക, താരതമ്യ റിപ്പോർട്ടുകൾ തയ്യാറാക്കുക തുടങ്ങിയ പ്രവർത്തനങ്ങളിൽ പ്രൊക്യുർമെന്റ് കമ്മിറ്റി ചുമതലാപരമായ പങ്ക് വഹിച്ചിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥർ വ്യത്യസ്ത രീതികളിലൂടെ വാങ്ങൽ നടത്തിയതിനാൽ വാങ്ങലുകൾ ഗ്രാമപഞ്ചായത്തിന് ലാഭകരമാക്കാൻ കഴിഞ്ഞില്ല. ii. ക്രമനമ്പർ 1,2 എന്നിവ പ്രകാരം കംപ്യൂട്ടറുകളും ലാപ്ടോപ്പുകളും സ്വകാര്യ സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങിയത് പ്രൊക്യുർമെന്റ് മാർഗ്ഗരേഖക്ക് വിരുദ്ധമാണ്.	

M.S. BIJUKUTTAN
Additional Secretary to Govt.
Local Self Government Dept.
Govt. Secretariat, Tvpm.
PEN. 101250